വോള്യം - 8 | ലക്കം - 145 | ഡിസംബർ 2025 | മലയാളം - ഇംഗ്ലീഷ്

www.filca.in
8089036090
filcakerala@gmail.com
News portal: www.keralapedia.com

# ഫിലിംവിഷൻ

DIGITAL FILM MAGAZINE PUBLISHED BY FILCA FILM SOCIETY TRIVANDRUM

FILCA FILM SOCIETY IN ASSOCIATION WITH KX PHARMA, HLL LIFE CARE, CHALACHITHRA ACADEMY, BEAM FILM SOCIETY, AFSO, KERALA PEDIA NEWS, KERALA VISUAL ENCYCLOPAEDIA AND OTHER ORGANISATIONS





## 30 IFFK
International Film Festival of Kerala 2025

Special Edition

Interviews & Film reviews

## SISSAKO
LIFETIME ACHIEVEMENT AWARD





## KELLY FYFFE-MARSHALL
SPIRIT OF CINEMA

## KRISHNANUNNI
SOUND DESIGNER



KxPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition






ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE DECEMBER 2025

INDEX

1. ഫിൽക്ക ഫിലിം സൊസൈറ്റി – 2025 'സ്വർണ്ണ ചിറകുള്ള ഓർമ്മകൾ'
-ഡോ. ബി. രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 16



2. ദൃശ്യചാരുതയുടെ മറുവാക്ക്– വിജയകൃഷ്ണൻ 22




3. സിനിമാ സൊസൈറ്റികൾ കേരളത്തിന്റെ സിനിമാ സംസ്കാരത്തെ
മാറ്റി മറിച്ചു - വി . ഡി. സതീശൻ ( പ്രതിപക്ഷ നേതാവ്) 26




4. അബ്ദർ റഹ്മാൻ സിസാക്കോ: ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്
– ( അഭിമുഖം : ഫിൽക്ക ഫിലിം സൊസൈറ്റി ) 29



5. കെല്ലി ഫൈഫ് മാർഷൽ : സ്പിരിറ്റ് ഓഫ് സിനിമ
–(അഭിമുഖം : ഫിൽക്ക ഫിലിം സൊസൈറ്റി ) 36



6. സിനിമയിലെ ശബ്ദശില്പം : ടി . കൃഷ്ണനുണ്ണി
– (അഭിമുഖം : ഫിൽക്ക ഫിലിം സൊസൈറ്റി ) 44



7. 'സുവർണ്ണരേഖ' എന്ന ചരിത്രരേഖ
ഡോ. വി. മോഹനകൃഷ്ണൻ ( കാണി ഫിലിം സൊസൈറ്റി) 53



Website:www.filca.in Email:filcakerala@gmail.com

HOME DELIVERY:
+91 99958 11166

ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# FILM VISION
# DIGITAL FILM MAGAZINE

## WHATS INSIDE DECEMBER 2025

INDEX

8. നിഗൂഢ സൗന്ദര്യത്തിന്റെ കാവ്യാത്മക സഞ്ചാരം ...
-സാബു ശങ്കർ(ഫിൽക്ക) 56



9. പുതിയ പ്രഭാതം വിടരുമ്പോൾ.. – ഷാജി. എ ( ഫിൽക്ക) 62



10. സെന്റിമെന്റൽ വാല്യു : മൂല്യവത്തായ വൈകാരികത
അർത്ഥവത്താക്കിയ കലാ ജീവിതം - ജോൺ തോമസ് ( ഫിൽക്ക) 70




11. ഇറ്റ് വാസ് ജസ്റ്റ് ആൻ ആക്സിഡന്റ്
– വിനോദ് കുമാർ പി (ഫിൽക്ക) 75




12. മഗെല്ലൻ -ഡോ. പി. അജികുമാർ ( ഫിൽക്ക) 78



13. സിറാത്ത് : സ്വർഗ്ഗത്തിലേക്കുള്ള പാത
– ബെറ്റി ജോൺ ( ഫിൽക്ക ) 82



14. പാപ ബുക്ക
-അഞ്ജു കാർത്തിക ( ഫിൽക്ക ) 87



Website:www.filca.in Email:filcakerala@gmail.com

KPharma
HOME DELIVERY:
+91 99958 11166




ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE DECEMBER 2025

INDEX


15. പാചകം, പോരാട്ടം, പുനർ ജീവിതം: ഫുൾ പ്ലേറ്റ്
-നിമിഷ ഹെലൻ ( ഫിൽക്ക) 92



16. ഉപ്പ് നിറഞ്ഞ സൗന്ദര്യം – പി. എസ്. ജ്യോതിഷ്കുമാർ ( ഫിൽക്ക) 96




17. മറ്റു മാർഗ്ഗങ്ങളില്ലാതെ – വിദ്യ ശോഭന ( ഫിൽക്ക) 101




18. സ്വപ്നങ്ങളുടെ സർഗ്ഗ സഞ്ചാരം – ഇന്ദുലേഖ. ആർ. (ഫിൽക്ക) 107



19. പുതിയ കാഴ്ചപ്പാടുകളും, മാറാവ്യാധികളും
– സഞ്ജു കളപ്പുരയ്ക്കൽ (ഫിൽക്ക) 112



20. കറുത്ത മുയലും വെളുത്ത മുയലും: ചലച്ചിത്രഭാഷയുടെ
നവവ്യാകരണം – ഗിരിജ സുരേന്ദ്രൻ ( ഫിൽക്ക) 119



21. Authoritarian Echoes and Private Lives:
The Secret Agent at IFFK
– ഡോ. സൗപർണ്ണിക ത്രേസ്യ സാബു ( ഫിൽക്ക) 124



Website:www.filca.in Email:filcakerala@gmail.com

KPharma
HOME DELIVERY:
+91 99958 11166





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# FILM VISION DIGITAL FILM MAGAZINE


## WHATS INSIDE DECEMBER 2025


INDEX


22. മുലപ്പാൽ നുണയുന്ന ഭാര്യ കൗമാരം -രാജാംബിക ( ഫിൽക്ക) 126



23. റിവർസ്റ്റോൺ– മനോജ് കുമാർ.എസ്.എൽ. (ഫിൽക്ക) 131


24. വാട്ട് ഡസ് മാറ്റ് നേച്ചർ സേ റ്റു യു– പ്രകൃതിപാഠം ജീവിത യാഥാർത്ഥ്യങ്ങളുമായി ഏറ്റുമുട്ടുമ്പോൾ* – ജോൺ തോമസ് (ഫിൽക്ക) 137


25. ബിഫോർ ദി ബോഡിയ്ക്ക് രജത ചകോരം – വിനോദ് കുമാർ പി (ഫിൽക്ക) 142


26. യുദ്ധവിനാശത്തിൽ പൊലിയുന്ന ബാല്യങ്ങൾ – സഞ്ജു കളപ്പുരയ്ക്കൽ (ഫിൽക്ക) 145


27. കാഞ്ചനക്കൂട്ടിലെ ചിറകടികൾ– രാജാംബിക (ഫിൽക്ക) 150


28. ദി സെറ്റിൽമെന്റ് - അഞ്ജു കാർത്തിക ( ഫിൽക്ക) 156


29. സാങ്കൽപിക പിതൃത്വം ; ഇറാനിയൻ സമൂഹത്തിന്റെ സ്വപ്ന സംഘർഷങ്ങൾ - പി. എസ്. ജ്യോതിഷ്കുമാർ ( ഫിൽക്ക) 159


KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition




KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition






**ഫിൽക്ക ഫിലിം സൊസൈറ്റി പ്രവർത്തകർ തിരുവനന്തപുരം നഗരസഭ മേയർ അഡ്വ. വി.വി. രാജേഷിനോടും ഡെപ്യൂട്ടി മേയർ ശ്രീമതി ജി.എസ്. ആശാനാഥിനോടും ഒപ്പം**





ഫിൽക്ക ഫിലിം സൊസൈറ്റിയുടെ 25-ാം വാർഷികം പ്രമാണിച്ച് കേരള വിഷ്വൽ എൻസൈക്ലോപീഡിയ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം. കേരളത്തിന്റെ ഓരോ പ്രദേശങ്ങളെയും കുറിച്ച് സമഗ്രമായ വിവരങ്ങൾ ശേഖരിച്ച് അവതരിപ്പിക്കുന്ന പദ്ധതിയാണ് ഇത്. ഇത്തരം ഒരു വൈജ്ഞാനിക യജ്ഞത്തിനും ഇതിന്റെ പിന്നിലുള്ള പ്രവർത്തകർക്കും ഞാൻ എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.

**അഡ്വ. വി. വി.രാജേഷ് ,**
ബഹു. മേയർ,
തിരുവനന്തപുരം നഗരസഭ.




ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# ഫിൽക്കയുടെ മുഖ്യ സാരഥികൾ (2025 - 2028)



ഡോ. ബി. രാധാകൃഷ്ണൻ
( പ്രസിഡന്റ് )



രാജാംബിക എസ്.എസ്.
( വൈസ് പ്രസിഡന്റ് )



സാബു ശങ്കർ
(ജനറൽ സെക്രട്ടറി)



പി.എസ്. ജ്യോതിഷ്കുമാർ
(ജോയിന്റ് സെക്രട്ടറി)




വിനോദ്കുമാർ. പി
(ട്രഷറർ )

## കൺസൾട്ടന്റ്സ്



വിജയകൃഷ്ണൻ



ജോൺ തോമസ്

KsPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition



## ബേലാ താർ 1955 -2026

ഹംഗേറിയൻ സംവിധായകൻ ബേലാ താർ  അന്തരിച്ചു. 70 വയസായിരുന്നു. വിശ്വ സാഹിത്യവും വിശ്വ സിനിമയും ആസ്പദമാക്കിയുള്ള , ഫിൽക്കയുടെ കഴിഞ്ഞ ചലച്ചിത്ര മേളയിൽ  ബേലാ  താറിന്റെ  സിനിമ  - വെർക്ക്മിസ്റ്റർ ഹാർമണീസ്  പ്രദർശിപ്പിച്ചിരുന്നു. 2025 ൽ സാഹിത്യത്തിന്  നോബൽ സമ്മാനം നേടിയ ഹംഗേ റിയൻ സാഹിത്യകാരൻ കൃസ്ന ഹോർക്കയുടെ മെലാങ്കലി ഓഫ് റെസിസ്റ്റൻസ് എന്ന നോവലിന്റെ ചലച്ചിത്ര ആവിഷ്കാരമാണിത് . ഫിൽക്ക ഫിലിം മാഗസിനിൽ  ഈ സിനിമയെ കുറിച്ചുള്ള ലേഖനം ഉണ്ടായിരുന്നു. ആദരാഞ്ജലി.




KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition




KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition







ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

വെട്ടുകാട് – വലിയതുറ – ബീമാപള്ളി
ഡോക്യുമെന്ററി എപ്പിസോഡുകൾ
ചിത്രീകരണം തുടരുന്നു




ലോക മലയാളികൾക്കായി കൗതുകകരവും വിജ്ഞാനപ്രദവുമായ
ദൃശ്യ പരമ്പര – കേരള പീഡിയ ഓൺലൈൻ ന്യൂസ് ചാനലിൽ
www.keralapedia.com
കേരള ദൃശ്യ വിജ്ഞാനകോശത്തിൽ/ ഡോക്യുമെന്ററിയിൽ
വാണിജ്യ - സേവന സ്ഥാപനങ്ങൾക്ക്
സൗജന്യമായി ആഡ്-ഫിലിം ചെയ്തുകൊടുക്കുന്നു
80 890 360 90 | 96 336 700 50 keralapedianews@gmail.com

KPharma
HOME DELIVERY:



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# ഫിൽക്ക ഫിലിം സൊസൈറ്റി - 2025
# 'സ്വർണ്ണ ചിറകുള്ള ഓർമ്മകൾ'



**ഡോ. ബി. രാധാകൃഷ്ണൻ**
( പ്രസിഡന്റ്,
ഫിൽക്ക ഫിലിം സൊസൈറ്റി )

**25**-ാം വർഷത്തിലൂടെ കടന്നു പോകുന്ന ഫിൽക്ക ഫിലിം സൊസൈറ്റിയുടെ ഐ.എഫ്.എഫ്.കെ 2025 സ്പെഷ്യൽ എഡിഷൻ കൈരളിക്ക് മുന്നിൽ കാഴ്ച വയ്ക്കുന്നു.

ഫിൽക്കയുടെ അംഗങ്ങളായ 25 ഫിലിം ജേർണലിസ്റ്റുകൾ മാഗസിനു വേണ്ടി പ്രവർത്തിച്ചു. അഭിനന്ദനങ്ങൾ. ഇതിൽ 20 നിരൂപണങ്ങളും ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നേടിയ സിസാക്കോ , സ്പിരിറ്റ് ഓഫ് സിനിമ അവാർഡ് നേടിയ കെല്ലി ഫൈഫ് മാർഷൽ , സിനിമയിലെ ശബ്ദശിൽപ്പി കൃഷ്ണനുണ്ണി എന്നിവരുമായുള്ള അഭിമുഖങ്ങളും പ്രതിപക്ഷ നേതാവ് വി. ഡി. സതീശന്റെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തെ കുറിച്ചുള്ള ലേഖനവും വിജയകൃഷ്ണന്റെ ഷാജി . എൻ. കരുൺ അനുസ്മരണവും ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ അറുപതാം വാർഷിക സ്മരണികയെക്കുറിച്ച് ഡോ.വി.മോഹന കൃഷ്ണന്റെ ലേഖനവും കൂടാതെ ഫോട്ടോ ഗ്യാലറിയും ഈ പ്രത്യേക പതിപ്പിൽ ഉണ്ട്.



കെ.എക്സ് ഫാർമ ആണ് ഈ പതിപ്പിന്റെ ബ്രാൻഡ് സ്പോൺസർ. അഭിമുഖത്തിൽ പങ്കെടുത്ത സിസാക്കോ, കെല്ലി, കൃഷ്ണ നുണ്ണി എന്നിവർക്കും ഡിസൈനിങ് വിഭാഗത്തിൽ പങ്കെടുത്ത ഷാജി കാഡ്, മനേഷ് ബാബു എന്നിവർക്കും ചലച്ചിത്ര



അക്കാദമി സെക്രട്ടറി സി. അജോയിക്കും ഫിൽക്കയുടെ ന്യൂസ് ചാനലായ കേരള പീഡിയായുടെ വാർത്ത വിഭാഗത്തിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു .

കൈരളി തിയേറ്ററിൽ ഹെൽപ്പ് ഡെസ്ക് സൗകര്യം ഒരുക്കിത്തന്ന ചലച്ചിത്ര അക്കാദമിക്കും കെ.എസ്.എഫ്.ഡി.സി

KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



നവംബർ മാസം ഫിലിം സൊസൈറ്റിയുടെ പൊതുയോഗത്തിൽ തെരഞ്ഞെടുക്കപ്പെട്ട മുഖ്യ ഭാരവാഹികളായ രാജാംബിക. എസ്. എസ്. (വൈസ് പ്രസിഡന്റ്), സാബു ശങ്കർ ( ജനറൽ സെക്രട്ടറി ) പി. എസ്.ജ്യോതിഷ് കുമാർ (ജോ. സെക്രട്ടറി), വിനോദ് കുമാർ.പി.(ട്രഷറർ ), പ്രോഗ്രാം കൺസൾട്ടൻഡ്സ് വിജയകൃഷ്ണൻ, ജോൺ തോമസ്, എ.വി.ഗോപാല കൃഷ്ണൻ മുംബൈ തുടങ്ങിയവർക്ക് ആശംസകൾ അർപ്പിക്കുന്നു. ചലച്ചിത്രമേളയുടെ പ്രമേയം ആസ്പദമാക്കി ചിത്രകലാ മത്സരവും കവിയരങ്ങും ഫിലിം ജേർണലിസം ശില്പശാലയും കേരള വിഷ്വൽ എൻസൈക്ലോപീഡിയ - കേരള മീഡിയ ന്യൂസ് ചാനൽ എന്നിവയുടെ ഉദ്ഘാടനവും കേരള വിഷ്വൽ എൻസൈക്ലോപീഡിയായുടെ ആരംഭത്തിലുള്ള മൂന്ന് എപ്പിസോഡുകളുടെ ചിത്രീകരണത്തിന്റെ സ്വിച്ച് ഓൺ കർമ്മവും 2025 ലെ നാഴികക്കല്ലുകൾ ആണ്. ഫിൽക്കയുടെ ഫിലിം മാഗസിൻ അമേരിക്കയിലെ മാഗ്സ്റ്റർ പബ്ലിക്കേഷൻസ് പ്ലാറ്റ്ഫോമിൽ അംഗീകരിക്കപ്പെടുകയും ലോകമലയാളികൾക്കായി പ്രദർശിപ്പിക്കുകയും ചെയ്യുന്നു എന്ന് അറിയിക്കുന്നതിൽ സംതൃപ്തിയുണ്ട്.



യ്ക്കും കൃതജ്ഞത അറിയിക്കുന്നു. ഐ.എഫ്.എഫ്.കെ സ്പെഷ്യൽ എഡിഷൻ തയ്യാറാക്കുന്നതിന് മുൻപായി ചലച്ചിത്ര നിരൂപകൻ ശ്രീ. വിജയകൃഷ്ണൻ നയിച്ച ഫിലിം ജേർണലിസം ശില്പശാല സ്പോൺസർ ചെയ്ത സിന്ദൂരം ഇക്കോ സ്റ്റേ (പരവൂർ) , വിശ്വസാഹിത്യവും വിശ്വസിനിമയും എന്ന ചലച്ചിത്രമേള പരമ്പരയ്ക്ക് മാഗസിനിൽ പരസ്യം നൽകിയ ഹിന്ദുസ്ഥാൻ ലാറ്റെക്സ് ലൈഫ് കെയർ, ലോട്ടറി വകുപ്പ്, ടൂറിസം വകുപ്പ്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്നിവയ്ക്കും രണ്ടു മാസത്തെ മേളകൾക്ക് വേദിയൊരുക്കിയ ഗവ. വിമൻസ് കോളേജ് - സിനി പാരഡൈസ് ഫിലിം ക്ലബ്ബ്, സെന്റ് സേവിയേഴ്സ് കോളേജ് തുമ്പ - സിനെക്സ് ഫിലിം ക്ലബ്ബ് എന്നിവയ്ക്കും ഉദ്ഘാടന കർമ്മത്തിൽ പങ്കെടുത്ത ഡോ. ജോർജ്ജ് ഓണക്കൂർ, ചലച്ചിത്ര അക്കാദമി മുൻ ചെയർമാൻ പ്രേംകുമാർ എന്നിവർക്കും പ്രദർശനത്തിന് ഓരോ മാസവും എയർകീഷൻഡ് ഓഡിറ്റോറിയം സൗകര്യപ്പെടുത്തിയ ജോയിന്റ് കൗൺസിൽ ഭാരവാഹികൾക്കും നിസ്സീമമായ നന്ദി പ്രകാശിപ്പിക്കുന്നു.




ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



ഇത്തരത്തിൽ മലയാളത്തിൽ ഒരു ഫിലിം പ്രസിദ്ധീകരണം ഒരു ഫിലിം സൊസൈറ്റിയുടേതായി വേറെയില്ല.


ഫിൽക്ക ഫിലിം സൊസൈറ്റി അവതരിപ്പിക്കുന്ന, കേരള വിഷൽ എൻസൈക്ലോപീഡിയ, തിരമാല, ഇതര മത്സ്യത്തൊഴിലാളി - സമുദ്ര പരി സ്ഥിതി - സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ, കേരള ഫിലിം ചേംബർ ഓഫ് കൊമേഴ്‌സ് അസോസിയേറ്റ് അംഗമായ സൗപർണിക പ്രൊഡക്ഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് നിർമ്മിക്കുന്ന, മഴമേഘങ്ങളുടെ ഗദ്ഗദങ്ങൾ (The Sobs of Monsoon Clouds) എന്ന ഫീച്ചർ ഫിലിമിന്റെ ചിത്രീകരണം അവസാന ഘട്ടത്തിലേക്ക് കടക്കുന്നു എന്നതിൽ ചാരിതാർത്ഥ്യം ഉണ്ട്. ഈ യത്നത്തിൽ പങ്കെടുത്ത എല്ലാവർക്കും ഹൃദയംഗമമായ കടപ്പാട് അടയാളപ്പെടുത്തുന്നു.

ഫിൽക്കയോടൊപ്പം പ്രവർത്തിച്ചു പോന്ന ഛായാഗ്രാഹകനും സംവിധായകനും ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ സഹയാത്രികനുമായിരുന്ന ഷാജി.എൻ. കരുണിന്റെ ഓർമ്മയ്ക്ക് മുന്നിൽ, 'സ്വർണ്ണച്ചിറകുള്ള ഓർമ്മകൾ ' എന്ന ഈ പ്രത്യേക പതിപ്പ് സമർപ്പിക്കുന്നു.

2025 ജനുവരിയിൽ ഫിൽക്ക സംഘടിപ്പിച്ചത് ജി. അരവിന്ദൻ ഫിലിം ഫെസ്റ്റിവൽ ആയിരുന്നു.കേരളീയ പ്രതിഭാ സിനിമ എന്ന പേരിലുള്ള മേളയിൽ ഉത്തരായണം, കാഞ്ചന സീത, തമ്പ്,എസ്തപ്പാൻ എന്നീ സിനിമകൾ പ്രദർശിപ്പിച്ചു . ചലച്ചിത്ര നിർമ്മാതാവും കേരളം ഫിലിം ചേംബർ ഓഫ് കോമേഴ്‌സ് മുൻ വൈസ് പ്രസിഡന്റുമായ കല്ലിയൂർ ശശി, ഉത്തരായണം ഫെയിം ഡോ . മോഹൻദാസ് , ജി . അരവിന്ദന്റെ സഹോദരൻ ജി.മോഹൻ എന്നിവർ അതിഥികളായിരുന്നു .




വേൾഡ് സിനിമ ആൻഡ് വുമൺസ് വേൾഡ് എന്ന പേരിലുള്ള ഫെബ്രുവരി ഫിലിം ഫെസ്റ്റിവലിൽ ഇറാൻ,ലിത്വാനിയ, റഷ്യ , ബൾഗേറിയ , ചിലി , ഹംഗറി , ഇന്ത്യ എന്നിവിടങ്ങളിൽ നിന്നുള്ള പുതിയ എട്ടു ഹൃസ്വചിത്രങ്ങളും രണ്ട് ഫീച്ചർ സിനിമകളും പ്രദർശിപ്പിച്ചു . വിമൻ ആൻഡ് ചൈൽഡ് ഡെവലപ് മെന്റ് പ്രതിനിധികളും വനിതാ കമ്മീഷൻ അംഗം അഡ്വ . ഇന്ദിര രവീന്ദ്രനും ജയശ്ചൻ കല്ലിങ്കലും അതിഥികളായിരുന്നു.



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition




മാർച്ച് മാസം ആർക്കിടെക്ച്ചർ ആൻഡ് വേൾഡ് സിനിമ എന്ന പേരിലുള്ള മേളയിൽ നാല് സിനിമകൾ പ്രദർശിപ്പിച്ചു .ഡോ.പ്രൊഫ.ആശാലത തമ്പുരാൻ, പ്രൊഫ.തോമസ് പണിക്കർ എന്നിവർ അതിഥികളായിരുന്നു. ദി ഗ്രാന്റ് ബുഡാപെസ്റ്റ് ഹോട്ടൽ (അമേരിക്ക), ദി ഫൗണ്ടെൻ ഹെഡ് (അമേരിക്ക), ഈഫൽ (ഫ്രാൻസ്), ദി ബെല്ലി ഓഫ് ആൻ ആർക്കിടെക്റ്റ് (യു.കെ,ഇറ്റലി ) എന്നീ സിനിമകൾ സ്ക്രീൻ ചെയ്തു .





ട്രാൻസ് ഫിലിം ഫെസ്റ്റിവൽ ആയിരുന്നു ഏപ്രിൽ മാസം നടന്നത്. ദി ബോയ്സ് ഡോണ്ട് ക്രൈ (അമേരിക്ക) , ഓൾ എബൌട്ട് മൈ മദർ (സ്പെയിൻ) , എക്സ്.എക്സ്.വൈ (അർജന്റീന), ബ്യൂട്ടിഫുൾ ബോക്സർ (തായ്‌ലൻഡ്) തുടങ്ങിയ ചിത്രങ്ങൾ പ്രദർശിപ്പിച്ചു . ശ്രീക്കുട്ടി നമിത,എസ് .സജീവ് എന്നിവർ അതിഥികൾ ആയിരുന്നു.ട്രാൻസ് ജെൻഡർ വിഷയത്തിൽ പതിനൊന്ന് പേരുടെ കവിയരങ്ങും സംഘടിപ്പിച്ചു .




മെയ് മാസത്തെ ആൽഫ്രഡ് ഹിച്ച്കോക്ക് ഫിലിം ഫെസ്റ്റിവലിൽ സൈക്കോ , റിയർ വിൻഡോ , വെർട്ടിഗോ , ദി ബേർഡ്സ് എന്നീ ചിത്രങ്ങൾ സ്ക്രീൻ ചെയ്തു .




ഫിൽക്കയുടെ 25 -ാംവാർഷികം പ്രമാണിച്ചു തെരെഞ്ഞെടുത്ത 25 സിനിമകൾ ഉൾപ്പെടുന്ന വിശ്വ സാഹിത്യവും വിശ്വസിനിമയും എന്ന പരമ്പരയുടെ ഒന്നാം ഭാഗം - ഷേക്സ്പീയറുടെ ഹാംലെറ്റ് (ഗ്രിഗറി കൊസിന്റ് സേവ് /റഷ്യ), ഗബ്രിയേൽ ഗാർഷ്യ മാർക്വിസിന്റെ ലവ് ഇൻ ദി ടൈം ഓഫ് കോളറ (മൈക്ക് ന്യൂവെൽ/യു.എസ്.എ) എന്നിവ ജൂൺ മാസത്തിൽ പ്രദർശിപ്പിച്ചു . ജോർജ്ജ് ഓണക്കൂർ, പ്രേംകുമാർ എന്നിവർ അതിഥികളായിരുന്നു.



ജൂലൈ മാസം വിശ്വസാഹിത്യവും വിശ്വസിനിമയും - രണ്ടാം ഭാഗം . ത്രോൺ ഓഫ് ബ്ലഡ്സ് ( മാക്ബെത്ത് , ഷേക് സ്പീയർ / അകിര കുറൊസാവ / ജപ്പാൻ ), ബ്രദേഴ്സ് കരമസോവ് (ഫിദോർ ദൊസ്തോ വ്സ്കി/ റിച്ചാർഡ് ബ്രൂക്ക്സ്/യു.എസ്.എ), ഡോൺ കിക്സോട്ട് (മിഗുവേൽ സെർവാന്റസ്/ ഗ്രിഗറി കൊസിന്റ് സേവ് / റഷ്യ ) എന്നീ ചിത്രങ്ങൾ പ്രദർശിപ്പിച്ചു . ഡോ. ഉമാ ജ്യോതി . വി, ഡോ. ആശ ജീവൻ സത്യൻ, ഫിദ.എ . ഫാത്തിമ എന്നിവർ വിമൻസ് കോളേജിനെ പ്രതിനിധീകരിച്ചു .



ഓഗസ്റ്റ് മാസം വിശ്വസാഹിത്യവും വിശ്വസിനിമയും - മൂന്നാം ഭാഗം.അന്ന കരെനീന (ലിയോ ടോൾസ്റ്റോയ്/ ജോ റൈറ്റ്/ യു.കെ,യു .എസ്.എ), ലെ മിസറബിൾസ് ( വിക്ടർ ഹ്യൂഗോ / ബില്ലി ഓഗസ്റ്റ് / യു.കെ,ജർമ്മനി,യു. എസ്.എ) എന്നീ സിനിമകൾ പ്രദർശിപ്പിച്ചു. സെന്റ് സേവിയേഴ്സ് കോളേജിൽ നടന്ന മേളയിൽ വിജയകൃഷ്ണൻ, ഡോ.പ്രൊഫ.തോമസ് സ്കറിയ, മെലീസ ഹിലാരി,ഡോ.ഗിഫ്റ്റി എൽസ വർഗീസ് എന്നിവർ പങ്കെടുത്തു .






ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

സെപ്റ്റംബർ മാസത്തിൽ വിശ്വ സാഹിത്യവും വിശ്വസിനിമയും - നാലാം ഭാഗം.പ്ളേഗ് (ആൽബേർ കാമു/ലൂയിസ് പ്യൂൻസോ/അർജന്റീന ,ഫ്രാൻസ്,യു.കെ), മെറ്റമോർഫസിസ് (ഫ്രാൻസ് കാഫ്ക/ ക്രിസ് സ്വാന്റൻ/ യു.കെ ), റൈനോസെറോസ് (യൂജിൻ അയണെസ്കോ/ടോം ഓ ഹോർഗെൻ/ യു.എസ്.എ ) എന്നീ ചിത്രങ്ങൾ പ്രദർശിപ്പിച്ചു .



ഒക്ടോബർ മാസത്തിൽ വിശ്വസാഹിത്യവും വിശ്വസിനിമയും - അഞ്ചാം ഭാഗം. ടിൻ ഡ്രം ( ഗുന്തർ ഗ്രാസ് / വോൾക്കാർ ഷോളൻഡ്രോഫ് / ജർമ്മനി ), വെയ്റ്റിംഗ് ഫോർ ബാർബേറിയൻസ് (ജെ.എം.



കോട്സെ / സീറോ ഗുവേര/ഇറ്റലി, യു.എസ്.എ ),ഓൾഡ്മാൻ ആൻഡ് ദി സീ (ഏണസ്റ്റ് ഹെമിങ് വേ/ജോൺ സ്റ്റർജസ്/ യു.എസ്.എ) എന്നീ സിനിമകൾ സ്ക്രീൻ ചെയ്തു .

നവംബർ മാസത്തിൽ വിശ്വസാഹിത്യവും വിശ്വസിനിമയും-ആറാം ഭാഗം. ഡോക്ടർ ഷിവാഗോ (ബോറിസ് പാസ്റ്റർ നാക്ക് / ഡേവിഡ് ലീൻ/യു.കെ, ഇറ്റലി, യു.എസ്.എ), വേർക്ക് മീസ്റ്റർ ഹാർമണിസ് (ക്രഷ്ണ ഹൊർകൈ/ബേലാ താർ/ ഹംഗറി) ,ബ്ലൈൻഡ്നെസ്സ് ( ഷൂസെ സരമാഗോ/ ഫെർണാണ്ടോ മെറിലിസ്/ കാനഡ, ജപ്പാൻ,യു .കെ ) എന്നീ ചിത്ര ങ്ങൾ സ്ക്രീൻ ചെയ്തു .സ്വർണ്ണച്ചിറകുള്ള ഓർമ്മകളുമായാണ് ഫിൽക്കയുടെ 2025 കടന്നുപോയത് .
ഫിലിം മാഗസിൻ എല്ലാ ലക്കങ്ങളും **www.filca.in** ൽ ലഭ്യമാണ്.



2026 ജനുവരി മുതൽ വിശ്വസാഹിത്യ വും വിശ്വസിനിമയും ചലച്ചിത്രമേള പരമ്പര തുടരുന്നതാണ് . ഏവർക്കും സ്വാഗതം !



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# ദൃശ്യചാരുതയുടെ മറുവാക്ക്



വിജയകൃഷ്ണൻ
(ഫിലിം ജേർണലിസം)



( ഷാജി. എൻ . കരുൺ അനുസ്മരണം . കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വേണ്ടി നിലകൊള്ളുകയും ഫിൽക്ക ഫിലിം സൊസൈറ്റി പ്രവർത്തനങ്ങളിൽ സജീവ മായി പങ്കുകൊള്ളുകയും ചെയ്ത ഷാജി എൻ.കരുൺ അന്തരിച്ചിട്ട് ഏപ്രിൽ 28 ന് ഒരു വർഷം... )

ഷാജിയെ ആദ്യം കണ്ടത് ഇന്നും എന്റെ ഓർമ്മയിലുണ്ട്. ബിരുദം കഴിഞ്ഞു തൊഴിലില്ലാത്ത അഭ്യസ്തവിദ്യ നായി അലയുന്ന കാലം. ഒരു ദിവസം സ്റ്റാച്യുവിലൂടെ നടന്നു പോകുമ്പോൾ ബസ് സ്റ്റോപ്പിൽ നിൽക്കുകയായിരുന്ന ഒരു ചെറുപ്പക്കാരനെ ചൂണ്ടി കൂടെ യുണ്ടായിരുന്ന സുഹൃത്ത് പറഞ്ഞു: ആ നിൽക്കുന്നവൻ പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കുന്നവനാണ് . ഷാജി എൻ. കരുൺ എന്നാണ് പേര്. അല്പം അസൂയയോടെയാണ് ഞാൻ ആ ചെറുപ്പക്കാരനെ നോക്കിയത്. കാരണം, പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കാനുള്ള നിഗൂഢമായ ഒരാഗ്രഹം അന്ന് എന്റെ മനസ്സിലുമുണ്ടായിരുന്നു.



KPharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



അന്ന് ഞാൻ ഷാജിയെ കണ്ടു. ഷാജി എന്നെ കാണുന്നത് പിന്നെയും എത്രയോ കൊല്ലങ്ങൾക്കു ശേഷമാണ്.

എന്നാൽ, അതിനിടെ ഷാജി ആദ്യമായി ഒറ്റയ്ക്ക് സ്വതന്ത്ര ഛായാഗ്രാഹകനാവുന്ന ചിത്രത്തിലേക്ക് ഒരു വഴി തെളിക്കാൻ എനിക്ക് കഴിഞ്ഞിരുന്നു.

ഇങ്ങനെയാണതുണ്ടായത്: അതിഥിയുടെ സഹസംവിധായകനായിരുന്നല്ലോ ഞാൻ. ആ ചിത്രം കഴിഞ്ഞു പുതിയൊരു ചിത്രത്തെക്കുറിച്ചുള്ള ആലോചന നടക്കുന്ന സമയത്ത് കെ.പി.കുമാരൻ എന്നോട് ചോദിച്ചു , പുതിയ ചെറുപ്പക്കാർ വല്ലതുമുണ്ടോ ക്യാമറ ചെയ്യാൻ?

പൂനയിൽ പഠിക്കുന്ന ഒരാളുണ്ടെന്നും എനിക്ക് നേരിട്ട് പരിചയമില്ലെങ്കിലും ബന്ധപ്പെടാനുള്ള വഴിയുണ്ടാക്കാമെന്നും ഞാൻ പറഞ്ഞു. ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കുന്ന എന്റെയൊരു സുഹൃത്തിന് ഞാൻ വിവരമെഴുതി. സുഹൃത്തിന്റെ മറുപടിയൊന്നും എനിക്ക് കിട്ടിയില്ല. ഞാനപ്പോഴേക്ക് മറ്റു ചില പരിപാടി



KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



കളുമായി പോയതുകൊണ്ട് ഇക്കാര്യം മറക്കുകയും ചെയ്തു. മാസങ്ങൾക്കുശേഷം, കുമാരേട്ടൻ കണ്ടപ്പോൾ പറഞ്ഞു, ഷാജി എന്നെ വന്നു കണ്ടിരുന്നു. ലക്ഷ്മിവിജയത്തിൽ അദ്ദേഹത്തെത്തന്നെ ഫിക്സ് ചെയ്തിട്ടുണ്ട്.അതുവരെ മധു അമ്പാട്ടുമായി ചേർന്നാണ് ഷാജി ഛായാഗ്രഹണം നിർവഹിച്ചിരുന്നത് . ഷാജി ആദ്യമായി ഒറ്റയ്ക്ക് ക്യാമറാ മാനാവുന്നത് ഈ ചിത്രത്തിലാണ്.

കുറേ ചിത്രങ്ങളിൽ ഛായാഗ്രാഹകനായി പ്രവർത്തിച്ചുവെങ്കിലും ഷാജിയെ കേരളം തിരിച്ചറിഞ്ഞത് കാഞ്ചന സീതയിലൂടെയാണ്. അവിടം മുതൽക്കങ്ങോട്ട് അരവിന്ദന്റെ ചിത്രങ്ങളുടെ അനിവാര്യതയായിരുന്നു ഷാജി. ഛായാഗ്രഹണകലയിൽ പുതിയൊരു അദ്ധ്യായം രചിക്കുക യായിരുന്നു അദ്ദേഹം.







ആ മേഖലയിൽ കിട്ടാവുന്ന ബഹുമതികളെല്ലാം അദ്ദേഹം വാരിക്കൂട്ടുകയും ചെയ്തു. അതുകൊണ്ടുതന്നെ ഒരു സംവിധായകനെന്ന നിലയ്ക്കുള്ള അദ്ദേഹത്തിന്റെ കൂടുമാറ്റത്തെ ആശങ്കയോടെ കണ്ടവരായിരുന്നു ഏറെ.

എന്നാൽ, ആ ആശങ്കകളെയൊക്കെ കാറ്റിൽ പറത്തിക്കൊണ്ട് ആദ്യചിത്രത്തിലൂടെ തന്നെ അദ്ദേഹം സാർവത്രികമായ അംഗീകാരവും അന്താരാഷ്ട്രതലത്തിലുള്ള അംഗീകാരങ്ങളും നേടി.മലയാളസിനിമയെ സംബന്ധിച്ചിടത്തോളം ഛായാഗ്രാഹകൻ, സംവിധായകൻ എന്നീ നിലകൾക്കപ്പുറവും ഷാജിയുടെ സംഭാവനകളുണ്ട്. ചലച്ചിത്ര വികസന കോർപ്പറേഷന്റെ ആദ്യകാലത്തുതന്നെ അതിന്റെ സ്റ്റുഡിയോ മാനേജർ എന്ന നിലയിൽ ആ സ്ഥാപനം കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം വലിയ പങ്ക് വഹിച്ചു.



ചലച്ചിത്ര അക്കാദമിക്ക് രൂപം നൽകിയതു തന്നെ ഷാജിയാണ്. കേരളത്തിൽ നടന്ന നിരവധി അന്താരാഷ്ട്ര ചലച്ചിത്ര മേളകൾ അദ്ദേഹത്തിന്റെ സംഘാടന മികവിന്റെ പൊൻ തൂവലുകളായി നില കൊള്ളുന്നു.





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# സിനിമാ സൊസൈറ്റികൾ കേരളത്തിന്റെ സിനിമാ സംസ്കാരത്തെ മാറ്റി മറിച്ചു



**വി.ഡി. സതീശൻ**
(പ്രതിപക്ഷ നേതാവ്)

**രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ വിദേശ രാജ്യങ്ങളുടെ തലവൻമാരുടെ ഇന്ത്യാ സന്ദർശന വേളകളിലെല്ലാം ആ രാജ്യത്തെ സിനിമകൾ ദൂരദർശനിൽ പ്രദർശിപ്പിക്കുന്ന പതിവുണ്ടായിരുന്നു. റഷ്യൻ, ഫ്രഞ്ച് തുടങ്ങി പല രാജ്യങ്ങളിലെ ആർട്ട്, ക്ലാസിക്, സമാന്തര സിനിമകൾ ടി.വിയിൽ വന്ന ഒരു കാലം!**

**കലാപരമായും വിഷയത്തിന്റെ തീവ്രത കൊണ്ടും ശ്രദ്ധിക്കപ്പെട്ട ദേശീയ - അന്തർദ്ദേശീയ ചലച്ചിത്രങ്ങൾ നാഷണൽ ബ്രോഡ്കാസ്റ്ററായ ദൂരദർശൻ പതിവായി സംപ്രേഷണം ചെയ്യുന്ന രീതി പുറകേ വന്നു. ഒരു തലമുറയുടെയാകെ വീക്ഷണത്തെയും കാഴ്ചയെയും രൂപപ്പെടുത്തിയ ചുവടുവയ്പ്പായിരുന്നു അത്. കൂടാതെ നാടെങ്ങും**

ഉടലെടുത്ത ഫിലിം സൊസൈറ്റികൾ വഹിച്ച പങ്കും നിസ്തുലമാണ്. ചിത്രലേഖ, ചലച്ചിത്ര, ഒഡേസ മുതൽ സൂര്യ വരെ വലുതും ചെറുതുമായ സിനിമാ സൊസൈറ്റികൾ അക്ഷരാർഥത്തിൽ കേരളത്തിന്റെ സിനിമാ സംസ്കാരത്തെ മാറ്റി മറിച്ചു.

ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ഇന്ത്യ, നമ്മുടെ IFFK തുടങ്ങി നാടെങ്ങും സ്ക്രീനിങ്ങും ചർച്ചയും ഫിലിം ക്ലബുകളും എല്ലാം ചേർന്ന് ലോക സിനിമയെ കേരളത്തിന്റെയും രാജ്യത്തിന്റെയും മുക്കിലും മൂലയിലും എത്തിച്ചു.

പ്രൈമറി സ്കൂളിൽ പഠിക്കുമ്പോൾ കബനീ നദി ചുവന്നപ്പോൾ കവരും ബാറ്റിൽഷിപ്പ് പൊട്ടംകിനും അവർ





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



ഒഫ് ദി ഫർണസും കോളജ് ആർട്സ് ക്ലബുകളുടെ പ്രദർശനത്തിൽ കണ്ടവരുമൊക്കെ നമ്മളും നമ്മുടെ കൂട്ടുകാരും തന്നെയാണ്. സത്യജിത് റായ് സിനിമകൾ മുതൽ പാർ,മണ്ഡി, തണ്ണീർ തണ്ണീർ, പശി ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത സിനിമകൾ പൊള്ളിച്ച മനസ്സുകൾ നാടിന്റെ പൊള്ളലുകളെ തിരിച്ചറിയാൻ പറ്റുന്നവയായി രൂപപ്പെട്ടു.




സെവൻ സമുറായ്, ഐവാന്റെ കുട്ടിക്കാലം, കളർ ഒഫ് ദി പൊമൊഗ്രനേറ്റ്സ്, ഡെക്കലോഗ്, തുടങ്ങി ഹോളിവീക്കും ചിൽഡ്രൻ ഒഫ് എ ലെസ്സർ ഗോഡും റൺ ലോല റണ്ണും വരെ എത്രയെത്ര മഹത്തരമായ സൃഷ്ടികൾ നമുക്ക് കാണാനായി! സർക്കാർ സിനിമാ ഫെസ്റ്റിവലുകൾ വലിയ സാംസ്കാരിക വിനിമയ വേദികളായി പരിണമിച്ച കാലം കൂടിയാണത്.

യൂറോപ്യൻ - അമേരിക്കൻ ചലച്ചിത്രങ്ങൾക്കും മുകളിൽ ഏഷ്യൻ - ആഫ്രിക്കൻ - ലാറ്റിൻ അമേരിക്കൻ സിനിമകൾക്ക്



IFFK യിൽ പ്രാധാന്യം ലഭിച്ചു. അത് ഈ ചലച്ചിത്ര മേളക്ക്  വേറിട്ടൊരു സ്വഭാവം നൽകി. വ്യത്യസ്തമയ ഫ്ളാറ്റ്ഫോമുകളിലൂടെ അനന്യമായ കലാസൃഷ്ടികളാണ് കാണികൾക്ക് മുന്നിലെത്തിയത്.

മാർക്വേസിന്റെ കഥകളെ അടിസ്ഥാനമാക്കി അദ്ദേഹത്തിന്റെ തന്നെ മേൽനോട്ടത്തിൽ നിർമ്മിച്ച ചെറു സിനിമാ സീരിസ് (Dangerous Loves) ഒക്കെ മറക്കാനാകുമോ!

KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition



അൾജീരിയയും ഇറാനും പറഞ്ഞ കഥകൾ, ദൃശ്യാനുഭവങ്ങൾ എത്ര ഗംഭീരമാണ്.

മുംബൈ രാജ്യാന്തര ഷോർട്ട് ഫിലിം ഫെസ്റ്റിവലിൽ (മിഫ്) എന്നും നിറഞ്ഞു നിന്നത് സർക്കാരിനെയും വ്യവസ്ഥിതിയെയും നേരിട്ടാക്രമിക്കുന്ന ഡോക്യുമെന്ററികളാണ്. പരിസ്ഥിതി മുതൽ മനുഷ്യാവകാശം വരെ അനേകം വിഷയങ്ങൾ പല ദർശന കോണു കളിൽ നിന്ന് കാഴ്ചക്കാരന്റെ മുന്നിലെത്തിയിരുന്നു.



ഇതിന് ഒപ്പം തന്നെ കാണേണ്ടിതാണ് ഫെസ്റ്റിവൽ ഓഫ് ഇന്ത്യ എന്ന പേരിൽ വിദേശ രാജ്യങ്ങളിൽ സംഘടിപ്പിച്ച സാംസ്കാരിക ഉത്സവങ്ങളും രാജ്യത്ത് സംഘടിപ്പിച്ച അപ്നാ ഉത്സവും. ഇന്ത്യയുടെ ബഹുസ്വരത ഭംഗിയായി അവതരിപ്പിക്കപ്പെട്ടു. ഒന്നിനെയും മനപ്പൂർവ്വം തമസ്ക്കരിച്ചില്ല, എല്ലാവരെയും ചേർത്തു നിർത്തി.

സിനിമകളുടെ പ്രദർശന അനുമതി നിഷേധിക്കപ്പെടുമ്പോൾ സർക്കാരിന് പല സാങ്കേതിക കാരണങ്ങളും - വിദേശ്യകാര്യം മുതൽ സെൻസർഷിപ്പ് - നിയമ വ്യവസ്ഥകൾ തുടങ്ങി, സാംസ് കാരിക രാഷ്ട്രീയ നയങ്ങൾ വരെ - നിരത്താം.



റഷ്യയുമായി നല്ല ബന്ധം പുലർത്തു മ്പോഴും ബോറിസ് പാസ്റ്റർനാക്കിന് വേണ്ടി നിലപാടെടുത്ത ഒരാൾ ഇന്ത്യ യുടെ പ്രധാനമന്ത്രിയായിരുന്നു എന്നു കൂടി ഈ അവസരത്തിൽ ഓർക്കുന്നത് നന്നായിരിക്കും. ആ പ്രധാനമന്ത്രിക്കും അതിനു ശേഷം വന്ന കോൺഗ്രസ് പ്രധാനമന്ത്രിമാർക്കും സർക്കാരുകൾക്കും വ്യക്തമായ സാംസ്കാരിക നയം ഉണ്ടായിരുന്നു. അതിനൊപ്പം മഹത്തര മായ വിദേശ നയവും. വിവിധ സംസ് ക്കാരങ്ങളെ ഒരേ ബഹുമാനത്തോടെ കാണുന്ന കോൺഗ്രസിന്റെ ദർശനം രാജ്യ ത്തിന്റെ മുന്നോട്ടുള്ള ഗതിയെ വലിയ തോതിൽ ഉജ്ജീവിപ്പിച്ചു എന്ന് നിസ്സംശയം പറയാം. ●

K Pharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# അബ്ദർ റഹ്മാൻ സിസാക്കോ:

## ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്

(അഭിമുഖം : ഫിൽക്ക ഫിലിം സൊസൈറ്റി



**Feature Films**

**Life on Earth**
1998 / Mali , Mauritania , France
61 mins

**Waiting for Happiness**
2002 / France , Mauritania
96 mins

**Bamako**
2006 / Mali , UK , France
115 mins

**Timbktu**
2014 / Mauritania , France
100 mins

**Black Tea**
2024 / France , Mauritania , Luxemberg , Taiwan , Ivory Coast
111 mins

മോസ്കോയിലെ ജെറാസിമോവ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനം കഴിഞ്ഞ് ഏതാണ്ട് പന്ത്രണ്ട് വർഷക്കാലം അവിടെ താമസിച്ചു . ചില സിനിമാ നിർമ്മാണവുമായി ബന്ധപ്പെട്ട് സംവിധാന സഹായിയായും ഷോർട്ട് ഫിലിംസ് നിർമ്മിച്ചും നടനായും കഴിഞ്ഞു.
അതു കഴിഞ്ഞ് പാരീസിലേക്ക് പോയി.

*മോസ്കോയിൽ ചലച്ചിത്രനിർമ്മാണവുമായി ബന്ധപ്പെട്ട പരിശീലനവും അനുഭവങ്ങളും കാഴ്ചപ്പാടും നിറഞ്ഞ ആദ്യഘട്ടം എങ്ങനെയായിരുന്നു?*






ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

*സിസ്സാക്കോ :-*
സത്യത്തിൽ, ഞാൻ എന്റെ രാജ്യം വിടുമ്പോൾ വളരെ ചെറുപ്പമായിരുന്നു. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞതേ ഉണ്ടായിരുന്നുള്ളൂ. കുടുംബത്തെ വിട്ട് ആദ്യമായാണ് ഞാൻ ദൂരേക്ക് പോകുന്നത് . അതുകൊണ്ട് അതൊരു വലിയ ആഘാതമായിരുന്നു .19-ാം വയസ്സിൽ പഠനം പൂർത്തിയാക്കിയ ശേഷമാണ് മൗറിറ്റാനിയയിൽ നിന്ന് ആദ്യമായി മോസ്കോയിലേക്ക് പോകുന്നത്. പക്ഷേ പോകുന്നതിന് മുൻപ് സിനിമയാണ് എന്റെ ലക്ഷ്യം എന്ന് എനിക്ക് വ്യക്തമായിരുന്നു. സിനിമ എങ്ങനെ പഠിക്കണം എന്നത് മാത്രമായിരുന്നു മോസ്കോയിൽ താമസിക്കാനുള്ള ഏക കാരണം. ജെറാസിമോവ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനം എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്നു. അവിടെ വെച്ചാണ് എനിക്ക് ആദ്യമായി ഒരു വലിയ പ്രണയമുണ്ടായതും ആദ്യത്തെ വിരഹദുഃഖം ഉണ്ടായതും. അങ്ങനെ ഒരുപാട് കാര്യങ്ങൾ ആദ്യമായി അവിടെ സംഭവിച്ചു.

***മോസ്കോയിലെ ജിറാസിമോവ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനവും ശേഷമുള്ള ജീവിതവും തമ്മിലുള്ള പ്രധാന വ്യത്യാസം?***

സിസ്സാക്കോ : -
മോസ്കോയിൽ തുടരുന്നത് പല കാരണങ്ങളാൽ അത്ര എളുപ്പമായിരുന്നില്ല. എങ്കിലും, അത് എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്നു. സിനിമ എങ്ങനെ പഠിക്കണം എന്നത് മാത്രമായിരുന്നു അവിടെ താമസിക്കാനുള്ള ഏക കാരണം. അവിടെ വെച്ചാണ് ഞാൻ സിനിമയെ ശരിക്കും മനസ്സിലാക്കാൻ തുടങ്ങിയത്. കാരണം അവിടെ വെച്ച് ഞാൻ ഒരുപാട് വലിയ മാസ്റ്റേഴ്സിനെ കണ്ടെത്തി. യൂറോപ്യൻ സിനിമ, അമേരിക്കൻ സിനിമ, ജോൺ ഫോർഡ്, കാസവെറ്റസ്, ഇറ്റാലിയൻ സിനിമ, ഏഷ്യൻ സിനിമ എന്നിവയെല്ലാം ഞാൻ അവിടെ വെച്ചാണ് തിരിച്ചറിഞ്ഞത്. മോസ്കോയിൽ വെച്ചുള്ള ഈ കണ്ടെത്തലുകൾ എനിക്ക് പ്രധാനപ്പെട്ടതായിരുന്നു. അതൊരു വലിയ






ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

വിദ്യാലയമായിരുന്നു. നിങ്ങൾ ചെയ്യുന്നത് അർത്ഥവത്താണെന്ന് വരുമ്പോൾ അത് വലിയൊരു ലോകത്തെ നിങ്ങളുടെ മുന്നിൽ തുറന്നിടുന്നു. നിങ്ങളുടെ ജോലി മറ്റൊരാൾക്ക് കൂടി അർത്ഥവത്താണെന്ന് മനസ്സിലാക്കുന്ന കൃത്യമായ അനുഭവത്തെയും പഠിച്ചു . അതിനുശേഷം, ഹ്രസ്വചിത്രവുമായി ഞാൻ ഒരുപാട് വലിയ ചലച്ചിത്ര മേളകളിൽ പങ്കെടുത്തു. ഒരുപാട് പുരസ്കാരങ്ങൾ ലഭിച്ചു. അത് എന്റെ രണ്ടാമത്തെ ഹ്രസ്വചിത്രം നിർമ്മിക്കുന്നതിന് എളുപ്പമായി. എന്ത് ചെയ്യണം എന്നുള്ള എന്റെ കാഴ്ചപ്പാട് എളുപ്പത്തിൽ സ്ക്രീനിൽ എത്തിക്കുക എന്നത് വളരെ പ്രധാനപ്പെട്ടതായിരുന്നു. ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കുമ്പോൾ അതിന് ചിലവ് കുറവായതുകൊണ്ട് സ്വന്തമായി നിർമ്മിക്കാൻ സാധിക്കും. കൂടാതെ ഞാൻ എന്തിനാണ് ഇത് ചെയ്യുന്നത് എന്ന് മറ്റൊരാൾക്ക് ഒരുപാട് വിശദീകരിച്ചു കൊടുക്കേണ്ട കാര്യവുമില്ല. അത് ചെയ്യണമെന്ന് എനിക്ക് വ്യക്തമായിരുന്നു. ആദ്യത്തെ സിനിമാലോചന ഐസൻസ്റ്റീനിന്റെ ഒക്ടോബർ കണ്ട ശേഷം ആയിരുന്നു. എന്റെ ഹ്രസ്വചിത്രം ദൈർഘ്യം കുറവായതുകൊണ്ട് - സിനിമയുടെ എല്ലാ ഗുണങ്ങളുമുള്ള - ഒരു ഹ്രസ്വചിത്രമായാണ് പ്രദർശിപ്പിക്കപ്പെട്ടത്. ഈ ചിത്രവുമായി ഞാൻ കാൻ ഫിലിം ഫെസ്റ്റിവലിലും പോയി. അതിനുശേഷം ഞാൻ പാരീസിൽ താമസിക്കാനായി വന്നു.

***പലായനം , ഗ്ലോബലൈസേഷൻ, കുടുംബം തുടങ്ങിയവ താങ്കളുടെ പ്രമേയങ്ങളിൽ പ്രകടമാണ് . താങ്കൾ കുട്ടിക്കാലത്ത് മാലിയിലേക്ക് പോയി. പിന്നെ മാലിയിൽ നിന്നും എല്ലാം വിട്ട് മൗറിറ്റാനിയായിലേക്ക് പലായനം ചെയ്തു. ഈ അനുഭവം ലൈഫ് ഓൺ ദി എർത്ത് എന്ന ആദ്യ സിനിമയിലെ പ്രമേയത്തിന് കാരണമായിട്ടുണ്ടോ ?***



K Pharma
HOME DELIVERY: +91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



*സിസ്സാക്കോ* : –
ഈ ചോദ്യം വളരെ കൗതുകകരമാണ് . ആഴത്തിൽ ചിന്തിപ്പിക്കുന്ന ചോദ്യം . സിനിമയിലെ പ്രമേയവും എന്റെ ബാല്യ കാല ജീവിതവുമായി ബന്ധമുണ്ട് . എന്നെ പലതും ഓർമ്മിപ്പിക്കുന്നു . ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് പറിച്ചുനടപ്പെടുന്ന അനുഭവങ്ങൾ . എന്റെ ആദ്യ സിനിമ, ലൈഫ് ഓൺ ദി എർത്ത് , നിർമ്മിച്ചത് പാരീസ് ജീവിത ത്തിനിടയിലാണ് . മോസ്കോയിൽ നിന്ന് പാരീസിൽ എത്തിയ ശേഷം . അവിടെ ഞാൻ നടനായും സിനിമയിൽ പ്രവർത്തി ച്ചിട്ടുണ്ട് . ഒരു ഫീച്ചർ ഫിലിം നിർമ്മി ക്കാനുള്ള പ്രമേയം ജീവിതാനുഭവമാണ്. അത് ഒരു ലോകയാഥാർഥ്യം കൂടിയാണ്. വികസിതവും അവികസിതവുമായ രണ്ട് ലോകങ്ങൾ. ഒന്നിൽ നിന്നുള്ള പലായനം. ഒന്ന് ആധുനിക യൂറോപ്യൻ ലോകം . മറ്റേത് പഴയൊരു ഗ്രാമീണ ലോകം .

***സ്ഥല – കാല ബന്ധങ്ങളും വൈരുധ്യ ങ്ങളും ഈ അത്യാധുനിക മനുഷ്യ ലോകത്ത് ചലനത്തിന്റെയും നിശ്ചലത യുടെയും പ്രശ്നങ്ങൾ സ്വാധീനി ച്ചുവോ?***

സിസ്സാക്കോ : –
പാരീസിൽ നിന്ന് മൗറിത്താനിയായി ലും മാലിയിലും ഉള്ള എന്റെ കുടുംബ സ്ഥലത്ത് എത്തുമ്പോൾ പഴയകാലം നിശ്ചലമായി നിൽക്കുന്നത് പോലെ തോന്നി . രണ്ടറ്റത്തും മനുഷ്യനുണ്ട് . എന്നാൽ ഇതിനിടയിൽ ഒരാളുടെ അസ്തിത്വത്തെ കുറിച്ചുള്ള ആശങ്ക കളും ഉണ്ട് . ഒരു ബാല്യകാല ജീവിത മാണ് ആ സിനിമയിൽ കൊണ്ടുവന്നത് .ഒരു അപഗ്രഥനം പോലെ . ആഗോള വൽക്കരണത്തിന്റെ കാണാത്ത വശ ങ്ങളാണത് . ഡിസ്പ്ലേസ്മെന്റ് വലിയ പ്രശ്നം തന്നെയാണ് . ദുഃഖകരമായ മനുഷ്യ യാഥാർഥ്യം . പ്രത്യേകിച്ച് ഒരു കുടുംബസ്നേഹിയ്ക്ക് ദുരന്ത വേദനയാണ് . അതാണ് ലൈഫ് ഓൺ ദി എർത്ത് .



***ആഫ്രിക്കയിലേക്ക് തിരിച്ചു വന്ന ശേഷമാണോ 1998 ലെ ആ പ്രമേയം സിനിമയാക്കിയത് ?***

*സിസ്സാക്കോ* : –
വാസ്തവത്തിൽ പത്ത് സംവിധായകരെ ക്കൊണ്ട് പത്ത് സിനിമകൾ നിർമ്മിക്കുന്ന

KPharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



ഒരു സീരീസിന്റെ ഭാഗമായിട്ടാണ് അത് നിർമ്മിച്ചത്. ആധുനിക ആഗോളീകരണ കാലത്ത് പൂർവ്വസ്ഥിതിയിൽ മാറ്റങ്ങ ളൊന്നുമില്ലാതെ നിശ്ചലമായി നിൽക്കുന്ന സ്ഥലവും കാലവും ജീവിതവും എന്റെ അനുഭവമായിരുന്നു .കുട്ടിക്കാലത്ത് പിതാവ് മൗറിത്താനിയായിൽ.
മാതാവ് മാലിയിൽ. ഞാൻ ജീവിച്ച, എനിക്ക് ഓർമ്മകളുള്ള സ്ഥലങ്ങൾ നഷ്ടപ്പെടുന്ന അനുഭവം . പിന്നീട് ആഫ്രിക്കയിൽ നിന്ന് മോസ്കോ യിലേക്ക്. വേരുകൾ വെട്ടിമുറിക്കപ്പെടുന്ന പലായനങ്ങൾ . പാരീസിലെ ജീവിതം എനിക്ക് സഹായകരമായിരുന്നു. ജീവിത ലോകത്തു നിന്ന് സിനിമയുടെ ലോക ത്തേക്ക് അനുഭവങ്ങൾ പങ്കുവെയ്ക്കാൻ കഴിഞ്ഞു .

***ആഫ്രിക്കയിലും യൂറോപ്പിലും നിന്നു കൊണ്ട് മൂന്നു സിനിമകൾ ചെയ്തു . 2014 ലെ തിംബുക്തു എന്ന സിനിമ കഴിഞ്ഞ് ബ്ലാക്ക് ടീ എടുത്തത് 2024 ൽ ആണ്. പത്തുവർഷത്തിന്റെ വിടവുണ്ട് . എന്തെങ്കിലും സംഭവിച്ചോ ?***

*സിസ്സാക്കോ* : –
ഞനൊരു ഫാമിലിമാൻ ആണ്. എന്റെ കുടുംബം എനിക്കെന്നും പ്രിയപ്പെട്ടതാണ്. അതുപോലെ തന്നെയാണ് പ്രകൃതിയോട് എനിക്കുള്ള ഇഷ്ടം. എന്റെ നാടും വീടും ബന്ധുക്കളും എന്നും എനിക്ക് പ്രിയ പ്പെട്ടതാണ്. അവരോടുള്ള അകൽച്ച കുറയ്ക്കാനും, അടുപ്പം കൂട്ടാനും ഞാൻ ഒരു ബ്രേക്ക് എടുത്തു. എന്റെ കൊച്ചുമകൻ ജനിച്ചതുമുതൽ 12 വർഷം അവന്റെ വളർച്ചയിൽ ഒപ്പം ഉണ്ടാകണം എന്ന ആഗ്രഹവും എനിക്കുണ്ടായിരുന്നു. ആ കാലം ഞാൻ സിനിമയിൽ നിന്നും വിട്ടുനിന്നു മനുഷ്യരെയും പ്രകൃതി യെയും കൂടുതൽ അടുത്തു കണ്ടു പഠിച്ചു. കാട്ടിലും പോയി താമസിച്ചു .

***വാസ്തവത്തിൽ ചലനാത്മകമായ ഒരറ്റത്ത് നിന്നും നിശ്ചലമായ ഒരറ്റത്തേക്ക് ആത്മീയ പലായന മായിരുന്നോ ?***



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

*സിസ്സാക്കോ : –*
എന്റെ സിനിമകൾ നോക്കിയാൽ വർഷങ്ങളുടെ ഇടവേള കാണാം . നാലു വർഷം . ചിലപ്പോൾ എട്ടു വർഷം . സിനിമ എനിക്ക് പ്രധാനം തന്നെയാണ് . എന്റെ ജീവനോപാധിയുമാണ് . പക്ഷെ ഞാനൊരു സാധാരണക്കാരൻ ആണ് . സാധാരണമായ ജീവിതം . ഇതൊരു സന്തുലിത പ്രകൃതിയാണ് . അതിലെനിക്ക് സൗന്ദര്യം കണ്ടെത്താനാവും .

***സിനിമകളുടെ സ്വഭാവത്തിൽ ചലനാത്മക സമൂഹത്തിന്റെ വൈരുധ്യങ്ങളും ഇടം നഷ്ടപ്പെടലും നേർക്കാഴ്ചകളും ഇടകലർത്തുന്നത് എന്തിനാണ് ?***

സിസ്സാക്കോ : –
ഈ ലോകത്ത് ഒട്ടേറെ കാഴ്ചകളുണ്ട് . പക്ഷെ സിനിമയ്ക്ക് ആവശ്യമായത് ഒരു തെരെഞ്ഞെടുപ്പ് കൂടിയാണ്. അതിനൊരു സമയം വേണം . അത് ക്രിയേറ്റിവ് മൈഗ്രേഷൻ ആണെന്നും അല്ലെന്നും പറയാം. ഞാൻ പറഞ്ഞല്ലോ , ഞാനൊരു കുടുംബസ്നേഹിയാണ് . വീടും വീട്ടുകാരും നാടും കാടും എന്റെ ഭാഗമാണ്. കാഴ്ചകളും ചിന്തകളും സംയോജിക്കുന്ന ഒരു സമയമുണ്ട് . അപ്പോഴാണ് സിനിമ പിറക്കുക . വിശാല പ്രകൃതിയും നിശബ്ദതയും എന്റെ സിനിമകളിലുണ്ട് . ജനങ്ങൾ പുറത്താക്കപ്പെടുന്നതും ആഗോളീകരണവും പോരാട്ടവും അക്രമവും കാണാം. നിങ്ങൾക്കറിയാമോ, പതിനായിരക്കണക്കിന് പേരാണ് ദിവസവും തങ്ങളുടെ സ്ഥലങ്ങളിൽ നിന്ന് പലായനം ചെയ്യപ്പെടുന്നത് .

***കാൻ ഉൾപ്പടെ ലോകത്തെ പ്രധാന ഫിലിം ഫെസ്റ്റിവലുകളിൽ പങ്കെടുക്കുകയും പുരസ്ക്കാരങ്ങൾ നേടുകയും ചെയ്തു . കേരളത്തിന്റെ ഫിലിം ഫെസ്റ്റിവലിൽ ലൈഫ് ടൈം അച്ചീവ്***



K Pharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

***മെന്റ് അവാർഡ് ലഭിച്ചു . പുതിയ പരിപാടികൾ എന്തൊക്കെയാണ് ?***

*സിസ്സാക്കോ* : –
മൂന്നാം ലോകയുദ്ധം ആരംഭിക്കുന്ന ഒരു സന്ദർഭത്തിൽ കാര്യങ്ങളെ കുറിച്ചു ഒരു പുസ്തകം എഴുതുന്നു . ഹൊറാർ സ്വഭാവവും അതിലുണ്ടാവും .

***സിനിമ തനിയെ സംഭവിക്കുമോ ?***

*സിസ്സാക്കോ* : –
തീർച്ചയായും . അതിനെ കുറിച്ചോർത്ത് വേവലാതിപ്പെടേണ്ടതില്ല . അത് കൃത്യ മായൊരു സമയത്തിന്റെ കൂടിച്ചേരലാണ് .

***ഫിൽക്ക ഫിലിം സൊസൈറ്റിയുടെ പ്രത്യേക ചലച്ചിത്ര പതിപ്പിന് അഭിമുഖം നൽകിയതിന് നന്ദി . ആശംസകൾ നേരുന്നു .***

*സിസ്സാക്കോ* : –
ഫിലിം സൊസൈറ്റിക്കും ആശംസകൾ . നോവലും സത്യജിത് റായിയുടെ പഥേർ പാഞ്ജലി സിനിമയുടെ തിരക്കഥയും തന്നതിൽ സന്തോഷം . എന്റെ ഈമെയിലിൽ ഈ സ്പെഷ്യൽ പതിപ്പ് അയച്ചുതരിക . വളരെ നന്ദി



KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# കെല്ലി ഫൈഫ് മാർഷൽ : സ്പിരിറ്റ് ഓഫ് സിനിമ

(അഭിമുഖം : ഫിൽക്ക ഫിലിം സൊസൈറ്റി )



Kelly Fyffe Marshall

Feature Film -
When morning comes
Canada , Jamaica / 2022 / 87 mins.

Short Films -
Reason Enough / 2016
Haven / 2018
Black White Blue / 2018
Trap City / 2020
Black Body / 2020
Omi / 2021
Demons / 2025

**ആദ്യമായി, മേക്കിങ് റിപ്പിൾസ് എന്ന പ്രസ്ഥാനത്തെക്കുറിച്ച് അറിയാനാണ് ആഗ്രഹിക്കുന്നത്. അത് ജമൈക്കൻ പശ്ചാത്തലമാണോ അതോ കനേഡിയൻ പശ്ചാത്തലമാണോ ? എന്താണ് അതിന്റെ ലക്ഷ്യം ?**

*കെല്ലി :*
ഞാൻ ജനിച്ചത് ഇംഗ്ലണ്ടിലാണ്. ഇപ്പോൾ കാനഡയിൽ ഉള്ള മാതാപിതാക്കൾ ജമൈക്കക്കാരാണ്. മേക്കിങ് റിപ്പിൾസ് കാനഡയിലാണ് ആരംഭിച്ചത്. ആദ്യം അത് ഒരു ചിന്ത മാത്രമായിരുന്നു. ഒരു നേതൃത്വം തേടുകയായിരുന്നു . പ്രത്യേകിച്ച് കറുത്ത വർഗ്ഗക്കാരിൽ നിന്ന്. മാർട്ടിൻ ലൂഥർ കിങ്ങിനെയും മാൽക്കം



KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

എക്സിനേയും പോലുള്ള നേതൃത്വത്തെ പിന്തുടരുന്നവർ . കൃത്യമായും പ്രവർത്തിക്കുന്നവർ. പിന്നീട് എനിക്ക് തോന്നി നമ്മളിൽ ഓരോ വ്യക്തിയും ശരിയായ മാറ്റം ഉണ്ടാക്കുകയാണെങ്കിൽ ഈ ലോകം മാറുമെന്ന് . എല്ലാവർക്കും മെച്ചപ്പെട്ട സ്ഥലം കണ്ടെത്തുകയും ചെയ്യാം . അതിനു വേണ്ടി ഒരു നേതാവിനെ കാത്തിരിക്കുക വയ്യ . നമ്മൾ എല്ലാവരും അത് ഏറ്റെടുക്കണം. അങ്ങനെ ഒരു ചിന്തയിൽ നിന്നാണ് മേക്കിങ് റിപ്പിൾസ് രൂപം കൊണ്ടത് . വ്യാപകമായി പ്രചരിപ്പിക്കേണ്ട ആശയങ്ങൾ ഞാൻ പ്രഭാഷണത്തിലൂടെ പങ്കുവെച്ചു . അതെനിക്ക് ലോകമാകെ പ്രചരിപ്പിക്കേണ്ടതുണ്ടായിരുന്നു. ജനങ്ങൾ ആ സന്ദേശം കേൾക്കുകയും ചെയ്യേണ്ടതുണ്ടായിരുന്നു . അങ്ങനെ മേക്കിങ് റിപ്പിൾസ് യാഥാർത്ഥ്യമായി.


***അതൊരു ജനകീയ പ്രസ്ഥാനമാണോ?***

*കെല്ലി :*
അതെ . ജോർജ് ഫ്ലോയിഡ് എന്ന കറുത്ത വർഗ്ഗക്കാരൻ അമേരിക്കയിൽ വെളുത്ത വർഗ്ഗക്കാരനായ പോലീസുകാരനാൽ കൊല്ലപ്പെട്ടപ്പോൾ അത് സ്വപ്നത്തിൽ നിന്നും യാഥാർത്ഥ്യമായി . അത് ഒരു തരംഗമായി . പക്ഷേ എന്ത് ചെയ്യണം എന്നതിനെക്കുറിച്ച് വ്യക്തതയില്ലായിരുന്നു .

***കരീബിയൻ അമേരിക്കൻ കനേഡിയൻ മേഖലകളിൽ ഇപ്പോഴത്തെ സാഹചര്യം എന്താണ് ?ഞാൻ ഉദ്ദേശിക്കുന്നത് വംശീയ പ്രശ്നങ്ങൾ, ജനകീയ അനീതി , സങ്കീർണമായ മറ്റു വിഷയങ്ങൾ?***

*കെല്ലി :*
വളരെ ബുദ്ധിമുട്ടേറിയ സാമൂഹിക അനീതിയാണ് നടക്കുന്നത് . സ്പാർക്ക് എന്ന് വിളിക്കുന്ന കറുത്ത വർഗ്ഗ സമൂഹം വർണ്ണവിവേചനം നേരിടുന്നുണ്ട് .







പ്രത്യേകിച്ച് കാനഡയിൽ തദ്ദേശീയ സമൂഹം വളരെ കഷ്ടപ്പെടുന്നു. 2025 ൽ പോലും ശുദ്ധജലം ലഭ്യമല്ലായിരുന്നു . വാസ്തവത്തിൽ അത് അവരുടെ സ്വന്തം ഭൂമിയാണ് . ഈ അനീതിക്കെതിരെ നമ്മൾ പോരാടണം. വർണ്ണസമൂഹം അവരുടെ ഭൂമി മോഷ്ടിക്കുന്നു . അത് തിരിച്ചു കിട്ടാൻ ഈ പ്രസ്ഥാനം പണിയെടുക്കുന്നു. മറ്റൊരു പ്രശ്നം കറുത്ത വർഗ്ഗ സമൂഹത്തിൽ തന്നെ പരസ്പരം അശാന്തി സൃഷ്ടിക്കുന്നു എന്നതാണ് . പൊതുവേ വംശീയ അനീതി , തൊഴിൽ രംഗത്തും അതുപോലെ



പോലീസ് നടപടിയിലും പ്രത്യക്ഷമാണ് . ഞാൻ ഇതിനെക്കുറിച്ച് ഫിഫ്റ്റി ഫോർ ഡെയിലി എന്ന മാധ്യമത്തിൽ പ്രസംഗിക്കുന്നുണ്ട്.

***രൂക്ഷമായ ഈ സ്ഥിതിവിശേഷം വർദ്ധിക്കുന്നുണ്ടോ ?***

*കെല്ലി :*
2020-ൽ ഞാൻ വീട്ടിൽ ഉണ്ടായിരുന്നപ്പോൾ ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധ ഊന്നിയിരുന്നു. ഇതിനെക്കുറിച്ച് ആഴത്തിൽ വളരെയേറെ പഠിക്കാനുണ്ട്. ഒട്ടേറെ പേർക്ക് ഈ പ്രശ്നത്തെക്കുറിച്ച് കാര്യമായ അറിവില്ല. വംശീയ പ്രശ്നം



അഭിമുഖീകരിക്കുന്ന ഈ സമൂഹം ഏറെ പഠിക്കാനുണ്ട്. പക്ഷേ പലപ്പോഴും അത് സംഭവിക്കുന്നില്ല. കാരണം ദൈനംദിന ജീവിതത്തിന്റെ തിരക്കുകളാണ്. സമയമില്ലായ്മയാണ്. ചിലർക്ക് അത് പ്രസക്തമായ വിഷയവുമല്ല. ചിലപ്പോൾ ഒരു തിരമാല പോലെ ഉയരുകയും താഴുകയും ചെയ്യുന്നു. ഒരു മാറ്റത്തിന് വേണ്ടിയുള്ള രാഷ്ട്രീയം രൂപം കൊള്ളേണ്ടതുണ്ട് .

KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



***നിങ്ങൾക്ക് ഒരു മാധ്യമം ആവശ്യമായിരുന്നോ? ദൃശ്യമാധ്യമം പോലെ ഒന്ന്. ? ഇതെല്ലാം അവതരിപ്പിക്കുവാൻ..?***

*കെല്ലി :*
പലപ്പോഴും മാധ്യമത്തിലൂടെയുള്ള പ്രവർത്തനം തടസ്സങ്ങൾ നിറഞ്ഞതാണ്. കാരണം ഒട്ടേറെ കാര്യങ്ങൾ അവതരിപ്പിക്കാനുണ്ട്. നിരവധി കാര്യങ്ങൾ ഒരു റഡാറിൽ എന്നപോലെ നിരീക്ഷി ക്കപ്പെടുകയും ചെയ്യുന്നു. പല സന്ദർഭങ്ങളിലും ഉത്തരം പ്രശ്നങ്ങൾ പുറത്തുകൊണ്ടു വരുവാൻ ഞാൻ നിർബന്ധിതയായിട്ടുണ്ട്. പക്ഷേ അത് നല്ലതെങ്കിലും പരിമിതിക്ക് അപ്പുറമാണ് പ്രശ്നങ്ങൾ. അവ പരിശോധിക്കപ്പെടേതുണ്ട്.

***ഓകെ . ഇത്തരം വളരെ സങ്കീർണ്ണമായ ചുറ്റുപാടുകളിൽ നിന്ന് ലഭിക്കുന്ന യാഥാർത്ഥ്യങ്ങൾ നിങ്ങൾ വികസിപ്പിച്ചെടുത്ത് ഒരു പ്രമേയമാക്കുന്നുണ്ടോ? ഡോക്യുമെന്ററിയിലോ ഷോർട്ട് ഫിലിമുകളിലോ ദൃശ്യവൽക്കരിക്കാൻ ശ്രമിക്കുന്നുണ്ടോ?***

*കെല്ലി :*
ഞാൻ ചെയ്യുന്നത് ഡോക്യുമെന്ററി എന്ന് പറയാൻ ആകില്ല. ഷോർട്ട് ഫിലിമുകൾ ആണ്. അവ ജനങ്ങൾ കാണുകയും ചെയ്യണം. 90 സെക്കൻഡ് മുതൽ 4 മിനിറ്റ് വരെയുള്ള ഷോർട്ട് ഫിലിമുകളാണവ . അത് ജനങ്ങൾ എളുപ്പത്തിൽ കാണുന്നു. അങ്ങനെ വീക്ഷണം പങ്കുവയ്ക്കപ്പെടുന്നു. കറുത്ത വർഗ്ഗ സമൂഹത്തിന് നിങ്ങളെയറിയില്ല . അതുപോലെ ഇന്ത്യക്കാരുടെ സമൂഹത്തെ എനിക്കും അറിയില്ല. പക്ഷേ നിങ്ങൾ എന്റെ ഷോർട്ട് ഫിലിം കാണുകയാണെങ്കിൽ യാഥാർത്ഥ്യങ്ങളും അനുഭവങ്ങളും പരസ്പരം പങ്കുവെക്കാൻ കഴിയും.



***നിർഭാഗ്യവശാൽ നിങ്ങളുടെ ഷോർട്ട് ഫിലിമുകൾ എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല. അതിനെക്കുറിച്ച് , പ്രമേയങ്ങളുടെ ഉള്ളടക്കത്തെ കുറിച്ച് എന്തെങ്കിലും പറയാമോ?***

*കെല്ലി :*
തീർച്ചയായും പറയാം. എനിക്ക് ഒട്ടേറെ കണ്ണുകൾ ഉണ്ട്. അതൊക്കെയും ഷോർട്ട് ഫിലിമുകൾക്ക് വേണ്ടി ഞാൻ തന്നെ എഴുതുന്നു. എന്റേതായി 5 ഷോർട്ട് ഫിലിമുകൾ ഇന്ന് അറിയ

K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

പ്പെടുന്നുണ്ട്. ചില നിർമ്മാതാക്കൾ സംവിധാനം ചെയ്യാൻ എന്നോട് പറയുന്നുമുണ്ട് . എന്റെ ആദ്യത്തെ ഷോർട്ട് ഫിലിം ബാലപീഡനത്തെ കുറിച്ചുള്ളതാണ്. അത് വെറും 3 മിനിറ്റുള്ള ചിത്രമായിരുന്നു. ഓൺ ലൈനിൽ കാണാൻ സാധിക്കും. കറുത്ത ശരീരങ്ങളെ ശ്രദ്ധിക്കുകയാണെങ്കിൽ അവർ നേരിടുന്ന സാഹചര്യം വ്യത്യസ്തമാണ്. കറുത്ത ശരീരങ്ങളെ പോലീസ് വേട്ടയാടുന്നു. സാമൂഹിക അനീതിക്ക് വിധേയരാക്കുന്നു. ഈ ലോകം ആ കറുത്ത ശരീരങ്ങളുടെ അവസ്ഥയെ കാണണം. എന്നെ സംബ ന്ധിച്ചിടത്തോളം അത് വളരെ പ്രധാന പ്പെട്ടതാണ്. ദൃശ്യരൂപത്തിലുള്ള സന്ദേശങ്ങൾ ജനങ്ങൾക്ക് പ്രചോദന കരമാണ്. കറുത്ത വർഗ്ഗക്കാരുടെ അവസ്ഥകൾ അതിലൂടെ അവതരിപ്പി


Demons

ക്കാൻ സാധിക്കുന്നു. ഓരോ ദിവസം കഴിയുന്തോറും പ്രശ്നങ്ങൾ രൂക്ഷ മാകുന്നു. അവർക്ക് പലതും നഷ്ടപ്പെടുന്നു.

***ഈ ദുരവസ്ഥ ഇപ്പോഴും അമേരിക്ക യിലും കാനഡയിലും നിലനിൽക്കു ന്നുണ്ടോ?***

*കെല്ലി :*
ഉണ്ട് . അതിപ്പോഴും സംഭവിച്ചു കൊണ്ടിരിക്കുന്നു. ഒരു വ്യത്യാസം മാത്രം. ഇപ്പോൾ ഇന്റർനെറ്റ് ഉള്ളതു കൊണ്ട് നമുക്ക് അതേക്കുറിച്ച് സംസാരി ക്കാൻ കഴിയുന്നു. മുൻപ് അങ്ങനെ യല്ലായിരുന്നു. സോഷ്യൽ മീഡിയയി ലൂടെ സംസാരിക്കാൻ കഴിയില്ലായിരുന്നു. കറുത്ത തൊലി ഉള്ളവരുടെ സ്ഥിതി ഗതികൾ അമേരിക്കയിലും കാനഡയിലും പലപ്പോഴും അപകടകരമാവുകയാണ്.

***വംശീയ വിഭാഗങ്ങൾ തമ്മിലുള്ള സംഘർഷം വർദ്ധിക്കുന്നുണ്ടോ?***

*കെല്ലി :*
പലയിടങ്ങളിലായി അത് സംഭവിക്കു ന്നുണ്ട്. പലപ്പോഴും നിങ്ങൾക്ക് നേരിട്ടുള്ള അനുഭവമായിരിക്കില്ല. പരോക്ഷ സംഭവങ്ങൾ ആയിരിക്കും. തൊഴിൽ രംഗത്ത് എല്ലായിടത്തും നിങ്ങൾക്ക് അത് കാണുവാൻ കഴിയില്ലെങ്കിലും അനുഭവിക്കാൻ കഴിയും. പുതിയ രീതിയിലാണ് വർണ്ണ വിവേചനം സംഭവിക്കുന്നത്.

***കാനഡയിൽ പലയിടത്തും തദ്ദേശീയരുണ്ട്. ഞാൻ ഉദ്ദേശിക്കുന്നത് റെഡ് ഇന്ത്യൻസ്. അവർ റിസർവ്ഡ് മേഖലയിലാണ്. റെഡ് ഇന്ത്യൻസ് എന്ന് വിളിക്കാൻ പാടില്ല . റിസർവ്ഡ് പീപ്പിൾ എന്നാണ് . അങ്ങനെയൊരു സാമൂഹിക വിവേചനം നിലനിൽക്കുന്നുണ്ടോ?***

KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

*കെല്ലി :*
ഉണ്ട്. അവരെ തദ്ദേശീയർ എന്നും വിളിക്കുന്നു. ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ട്. കാനഡയിൽ തദ്ദേശ വംശീയ സമൂഹത്തിന് നേർക്ക് അനീതിയുണ്ട്. അവരിൽ ആത്മഹത്യാ നിരക്ക് വർധിക്കുന്നുണ്ട്. മദ്യവും മയക്കുമരുന്നും വ്യാപിക്കുന്നുമുണ്ട്. അവർ പോലീസ് വേട്ടയ്ക്ക് വിധേയരാകുന്നുണ്ട്. അവരുടെ പരമ്പരാഗതമായ സ്വന്തം ഭൂമിയിലേക്ക് അവർക്ക് പ്രവേശനമില്ല. അവരുടെ ഇടങ്ങളിൽ ശുദ്ധജലം പോലുമില്ല.

***ഇത് ഒരു കൊളോണിയൽ സാമ്പത്തിക ഘടനയുടെ തുടർച്ചയാണോ ?***

*കെല്ലി :*
തീർച്ചയായും. അത് വളരെ വ്യക്തമാണ്. പൂർവിക രൂപങ്ങളിൽ നിന്ന് പുതിയ ഘടനകളിലേക്ക് മാറുമ്പോഴും അനുകൂല സാഹചര്യമില്ലെങ്കിൽ പഴയ രൂപങ്ങളിൽ തന്നെ ഒതുങ്ങേണ്ടിവരും. എന്നെ സംബന്ധിച്ചിടത്തോളം മറ്റൊരു കാര്യം കൂടിയുണ്ട്. സാമ്പത്തിക ആധിപത്യം. അത് എവിടെയുണ്ടോ അവിടെ ഒരു രാജാവും രാജ്ഞിയുമുണ്ട്. ആ ഘടനയ്ക്ക് കീഴിലാകും പരമ്പരാഗത സമൂഹങ്ങൾ.

***വംശീയ ആധിപത്യ മനോഭാവം അവിടെ വർധിക്കുകയാണോ?***

*കെല്ലി :*
വർദ്ധിക്കുന്നുണ്ടോ എന്ന് എനിക്കറിയില്ല. പക്ഷേ ഇത്തരം വൈരുധ്യങ്ങൾ കാണാൻ നമ്മുടെ കണ്ണുകൾ തുറക്കപ്പെടേണ്ടതുണ്ട് .



***നിങ്ങളുടെ ഫീച്ചർ ഫിലിം വെൻ മോണിംഗ് കംസ് കറുത്ത വർഗ്ഗക്കാരനായ ഒരു ബാലന്റെ സങ്കീർണതകൾ വിവരിക്കുന്നതാണല്ലോ.അവൻ സ്വദേശമായ ജമൈക്കയിൽ നിന്ന് കാനഡയിലേക്ക് പലായനം ചെയ്യുന്നു. അതോടൊപ്പം സാമൂഹിക വംശീയ പ്രശ്നങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു. വംശീയ പലായനം അനിവാര്യമായിട്ടുണ്ടോ ?***

*കെല്ലി :*
എന്റെ ഈ ഫീച്ചർ ഫിലിം , സ്വദേശം ഉപേക്ഷിക്കപ്പെടേണ്ടിവന്ന ഒരു കറുത്ത വർഗ്ഗ കുടുംബത്തിന്റെ കഥയാണ് . കാനഡയിൽ ഇന്ന് അനേകം കുടിയേറ്റക്കാരുണ്ട്. പലായനം ചെയ്യപ്പെടേണ്ടി വന്ന അവരോട് നമുക്ക് സഹാനുഭവം ( Empathy ) ആണ് വേണ്ടത്. നമ്മൾ അവരെ നോക്കുമ്പോൾ ആ നിസ്സഹായത കാണാൻ സാധിക്കും. പലതും ത്യജിച്ചും സഹിച്ചും അവർ എങ്ങനെ അവിടെ എത്തപ്പെട്ടു എന്നതിനെ കുറിച്ചുള്ള ചിന്ത പ്രധാനപ്പെട്ടതാണ്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള പാരസ്പര്യം പ്രധാനമാ

K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

ണെന്ന് ചിന്തിച്ചാൽ സഹാനുഭവമാണ് ഉണ്ടാവേണ്ടതെന്ന് ഞാൻ വിശ്വസിക്കുന്നു. അതൊക്കെയാണ് എന്റെ സിനിമകളിലൂടെ അവതരിപ്പിക്കാൻ ഞാൻ ശ്രമിക്കുന്നത്. ഞാൻ നിങ്ങളെ കാണുമ്പോൾ എനിക്ക് നിങ്ങളെ വിശ്വസിക്കാനാകും. നിങ്ങളുടെ കഥകൾ ഒന്നും എനിക്കറിയില്ല . നിങ്ങൾ എവിടെയായിരുന്നെന്നോ എന്താണെന്നോ എനിക്ക് അറിയില്ല. പക്ഷേ മാനുഷികതലത്തിൽ നിങ്ങളോട് എനിക്ക് പെരുമാറാൻ സാധിക്കും. അതാണ് വെൻ മോണിംഗ് കംസ് എന്ന ചിത്രത്തിൽ ഞാൻ ഉദ്ദേശിച്ചത്. ആ ചിത്രം യഥാർത്ഥത്തിൽ എമ്പതിയെ കുറിച്ചുള്ളതാണ്. സിമ്പതിയെക്കുറിച്ചുള്ളതല്ല. വെൻ മോണിംഗ് കംസ് എന്ന പ്രയോഗം ജമൈക്കയിലുണ്ട് . അത് കേരളത്തിലും മറ്റ് എവിടെയും ഉണ്ടാകാം. മെച്ചപ്പെട്ട ഇടങ്ങൾ തേടിയുള്ള മനുഷ്യന്റെ പലായനം സംഭവിക്കുമ്പോൾ ഇങ്ങനെയൊരു കാഴ്ചപ്പാട് ഉണ്ടാകേണ്ടതുണ്ട്.

***മനുഷ്യ ചരിത്രത്തിൽ പലായനത്തിന് പലവിധ മാനങ്ങൾ ഉണ്ട്. വംശീയമായ പലായനം അനിവാര്യമായി തീർന്നിട്ടുണ്ടോ?***

*കെല്ലി :*
തീർച്ചയായും. അതുതന്നെയാണ് എന്റെ കഥയും. അങ്ങനെ നമുക്ക് അടിമത്തത്തെ കുറിച്ചു കൂടി സംസാരിക്കാൻ കഴിയും. എന്റെ കുടുംബത്തിലെ പൂർവിക തലമുറകൾ ആഫ്രിക്കയിൽ നിന്ന് ജമൈക്കയിലേക്ക് അടിമകളായി എത്തപ്പെട്ടവരാണ്. തലമുറകൾ കഴിഞ്ഞപ്പോൾ പല മാറ്റങ്ങളും വന്നു. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷമാണ് കുറേ വീട്ടുവേലക്കാരെ ബ്രിട്ടന് ആവശ്യമായി വന്നത്. അങ്ങനെ ജമൈക്കയിൽ നിന്ന് മുൻതലമുറ ബ്രിട്ടനിൽ എത്തി. എന്റെ മുത്തച്ഛനും മുത്തശ്ശിയും ഒക്കെ അങ്ങനെ ഇംഗ്ലണ്ടിലേക്ക് എത്തപ്പെട്ടവരാണ്. എന്റെ അമ്മ യു.കെയിൽ ആണ് ജനിച്ചത്. പിന്നീട് ജമൈക്കയിലേക്ക് തിരിച്ചെത്തപ്പെട്ടു. വീണ്ടും യു.കെയിലേക്ക് പോയി. അവിടെ നിന്ന് കാനഡയിലേക്ക്. ഇതാണ് എന്റെ കുടുംബ ചരിത്രലേഖ. ഇങ്ങനെ പലതരത്തിലുള്ള പലായനത്തിന്റെ കഥകളുണ്ട്. അനേകായിരം മനുഷ്യർ പലായനത്തിലൂടെ പലവിധ പ്രശ്നങ്ങൾ നേരിടുന്നു. മെച്ചപ്പെട്ട ഒരു ജീവിതം കെട്ടിപ്പടുക്കാൻ പലായനം തുടരുകയാണ്. പുതിയ ഇടങ്ങളിൽ അതിജീവിക്കുവാൻ.

***അപ്പോൾ നിങ്ങളുടെ ചിത്രം മെച്ചപ്പെട്ട ഇടങ്ങൾ തേടിയുള്ള വംശീയ പലായനത്തെ കൂടിയല്ലേ പരാമർശിക്കുന്നത് ?***

*കെല്ലി :*
അതെ . അതെ. തീർച്ചയായും.

KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

***എന്താണ് നിങ്ങളുടെ പുതിയ പദ്ധതി? മേക്കിങ് റിപ്പിൾസ് എന്ന പ്രസ്ഥാനത്തി ലൂടെ നിങ്ങൾ അടുത്തതായി എന്ത് ആഗ്രഹിക്കുന്നു?***

*കെല്ലി :*
ഞാനിപ്പോൾ ഒട്ടേറെ പദ്ധതികളിൽ പ്രവർത്തിക്കുകയാണ്. എനിക്ക് രണ്ട് കൈകളെ ഉള്ളൂ പക്ഷേ കൊട്ടകൾ ഏറെയുണ്ട്. ഇപ്പോൾ ഒരു ടെലിവിഷൻ സീരീസ് തുടങ്ങുവാൻ എഴുതി ക്കൊണ്ടിരിക്കുകയാണ്. അത് പോലീസിങ്ങിനെ കുറിച്ചുള്ളതാണ്. കറുത്ത വർഗ്ഗക്കാരൻ ആയ പോലീസ് ഓഫീസറെ കുറിച്ചു ള്ളതാണ്. ഒരു പോലീസ് ഓഫീസർ എന്ന നിലയിൽ ഒരു കറുത്ത വർഗ്ഗ ക്കാരൻ അനുഭവിക്കുന്ന പ്രശ്നങ്ങൾ അതിൽ അവതരിപ്പിക്കുന്നു. ഒരു ഹൊറർ സിനിമയ്ക്ക് വേണ്ടി കൂടി ഞാൻ എഴുതുന്നുണ്ട്. ചില സംഭവങ്ങൾ ഹൊറർ സിനിമയുടെ സ്വഭാവത്തി ലൂടെ പറയാൻ കഴിയും. ചുറ്റുപാടു മുള്ള നിരവധി സംഭവങ്ങൾ എന്റെ പ്രമേയങ്ങൾക്ക് കാരണമാണ്. ഈ സന്ദർശനവും കൂടിക്കാഴ്ചയും ഒരു പക്ഷേ ഒരു കഥയായി രൂപപ്പെട്ടേക്കാം.. ഇപ്പോഴുള്ള ടെലിവിഷൻ സീരിയ ലിൽ നിരവധി എപ്പിസോഡുകൾ ഉണ്ട്. ഒരു സീസണിൽ 10 എപ്പി സോഡുകളാണ് പ്രതീക്ഷിക്കുന്നത് .

***അതിന്റെ പ്രാരംഭ ജോലികൾ ആരംഭിച്ചോ ?***

*കെല്ലി :*
രചന പൂർത്തിയായി. ഇനി ഒരു പ്രൊഡക്ഷൻ കമ്പനിയെ ഏൽപ്പി ക്കുന്ന ഘട്ടത്തിലാണ്.

***നിങ്ങൾക്ക് ശോഭനമായ ഒരു ഭാവി നേരുന്നു. വളരെ നന്ദി എല്ലാ നന്മകളും നേരുന്നു.***

*കെല്ലി :*
വളരെ നന്ദി. ഈ കൂടിക്കാഴ്ച മനോഹര മായിരുന്നു. വളരെയേറെ നന്ദി. ●




K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# സിനിമയിലെ ശബ്ദശില്പം : ടി. കൃഷ്ണനുണ്ണി

(അഭിമുഖം : ഫിൽക്ക ഫിലിം സൊസൈറ്റി )




*സിനിമയെ പലരും പല രീതിയിലാണ് കാണുന്നത്. മനുഷ്യ ന്റെ ലോകത്തോടുള്ള ഇടപെടലിന്റെ ഭാഗമായി, സമൂഹത്തിന്റെ സാംസ്കാരിക ബോധത്തിന്റെ മുദ്രയായി, ഒരു കലാരൂപമായി തിരിച്ചറിയുന്ന സെൻസിബിലിറ്റിയിലുള്ള, ക്ളാസിക്കൽ ധാരയാണ് ഉദ്ദേശിക്കുന്നത്. സത്യസന്ധമായ ഇടപെടലിന്റെ, ഒരു ആവിഷ്കാര രൂപം എന്ന നിലയ്ക്ക്, ഒരു കലാശില്പം എന്ന നിലയ്ക്ക് , ചലച്ചിത്ര കലയിൽ ദൃശ്യത്തിനൊപ്പം ശബ്ദവും പ്രധാനപ്പെട്ട ഒരു ഘടകമാണ്.*

*ശബ്ദത്തിന്റെ പല സാധ്യതകൾ ഉപയോഗിക്കുന്നുണ്ട്. സംഭാഷണം എന്നതിലുപരി പ്രത്യേക പശ്ചാത്തല ശബ്ദങ്ങൾ, സെൻസിറ്റീവ് മ്യൂസിക് , അന്തരീക്ഷം,നിശബ്ദത ...ഇങ്ങനെ തീമിന് അനുയോജ്യമായ ഒരു സൗണ്ട് സിസ്റ്റം അല്ലെങ്കിൽ ശബ്ദ ശില്പം എങ്ങനെയായിരിക്കണം? ലോക സിനിമയിൽ നിന്നുള്ള എക്സ് പീരിയൻസ് എന്താണ് ?*

*കൃഷ്ണനുണ്ണി :*

എല്ലാ മൂവിങ്ങ് വിഷ്വൽസിലും ഒരു ശബ്ദമുണ്ട്. ഒരുപാട് ഷോട്ടുകളും ഒരുപാട് വിഷ്വൽസും ജോയിന്റ് ചെയ്തിട്ടുള്ള ഒന്നാണ് സിനിമ. ഒരു വിഷ്വലിന് ഏതൊക്കെ ശബ്ദങ്ങൾ വേണം? എങ്ങനെയാണ് ശബ്ദം ഉപയോഗിക്കേണ്ടത്? എന്നൊക്കെ മനസിലാക്കേണ്ടതുണ്ട്. ഇപ്പോൾ നമ്മൾ ഇവിടെ ഇരുന്ന് സംസാരിക്കുമ്പോൾ പാട്ട് കേൾക്കുന്നു, സംസാരം കേൾക്കുന്നു , അങ്ങനെ പലതും കേൾക്കുന്നു . ശ്രദ്ധിച്ചു നോക്കിയാൽ ഇവിടെ 10 –15 തരം ശബ്ദോറവിടങ്ങൾ ഉണ്ടാവും.



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

നമ്മൾ അത് കൃത്യമായി തെരഞ്ഞെടുത്ത് മിക്സ് ചെയ്ത് ശ്രദ്ധേയമാക്കാൻ അല്ലെങ്കിൽ അർത്ഥവത്താക്കാൻ പറ്റും. ചില ശബ്ദങ്ങൾ നമുക്ക് കുറച്ച് കൂട്ടിയോ ചിലത് കുറച്ചോ വക്കേണ്ടി വരും. അങ്ങനെ ക്രിയേറ്റീവ് അല്ലെങ്കിൽ അർത്ഥവത്തായി ഉപയോഗിക്കാൻ സാധിക്കും. ശബ്ദങ്ങളുടെ ലെവൽസ് എങ്ങനെ ഉപയോഗിക്കാൻ പറ്റും എന്നു ള്ളതാണ് ശബ്ദസംവിധാനത്തിന്റെ പ്രധാന കാര്യം. എന്താണോ കമ്മ്യൂണിക്കേറ്റ് ചെയ്യേണ്ടത് അത് സൗണ്ട് ലെവൽസ് ഉപയോഗിച്ച് നമുക്ക് ചെയ്യാൻ പറ്റും. ഉദാഹരണമായിട്ട് നമ്മൾ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ പുറത്ത് ഒരു ആംബുലൻസ് പോകുന്ന ശബ്ദം കേൾക്കുന്നു. സംസാരിക്കുന്ന വിഷയ ത്തിന് ആ ആംബുലൻസിന്റെ ശബ്ദം കൊണ്ട് അർത്ഥം നൽകാൻ സാധിക്കും . ആംബുലൻസിന്റെ സൗണ്ട് ലെവൽ കുറച്ചു കൊണ്ടും കൂട്ടി കൊണ്ടും അത് ചെയ്യാം. അതു ഒരു ചെറിയ ഉദാഹരണം മാത്രം. കാര്യമായി ആലോചിച്ചിട്ട് ചെയ്യേണ്ടതാണ് സൗണ്ട് ഡിസൈൻ. സൗണ്ട് മിക്സിങ്ങും അങ്ങനെ തന്നെ.

***സൗണ്ട് ഡിസൈനർ എങ്ങനെയാണ് പ്രമേയത്തിന് തുല്യമാക്കുന്നത് ?***

***കൃഷ്ണനുണ്ണി :***

പ്രമേയം ഗഹനമായി ഉൾക്കൊണ്ടാൽ ഓരോ ഷോട്ടിലും ഓരോ സീനിലും ശബ്ദസാധ്യത കണ്ടെത്തണം . ഇതെങ്ങനെ ഉപയോഗിക്കണം എന്നാലോചിക്കണം. എന്നാൽ പല സിനിമകളിലും സൗണ്ട് ഡിസൈൻ പലപ്പോഴും നടക്കുന്നില്ല. എല്ലാ സൗണ്ടുകളും ഉച്ചത്തിൽ കേൾപ്പിക്കുക യാണ് ചെയ്യുന്നത്. പക്ഷെ, അത് വെറും ബഹളമായി മാറുന്നു. ശബ്ദശില്പം ആലോചിച്ചു നിർമ്മിച്ചെടുക്കുന്ന കാര്യമാണ്. അത്യുച്ചത്തിൽ മ്യൂസിക് ഇട്ടു കഴിഞ്ഞാൽ ഒരു ദൃശ്യത്തിലുള്ള





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition



മറ്റ് ശബ്ദങ്ങൾ കേൾക്കാതെയായി പോകും. മ്യൂസിക് വേണം. അർത്ഥവത്തായ അളവിൽ ഉപയോഗിക്കണം . നിശബ്ദത പോലും ശബ്ദസംവിധാനത്തിന്റെ ഭാഗമാണ്. നിങ്ങൾ കണ്ണടച്ചിരിക്കുകയാണെന്ന് കരുതുക. പ്രമേയത്തിന് മാറ്റുകൂട്ടുന്ന ഏതൊക്കെ ശബ്ദം ഏതളവിൽ കേൾപ്പിക്കണം? ആളുകളുടെ ശബ്ദം, ചലനങ്ങളുടെ ശബ്ദം, പലതരം ജീവികളുടെ ശബ്ദം, പ്രകൃതിയുടെ ശബ്ദം, ഉപകരണങ്ങളുടെ ശബ്ദം - അങ്ങനെ അനവധി ട്രാക്കുകൾ സൃഷ്ടിക്കാം . അവ വിദഗ്ധമായി മിക്സ് ചെയ്യാം. പല പടങ്ങളിലും ആവശ്യമില്ലാത്ത സ്ഥലത്ത് മ്യൂസിക് ഉപയോഗിക്കുന്നുണ്ട്. മ്യൂസിക് രംഗത്തിന്റെ വൈകാരിക ഭാവത്തെ ഉത്തേജിപ്പിക്കണം. അത് കൊണ്ട് തന്നെ അതിന്റെ ഉച്ചതയും ഉപയോഗവും പ്രാധാന്യമർഹിക്കുന്നു. സംവിധായകന്റെ സർഗാത്മകനിർദ്ദേശങ്ങളും ഉൾക്കൊള്ളേണ്ടതുണ്ട്. വിഷ്വൽസ് കൂടുതൽ അർത്ഥവത്താക്കാൻ വേണ്ടി കൂടിയാണ് കൃത്യമായ സൗണ്ട് ഡിസൈൻ .

***എഴുപതുകളിൽ പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ഉണ്ടായിരുന്ന സമയത്ത് ശബ്ദ സംവിധാനം മനസ്സിലാക്കാൻ സഹായിച്ച കുറേ വിശ്വസിനിമകൾ കാണുമല്ലോ. അതിനെക്കുറിച്ച് പറയാമോ?***

*കൃഷ്ണനുണ്ണി :*

അക്കാലത്ത് മോണോ ട്രാക്കിൽ വരുന്ന ഫിലിംസ് ആണെങ്കിൽ പോലും അവയിൽ ശബ്ദ രേഖയുടെ മനോഹരമായ ഉപയോഗം കാണാൻ സാധിക്കും . ഉദാഹരണത്തിന് അകിര കുറസാവയുടെ റെഡ് ബിയേർഡ് . പത്തൊൻപതാം നൂറ്റിലെ കഥയാണ്. ഒരു ഡോക്ടറും പുതിയ ട്രെയിനിയും തമ്മിലുള്ള ബന്ധം. അതിൽ ഒരു കുട്ടി വെള്ളത്തിൽ വീണിട്ട് പുറത്ത് നിന്ന് ആൾക്കാർ കിണറിൽ നോക്കി വിളിക്കുന്ന രംഗം. അതിന്റെ സൗണ്ട് ഡിസൈൻ എനിക്ക് ഓർമ്മയുണ്ട് . വെള്ളത്തിൽ വീഴുന്ന വെള്ളത്തുള്ളികളുടെ ശബ്ദം. അത് വളരെ നന്നായി ഫീൽ ചെയ്യുന്ന ഒന്നാണ്. മലയാളത്തിൽ അടൂർ ഗോപാലകൃഷ്ണന്റെ സ്വയംവരം തന്നെ എടുക്കാം. അത് മോണോ



K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



ആയിരുന്നല്ലോ. മോണോ ട്രാക്ക് ആണെങ്കിലും നമ്മൾ അക്കാലത്ത് സറൗണ്ട് സൗണ്ട് പ്രേക്ഷകർ ഇമാജിൻ ചെയ്യുന്നു . ഒരു ബസ് കടന്നുപോകുന്നത് പിന്നിൽ നിന്നാണെങ്കിലും സൈഡിലൂടെയാണെങ്കിലും ആ ശബ്ദം കൃത്യമായ ലെവലിൽ കൂട്ടിയും കുറച്ചും ക്രമീകരിക്കണം. അത് നമ്മുടെ ഭാവനയിൽ നാം തിയേറ്ററിൽ കേട്ടിരുന്നു . ഇന്നത്തെ 5.1 അല്ലെങ്കിൽ ഇമേഴ്സിവ് സൗണ്ട് സാധ്യതയിൽ ഒട്ടേറെ ശബ്ദങ്ങൾ അർത്ഥവത്തായി കൈകാര്യം ചെയ്യാൻ പറ്റും.

***എങ്ങനെ ഒരു സീൻ ശബ്ദരേഖ കൊണ്ട് സെൻസിറ്റീവ് ആക്കാം ?***

*കൃഷ്ണനുണ്ണി :*

സിനിമ അവതരിപ്പിക്കുന്നത് തിയേറ്റർ എന്ന ചട്ടക്കൂടിനുള്ളിലാണ്. തിയേറ്ററിന്റെ സ്പേസിനകത്തെ പല ദിശകൾ. അവയിലൂടെ സൗണ്ട് ട്രാക്കുകൾ വിന്യസിക്കുന്നു. ഒരു തിയേറ്ററിനകം വശങ്ങളിലും മുകളിലും വരെ സ്പീക്കറുകൾ. ഒരു ശബ്ദ മാന്ത്രികത അല്ലെങ്കിൽ ശബ്ദ വിസ്മയം സാധാരണക്കാരനെ കേൾപ്പിക്കാൻ സാധിക്കും. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഒരു ആംബുലൻസ് ഇതിലെ പോകുമ്പോൾ ആ സൗണ്ട് ഏത് ഡയറക്ഷനിൽ എങ്ങനെ, എത്ര നിമിഷങ്ങൾ ഉപയോഗിക്കണം എന്ന് നമുക്ക് ആലോചിക്കാൻ പറ്റും. അത് എവിടെ പ്ലേസ് ചെയ്യണം എന്നും നമുക്ക് ആലോചിച്ച് ചെയ്യേണ്ടി വരും. സാങ്കേതിക സാദ്ധ്യതകൾ എങ്ങനെ എന്തിനു വേണ്ടി ഉപയോഗിക്കുന്നു എന്ന കാര്യം പ്രധാനമാണ് . ഒരു വനത്തിനുള്ളിൽ നിൽക്കുന്ന സീൻ ആണെങ്കിൽ പ്രേക്ഷകൻ മുന്നിലുള്ള സ്ക്രീനിലെ ദൃശ്യം മാത്രമേ കാണുന്നുള്ളൂ. പക്ഷെ പ്രേക്ഷകന് മറ്റ് വശങ്ങൾ, അവന് കാണപ്പെടാത്ത വനം തന്നെയാണ്. ആ ഫീൽ ഉണ്ടാകണമെങ്കിൽ ഇരുഭാഗത്തും നിന്നും പിന്നിൽ നിന്നും ഒക്കെ പക്ഷികളുടെ ശബ്ദം, മറ്റ് ജീവി

KPharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



കളുടെ ശബ്ദങ്ങൾ, പ്രകൃതി ശബ്ദങ്ങൾ ഇതൊക്കെ വളരെ സെൻസിറ്റീവ് ആയി ഉപയോഗിക്കാം .ഒരു യുദ്ധം നടക്കുന്ന രംഗമാണെങ്കിൽ ചുറ്റുപാടുമുള്ള ശബ്ദങ്ങൾ ഇങ്ങനെ ഉപയോഗിക്കാം . വളരെ സ്പെക്ടകുലർ ആയ രംഗ ങ്ങൾക്ക് ഇതൊക്കെ ഉപയോഗിക്കു ന്നുണ്ട്. തിയേറ്ററിൽ ഇരിക്കുന്ന സാധാരണ പ്രേക്ഷകന് കാതടപ്പിക്കുന്ന, പ്രകമ്പനം കൊള്ളിക്കുന്ന ശബ്ദങ്ങൾ പ്രിയങ്കരമാണ് . അതിന് പൊതുധാരയി ലുള്ള ജനപ്രിയ തിയേറ്റർ സിനിമയ്ക്ക് ബാഹ്യമായ ശബ്ദ പ്രകമ്പനങ്ങൾ ആവശ്യ മാണ് . പൊതുവെ തിയേറ്റർ കളക്ഷനു വേണ്ടി നിർമ്മിക്കുന്ന ചിത്രങ്ങളുടെ സ്വഭാവങ്ങളിൽ കുറച്ച് ക്രിയേറ്റീവ് ആയിട്ട് ചെയ്യേണ്ട അവസരം കിട്ടുന്നുണ്ട്.

*എത്ര ട്രാക്കുകൾ ഉണ്ടെങ്കിലും അതിനെ മിക്സ് ചെയ്ത് ഒരു മിനിമം ലെവലി ലേക്ക് കൊണ്ടു വന്നിട്ട് ഒരു ചലച്ചിത്ര കലാസൃഷ്ടിയെ മനോഹരമാക്കാൻ സാധിക്കില്ലേ? തീമാറ്റിക് എക്സലൻസ് ആണല്ലോ പ്രധാനം . പ്രമേയത്തിന്റെ ആന്തരിക അനുഭവ ത്തിലേക്ക് കൂടുതൽ സഞ്ചരിക്കാൻ സാധിക്കില്ലേ?*

*കൃഷ്ണനുണ്ണി :*

തീർച്ചയായും. ഇറ്റ് ഡിപ്പൻസ് അപ് ഓൺ ദി പ്രൊഡക്ഷൻ ഇന്റെൻഷൻ. സമാന്തര സിനിമ അല്ലെങ്കിൽ ആശയ സിനിമ അല്ലെങ്കിൽ കലാപരമായ സെൻസിബിലിറ്റി ഉള്ള സിനിമ എന്നൊക്കെ പറയുമ്പോൾ ശബ്ദസംവിധാനം മറ്റൊരു രൂപത്തി ലാണ് . തീമാറ്റിക് എക്സലൻസിനെ കമ്മ്യൂണിക്കേറ്റ് ചെയ്യുന്ന രൂപകല്പന യാണത് . ഉള്ളടക്കത്തിലേക്കുള്ള യാത്രയാണത് .

*ഒരു കലാസൃഷ്ടി എന്ന നിലയിൽ ലക്ഷ്യം സമൂഹമാണ്. ചരിത്രത്തിലുള്ള ഇടപെട ലാണ്. സർഗ്ഗാത്മകത ഒരു സ്വാതന്ത്ര്യം കൂടിയാണ്. ഒരാൾ ഒരു കവിത എഴുതു കയാണ് . അല്ലെങ്കിൽ ഒരു ചിത്രം വരയ്ക്കുകയാണ്. അല്ലെങ്കിൽ നോവൽ എഴുതുന്നു. പണം ലക്ഷ്യമാക്കി ആകർ ഷണീയമായി ചെയ്യുന്നതല്ല ഉദ്ദേശിച്ചത്. പണം ആവശ്യം തന്നെയാണ്. അതില്ലാതെ ഒന്നും നടക്കില്ല. പക്ഷെ ബോധം എന്നൊരു കാര്യം ഒരു സമൂഹത്തിന്റെ സാംസ്കാരിക തലത്തിൽ പ്രതിഫലിക്കുമ്പോൾ സ്വതന്ത്ര സൃഷ്ടികൾ ആവശ്യമാണ് . അങ്ങനെ സമീപിക്കുമ്പോൾ നിലവിൽ ഇപ്പോൾ ഉള്ള തിയേറ്റർ സിനിമകളുടെ കോൺസെപ്റ്റ് അതായത് ഒരു തിയേറ്റി ന്റെ അകത്ത് ആ സ്പേസിനെ എങ്ങനെ ഉപയോഗിക്കാം എന്നുള്ളതിനെ കുറിച്ച് ചിന്തിക്കുന്നു . എന്നാൽ ബോക്സ് ഓഫീസ് മാനദണ്ഡമാക്കിയ*



***തിയേറ്ററിന് പുറത്ത് , അത്തരം ഒരു സ്പേസിനെ മറികടന്ന് , ഒരു ഓപ്പൺ സ്പേസിലാണ് രാത്രിയിൽ അല്ലെങ്കിൽ വെളിച്ചം കടക്കാത്ത ഒരിടത്താണ് സിനിമ കാണിക്കുന്നതെങ്കിൽ 16 -32 ട്രാക്കുകളുടെ സങ്കല്പം മാറില്ലേ ? പ്രദർശിപ്പിക്കുന്നത് സിനിമ തന്നെയാണ് . സിനിമ ആശയപരമായും ശൈലീപര മായും ശക്തവുമാണ്. അതും സിനിമ തന്നെയാണ് . അവിടെ ട്രാക്കുകളുടെ ബാഹുല്യം ആവശ്യമാണോ ?***

***കൃഷ്ണനുണ്ണി :***

അതാണ് ഞാൻ മുൻപ് പറഞ്ഞത് . ഇറ്റ് ഡിപെൻഡ്സ് അപ് ഓൺ ദി പ്രൊഡക്ഷൻ ഇന്റെൻഷൻ. സംവിധായകന്റെ കലയാണ് സിനിമ. സംവിധായകനാണ് സ്രഷ്ടാവ് . സംവിധായകൻ കൺസീവ് ചെയ്ത തിനനുസരിച്ച് ശബ്ദശില്പം ഒരുക്കേണ്ടത് ശബ്ദ ഡിസൈനർ ആണ്. ശബ്ദ സാധ്യത യെ ഏറ്റവും സൂക്ഷ്മമായി കമ്മ്യൂണിക്കേറ്റ് ചെയ്യുക എന്നതാണ് പ്രധാനം .



***ആസ്വാദനം ഒരു ബോധപരമായ പ്രക്രിയ അല്ലേ ?***

***കൃഷ്ണനുണ്ണി :***

യഥാർത്ഥ ആസ്വാദനം അങ്ങനെയാണ് . കണ്ണിലൂടെയാണ് സിനിമ കാണുന്നത് എങ്കിലും നമ്മുടെ മൈൻഡും ഹാർട്ടും അതിൽ പങ്കെടുക്കുന്നുണ്ട്. അവിടെ പലപ്പോഴും ആ സെൻസിറ്റിവിറ്റി അല്ലെങ്കിൽ സെൻസിബിലിറ്റി നഷ്ടപ്പെടരുത് . അതിലേക്ക് സഞ്ചരിക്കുമ്പോൾ ഈ ശബ്ദ സംവിധാനം ദൃശ്യങ്ങൾക്കനു സരിച്ച് ഡിസൈൻ ചെയ്തു കൊണ്ടു വരാനുള്ള സാധ്യത മുന്നിലുണ്ട് .

***1976 ൽ പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ കോഴ്സ് കഴിഞ്ഞ് എത്രത്തോളം സിനിമകളിൽ ശബ്ദലേഖനവുമായി പങ്കെടുത്തു ? വ്യത്യസ്തമായ അനുഭവങ്ങൾ ?***

***കൃഷ്ണനുണ്ണി :***

ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് 76 ൽ പാസായ ശേഷം ഞാൻ നേരെ ബോംബെയ്ക്കാണ് പോയത്. അവിടെ സിനിമാ പ്രൊജക്ടർ ഉണ്ടാക്കുന്ന കമ്പനിയിൽ ഒരു വർഷം ജോലി ചെയ്തു. പിന്നെ ഐ.എസ്.ആർ. ഓ.യിൽ. അവിടെ ടിവി സ്റ്റുഡിയോ ഉണ്ടായിരുന്നു . ഐ.എസ്.ആർ.ഓ. ടെലികാസ്റ്റ് ചെയ്യുന്ന പ്രോഗ്രാമുകൾ . കൂടുതലും ഗ്രാമവാസികൾക്കുള്ളത്. എഡ്യൂക്കേഷണൽ ആൻഡ് എന്റർ




ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

ടൈൻമെന്റ് പ്രോഗ്രാമുകൾ. മൂന്നു വർഷം കഴിഞ്ഞ് ചിത്രാഞ്ജലിയിൽ . ചീഫ് സൗണ്ട് റെക്കോർഡിസ്റ്റ് ദേവദാസ് സാറിന് കീഴിൽ .

***നാഷണൽ അവാർഡ് കിട്ടിയിട്ടുണ്ടല്ലോ. മലയാള സിനിമയിലെ അനുഭവങ്ങൾ ?***

*കൃഷ്ണനുണ്ണി :*

അന്ന് സൗണ്ട് ഡിസൈൻ എന്ന് പറയാറില്ല. പക്ഷെ നമ്മൾ ചെയ്തിരുന്നത് സൗണ്ട് ഡിസൈൻ തന്നെയാണ്. നാഷണൽ അവാർഡ് കിട്ടിയത് അനന്തരം, പിറവി, ദേശാടനം എന്നീ സിനിമകൾക്കാണ്. ദേശാടനം എന്റെ നാടിന്റെ പരിസരത്ത് വച്ച് നടക്കുന്ന സംഭവമായിരുന്നതുകൊണ്ട് അതിൽ ഉദ്ദേശിക്കുന്നത് വ്യക്തമായിരുന്നു. അന്തരീക്ഷം അറിയാമായി



രുന്നു .പല പടങ്ങൾക്കും വേണ്ടി റിക്കോർഡ് ചെയ്ത് വച്ചിരുന്ന കുറെ ടേപ്പുകൾ കേട്ടു തെരഞ്ഞെടുപ്പുകൾ നടത്തി . അതിലൊക്കെ എനിക്ക് ഫ്രീ ഹാൻഡ് ആയിരുന്നു . സംവിധായകൻ ജയരാജ് ശബ്ദരേഖ ഡിസൈൻ ചെയ്യാനുള്ള ടോട്ടൽ ഫ്രീഡം എനിക്ക് വിട്ടു തന്നിരുന്നു. ഇഷ്ടമുള്ള രീതിയിൽ സെലക്ട് ചെയ്യാം .യാതൊരു പ്രശ്നവും ഇല്ലായിരുന്നു.അങ്ങനെ ശരിക്കും ടൈം എടുത്ത് ഡിസൈൻ ചെയ്തു.അങ്ങനെ ചെയ്തപ്പോൾ നാഷണൽ അവാർഡും കിട്ടി .


***ശബ്ദശില്പം ഒരാളോ രണ്ടാളോ കൈകാര്യം ചെയ്യുമ്പോൾ അതിൽ ഉണ്ടാവുന്ന ടോട്ടൽ എഫക്ട് എങ്ങനെയായിരിക്കും?***

*കൃഷ്ണനുണ്ണി :*

ഞാൻ സൗണ്ട് ഡിസൈൻ ചെയ്ത പടങ്ങളുണ്ട്. ഉദാഹരണത്തിന് കുട്ടിസ്രാങ്ക് . ട്രാക്കുകളുടെ തിരഞ്ഞെടുപ്പും, റിക്കോർഡിങ്ങും മറ്റും ഞാൻ തന്നെയാണ് ചെയ്തത് .

***പലരും വീട്ടിൽ ഒരു മുറിയിൽ സജ്ജീകരിച്ച സിസ്റ്റം ഉപയോഗിച്ചു മുഴുവൻ ജോലിയും പൂർത്തിയാക്കുന്നു . കുറെ കൂടി സൗകര്യപ്രദമായിട്ട് സമയം ആലോചിക്കാനും ഇടപെടാനും ഒക്കെ കഴിയുന്നില്ലേ ? അതൊക്കെ ഒരു പ്ലസ് പോയിന്റ് അല്ലേ ? ഇപ്പോൾ കൂടുതൽ എലെമെന്റ്സ് ലഭ്യമാണ്. സോഫ്റ്റ്‌വെയർ ധാരാളം. ട്രാക്കുകൾ എളുപ്പം കൈകാര്യം ചെയ്യാൻ കഴിയുന്നു . കൂടുതൽ റഫറൻസ് കിട്ടുന്നുണ്ട്. ചെലവ് വളരെ കുറയ്ക്കാനും കഴിയുന്നു. ഡിജിറ്റൽ സിസ്റ്റം വന്നതോടെ പഴയ സ്റ്റുഡിയോ കൺസെപ്റ്റ് മാറി യിട്ടില്ലേ ? മറ്റൊരു സ്റ്റുഡിയോയിൽ പോവുകയാണെങ്കിൽ സമയം കൂടുന്തോറും റെന്റ് പ്രശ്നമല്ലേ ?***

K Pharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

*കൃഷ്ണനുണ്ണി :*

സൗണ്ട് ഡിസൈൻ ചെയ്യാൻ മാത്ര മായിട്ട് സ്റ്റുഡിയോകൾ ഉണ്ട് . റസൂൽ പൂക്കുട്ടിയുടെ സ്റ്റുഡിയോയിൽ സൗണ്ട് ഡിസൈനിങ്ങിന് മാത്രമായി സ്റ്റുഡിയോ ഉണ്ട്. അദ്ദേഹം അവിടെ ഇരുന്നാണ് വർക്ക് ചെയ്യുന്നത്. അദ്ദേഹം ആവശ്യമായ സൗണ്ടുകൾ എടുത്തിട്ട് കേട്ട് കേട്ട് അതിൽ ഫൈനലൈസ് ചെയ്യും. പലതരം സൗണ്ട് ലൈബ്രറി കളും സോഫ്റ്റ്‌വെയറുകളുമുണ്ടെങ്കിലും ചിലപ്പോൾ ഒറിജിനൽ ലൊക്കേഷൻ സൗണ്ട് ആയിരിക്കും സംതൃപ്തി പകരുക. പലപ്പോഴും ശബ്ദരേഖകളുടെ പ്രിമിക്സ് അതിനായി സംവിധാനം ചെയ്ത ചെറിയ റൂമുകളിലായിരിക്കും നടത്തുക. എന്നാൽ ഫൈനൽ മിക്സിങ് , തിയേറ്ററുകളോട് സാമ്യം ഉള്ള വലിയ സൗണ്ട് സ്റ്റുഡിയോയിൽ നടത്താനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ പഴയ സൗണ്ട് സ്റ്റുഡിയോ റിനൊവേഷൻ നടന്നുകൊണ്ടിരിക്ക യാണ് . അതുപോലെ ഉള്ള ഒരു ശബ്ദലേഖന സ്റ്റുഡിയോ ഇന്ത്യയിൽ വളരെ കുറവാണ്. റിനൊവേഷൻ കഴിഞ്ഞാൽ പഴയ സ്റ്റുഡിയോ തിരിച്ചു കി ട്ടുമെന്നൊരാശ്വാസം . ഫൈനൽ മിക്സ് ചെയ്ത ശബ്ദരേഖ തിയേറ്ററിൽ എങ്ങനെ കേൾക്കും എന്നത് പ്രശ്ന മാവാറുണ്ട് . പ്രോപ്പർ ആയി കാലിബ്രേറ്റ് ചെയ്യാത്തതിനാലും മറ്റും ഓരോ തിയേറ്റ റിലും ഓരോ വിധത്തിലാണ് കേൾവി. ചെറിയ ഓഡിയോ സിസ്റ്റത്തിൽ പൂർണ്ണമായും മനസ്സിലാക്കാൻ പറ്റില്ല . വലിയ സ്ക്രീനിൽ തീരുമാനിക്കുന്നതാണ് നല്ലത്. വലിയ സ്റ്റുഡിയോയിൽ കേട്ടിട്ട് വേണം ഫൈനൽ മിക്സിങ് നടത്താൻ. അതാണ്. അഭിലഷണീയം. ചിത്രാഞ്ജലി സ്റ്റുഡിയോയുടെ അത്ര വലിപ്പമില്ലെങ്കിലും പല നല്ല മിക്സിങ് സ്റ്റുഡിയോകളും കേരളത്തിൽ ഉണ്ട് .

***മലയാളത്തിൽ സെൻസിറ്റീവ് ആയിട്ട് ശബ്ദവിഭാഗം കൈകാര്യം ചെയ്ത സിനിമകൾ ശ്രദ്ധിച്ചിട്ടുണ്ടോ ?***

*കൃഷ്ണനുണ്ണി :*

സ്വയംവരം മലയാള സിനിമയിൽ ശബ്ദകലയ്ക്ക് ഒരു തുടക്കമാണ് . എലിപ്പത്തായം മികച്ച സൗണ്ട് ആണ്. നിഴൽക്കുത്തിന്റെ ശബ്ദരേഖയും വളരെ മികച്ചതാണ്. അടുത്ത കാലത്ത് കണ്ട പ്രളയശേഷം ഒരു ജലകന്യക എന്ന സിനിമയിൽ സൗണ്ട് ട്രാക്ക് നന്നായി ഉപയോഗിച്ചിട്ടുണ്ട്. റൂമിനകത്താണ് ദൃശ്യങ്ങൾ. പുറത്ത് കനത്ത മഴയും കാറ്റും. പ്ലാൻഡ് ആയ ശബ്ദസംവിധാനം ഉണ്ട് . മ്യൂസിക്കും അർത്ഥവത്തായി മിതത്വ ത്തോടെ ഉപയോഗിച്ചിരിക്കുന്നു .

***മ്യൂസിക് ഡയറക്ടർമാർ ശബ്ദകല യുടെ പ്രാധാന്യം അതിന്റെ ആഴ ത്തിലും അർത്ഥത്തിലും മനസിലാക്കു ന്നുണ്ടോ? കാരണം ഫൈനൽ മിക്സിങ് വരുമ്പോൾ ഉയർച്ച താഴ്ചകൾ സൗണ്ട് മിക്സിംഗ് എഞ്ചിനീയർ ആണല്ലോ അന്തിമ മായി തീരുമാനിക്കുന്നത് ?***

KPharma
HOME DELIVERY:
+91 99958 11166



*കൃഷ്ണനുണ്ണി :*

അതെ. ഇപ്പോഴത്തെ മലയാള സിനിമകളിൽ പലതിലും ശബ്ദരേഖ മികച്ചത് തന്നെയാണ്. കൂടുതൽ ക്രിയേറ്റീവ് ആയിട്ടുള്ള ട്രാക്കുകൾ തിയേറ്ററിൽ കേൾക്കാം. എന്നാൽ പൊതുവെ ചില തെറ്റിദ്ധാരണകൾ ഉണ്ട്. ഏത് സിനിമയായാലും നിറയെ അത്യുച്ചത്തിലുള്ള സൗണ്ട് ആണ് അത്യുത്തമമെന്ന്. അതൊരു വലിയ തെറ്റിദ്ധാരണയാണ്. ഞാൻ അമേരിക്കയിൽ പോയപ്പോൾ ഒരു മലയാള സിനിമ കണ്ടു .അവിടെ തിയറ്ററുകളിലെ ശബ്ദ ലെവൽ നിയമം മൂലം നിയന്ത്രിച്ചിരിക്കുന്നു. അവിടെ നിയമപരമായി അത്രയേ പാടുള്ളൂ. അത് കൊണ്ട് ആ ചലച്ചിത്രം കേൾക്കാൻ മനോഹരമായിരുന്നു. എന്നാൽ ഇവിടെ പലപ്പോഴും ശബ്ദരേഖ അത്യുച്ചത്തിൽ കേൾപ്പിക്കുന്നു . ചിലപ്പോൾ അരോചകമായിത്തന്നെ.

***ശബ്ദശിൽപ്പത്തെ ആസ്പദമാക്കിയ പുസ്തക ത്തെ കുറിച്ച് എന്താണ് ആമുഖമായി പറയാനുള്ളത് ?***

*കൃഷ്ണനുണ്ണി :*

ഇതെന്റെ മൂന്നാമത്തെ ബുക്കാണ്. സിനിമയിലുള്ള ശബ്ദത്തെ കുറിച്ചാണ്. സ്വയംവരം മുതൽ പ്രളയശേഷം ഒരു ജലകന്യക വരെയുള്ള ഞാൻ തിരഞ്ഞെടുത്ത ചില സിനിമകളുടെ ശബ്ദരേഖകളെ പറ്റിയാണ്. ആട് ജീവിത ത്തിന്റെ പ്രത്യേകത എന്തെന്നുവച്ചാൽ മലയാളികൾ ഇന്നുവരെ ചലച്ചിത്രങ്ങളിൽ കേൾക്കാത്ത മരുഭൂമിയിലെ ശബ്ദങ്ങൾ സുന്ദരമായി വിന്യസിച്ചിരിക്കുന്നു.

***ഇപ്പോൾ എ.ഐ ഉപയോഗിച്ചു അങ്ങനെ യൊക്കെ ക്രീയേറ്റ് ചെയ്യുന്നു. എന്താണ് അഭിപ്രായം ?***

*കൃഷ്ണനുണ്ണി :*

എ.ഐ ഉപയോഗിച്ച് എന്തൊക്കെയാണ് ചെയ്യാൻ പോകുന്നതെന്ന് ദൈവത്തിനു മാത്രമേ അറിയൂ. വളരെ വലിയ മാറ്റങ്ങൾ വളരെ ചെറിയ കാലയളവിൽ പ്രതീക്ഷിക്കാം



KPharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition

# സുവർണ്ണരേഖ എന്ന ചരിത്രരേഖ



**ഡോ. വി. മോഹനകൃഷ്ണൻ**
(കാണി ഫിലിം സൊസൈറ്റി)

കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനം അറുപതാണ്ടു പൂർത്തിയാക്കിയിരിക്കുന്നു.കാല ദൈർഘ്യം കൊണ്ടുമാത്രം അളന്നെടുക്കേണ്ട വ്യതിയാനങ്ങളല്ല ആ പ്രസ്ഥാനം കേരളീയ സമൂഹത്തിൽ സൃഷ്ടിച്ചത്. മലയാളിയുടെ ദൃശ്യ സംസ്ക്കാരത്തെയാകെ അത് പുനർ നിർണ്ണയിച്ചു. സിനിമയിലൂടെ ലോകത്തെ കാണാനുള്ള ശിക്ഷണം നൽകിക്കൊണ്ടായിരുന്നു ഫിലിം സൊസൈറ്റികളുടെ ആവിർഭാവം. ദൃശ്യ സംസ്ക്കാരം നേടിയ കാണികൾക്ക് സിനിമയിലൂടെ കേരളത്തെ കാണാനുള്ള പരിശ്രമങ്ങളാണ് പിന്നീട് നടത്തിയത്.

കേരളീയത അതിന്റെ ഭൗതികതയിൽ അതിനു മുൻപു തന്നെ മലയാള സിനിമക്ക് വിഷയമായിട്ടുണ്ട്. എന്നാൽ കേരളീയ ജീവിതത്തിന്റെ സൂക്ഷ്മമായ ഗതിവിഗതികളും വ്യക്തി സംഘർഷങ്ങളും മാറിയ കാലത്തിന്റെയും പുത്തൻ സിനിമാവബോധത്തിന്റെയും വീക്ഷണത്തിൽ അവതരിപ്പിക്കുന്ന സിനിമകൾക്ക് തുടക്കം കുറിച്ചതും ഫിലിം സൊസൈറ്റികൾ തന്നെയാണെന്ന പ്രത്യേകത കേരളത്തിനു മാത്രം അവകാശപ്പെട്ടതാണ്. കേരളത്തിൽ സ്ഥാപിതമായ ആദ്യ ഫിലിം സൊസൈറ്റി (ചിത്രലേഖ/1965) തന്നെ മലയാളത്തിലെ ആദ്യ നവതരംഗ (സ്വയംവരം/1972) സിനിമ നിർമ്മിക്കുകയും ചെയ്തുകൊണ്ട് സിനിമയിലെ നവപ്രസ്ഥാനത്തിനും തുടക്കമിട്ടുണ്ട്. പിന്നീട് ഫിലിം സൊസൈറ്റി പ്രസ്ഥാനവും നവസിനിമയും ഒരുമിച്ച് മുന്നേറി. 1970 മുതലുള്ള ഒന്നര പതിറ്റാണ്ട് കേരളത്തിലെ ഫിലിം സൊസൈറ്റികളുടെ പുഷ്ക്കല കാലമായിരുന്നു. ഗ്രാമങ്ങൾ തോറും ഫിലിം സൊസൈറ്റികൾ രൂപം കൊള്ളുകയും അവയിലൂടെ മലയാളത്തിലെ നവതരംഗ സിനിമകളും ലോക സിനിമകളും പ്രദർശിപ്പിക്കപ്പെടുകയും ചെയ്തു. തുടർന്നുള്ള കാലം ഫിലിം സൊസൈറ്റികളുടെ പ്രഭാവം ക്ഷയിക്കുകയും അവയിൽ ഏറിയ പങ്കും പ്രവർത്തന രഹിതമാവുകയും ചെയ്തു. ഫിലിം സൊസൈറ്റികൾ പ്രസരിപ്പിച്ച ഊർജ്ജം കേരളത്തിന്റെ അന്താരാഷ്ട്ര ചലച്ചിത്രോൽസവമായി രൂപ പരിണാമം





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

നേടി. സെല്ലുലോയ്യ്ഡ് ലോകത്തിനോട് വിട പറഞ്ഞ് ഡിജിറ്റൽ ലോകത്തിന് കൈകൊടുത്തവയാണ് പുതിയ നൂറ്റാണ്ടിലെ ഫിലിം സൊസൈറ്റികൾ. അവ മാറിയ കാലപരിതസ്ഥിതികളുമായി കൈകോർത്തു കൊണ്ട് മുന്നോട്ടു പോകാൻ ശ്രമിക്കുന്നു.


ഫിലിം സൊസൈറ്റികളുടെ ഭൂതകാലം ഓർമ്മകളുടെ ഉൽസവകാലം കൂടിയാണ്. 2025 ജൂലൈ 5ന് തിരുവനന്തപുരത്ത് കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ വജ്രജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കാനെത്തിയവരെല്ലാം അത്തരമൊരുൽസവകാലത്തിലേക്ക് എടുത്തെറിയപ്പെടുകയായിരുന്നു. ചിത്രലേഖ ഫിലിം സൊസൈറ്റിയിലൂടെ കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന് തുടക്കം കുറിച്ച അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ പങ്കെടുത്തവരിലേറെയും വൈകാരികതയോടെയാണ് തങ്ങളുടെ അനുഭവങ്ങൾ ഓർത്തെടുത്തത്. മണ്മറഞ്ഞ ഫിലിം സൊസൈറ്റി പ്രവർത്തകരുടെ ഭാര്യമാരും മക്കളുമെല്ലാം ആ കൂട്ടത്തിലുണ്ടായിരുന്നു. പ്രായാധിക്യവും രോഗകാരണങ്ങളും കൊണ്ട് തിരുവനന്തപുരത്തെത്താൻ കഴിയാതിരുന്ന ചില ആദ്യകാല പ്രവർത്തകരെ പിന്നീട് അവരവരുടെ വീടുകളിൽ ചെന്ന് ആദരിക്കുകയും ചെയ്തു. അവരിൽ കാസർഗോഡ് ഫിലിം സൊസൈറ്റിയുടെ അമരക്കാരനായിരുന്ന മുരളീധരൻ, ഒഡേസ ഫിലിം സൊസൈറ്റിയുടെ അമ്മത് തുടങ്ങിയവരുമുണ്ടായിരുന്നു. (മുരളീധരൻ അടുത്ത ദിവസമാണ് വിട പറഞ്ഞത്)

കേരളത്തിലെ ഫിലിം സൊസൈറ്റികളുടെ കൂട്ടായ്മയായ അസോസിയേഷൻ ഓഫ് ഫിലിം സൊസൈറ്റീസിന്റെ (AFSO) ആഭിമുഖ്യത്തിൽ നടന്ന വജ്രജൂബിലി ആഘോഷങ്ങളുടെ തുടർച്ച സുവർണ്ണരേഖ എന്ന പേരിൽ ഒരു സ്മരണികയായി ഇപ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു.

അടൂർ ഗോപാലകൃഷ്ണൻ, ഡോ. വി. രാജകൃഷ്ണൻ, എം. എഫ്. തോമസ്, എ. മീരാസാഹിബ്, വിജയകൃഷ്ണൻ, മാങ്ങാട് രത്നാകരൻ, ഐ. ഷണ്മുഖദാസ്, വി. കെ. ചെറിയാൻ തുടങ്ങി ഫിലിം സൊസൈറ്റി പ്രസ്ഥാനവുമായി പല നിലകളിൽ ബന്ധപ്പെട്ടു പ്രവർത്തിച്ചവരുടെ ലേഖനങ്ങളും ഓർമ്മക്കുറിപ്പുകളും സ്മരണികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ കഴിഞ്ഞ അറുപതാണ്ടുകളുടെ ചരിത്രവും അനുഭവങ്ങളും മൾട്ടി കളറിൽ ധാരാളം ചിത്രങ്ങളോടെ സംവിധാനം ചെയ്യപ്പെട്ട ഈ സ്മരണികയിൽ നിന്ന് വായിച്ചെടുക്കാം. ഫിലിം സൊസൈറ്റി ചരിത്രം (പ്രത്യേകിച്ചും അതിലെ വ്യക്തികളുടെ അനുഭവങ്ങളിലൂടെ) തേടുന്നവർക്ക് ഒരു റഫറൻസ് ഗ്രന്ഥമായിരിക്കും ഇതെന്നതിൽ സംശയമില്ല. സുവർണ്ണരേഖ എന്ന പേര് ഋത്വിക് ഘഘട്ടക്കിനെയും അദ്ദേഹത്തിന്റെ അതേ പേരിലുള്ള സിനിമയെയും ഓർമയിൽ കൊണ്ടുവരും. ഋത്വിക് ഘട്ടക്കിന്റെ ജന്മശതാബ്ദി വർഷവും കൂടിയാണിത്. ഫിലിം സൊസൈറ്റികൾക്ക് മറക്കനാവാത്ത പേരുകളാണവരും.



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition




KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# നിഗൂഢ സൗന്ദര്യത്തിന്റെ കാവ്യാത്മക സഞ്ചാരം ..!



**സാബു ശങ്കർ**
(നോവലിസ്റ്റ് , ഫിലിം റൈറ്റർ , സംവിധായകൻ)



**TWO SEASONS**
**TWO STRANGERS**

**JAPAN / 2025 / 89 MINS /**
**DIR: SHO MIYAKE**

ഐ.എഫ്.എഫ്.കെ. 2025 സുവർണ്ണ ചകോരം പുരസ്കാരം നേടിയ രണ്ട് ഋതുക്കളും രണ്ട് അപരിചിതരും (ടൂ സീസൺസ്, ടൂ സ്ട്രേഞ്ചേഴ്സ്) എന്ന ജാപ്പനീസ് സിനിമ , ഒരു ചലച്ചിത്ര സൃഷ്ടിക്കുള്ള തിരക്കഥാരൂപം രചിക്കുന്ന ലീ എന്ന യുവതിയെ കേന്ദ്രീകരിച്ചുള്ളതാണ്. പ്രചോദനവും ആത്മവിശ്വാസവും ആർജ്ജിക്കാൻ ലീ നടത്തുന്ന അലക്ഷ്യ യാത്ര രണ്ട് പ്രകൃതി പശ്ചാത്തലങ്ങളിലൂടെയും രണ്ട് ഋതുക്കളിലൂടെയും കടന്നു പോകുന്നു.

സംവിധായകനായ ഷോ മിയാക്കോ രണ്ട് ചെറുകഥകളെ ലയിപ്പിച്ചു കൊണ്ടാണ് ഈ ചലച്ചിത്ര കാവ്യം നിർമ്മിച്ചിരിക്കുന്നത്. യോഷിഹാര സൂജിയുടെ രണ്ട് ചെറുകഥകൾ വേനൽക്കാല സാഗരതീരവും മഞ്ഞു കാല ഗിരിപ്രദേശവും പശ്ചാത്തലമാക്കിയുള്ളതാണ്. തിരക്കഥാരൂപം തേടിയുള്ള ലീയുടെ അലക്ഷ്യ സഞ്ചാരത്തിൽ പ്രധാനമായും രണ്ട് പേരുടെ സാന്നിധ്യമുണ്ട്. പ്രമേയത്തിൽ പ്രസന്നതയും വിഷാദാത്മകതയും ചിന്താ ദ്വന്ദ്വമാണ്. ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് കാവ്യാത്മകമായി പ്രമേയം വിടരുന്നു . മനുഷ്യ ജീവിതത്തിന്റെ സാഗരപരതയും



K Pharma
HOME DELIVERY:
+91 99958 11166





പർവ്വതപരതയും രണ്ട് കാലങ്ങളിലൂടെ അന്വേഷിക്കുന്നു. മനുഷ്യ മനസിന്റെ സങ്കീർണ്ണപഥങ്ങൾ കാണിയുടെ ചിന്ത യിൽ തെളിയുന്നു. അപൂർവ്വ ധ്യാന ചാരുതയുള്ള ഈ സിനിമയ്ക്ക് ലൊകാർണോ ഗോൾഡൺ ലെപേഡ് പുരസ്കാരം ലഭിച്ചിരുന്നു.

ഷോ മിയാക്കോയുടെ അഞ്ചാമത് സിനിമയാണിത്. ദൃശ്യങ്ങൾ കാണു മ്പോൾ ലഭ്യമായ അവസരവും വെളിച്ച വും ഫ്രെയിമിലാക്കിക്കൊണ്ട്, അന്വേഷണാത്മകമായ അപൂർവ്വ ദൃശ്യ ചാരുത കണ്ടെത്തുന്ന ശൈലിയെന്ന് തോന്നും. ഹൈ റിസോലൂഷൻ മൊബൈൽ ഫോൺ ക്യാമറയിൽ ചിത്രീകരിച്ചതാണോ എന്ന് സംശയിക്കാം. രണ്ട് ചെറുകഥകളുടെ ലോകങ്ങൾ സംഗമിക്കുമ്പോൾ ഒരു കവിതയിലൂടെ യുള്ള സഞ്ചാരം പോലെ ഈ സിനിമ ആസ്വദിക്കാൻ കഴിയുന്നു. പതിവു രീതികളിൽ നിന്ന് സിനിമയുടെ നവീനത അനുഭവിക്കാൻ കഴിയുന്ന ഈ ജാപ്പനീസ് സിനിമയ്ക്ക് സുവർണ്ണ ചകോരം നിർണ്ണയിച്ചത് അവാർഡ് കമ്മറ്റിയുടെ ധീരത കൂടിയാണ്. അവാർഡ് കമ്മറ്റിക്ക് ഒരു അവാർഡ് കൊടുക്കണമെന്ന് തോന്നിപ്പോകും .

ആദ്യ രംഗത്തിൽ ഒരു സ്ത്രീ ഒരു കഥയുടെ പ്രാരംഭ രംഗത്തിനുള്ള ആശയങ്ങൾ രേഖപ്പെടുത്തുന്നു. പിന്നീട് രംഗപാഠം വികസിക്കുന്നു. ദൃശ്യക്ഷേത്രത്തിന് പ്രാധാന്യം കൊടുക്കുന്നു. മിസ് എൻ സീൻ ചലച്ചിത്ര വ്യാകരണ സിദ്ധാന്തം പോലെ. പ്രതലം പ്രതീകമായി മാറുന്നു .ഒരു സിനിമ രൂപപ്പെടു ത്താനുള്ള ആലോചനയാണ് . തിരക്കഥാകൃത്താണ് കേന്ദ്രകഥാ പാത്രം. ലീ എന്നാണ് അവളുടെ പേര്. സിനിമ എങ്ങനെ ആരംഭിക്കണം എന്നതിനെ കുറിച്ച് ഒരു ക്ലാസ് മുറിയിൽ ഒരാൾ സംസാരിക്കുന്നു . തുടർന്ന് തിരക്കഥാകൃത്തായ ലീയി ലേക്ക്, അവളുടെ ചിന്തകളിലേക്ക് കടന്നുചെല്ലുന്നു . അമൂർത്തമായ ആശയത്തിൽ നിന്ന് മൂർത്തമായ ദൃശ്യത്തിലേക്കുള്ള യാത്ര അവളിൽ സംഭവിക്കുകയാണ് .കഥയ്ക്കുള്ളിലെ



K Pharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



കഥയിലെ കഥാപാത്രമായ നാഗീസയോട് അവൾ വേനൽക്കാല അവധിക്കാലം ചെലവഴിക്കുന്ന തീരദേശ പട്ടണത്തെ ക്കുറിച്ച് ഉദാസീനമായി പറയുന്നു. ഒരു പ്രാദേശിക മ്യൂസിയത്തിൽ നിന്ന് അവൾ ആ സ്ഥലത്തെ മത്സ്യബന്ധന പാരമ്പര്യങ്ങളെക്കുറിച്ച് പഠിക്കുന്നു.

ബന്ധുക്കളെ സന്ദർശിക്കുന്ന നാറ്റ്സുവോയെ കണ്ടുമുട്ടുമ്പോൾ, അവൻ കടലിലെ തന്റെ ബാല്യകാല ത്തെയും അമ്മയുടെ പാചകക്കുറിപ്പു കളെയും കുറിച്ചുള്ള കഥകൾ അവളോട് പറയുന്നു. സമുദ്രപരിസ്ഥിതി ജീവനുള്ള രൂപകമാണ്. ജീവിതത്തെ വിശദമായി വ്യാഖ്യാനിക്കാനുള്ള ദൃശ്യക്ഷേത്രം . ദൃശ്യക്ഷേത്രമെന്നാൽ ക്ഷേത്രഗണിത ത്തിലെ പ്രതലം പോലെ ഒരു രംഗഭൂമിക . ഇത് ഒരു ചെറുകഥയുടെ പ്രമേയമാണ് . ഒരു ഋതു . ഒരു അപരിചിത കഥാപാത്രം തന്നെയാണത്. തിരക്കഥയുടെ മൂർത്ത രൂപം തേടിയുള്ള അവളുടെ യാത്രയിൽ പങ്കെടുക്കുന്ന രണ്ടു പുരുഷന്മാരിൽ ഒരാളാണ് നാറ്റ്സു .

നാറ്റ്സുവിനോടൊപ്പം കടൽത്തീരത്ത് ചെലവിടുന്ന ദിനരാത്രങ്ങൾ പ്രകൃതി യുമായുള്ള ഇടപെടൽ കൂടിയാണ് . രൂപം മാറുന്ന കഥാപാത്രമാണ് സമുദ്ര പരിസ്ഥിതി. ഏതുനിമിഷവും ഭാവം മാറാം . നാറ്റ്സുവിന്റെ ഓർമ്മകൾ ഇവിടെ അവളുമായി പങ്കുവെയ്ക്കു ന്നുണ്ട്. ഒരുപാട് രഹസ്യങ്ങളുള്ള അദൃശ്യകലവറയാണ് പ്രകൃതിയും മനുഷ്യജീവിതവും. ദൃശ്യത്തിനു ള്ളിലാണ് അവയുടെ സാന്നിധ്യം .

ഒരു മികച്ച ചെറുകഥയുടെ അഗാധ മായ ആശയഭംഗിയിലൂടെയാണ് ഇവിടെ സിനിമ സംഭവിച്ചുപോകുന്നത് . ഒരു കഥപറച്ചിൽ ആണോ എന്ന് ചോദിച്ചാൽ അല്ല. എന്നാൽ ഒരു സിനിമയല്ലേ ചോദിച്ചാൽ ആണ് . പ്രേക്ഷകനുമുന്നിൽ കഥാപാത്ര സാന്നിധ്യത്തേക്കാൾ ദൃശ്യക്ഷേത്ര ത്തിന് അപ്പുറമുള്ള അചിന്തനീയവും അപ്രവചനീയവും എന്നാൽ സംഭാവ്യത ഉള്ളതുമായ ഒരു ചിന്താ ഋതു ലോകത്തി ലൂടെ, സിനിമ കടന്നുപോകുന്നു .






ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

ഈ സമുദ്ര ഋതുവിന്റെ അവസാന ത്തോടടുത്ത്, സംവിധായകൻ ഷോ മിയാകെ, കടലിനു മുകളിലൂടെ ഒരു കൊടുങ്കാറ്റ് രൂപപ്പെടുന്നത് കാണിക്കുന്നു. ശുഭ്രമായ വേനൽക്കാല സമുദ്രം മാറുകയാണ്. കഥാപാത്രങ്ങളും അത് നോക്കിനിൽക്കുകയാണ്. അവർ പ്രേക്ഷകരാവുകയാണ്. പ്രേക്ഷകർ കഥാപാത്രങ്ങൾക്ക് പിന്നിരയിലുള്ള വരായി മാറുന്നത് പോലെ തോന്നും . ഒടുവിൽ സംവിധായകൻ അവരുടെ കഥ ചിത്രീകരിച്ച രംഗം കാണുന്ന ഒരു പ്രേക്ഷകനെയും നമുക്ക് കാണിച്ചു




തരുന്നു . സൂക്ഷിച്ചില്ലെങ്കിൽ ചിന്തകളു ടെ ഇഴകൾ തെറ്റിപോകുന്ന അവസ്ഥ വന്നേക്കാം. ഗഹനതയിലൂടെയുള്ള ഒരു സൗന്ദര്യ ആസ്വാദനമാണ് സിനിമ നമുക്ക് നൽകുന്നത് .ദൃശ്യവും അദൃശ്യവുമായ പല അടരുകളുള്ള ചലച്ചിത്ര ഘടനയാണ് .

തുടർന്ന് കാണികളായ നാം തിരക്കഥാ കൃത്തിലേക്ക് മടങ്ങിയെത്തുന്നു. ലീയ്ക്ക് ഒന്നും കഥയുടെ ഞരമ്പായി കിട്ടിയിട്ടില്ല . തിരക്കഥയുടെ അസ്ഥികൂടം പോലുമായിട്ടില്ല. പ്രചോദനത്തിന്റെയും ആത്മവിശ്വാസത്തിന്റെയും പ്രതിസന്ധി അവൾ അനുഭവിക്കുകയാണ്. സൃഷ്ടിക്ക് വേണ്ടിയുള്ള രൂപം തേടൽ ആത്മവേദന കൂടിയാണ്. മനോവ്യാപാരം ഒരു ഏകാന്ത യാത്രയാണ്. കാലം മാറുന്നു. നാം രണ്ടാമത്തെ ചെറുകഥ യിലേക്ക് പ്രവേശിക്കുന്നു അവിടെ ഋതു മറ്റൊന്നാണ്. ശൈത്യകാലം. മനുഷ്യജീവിതത്തിന്റെ കാലാവസ്ഥകൾ മാറുന്നത് പോലെ വിപരീതങ്ങളുടെ കൂടിച്ചേരൽ. ആസൂത്രിതമല്ലാത്ത, മലനിരകളിലേക്കുള്ള ഒരു യാത്ര നടത്തുന്നു.

ഹോട്ടൽമുറി കിട്ടാതെ അലഞ്ഞു തിരിഞ്ഞ അവൾ മഞ്ഞുമൂടിയ ഒരു ഒഴിഞ്ഞ സ്ഥലത്തെത്തുന്നു. അവിടെ വൃത്തികെട്ട ഒരു കുടുസ്സു സത്രം. ഉടമ യാവട്ടെ പ്രാകൃതനെന്നു തോന്നിക്കുന്ന വൃദ്ധനായ ബെൻസോ. അയാളും നിഗൂഢമായ എന്നാൽ യഥാർത്ഥമായ ജീവിതാനുഭവങ്ങളുടെ കലവറ യാണ്. തിരക്കഥയ്ക്ക് വേണ്ടിയുള്ള പ്രയാണത്തിൽ ചിന്തകൾ അപരിചിത തലങ്ങളിലേക്കെത്തുന്നു. ഇവിടെയും സൂക്ഷിക്കണം. സിനിമയ്ക്കുള്ളിൽ





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

തേടുന്ന കഥയുടെ കഥയിൽ കാണുന്ന കാലവും പ്രേക്ഷകന് മുന്നിലുള്ള സിനിമാനുഭവത്തിന്റെ കാലവും ഇഴകൊരുക്കുകയാണ്. അടരുകളുള്ള ചലച്ചിത്ര ഘടന. ഇതിനെ പൊതുവെ പറയുന്നത് പാവകൾ കൊണ്ടുള്ള റഷ്യൻ ആഖ്യാന ശൈലി എന്നാണ് . ഒരു വലിയ പാവ ഒരു കഥ പറയുന്നു . അതിനുള്ളിൽ ഒതുക്കിയതോ പുറമേ യുള്ളതോ ആയ വേറൊരു പാവ മറ്റൊരു കഥ പറയുന്നു. അതിനുള്ളിൽ ഒതുക്കിയ മൂന്നാമത്തെ പാവ വേറൊരു കഥ പറയുന്നു ...പാവ കളുടെ കഥകൾ അല്ലെങ്കിൽ ആഖ്യാനം വിപരീതങ്ങളാവാം. പരസ്പര പൂരകങ്ങളാവാം. ഇടകലർച്ചയിൽ അപ്രതീക്ഷിതമായ മാനങ്ങൾ രൂപ പ്പെടാം. ചിന്തകൾ ഇടകലരാം. പുതിയൊരു വെളിപ്പാടുണ്ടാകാം. ജീവിത ത്തിനു തിരിച്ചറിവുണ്ടാകാം. നാടക ത്തിലും നോവലിലും ഒക്കെ ഈ ഘടന ഉപയോഗിക്കാറുണ്ട് . നാടകത്തിൽ പാവകൾ രംഗവേദിക്ക് മുന്നിൽ നിരത്തിവെച്ചുകൊണ്ടാണ് ആഖ്യാനം നടത്തുന്നത് . നോവലിൽ അദ്ധ്യായ ങ്ങളായോ മിശ്രിതരൂപത്തിലോ ആഖ്യാനം നടത്തുന്നു . സ്ഥലവും കാലവും വ്യത്യസ്തമാവുന്നതു കൊണ്ട് കഥപറച്ചിൽ സങ്കീർണ്ണ മാവാറുണ്ട് . ഗഹനമാവാറുണ്ട്. ഒരു പക്ഷെ അദൃശ്യതലത്തിലേക്ക് ചിന്തകളെ കൂട്ടിക്കൊണ്ടു പോകാറുണ്ട് . ഘടന ശ്രദ്ധിച്ചാൽ ആസ്വാദനം അനന്ത മാണ് .

ഈ സിനിമയിൽ രണ്ട് ചെറുകഥകളുടെ പരിചരണമാണ് ഉള്ളത് . കഥയല്ല പ്രധാനം .കഥകളിലൂടെ എഴുതപ്പെടാത്ത വേറൊരു അതികഥയിലേക്ക്, മറ്റൊരു തലത്തിലേക്ക്, ജീവിതത്തിന്റെ മറുപുറങ്ങളിലേക്ക്, അനുഭവിക്കാൻ മാത്രം സാധ്യമായ ഒരു അദൃശ്യ ക്ഷേത്രത്തിലേക്ക് പ്രേക്ഷകനെ കൂട്ടി ക്കൊണ്ടു പോവുകയാണ് ചെയ്യുന്നത്. ലോകസിനിമാ ചരിത്രത്തിൽ ഘടന യിലുണ്ടായ, ശൈലിയുണ്ടായ പരിണാമ ചരിത്രം, ആസ്ട്രോ ഫിസിക് സിൽ സ്ട്രിങ്ങ് രൂപത്തിൽ, അഥവാ അനന്തശയന രൂപത്തിൽ പ്രപഞ്ചം പോലെ വികസിച്ചുകൊണ്ടിരിക്കുന്നു . ജാപ്പനീസ് കഥാകൃത്ത് യോഷിഹരു സുഗെയുടെ രണ്ട് വ്യത്യസ്ത കൃതികൾ ഒരുമിച്ച് ചേർക്കുന്നതിന് സംവിധായകൻ മിയാകെ കണ്ടെത്തിയ വ്യാകരണ മാണ് ഈ റഷ്യൻ പാവ ആഖ്യാന ഘടന. കടൽത്തീരത്തെ കാഴ്ച, ഇഗ്ലുവിൽ പാർക്കുന്ന ശ്രീമാൻ ബെൻ എന്നീ ചെറുകഥകളുടെ സമന്വയം സംവിധായകൻ ഒരു ചലച്ചിത്രഭാഷ യായി രൂപാന്തരപ്പെടുത്തിയിരിക്കുന്നു. സൂര്യപ്രകാശമുള്ള കടലും മഞ്ഞു മൂടിയ പർവതങ്ങളും സിനിമയിലെ കേന്ദ്ര കഥാപാത്രമായ തിരക്കഥാ കൃത്തിന് മുന്നിൽ താനേ അവതരണ വിഷയമായി മാറുന്നു. സമൂഹത്തിൽ , ആളുകൾക്കിടയിൽ ജീവിക്കുന്നതിലൂടെ , അവരുമായി ഇടപഴകുന്നതിലൂടെ മനുഷ്യ ജീവിതത്തിലെ ബുദ്ധിമുട്ടു കളോടും ഉത്കണ്ഠകളോടും പോരായ് മകളോടും മല്ലിടുന്ന സാധാരണക്കാരുടെ മധുരവും കയ്പും നിറഞ്ഞ ജീവിത ത്തിന്റെ ഒരു നേർക്കാഴ്ച നമുക്ക് നൽകാനുള്ള സാധ്യത രണ്ട് കഥകൾക്കും സിനിമയ്ക്കുമുണ്ട് .

സാമൂഹിക അസ്വസ്ഥതയും ആത്മ വിശ്വാസക്കുറവും അവ സൃഷ്ടിക്കുന്ന കയ്പും ഒക്കെ ലീയും ബെൻ



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition

സോയും ഒരുമിച്ച് ചെലവഴിക്കുന്ന കുറഞ്ഞ സമയത്തിനുള്ളിൽ നമുക്ക് കാണാം .അവർക്ക് തികച്ചും വ്യത്യസ്തമായ ജീവിത യാത്രകളുണ്ടെങ്കിലും അവർ തമ്മിൽ താൽക്കാലികമായ ഒരു ആത്മീയ ബന്ധവും സ്ഥാപിക്കപ്പെടുന്നു .

സംവിധായകൻ മിയാക്കേ നിശബ്ദമായിട്ടാണ് അവരെ പരസ്പരം ബന്ധിപ്പിക്കുന്നത്. അങ്ങനെ ചെയ്യുന്നതിലൂടെ മറ്റൊരു ബന്ധം നമുക്ക് അനുഭവപ്പെടുത്താൻ സൂക്ഷ്മമായി സഹായിക്കുന്നുണ്ട്. ലീ വാസ്തവത്തിൽ സിനിമയ്ക്ക് ഒരു കഥ വികസിപ്പിക്കാൻ ശ്രമിക്കുകയാണല്ലോ. മഞ്ഞുപർവ്വതത്തിൽ അപരിചിതനും ഗൂഢജ്ഞാനിയുമായ ബെൻസോ തന്റെ കുടുസ്സു സത്രം പരിപാലിക്കുന്ന പ്രവർത്തി പോലെയാണത്. രണ്ട് പ്രവർത്തനങ്ങൾക്കും മൊത്തത്തിലുള്ള വികാരത്തിനും അതുപോലെ തന്നെ രംഗങ്ങളുടെയോ പ്രകൃതിദൃശ്യങ്ങളുടെയോ ചെറിയ വിശദാംശങ്ങൾക്കും ശ്രദ്ധ നൽകുന്നുമുണ്ട്. കാരണം അത് സംവിധായകന്റെ സിനിമയുടെ ചിത്രീകരണമാണ് . കാണികളായ സമൂഹത്തിന്റെ ആത്മനിഷ്ഠതയും സ്ക്രീനിൽ കാണപ്പെടുന്നവരുടെ വ്യക്തിപരമായ അരക്ഷിതാവസ്ഥയും ഒരേസമയം ഒരേ സമയരേഖയിൽ സംഭവിക്കുന്നുണ്ട് ; രണ്ട് ഋതുക്കളും രണ്ട് അപരിചതരും വിപരീതങ്ങളെങ്കിലും .

യഥാർത്ഥ ജീവിതത്തിലെന്നപോലെ കഥകളിലും നർമ്മവും നാടകീയതയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഭാഗികമായി ഹാസ്യപരവും ഭാഗികമായി ദുരന്തപൂർണ്ണവുമാണ് ഉള്ളടക്കം . രണ്ട് വശങ്ങളും സംവിധായകൻ മിയാക്കേ തുല്യ ശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നു. ടൂ സീസൺസ്, ടൂ സ്ട്രേഞ്ചേഴ്സിന്റെ സംവിധായകൻ പല തലങ്ങളിൽ പ്രവർത്തിക്കുന്ന ,സംവേദന സൂക്ഷ്മമായ ഇഴകളുള്ള ഒരു ഘടന ആദ്യം തയ്യാറാക്കുന്നു ; അതോടൊപ്പം സിനിമയും ക്രമാനുഗതം വിടരുന്നു. തിരക്കഥാകൃത്തിന്റെ മനസ്സിൽ പതിയുന്ന വികാര വിചാരങ്ങൾ പ്രകൃതിദൃശ്യങ്ങളിലൂടെ ഛായാഗ്രാഹകനായ യുത സുകിനാഗ മനോഹരമായി പകർത്തിയെടുത്തിരിക്കുന്നു . സിനിമയുടെ അവസാനം, താൻ കണ്ടതും ഉൾക്കൊണ്ടതും ഒക്കെ തിരക്കഥയിൽ എഴുതാൻ ആഗ്രഹിച്ചതും എഴുതേണ്ടതുമാണെന്നും ലീ സൂചിപ്പിക്കുന്നു്. രണ്ട് ഋതുക്കളും രണ്ട് അപരിചിതരും എന്ന നവസിനിമ , നിഗൂഢ സൗന്ദര്യത്തിന്റെ കാവ്യാത്മക സഞ്ചാരം കൂടിയാണ് .




K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# പുതിയ പ്രഭാതം വിടരുമ്പോൾ...
## (When morning comes)



**ഷാജി. എ**
( ഫിൽക്ക)




**When morning comes**
/ Canada / 1h 27 min
**Dir. Kelly Faiff Marshal**

**സ്പിരിറ്റ് ഓഫ് സിനിമ അവാർഡ് നേടിയ കെല്ലി ഫൈഫ്-മാർഷൽ രചനയും സംവിധാനവും നിർവ്വഹിച്ച ജമൈക്കൻ കനേഡിയൻ പശ്ചാത്തലത്തിലുള്ള ഇംഗ്ലീഷ് സിനിമയാണ് When Morning Comes.**

IFFK യുടെ ഭാഗമായി 2025 ഡിസംബർ 16ന് രാത്രി 8:30നാണ് 'ശ്രീ' തിയേറ്ററിൽ ഇരുന്ന് " വെൻ മോർണിംഗ് കംസ് ' എന്ന സിനിമ കണ്ടത്. സിനിമ തുടങ്ങും മുൻപ് സംവിധായക കെല്ലി ഫൈഫ്-**മാർ**ഷൽ സ്ക്രീനിന് മുമ്പിൽവന്നു പ്രേക്ഷകരുമായി അല്പം സംസാരിച്ചാണ് പോയത്.

ഈ സിനിമയുടെ ഓരോ രംഗങ്ങളും മനസ്സിനെ വല്ലാതെ സ്പർശിച്ചു... അതാണ് "വെൻ മോർണിംഗ് കംസ്" സിനിമാ അവലോകനം എഴുതാൻ കാരണം.

'വെൻ മോണിംഗ് കംസ്' എന്ന സിനിമ ആരംഭിക്കുന്നത് കാട്ടാറുപോലെ തോന്നിപ്പിക്കുന്ന മനോഹരമായ ഒരു നീരൊഴുക്കിന്റെ ദൃശ്യത്തിലൂടെയാണ്. വെള്ളാരം



KPharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

കല്ലുകൾ നിറഞ്ഞു തെളിഞ്ഞ നദിയുടെ ഒരു വശത്ത് കൂടി റോഡ് കടന്നു പോകുന്നുണ്ട്. അതിലൂടെ നിരനിരയായി വാഹനങ്ങൾ. ആ ദൃശ്യം ഒരു തടാക സമാനമായ നീരൊഴുക്കിന്റെ നിശ്ചലത യിൽ വന്ന് മറ്റൊരു ദൃശ്യത്തിലേയക്ക് മാറുമ്പോൾ യാത്ര, ഗ്രാമീണതയും കടന്നുള്ള മറ്റൊരു ലോകത്തിലേയ്ക്ക് മാറുന്നതിന്റെ സൂചന പ്രേക്ഷകന് ലഭിക്കുന്നു. ഒരുപക്ഷേ ജമൈക്കൻ ഗ്രാമീണ ഭംഗിയും, ആ പ്രദേശത്തിന്റെ സൗന്ദര്യവും അതിന്റെ നിഗൂഢതയും ഒപ്പിയെടുത്തു കൊണ്ടുള്ള സിനിമയുടെ തുടക്കം ജീവിത ത്തിന്റെ തന്നെ കാഴ്ചപ്പാടിനെ സൂചിപ്പി ക്കുന്നതാകാം.

ജമാലും, അമ്മ നീഷയും സഞ്ചരിക്കുന്ന ബസ്സിലേയ്ക്ക് ക്യാമറയുടെ ക്ലോസ്സപ്പ് ഷോട്ട് എത്തുന്നു. വെറും 10 വയസ്സുകാര നായ ജമാൽ എന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്നത് ഡ്ജാമാരി റോബർട്ട്സ് ആണ്. ജമാൽ എന്ന കഥാപാത്രത്തെ അന്വർത്ഥമാക്കുന്ന അഭിനയം! ജീവിത ത്തിന്റെയും അഭിനയത്തിന്റെയും അതിർ വരമ്പുകൾ ഡ്ജാമാരി റോബർട്ട് സിൽ തിരിച്ചറിയാനാകുന്നില്ല എന്നിടത്ത് നടനും കഥാപാത്രവും സംവിധായികയും പരിപൂർണ്ണവിജയം നേടുന്നു.

ജമാലിന്റെ അമ്മ വേഷത്തിൽ ഷക്വാന വിൽസൺ അഭിനയിക്കുന്നു. അമ്മ നീഷയുടെ വേഷവും ഷക്വാന വിൽസ ണിൽ പൂർണ്ണത നേടുന്നു. ബാറിലെ സപ്ലൈറുടെ വേഷം ചെയ്ത ഒളിവർ സാമുവൽസ്, സിസ്റ്റർ ചാർലൈനിന്റെ വേഷം ചെയ്ത നവോമി കോവൻ , പാസ്റ്റർ ജെയിംസ് ആയി അഭിനയിച്ച പോൾ കാംബെൽ, ജമാലിന്റെ സുഹൃത്തായ ദേശെയ്നിന്റെ വേഷം ചെയ്ത ജാർഡൻ ക്രൂക്സ്, ദേശെയ്നി ന്റെ പിതാവിന്റെ വേഷം ചെയ്ത ട്രിസ്റ്റൺ കാംബെൽ, നീഷയുടെ ആൺസുഹൃത്ത് ടെവോന്റെ വേഷം ചെയ്ത അക്കീം മിഗ്നോട്ട് ഇവരെല്ലാം ഈ ചിത്രത്തിന്റെ ആശയത്തെ അഭിനയമികവിലൂടെ മികച്ച താക്കിയവരാണെന്നതിൽ തർക്കമില്ല.



KPharma
HOME DELIVERY:
+91 99958 11166


നിക്കോൾ സിസണിന്റെ എഡിറ്റിങ്ങും ചിത്രത്തിനെ മികച്ചതാക്കുന്നു. ജോർദാൻ ഓറാമിന്റെ അത്ഭുതം തീർക്കുന്ന ഛായാഗ്രഹണം, ദൃശ്യാനുഭവത്തെ അതിശയിപ്പിക്കുന്ന ശബ്ദട്രാക്ക് എന്നിവയാൽ നെയ്തെടുത്ത കമനിയ കലാവിരുതാണ് ഈ സിനിമ എന്ന് നിസ്സംശയം പറയാം.

ജമാലിന്റെ കാഴ്ചപ്പാടിലൂടെയും അവനെ ഫോക്കസ് ചെയ്തുമാണ് ഈ സിനിമ മുന്നോട്ട് പോകുന്നത്. പോർട്ട്ലാൻഡിൽ അമ്മയോടൊപ്പം താമസിക്കുന്ന ജമാലിന്റെ അച്ഛൻ മരണപ്പെട്ടുപോയി. ഒരേ ഒരു മകനാണ്. ഇവന് മെച്ചപ്പെട്ട ജീവിതം നൽകുന്നതിനുവേണ്ടി കാനഡയിലുള്ള അവന്റെ മുത്തശ്ശിയുടെ അടുത്ത് അയക്കാനുള്ള ഒരുക്കങ്ങളും അതിന്റെ ശുഭകരമായ പര്യവസാനവുമാണ് ഈ സിനിമ എന്ന് ചുരുക്കിപ്പറയാം.

ജമാലിനെ യാത്ര അയക്കുന്നതിനുള്ള അമ്മ നീഷയുടെ ഒരുക്കങ്ങൾ- അവനെ ഹെയർ ഡ്രസിങ് ചെയ്തുകൊടുക്കുന്നത്, അവന് പോകുന്നതിനുവേണ്ട ഡ്രസ്സ് അവന്റെ ഇഷ്ടപ്രകാരം സെലക്ട് ചെയ്യുന്നത്, അത് തയ്ക്കാൻ അളവെടുക്കുന്നത്, അതുപോലെ അവന്റെ പാസ്പോർട്ടിന് ആവശ്യമായ ഫോട്ടോ (ഒരു പക്ഷേ അത് അമ്മയ്ക്ക് കൂടി സൂക്ഷിക്കുന്നതിനാകാം) സ്റ്റുഡിയോയിൽ പോയി എടുക്കുന്നത്, ഇഷ്ടപ്പെട്ട വാക്മാൻ ടേപ്പ് റിക്കോർഡർ അവന്റെ ജന്മദിനത്തിന് സമ്മാനിക്കാനായി വാങ്ങിവയ്ക്കുന്നത്, അവന്റെ പത്താമത്തെ ജന്മദിനം വളരെ സന്തോഷപൂർവ്വം കേക്ക് മുറിച്ച് ആഘോഷിക്കുന്നത്. ബർത്ത്ഡേക്ക് അവൻ സെലക്ട് ചെയ്ത പുതിയ ഡ്രസ്സ് സമ്മാനിക്കുന്നത്- അങ്ങനെ ജമാലിനുവേണ്ട ഓരോ കാര്യങ്ങൾക്കുമുള്ള പണം പരമാവധി ചെലവാക്കി നീഷ അവനുവേണ്ടതെല്ലാം ഒരുക്കുന്നുണ്ട്.

ബാങ്കിൽനിന്ന് എടുക്കാൻ പറ്റുന്ന പരമാവധി തുക പിൻവലിച്ച് എല്ലാതരത്തിലും അവനെ സന്തോഷിപ്പിക്കുന്നു.പക്ഷേ അതെല്ലാം അവനിൽ എന്ത് സന്തോഷമാണ് നൽകുന്നത് എന്നത് ചോദ്യമായവശേഷിക്കുന്നു!

രണ്ട് സംഘർഷങ്ങൾ ഈ ചിത്രത്തെ വ്യാകുലപ്പെടുത്തുന്നു. ഒന്ന് കുട്ടി എന്ന നിലയിൽ ജമാൽ അനുഭവിക്കുന്ന അവസ്ഥ- സൗഹൃദം, നാട് ,ചുറ്റുപാടുകൾ, അമ്മ, പ്രിയപ്പെട്ടവർ, പിതൃതുല്യരായവർ, അച്ഛന്റെ അന്ത്യ വിശ്രമസ്ഥലം, ചീറിപ്പാഞ്ഞുള്ള ബൈക്കിനുപിന്നിലിരുന്ന യാത്ര, കടൽ, കളിസ്ഥലം, കളിക്കൂട്ടുകാരി, പള്ളിമേടയിലെ പ്രാർത്ഥന...ഇതെല്ലാം അവന് നഷ്ടപ്പെടുകയാണ്. ഫോട്ടോയ്ക്ക് പോസ് ചെയ്യുന്ന നിമിഷം അവൻ സ്വാഭാവികമായി ഒരു കുട്ടിയുടെ എല്ലാ ചേഷ്ടകളും നിഷ്കളങ്കമായി കാണിക്കുന്നുണ്ട്.

ചാഞ്ഞും ചരിഞ്ഞും ജമാൽ ഒരു കുട്ടിയുടെ മാനസിക ലോകത്തിലേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു.അപ്പോഴും അവന്റെ മുഖത്തെ നിസ്സംഗത നമ്മെ ചിന്തിപ്പിക്കുന്നു.

K Pharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

കനേഡിയൻ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ അമ്മ തുടങ്ങവേ അത് തിരിച്ചറിയുന്ന നിമിഷം ജമാൽ വീടുവിട്ടിറങ്ങി ഓടുന്നുണ്ട്. അവന്റെ പിതാവിന്റെ ശവക്കല്ലറയിൽ അച്ഛന്റെ നെഞ്ചിൽ കിടക്കുന്ന പോലെ അവൻ കിടക്കുന്നുണ്ട്. അവൻ ആശ്വസിക്കുകയോ, തന്റെ അവസ്ഥ പറയുകയോ ചെയ്യുന്നുണ്ട്. അപ്പോഴെല്ലാം അച്ഛനില്ലാത്ത സാഹചര്യമാണ് തനിക്ക് ഇങ്ങനെ നാടുവിട്ടു പോകേണ്ടിവരുന്നത് എന്ന ദുഃഖം അവന്റെ കണ്ണുകളിൽ പ്രതിഫലിപ്പിക്കുന്നുണ്ട്.

അസ്വസ്ഥനായ ജമാൽ വീടുവിട്ട് തന്റെ സുഹൃത്ത് ദേശെയ്നിന്റെ (ജാർഡൻ ക്രൂക്സ് ) വീട്ടിൽ താമസിക്കുന്നു. സുഹൃത്തിനൊപ്പം അവൻ ഇഷ്ടാനുസരണം സഞ്ചരിക്കുന്നു. യാത്രയിൽ ചില വ്യക്തികളോടും കൂട്ടുകാരിയോടും ദേശെയ്നിന്റെ അച്ഛനോടും തന്റെ ആശങ്ക പങ്കുവെക്കുന്നുണ്ട്. അവിടെയെല്ലാം അവന് നാട്ടിൽനിന്നുള്ള മാറ്റം എത്രത്തോളം ഉൾക്കൊള്ളാൻ ആകുന്നില്ല എന്നുള്ളത് നമ്മളെ സങ്കടപ്പെടുത്തുന്നു.

അമ്മയും മകനും മാത്രമുള്ള കുടുംബത്തിൽനിന്ന്, ഒരാൾക്ക് മറ്റൊരാൾ മാത്രമേയുള്ളൂ എന്ന സാഹചര്യമായിട്ടും അമ്മ ജമാലിനെ കാനഡയിൽ മാറ്റുന്നതിന്റെ കാരണമെന്താണ് ? വിധവയായ നീഷേ കുടുംബകാര്യങ്ങൾ നോക്കാൻ വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടാകും.

സ്കൂളിൽനിന്ന് ജമാലിനെ സസ്പെൻഡ് ചെയ്തു എന്നുള്ള പ്രശ്നമാണ് അവനെ കാനഡയിലേയ്ക്കയക്കാൻ തിടുക്കം കൂട്ടാൻ കാരണം? ജമാൽ അമ്മയോട് നിരപരാധിത്വം അറിയിച്ചിട്ടും സസ്പെൻഷൻ ചെയ്യപ്പെട്ട കാര്യത്തിന്റെ ഗൗരവം ശരിക്കും അമ്മ മനസ്സിലാക്കുന്നില്ല. അവന്റെ നിരപരാധിത്വം തെളിയിക്കാൻ അമ്മയുടെ ദേഷ്യഭാവം എന്തുകൊണ്ടോ അനുവദിക്കുന്നില്ല എന്നുള്ളതാണ് ഒരു വിരോധാഭാസം. സ്കൂളിലെ പ്രശ്നങ്ങളും മറ്റും അവന്റെ പഠനത്തേയും സ്വഭാവത്തേയും കൂടുതൽ പ്രതികൂലമായി ബാധിക്കും എന്നുള്ള ചിന്തയാകാം അവനെ അവിടെ നിന്നും മാറ്റാനായി പ്രേരിപ്പിച്ച സംഗതി.

കാനഡയിലുള്ള മുത്തശ്ശിയുമായി അമ്മ ഇടയ്ക്കിടയ്ക്ക് ടെലിഫോണിലൂടെ സംസാരിക്കുന്നുണ്ട്. അവരുടെ സംസാരം മകളെക്കുറിച്ചുള്ള വിശേഷങ്ങളിൽ മാത്രമല്ല പേരക്കുട്ടിയെക്കുറിച്ചും കൂടിയാണ്.അപ്പോഴെല്ലാം അമ്മ ജമാലിന് ഫോൺ കൊടുത്ത് അമ്മൂമ്മയുമായി സംസാരിപ്പിക്കുന്നുണ്ട്. പക്ഷേ കോളുകൾ എടുക്കുമ്പോൾ അവനിലുണ്ടാകുന്ന പ്രതികരണങ്ങൾ ജമൈക്കയിൽ നിന്നുള്ള പറിച്ചുമാറ്റത്തെ അവൻ ഇഷ്ടപ്പെടുന്നില്ല എന്നതിന്റെ സൂചന തന്നെയാണ്. അമ്മയും മകളും തമ്മിലുള്ള ഈ ഫോൺ സംഭാഷണങ്ങളിൽ തീർച്ചയായും ഒറ്റപ്പെടാൻപോകുന്ന നീഷ അനുഭവിക്കുന്ന വേദനകളും, കുടുംബജീവിതത്തിന്റെ അസ്വസ്ഥ ചിന്തകളും ഒരു നിശ്വാസം പോലെ പ്രേക്ഷകനും തിരിച്ചറിയാൻ സാധിക്കും. ഇവിടെ കെല്ലി ഫൈഫ്-മാർഷൽ എന്ന സംവിധായികയുടെ ക്രിയേറ്റിവിറ്റി കൂടുതൽ തിളങ്ങുന്നു.

K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

പോർട്ട്ലാൻഡിലൂടെയുള്ള ജമാലിന്റെ യാത്ര ഹൃദ്യമായിട്ടാണ് ചിത്രീകരിച്ചിട്ടുള്ളത്. അവനെ വളർത്തുന്ന, പരിപാലിക്കുന്ന ഒരു ഗ്രാമപശ്ചാത്തലം നാം അറിയുകയാണ്. ദേശെയ്നിന്റെ വീട്ടിൽ തന്നെ കിടന്നുറങ്ങി ദേശെയ്നിന്റെയും അച്ഛന്റെയും ഒപ്പം അതിരാവിലെ മീൻ പിടിക്കാനായി പോകുന്നതും, മീൻ പിടിച്ചിട്ട് വരുന്ന സമയത്ത് അവന്റെ ശത്രുവായ ഒരു മുതിർന്ന ഉയരമുള്ള കുട്ടിയിൽ നിന്ന് അവന് ഉപദ്രവമുണ്ടാകുന്നതും, അവന്റെ മീനുകൾ തട്ടിപ്പറിച്ച് കൊണ്ടുപോകുന്നതുമായ രംഗം ഈ സിനിമയുടെ സൗമ്യതയെ തകർത്ത് പ്രേക്ഷകരെ അസ്വസ്ഥരാക്കുന്നതാണ്.

അവൻ കരഞ്ഞുകൊണ്ട് നിരാശനായി വീട്ടിലെത്തുമ്പോൾ അമ്മ അവനെ സ്നേഹത്തോടെ ശുശ്രൂഷിച്ച് സാന്ത്വനിപ്പിച്ച് അവന്റെ മനസ്സിൽ പുതിയ പ്രതീക്ഷകളും നിശ്ചയദാർഢ്യവും ഉണ്ടാക്കുന്നത് സിനിമയുടെ അതുവരെയുള്ള ഒഴുക്കിനെ മറ്റൊരു തലത്തിലേയ്ക്ക് മാറ്റുന്നതാണ്. അവന്റെ അലഞ്ഞുതിരിഞ്ഞുള്ള യാത്രയ്ക്കിടയിൽ ഉയരവും ശബ്ദവും വേഗവും ത്രില്ലുമുള്ള ബൈക്കിന്റെ പിറകിലിരുന്ന് സുഹൃത്തായ ചേട്ടനെ കെട്ടിപ്പിടിച്ച് ജമാൽ നടത്തുന്ന സാഹസികയാത്ര കാണിക്കുന്നുണ്ട്. അവൻ അത് ആസ്വദിക്കുകയാണ്. അവൻ സാഹസികജീവിതവും സൗഹൃദവും അതിന്റെ ആനന്ദവും ഏറെ ഇഷ്ടപ്പെടുന്നുണ്ട് എന്നുള്ളതിന്റെ തെളിവാണ് ഈ യാത്ര. സംവിധായിക ഇവിടെയെല്ലാം കൃത്യമായി ജമാലിനെ അടയാളപ്പെടുത്തുകയാണ് ചെയ്യുന്നത്.

അതുപോലെതന്നെ അവൻ കടലിൽ ദേശെയ്നിനോടും അവന്റെ അച്ഛനോടുമൊപ്പം ബോട്ടിലിരിക്കുന്ന സമയത്ത് അവൻ വീണുപോകുന്നുണ്ട്. കൂട്ടുകാരൻ ചാടി രക്ഷപ്പെടുത്തി എടുക്കുന്ന ഒരു രംഗം സൗഹൃദത്തിന്റെ ആഴവും പരപ്പും തിരിച്ചറിയാൻ സാധിക്കുന്നത് തന്നെയാണ്. ജമാലിന്റെ ജീവിതത്തിന്റെ ആകസ്മികതയേയും സാഹസികത



KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

യേയും പൂരിപ്പിക്കുന്നത് ഇത്തരം സന്ദർഭങ്ങളാണ്. ഇളം നീലനിറമുള്ള ജമൈക്കൻ കടൽഭംഗിയും തീരത്തെ മണൽപ്പരപ്പും കാണുമ്പോൾ പലദൃശ്യങ്ങളിലുമുള്ള കേരളത്തിലെ സമാനത , ആസ്വാദനത്തിന്റെ ലെവലിനപ്പുറം, ഈ ഫെസ്റ്റിവലിൽ ഈ സിനിമ കാണുന്ന മലയാള മനസ്സുകളിലെത്തുമെന്നുറപ്പാണ്. നീഷ എന്ന കഥാപാത്രം മകനെ വിദേശത്തയയ്ക്കുന്നതിലുള്ള കുറ്റബോധം അനുഭവിക്കുന്നുണ്ട്. തീർച്ചയായും ഒരു അമ്മയും മകനും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ ആഴവും സംഘർഷവും ഈ ചിത്രത്തിൽ ജമാലിലൂടെയും നീഷയിലൂടേയും അനാവരണം ചെയ്യപ്പെടുന്നു. വ്യത്യസ്തമായ ഒരു ലോകവും കൂടുതൽ ഉയർച്ച നേടാനുള്ള അവസരവുമാകാം അവനെ അങ്ങോട്ടുമാറ്റാൻ പ്രേരിപ്പിച്ചത്. മകന് പാസ്പോർട്ടിന് അപേക്ഷിക്കാൻ പോകു



മ്പോൾ മകന്റെ അച്ഛനെക്കുറിച്ച് സ്റ്റാഫ് ചോദിക്കുമ്പോൾ നീഷ വല്ലാതെ വികാരാധീനയാകുന്നുണ്ട്. മരണ കാരണത്തെക്കുറിച്ചും മറ്റും കൂടുതൽ ചോദിക്കുന്നതിൽ നിന്ന് അവൾ അവരെ വിലക്കുന്നുണ്ട് . പ്ലീസ് എന്നാണ് അത്തരം കാര്യങ്ങൾ ചോദിക്കുന്നിടത്ത് അവൾ ദയാപൂർവ്വം അവരോട് അപേക്ഷിക്കുന്നത്. തടസ്സങ്ങൾ ഒന്നും കൂടാതെ





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

തന്നെ ആ പാസ്പോർട്ട് പാസാക്കുന്നിടത്ത് ഈ കഥ മറ്റൊരു തലത്തിലേക്ക് കടക്കുന്നു. ജമാലിനെ സംബന്ധിച്ചിടത്തോളം അവന്റെ ഓർമ്മകളും സൗഹൃദങ്ങളും അവന്റെ വീടും പരിസരവുമായുമാണ് പരന്നുകിടക്കുന്നത്.
ഒരു കുട്ടി അനുഭവിക്കുന്ന നിരാശയുടെ നിഴലാണ് അവന്റെ കണ്ണുകളിൽ പ്രതിഫലിക്കുന്നത്. അവൻ ഇഷ്ടപ്പെടുന്ന കൂട്ടുകാരിയായ ഒരു പെൺകുട്ടിയുണ്ട് . ആ പെൺകുട്ടിയോടൊപ്പം അവൻ നടക്കുന്നതും , സംസാരിക്കുന്നതും, കളിസ്ഥലത്ത് കുട്ടികൾ ഫുട്ബോൾ കളിക്കുമ്പോഴും അവൻ അവളൊത്ത് ഇരിക്കുന്നതും അവന്റെ വ്യാകുലതകളെ അവളുടെ ചില വാക്കുകൾകൊണ്ട് ആശ്വസിപ്പിക്കാനാകുമെന്നതിന്റെ തിരിച്ചറിവുതന്നെയാണ്.

ഒരു ദിവസം ആ പെൺസുഹൃത്തിന്റെ വീട്ടിൽ ജമാൽ എത്തുന്ന സമയത്ത് അമ്മ നീഷ അവിടെ വീട്ടുവേല ചെയ്യുന്നതും വസ്ത്രം കഴുകുന്നതും ജമാൽ കാണുന്നുണ്ട്. മുകളിലത്തെ സ്റ്റെപ്പിൽ നിന്നുകൊണ്ട് തന്റെ കൂട്ടുകാരി കുറച്ച് ഡ്രസ്സുകൾ കൂടി കഴുകാൻ എടുത്തു എറിഞ്ഞു കൊടുക്കുന്ന ഒരു രംഗം ജമാലിന്റെ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ തീർച്ചയായും വേദനിപ്പിക്കുന്നത് തന്നെയാണ്.

അമ്മയുടെ കഷ്ടപ്പാടുകളെ യാഥാർത്ഥ്യബോധത്തോടെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കിപ്പിക്കാനും കാനഡയിലേക്കുള്ള അവന്റെ യാത്രയെ ശക്തിപ്പെടുത്താനുമുള്ള ഒരു രംഗം കൂടിയായിട്ടാണ് ഈ രംഗം സംവിധായിക ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തം. ഈ സിനിമയുടെ വ്യത്യസ്തമായ മറ്റൊരു ഘടകം പള്ളിയിലെ പ്രാർത്ഥനാ സന്ദർഭമാണ്.പാസ്റ്റർ ദൈവവചനങ്ങളിലൂടെ പ്രാർത്ഥനാ ശുശ്രൂഷ നടത്തുന്ന ഒരു രംഗമാണത്. ജമാലും കൂട്ടുകാരനും ആ ഹാളിൽ ഉള്ളിലേക്ക് കയറി അത് ശ്രദ്ധിക്കുന്നുണ്ട്. ദുഃഖാർത്തരായ മനുഷ്യർക്ക് പ്രത്യാശയും ആനന്ദവും ആശ്വാസവും നൽകുന്ന പാസ്റ്ററുടെ വചനങ്ങളും ചടുലമായ ചലനങ്ങളും



K Pharma
HOME DELIVERY:
+91 99958 11166
YOUR ESSENTIALS, DELIVERED MONTHLY
PERSONALISED NUTRITION TAILORED TO YOU

ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

സംഭാഷണങ്ങളും ഉണ്ടാക്കുന്ന പ്രതിഫലനം ചെറുതല്ല. അത് ചിലരുടെ ദുഃഖത്തിന്റെ ആധിക്യത്തെ കൂട്ടുകയും ഓർമ്മകളെ അസ്വസ്ഥമാക്കുകയും ചെയ്യുന്നതോടൊപ്പം തന്നെ അവരെ ആശ്വസിപ്പിക്കു**കയും ചെയ്യുന്നു**.

ഇത്തരത്തിൽ അതിദുഃഖകരമായ ഒരു സന്ദർഭത്തിലൂടെയും കടന്നുപോകുന്ന സിസ്റ്റർ ചാർലൈൻ പ്രാർത്ഥന കഴിഞ്ഞ് ജമാലിന് സമ്മാനിക്കുന്ന കട്ടിയുള്ള മാല അവനിലെ അനാഥത്വത്തിനും പ്രവാസദുഃഖത്തിനുമുള്ള ആശ്വാസമാകാം. കനേഡിയൻ യാത്രയിലും അവന്റെ കഴുത്തിൽ അത് തിളങ്ങുന്നുണ്ട്. അരക്ഷിതാവസ്ഥയിലും അസ്വസ്ഥതയിലും കുടുംബ പ്രാരാബ്ധങ്ങൾക്കിടയിലും ജീവിതത്തെ എങ്ങനെ മുന്നോട്ടു കൊണ്ടുപോകണം എന്ന് അറിയാതെ വിഷമിക്കുന്നിടത്തെല്ലാം പ്രാർത്ഥനയുടെ പ്രാധാന്യം കൂടി ഈ സിനിമ വ്യക്തമാക്കുന്നുണ്ട്. പുതിയതായി നിർമ്മിച്ച ടൊറന്റോ **അന്താരാഷ്ട്ര**

വിമാനത്താവളത്തിൽ ജമാൽ ചെന്നിറങ്ങുന്ന രംഗത്തോടെയാണ് സിനിമ ക്ലൈമാക്സിലെത്തുന്നത്. പക്ഷേ അവിടെ ജമാലിനെ കാണിക്കുന്നില്ല. അവന്റെ മുത്തശ്ശിയുടെ സുഹൃത്ത് വന്ന് അവനെ വിളിക്കുന്ന രീതിയിലാണ് രംഗം ചിത്രീകരിച്ചിരിക്കുന്നത്. വാഹനത്തിൽ കയറ്റുന്നതിലും അവനെ കാണിക്കുന്നില്ല. വാഹനത്തിന്റെ ചലനവും പുറംദൃശ്യവുമാണവിടെ കാണിക്കുന്നത്.

കെട്ടിടങ്ങളിലൂടെ തെളിയുന്ന പുതിയ പ്രഭാതത്തിന്റെ ചിത്രീകരണത്തോടെ ഈ സിനിമ അവസാനിക്കുന്നു. ഒരു പുതിയ ലോകത്തേക്ക്, അവൻ പോകുന്നതല്ല, അവനെ കൊണ്ടുപോകുന്നു എന്നതാണ് വാസ്തവം. മറ്റുള്ളവർ അവനെ കാണുന്നു എന്നതല്ല അവൻ അറിയാത്ത ലോകത്തെ കാണുന്നു എന്നതിലാണ് കാഴ്ച വ്യക്തമാകുന്നത്. പ്രതീക്ഷകൾക്കപ്പുറം അവന്റെ ചഞ്ചലമനസ്സിൽ ഒരു പുതിയ പ്രഭാതം വിടരുകയാണ്...





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# സെന്റിമെന്റൽ വാല്യൂ: മൂല്യവത്തായ വൈകാരികത അർത്ഥവത്താക്കിയ കലാ ജീവിതം



**ജോൺ തോമസ്**
(ഫിൽക്ക)




**Sentimental Value**
Norway, France, Germany , Denmark / 133 mins /**Dir: Joachim Trie**r.

വൈകാരികമായ മൂല്യങ്ങൾക്ക് ജീവിതത്തിലുള്ള സവിശേഷമായ സ്ഥാനം തിരിച്ചറിയുന്ന ഒരച്ഛന്റെയും രണ്ട് പെൺമക്കളുടെയും കഥയാണ് നോർവീജിയൻ സംവിധായകൻ ജോക്കിം ട്രയർ സംവിധാനം ചെയ്ത 'സെന്റിമെന്റൽ വാല്യൂ' എന്ന സിനിമ.

സൈക്കോ തെറാപ്പിസ്റ്റ് ആയിരുന്ന ഭാര്യയുമായി കലഹിച്ച് അവരെയും രണ്ടു പെൺമക്കളെയും ഉപേക്ഷിച്ച് നോർവേ വിട്ട് തന്റെ അമ്മയുടെ നാടായ സ്വീഡനിലേക്ക് പോയ ഗുസ്താവ് ബോർഗ് എന്ന വൃദ്ധനായ സിനിമാ സംവിധായകനാണ് നായകൻ. ഭാര്യയുടെ മരണവൃത്താന്തം ഇളയ മകൾ ആഗ്നസ് അറിയിച്ചതനുസരിച്ച് മരണാനന്തര ചടങ്ങുകളിൽ സംബന്ധിക്കാൻ നീണ്ട കാലത്തിനു ശേഷം അയാൾ തിരിച്ചു വരുന്നു. നടിയായ മൂത്തമകൾ നോറയ്ക്കും ചരിത്രകാരിയായ ഇളയ മകൾ ആഗ്നസിനും പിതൃലാളനയും കൈത്താങ്ങും ആവശ്യമായിരുന്നപ്പോൾ തങ്ങളെ ഉപേക്ഷിച്ച് പോയ അച്ഛനോട് കടുത്ത ദേഷ്യമുണ്ട്. എന്നാൽ വ്യക്തികളെ അടുത്തറിയുമ്പോൾ വിദ്വേഷത്തിന്റെ മഞ്ഞുരുകി സ്നേഹത്തിന്റേതായ അന്തരീക്ഷം നിസ്സഹായരും അന്യതാ ബോധത്തിൽ പെട്ട് ഉഴലുന്നവരും ആയ ആ മനുഷ്യരിൽ ഉടലെടുക്കുന്നു.

രണ്ടു പെൺമക്കളും കൂടി അവരുടെ കുടുംബവീട്ടിൽ വൈകാരികമായ



മൂല്യമുള്ള ഓരോ ഇടവും ഉപകരണവും പരിചയപ്പെടുകയും ചിലതൊക്കെ ഇളയ മകളുടെ മകനായ എറിക് എന്ന കുട്ടിക്ക് പരിചയപ്പെടുത്തുന്നതും കാണാം. മികച്ച നാടക നടിയായിരുന്നിട്ടും സുന്ദരിയായ നോറയ്ക്ക് വിഷാദ രോഗം കാരണം ജീവിതത്തിൽ മുന്നേറാൻ

K Pharma
HOME DELIVERY:
+91 99958 11166


ആവുന്നില്ല. ഒരുതവണ ആത്മഹത്യക്ക് മുതിർന്നതായി പോലും സൂചനയുണ്ട്. പ്രണയഭംഗം നേരിടുന്ന അവൾ വിൽക്കപ്പെടാൻ സാധ്യതയുള്ള കുടുംബ വീട്ടിൽ നിന്നും സ്വന്തമാക്കാനായി തെരഞ്ഞെടുക്കുന്ന വൈകാരിക മൂല്യമുള്ള വസ്തു മനോഹരമായ ഒരു പൂപ്പാത്രമാണ്. ബോർഗാവട്ടെ രണ്ട് പെട്ടി നിറയെ സാധനങ്ങൾ, ഒരുപക്ഷേ പുസ്തകങ്ങളും രേഖകളും ഒക്കെ ആവാം വൈകാരിക മൂല്യമുള്ള വസ്തുക്കളായി കണ്ട് സ്വന്തമാക്കുന്നു.

സംവിധായകൻ എന്ന നിലയിൽ കാര്യമായ വിജയ പ്രാപ്തി ഉണ്ടായില്ലെങ്കിലും അന്യ നാട്ടിൽ കഴിയുന്ന ബോർഗ് തന്റെ മക്കളുടെ തൊഴിൽപരമായ ഓരോ നീക്കങ്ങളും അറിയുന്നുണ്ടായിരുന്നു. അയാളുടെ അവരുടെ അടുത്തേക്കുള്ള വരവ് താൻ തയ്യാറാക്കിയ ചലച്ചിത്രം ആക്കാനുള്ള ഒരു സ്ക്രീൻപ്ലേയുമായിട്ടായിരുന്നു. മൂത്തമകൾ നോറയെ മുന്നിൽ കണ്ട് തങ്ങളുടെ കുടുംബ ജീവിതത്തെ സംബന്ധിച്ച് തയ്യാറാക്കിയ സ്ക്രിപ്റ്റിനനുസരിച്ച് കുടുംബവീട്ടിൽ വച്ച് തന്നെ ഷൂട്ട് ചെയ്യാനാഗ്രഹിക്കുന്ന സിനിമയിൽ അവൾ അഭിനയിക്കണമെന്നായിരുന്നു അയാളുടെ മോഹം.

തന്റെ ജീവിതത്തിന്റെ രൂപീകരണ ഘട്ടത്തിൽ തങ്ങളെ ഉപേക്ഷിച്ച് ഇറങ്ങിപ്പോയ അച്ഛന്റെ ക്ഷണം അഭിനയത്തിന്റെ കാര്യത്തിൽ പലപ്പോഴും ആത്മവിശ്വാസം നഷ്ടപ്പെടുന്ന അവൾ നിരസിക്കുന്നു. റേച്ചൽ കെംപ് എന്ന അമേരിക്കൻ നടി ആ റോളിലേക്ക് നിയോഗിക്കപ്പെടുന്നു. ഈ സിനിമയിൽ ഒരു അദൃശ്യ കഥാപാത്രമുണ്ട്.



അത് പെൺകുട്ടികളുടെ മുത്തശ്ശി അതായത് ബോഗിന്റെ അമ്മ കാരിനാണ്. നാസികൾക്കെതിരെയുള്ള നോർവീജിയൻ പ്രതിരോധ പ്രസ്ഥാനത്തിൽ അംഗമായിരുന്ന അവർ കടുത്ത പീഡനത്തിനും ജെയിൽ വാസത്തിനും വിധേയമാകുകയും മോചിതയായി അധികകാലം കഴിയുന്നതിനു മുൻപ് തൂങ്ങിമരിക്കുകയും ചെയ്യുന്നു. ഈ അമ്മ എന്ന കഥാപാത്രം ബന്ധുക്കളാൽ വളർത്തപ്പെട്ട ബോർഗിന്റെ വ്യക്തിത്വത്തിൽ അടയാളങ്ങൾ സൃഷ്ടിക്കുന്നു. കഥാപാത്രത്തിന്റെ വൈകാരിക ഭാവം ഉൾക്കൊള്ളുന്ന കാര്യത്തിൽ വിജയിച്ചുവെങ്കിലും നോർവീജിയൻ ഉച്ഛാരണം വഴങ്ങാത്ത തന്നെക്കാൾ ഈ റോളിന് പറ്റിയത് നോറയാണെന്ന് അമേരിക്കൻ നടി പറയുന്നു. ഏതാണ്ട് അമ്മൂമ്മയുടെയും അച്ഛന്റെയും മാനസികാംശങ്ങൾ ഉൾച്ചേർന്നതായിരുന്നു വിഷാദവും ദേഷ്യവും പിടിവാശിയും പൊട്ടിത്തെറിയും ഒക്കെ ഒത്തു ചേർന്ന നോറയുടെ മനസ്സ്. ഗവേഷണത്തിലൂടെ, മുത്തശ്ശിയുടെ ജീവിതത്തെക്കുറിച്ച് അറിയാതിരുന്ന പല കാര്യങ്ങളും കണ്ടെത്താൻ കഴിഞ്ഞ അനുജത്തിയുടെ നിർദ്ദേശപ്രകാരം അച്ഛൻ തയ്യാറാക്കിയ സ്ക്രീൻ പ്ലേ വായിച്ച നോറ കഥാപാത്ര



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



വുമായി താദാത്മ്യപ്പെടുകയും അച്ഛനാവശ്യപ്പെട്ട പ്രകാരം നായികാ റോളിൽ അഭിനയിക്കുകയും ചെയ്യുന്നു.

താൻ ഉദ്ദേശിച്ച വൈകാരികഭാവം ആത്മഹത്യയ്ക്ക് തയ്യാറെടുക്കുന്ന ക്ലൈമാക്സ് രംഗത്ത് അവളുടെ അഭിനയത്തിൽ സ്പഷ്ടമായി കാണപ്പെടുകയും ചെയ്യുമ്പോൾ സന്തുഷ്ടനായ ബോർഗ് അംഗീകാരത്തിന്റെ പുഞ്ചിരി അഭിനേത്രിയായ മകൾക്ക് സമ്മാനിക്കുന്നിടത്ത് സിനിമ അവസാനിക്കുന്നു.

മതപരമായ ചടങ്ങുകളിൽ ഒട്ടും താല്പര്യമില്ലാത്തവനാണ് താനെന്ന് ഭാര്യയുടെ മരണാനന്തര ചടങ്ങുകളുമായി ബന്ധപ്പെട്ട് പ്രഖ്യാപിക്കുന്ന ബോർഗ് മകളെ മുൻ കണ്ട് എഴുതിയ സ്ക്രീൻ പ്ലേയിലെ വരികളിൽ, 'പ്രാർത്ഥന ദൈവത്തോട് നമ്മുടെ ആവശ്യ ങ്ങൾ പറഞ്ഞുള്ള യാചന അല്ലെന്നും അവരവരുടെ ദുഖം ഈശ്വരനുമായി പങ്കുവയ്ക്കൽ ആണെന്നും പറയുന്നു'.

ഞാൻ 'വീട് ' നഷ്ടപ്പെട്ടവനാണ്,അശരണനായ എന്നെ സഹായിക്കൂ... എന്നിങ്ങനെയുള്ള വാക്കുകൾ ഉൾക്കൊള്ളുന്ന വരികൾ മൂന്നു കഥാപാത്രങ്ങളെക്കൊണ്ട് സംവിധായകൻ ആവർത്തിച്ചു വായിപ്പിക്കുന്നുണ്ട്.

നോറയുടെയും അച്ഛന്റെയും മുഖങ്ങൾ പരസ്പരം embose ചെയ്യുന്ന ഒരു രംഗം ഇതിൽ കാണാം. അച്ഛനും മകളും, ഏതാണ്ട് ഓർമ്മകളിലെ മുത്തശ്ശിയും അനുഭവിച്ച വ്യാകുലതകൾക്ക് സാമ്യമുണ്ടെന്ന് സിനിമ വിളിച്ചോതുന്നു. വൈകാരികമായ രംഗങ്ങൾ തന്റെ മനസ്സിനെ തീവ്രമായി സ്പർശിക്കുമെന്ന് ബോർഗ് പറയുന്നുണ്ട്.

അമ്മയുടെ മരണത്തോടെ ബന്ധുക്കളാൽ വളർത്തപ്പെട്ട നോറ കടുത്ത ഏകാന്തത അനുഭവിച്ചവളാണ്. എന്നാൽ ജേഷ്ഠത്തിയുടെ പരിലാളന ലഭിച്ച അനുജത്തി ആഗ്നസിന് ഏകാന്തതാ ബോധം പേറി ജീവിക്കേണ്ടി വന്നില്ല. ജ്യേഷ്ഠത്തിയിൽ നിന്നും ലഭിച്ച വാത്സല്യത്തിന്റെ അംഗീകാരം എന്നവണ്ണം അവരുടെ കൈക്കുള്ളിൽ



കെട്ടിപ്പിടുത്തത്തിന് വിധേയമായി രണ്ടു പേരും ചേർന്ന് കട്ടിലിൽ കിടക്കുന്ന രംഗം പ്രേക്ഷകരെ വൈകാരികമായി സ്പർശിക്കുന്ന ഒന്നാണ്.തന്റെ ജീവിതത്തിലെ ഏറ്റവും വലിയ സമ്പാദ്യം തന്റെ രണ്ട് പെൺമക്കളാണെന്ന് സംശയിച്ചു



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition




നിൽക്കുന്ന മക്കളോട് ബോർഗ് പറയുന്ന രംഗം ശ്രദ്ധേയമാണ്. വർത്തമാനകാല സംഭവങ്ങളും ഫ്ലാഷ് ബാക്കുകളും ചേർത്തുവച്ച് സിനിമയ്ക്കുള്ളിലെ സിനിമാ ഷൂട്ടിംഗ് രംഗങ്ങളും ഉൾപ്പെടുത്തി നല്ല ഒഴുക്കോടെ അവതരിപ്പിച്ചിരിക്കുന്ന സിനിമയാണിത്.

വൈകാരിക പ്രപഞ്ചം ഉള്ളിൽ ഒതുക്കുന്ന മുഖഭാവം പ്രകടിപ്പിക്കാൻ കഴിയുന്ന മികച്ച അഭിനേതാക്കൾ ആണ് മുഖ്യ കഥാപാത്രങ്ങളെ അവതരിപ്പിച്ചത്. മറ്റൊരു സവിശേഷത ഈ സിനിമയുടെ സംഗീതം ആണ്. അശരണന്റെ ആർത്തനാദം ധ്വനിപ്പിക്കുന്ന ആരംഭത്തിലെ ഓപ്പറയുടെ ബിറ്റിൽ തുടങ്ങി സൂര്യനും ചന്ദ്രനും പ്രകാശിക്കുന്നതും പൂക്കൾ വിരിയുന്നതും ഒക്കെ നിനക്കുവേണ്ടിയാണ് അവയെ കണ്ടറിയൂ എന്ന് ആഹ്വാനം ചെയ്യുന്ന, അവസാനമായി ശ്രവിക്കുന്ന പോപ്പ് സംഗീത വരികൾ വരെ നിരവധി മികച്ച ഗാന സന്ദർഭങ്ങൾ സിനിമയിലുണ്ട്. അച്ഛനും അമ്മയും തമ്മിലുള്ള കലഹത്താൽ ശബ്ദമുഖരിതമായിരുന്ന വീട് അച്ഛൻ പോയതോടെ കലഹം ഒഴിഞ്ഞെങ്കിലും നല്ല ശബ്ദങ്ങൾ പോലും നഷ്ടപ്പെട്ട് ശബ്ദരഹിതമായി തീർന്നു

എന്ന് മകൾ പറയുന്നു. നാടകങ്ങൾ അധികനേരം കണ്ടുനിൽക്കാൻ തനിക്കാവില്ലെന്ന് പ്രഖ്യാപിക്കുന്ന ബോർഗ് ചെക്കോവിന്റെ നാടകങ്ങൾ കാണുന്നതിനേക്കാൾ ചെക്കോവിനെ വായിക്കാനാണ് തനിക്കിഷ്ടം എന്ന് പറയുന്നത്, നടീനടന്മാരുടെ പ്രകടനം പത്തു മിനിറ്റ് കാണുന്നതിലൂടെ തനിക്ക് അവരുടെ അഭിനയസിദ്ധി വിലയിരുത്താനാവുമെന്ന ബോർഗിന്റെ വാക്കുകൾ - ഇവയൊക്കെ സിനിമയിലെ എടുത്തുപറയത്തക്ക അംശങ്ങളാണ്.

താൻ എടുക്കുന്ന സിനിമയിൽ നോറയുടെ മകനായി, അതായത് മുത്തച്ഛന്റെ ബാല്യകാലത്തെ പ്രതിനിധീകരിക്കുന്ന അഭിനേതാവായി ഇളയമകൾ ആഗ്നസിന്റെ മകൻ എറിക്ക് എന്ന കുട്ടി വേണമെന്ന് അയാൾ തീരുമാനിക്കുന്നു. താൻ അറിയാതെ തന്റെ മകനെ അഭിനയിക്കാൻ തെരഞ്ഞെടുത്തതിനെ അവന്റെ അമ്മ, അഭിനയാഭിരുചിയുള്ളവൻ അല്ല അവൻ എന്ന കാരണം പറഞ്ഞ് എതിർക്കുന്നു. എന്നാൽ തനിക്ക് അഭിനയസിദ്ധി ഉള്ളവരെ





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



അല്ല സിനിമയിലേക്ക് വേണ്ടതെന്നും കഥാപാത്രങ്ങൾക്ക് ചേർന്നവരെയാണ് വേണ്ടതെന്നും ഉള്ള ബോർഗിന്റെ വാക്കുകൾ സിനിമ എന്ന കലയുടെ മർമ്മങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. ബോർഗ് കൈക്കൊണ്ട തീരുമാനം ശരിയായിരുന്നു എന്ന് ചിത്രത്തിന്റെ അന്ത്യത്തിൽ പ്രേക്ഷകമനസ്സുകളിൽ തെളിയുന്നു. പിറന്നാളിന് മുത്തച്ഛൻ ചെറുമകൻ എറിക്കിന് നൽകുന്ന സമ്മാനങ്ങളുടെ കൂട്ടത്തിൽ 'പിയാനൊ ടീച്ചർ' എന്ന സിനിമയുടെ ഡിവിഡി മുത്തച്ഛൻ എടുത്തുപറഞ്ഞു നൽകുന്നു. മകളോട് പൊസസീവ് സ്വഭാവം പുലർത്തുന്ന മുൻകലാകാരിയായിരുന്ന ഒരമ്മയും പിയാനോ ടീച്ചർ ആയ മകളും തമ്മിലുള്ള കലഹവും സ്നേ**ഹവും നിറഞ്ഞ ബന്ധത്തിന്റെ കഥ പറയുന്ന**

സിനിമയ്ക്ക് ഈ സിനിമയിൽ വളരെയധികം പ്രസക്തി ഉണ്ടെന്ന കാര്യം സൂചിപ്പിക്കുകയാണ് അത് ചെയ്യുന്നത്. വൈകാരികത നിറഞ്ഞ കഥാപാത്രങ്ങളെയും രംഗങ്ങളെയും കൊണ്ട് മഹത്തായ സിനിമകൾ സൃഷ്ടിച്ച സ്വീഡിഷ് സംവിധായകൻ ഇംഗ്മാർ ബർഗ്മാന്റെ ഓർമ്മയുണർത്തി 2025 ലെ കാൻ ചലച്ചിത്രമേളയിൽ ഗ്രാൻഡ് പ്രീ പുരസ്കാരം നേടി ഈ ചിത്രം .കാട്ടുഞാവൽപ്പഴങ്ങൾ എന്ന വിഖ്യാത ഇംഗ്മാർ ബർഗ്മാൻ ചിത്രത്തിലെ നായക കഥാപാത്രമായ ഐസക് ബോർഗിനെ ഓർമിപ്പിക്കും സ്വീഡനിൽ വേരുകളുള്ള ഗുസ്താവ് ബോർഗ് എന്ന 'സെന്റിമെന്റൽ വാല്യൂ'വിലെ നായക കഥാപാത്രം.



KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# ഇറ്റ് വാസ് ജസ്റ്റ് ആൻ ആക്സിഡന്റ്
## (It was just an accident)



വിനോദ്കുമാർ. പി
(ഫിൽക്ക)




**It was just an accident**
Iran/Persian /104/2025/
**Dir. Jafar Panahi**

വിപ്ലവകാരിയായ ചലച്ചിത്ര കലാകാരൻ ജാഫർ പനാഹിയുടെ സംവിധാനത്തിൽ 2025 ൽ പുറത്തിറങ്ങിയ ചലച്ചിത്രമാണ് 'ഇറ്റ് വാസ് ജസ്റ്റ് ആൻ ആക്സിഡന്റ് '.

ഒരു രാത്രിയിൽ ഒരാൾ തന്റെ ഗർഭിണിയായ ഭാര്യയ്ക്കും മകൾക്കുമൊപ്പം കാറിൽ സഞ്ചരിക്കുന്ന ദൃശ്യത്തിലൂടെയാണ് സിനിമ ആരംഭിക്കുന്നത്.അബദ്ധവശാൽ വഴിയിൽ ഒരു തെരുവു നായയെ അയാളുടെ കാർ ഇടിക്കാൻ ഇടയാവുന്നതോടെയാണ് പേര് സൂചിപ്പിക്കുന്നതുപോലെ ഇതൊരു വെറും ആക്സിഡന്റ് ആകുന്നതും എന്നാൽ കഥാഗതി മാറുന്നതും.അപകടത്തിന്റെ ഫലമായി തകരാറിലായ കാർ നന്നാക്കാൻ അവർ വർക്ക്ഷോപ്പിൽ എത്തുന്നു. അവിടെയുള്ള മെക്കാനിക്കായ വാഹീദ്, താൻ തടവിലായിരുന്നപ്പോൾ തന്നെയും മറ്റു പലരെയും പീഡിപ്പിച്ചവരിൽ ഒരാളാണ് തന്റെ വർക്ക് ഷോപ്പിലെത്തിയ ആളെന്ന് സംശയി ക്കുന്നു. അയാളുടെ കൃത്രിമ കാലിന്റെ നടത്തതിന്റെ ശബ്ദത്തിലൂടെയാണ് വാഹീദിനു അയാൾ ഇഖ്ബാൽ ആണെന്ന് സംശയം തോന്നിയത്.



KPharma
HOME DELIVERY:
+91 99958 11166




PERSONALISED NUTRITION TAILORED TO YOU

ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



ഭരണകൂടത്തിന്റെ പൊലീസ് ഏജന്റായ ഒരാളെ വെറുതെ വിടാൻ വാഹീദ് തയ്യാറായിരുന്നില്ല. തൊട്ടടുത്ത ദിവസം വാഹീദ് അയാളെ പിന്തുടർന്ന് തലയ്ക്കടിച്ച് പിടികൂടുകയും കൈകാലുകൾ കൂട്ടികെട്ടി വാനിലാക്കി കുറച്ച് അകലെയുള്ള മരുഭൂമിയിൽ ഒരു ശവക്കുഴി ഉണ്ടാക്കി തള്ളുകയും ചെയ്യുന്നു. കുഴി മൂടാൻ തുടങ്ങുമ്പോൾ അയാൾ ഉച്ചത്തിൽ നിലവിളിച്ചു കരയുകയും അയാൾ നിരപരാധിയാണെന്നും വാഹീദിന് ആളുമാറിയതാണെന്നും പറയുന്നു. സംശയം തോന്നിയ വാഹീദ് അയാളെ കുഴിയിൽ നിന്നും മോചിപ്പിച്ച് വാനിൽ തിരികെ കയറ്റി പെട്ടിയിലാക്കുന്നു.

താൻ പിടികൂടിയത് ഇഖ്ബാൽ തന്നെ എന്നുറപ്പിക്കാൻ പഴയ സഹതടവുകാരിൽ ചിലരെ കാണാൻ അയാൾ പുറപ്പെടുന്നു. ഈ യാത്രയിൽ അയാളോടൊപ്പം ഭരണകൂട ഭീകരയ്ക്ക് ഇരയായ നവവധുവും വരനും, ഫോട്ടോഗ്രാഫർ ശിവയും അവളുടെ സുഹൃത്തായ ഹമീദും കൂടുന്നു. വാഹീദ് തട്ടികൊണ്ട് വന്നത് തങ്ങളെ ദ്രോഹിച്ച ഉദ്യോഗസ്ഥനാണെങ്കിൽ അയാളാണ് യഥാർത്ഥ രാജ്യദ്രോഹിയെന്നും അയാളെ വധിക്കണമെന്നും എല്ലാപേരും അഭിപ്രായപ്പെടുന്നു.എന്നാൽ കൃത്യമായി അയാളെ തിരിച്ചറിയുന്നതിൽ അവർ പരാജയപ്പെടുന്നു.

എന്നാൽ ഇതിനിടയിൽ ഇഖ്ബാൽ എന്ന് സംശയിക്കുന്ന ആളുടെ ഫോൺ ശബ്ദിച്ചപ്പോൾ വാഹീദ് എടുക്കുന്നതോടുകൂടി സിനിമയുടെ അതുവരെയുള്ള അന്തരീക്ഷം മാറുന്നു.അയാളുടെ മകളുടെ കാൾ ആയിരുന്നു അത്. അമ്മ കുഴഞ്ഞു വീണുവെന്നും അച്ഛൻ ഉടനെ വീട്ടിലെത്തണമെന്നും പറഞ്ഞു കരയുന്ന കുഞ്ഞിന്റെ അവസ്ഥ മനസിലാക്കിയ വാഹീദ് അയാളുടെ സംഘത്തോടൊപ്പം അവിടെയെത്തി ആ സ്ത്രീയെ ആശുപത്രിയിലാക്കുകയും മകളെ ആശ്വസിപ്പിക്കുകയും ചെയ്യുന്നു. ആ സ്ത്രീ ഒരു ആൺകുഞ്ഞിന് ജന്മം നൽകുന്നു.തുടർന്ന് ആശുപത്രിയിൽ നിന്നും പുറത്തിറങ്ങിയ വാഹീദും ശിവയും മറ്റുള്ളവരെ ഉപേക്ഷിച്ച് ആ രാത്രിയിൽ അയാളെയും കൊണ്ട് ശാന്തമായ ഒരു സ്ഥലത്തേക്ക് കൊണ്ടുപോകുന്നു.

അയാളെ ഒരു മരത്തിൽ കെട്ടിയിട്ട്, ഉണർത്തിയ ശേഷം അയാൾ ആരാണെന്ന് വെളിപ്പെടുത്താൻ ആവശ്യപ്പെടുന്നു. ആദ്യം നിഷേധിച്ചെങ്കിലും അയാൾ ഇഖ്ബാൽ ആണെന്ന് സമ്മതിക്കുന്നു. ഇറാനിയൻ ഭരണകൂടത്തിന്റെ നന്മയ്ക്കായി തന്റെ പ്രവൃത്തികൾ ന്യായീകരിക്കപ്പെട്ടതാണെന്നും കൊല്ലുന്നത് അയാളെ രക്തസാക്ഷിയാക്കുക മാത്രമേ ചെയ്യൂവെന്നും അയാൾ വാദിക്കുന്നു.

KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition



വാഹീദും ശിവയും തങ്ങൾ അനുഭവിച്ച പീഡനങ്ങൾ വിശദമായി അയാളോട് പറയുന്നു. ഇഖ്ബാൽ ക്ഷമാപണം നടത്തണമെന്ന് ശിവ ആവശ്യപ്പെടുന്നു. തുടർന്ന്  വാഹീദ് ഇക്ബാലിനെ മോചിപ്പിക്കുന്നു.

അടുത്ത പകൽ വാഹീദും അമ്മയും സഹോദരിക്ക് വേണ്ടി വാൻ ഒരുക്കുന്നതായി കാണിക്കുന്നു. ഇഖ്ബാലിന്റെ കാറിന് സമാനമായ ഒരു വെളുത്ത കാർ ആ പ്രദേശത്തേക്ക് പ്രവേശിക്കുന്നത് കാണാം. വാഹീദ് എന്തോ സാധനം എടുക്കുവാൻ വേണ്ടി വീട്ടിനുള്ളിലേക്ക് പ്രവേശിക്കുന്നു. പെട്ടെന്ന് അയാൾ അവിടെ നിൽക്കുന്നു. ഇക്ബാലിന്റെ കൃത്രിമക്കാലിന്റെ ശബ്ദം പോലെ എന്തോ ഒന്ന് വാഹീദിന്റെ അടുക്കൽ വരുന്നതായി കാണിച്ചു കൊണ്ടു ചിത്രം അവസാനിക്കുന്നു. അധികാര ഭീകരതയുടെയും അധികാരത്തിന്റെയും ദുഷിച്ചു നാറിയ അനുഭവങ്ങളെ ധൈര്യപൂർവ്വം നേരിട്ട സംവിധായകൻ ഹാസ്യാക്ഷേപമായി തന്നെ തന്റെ സൃഷ്ടിയിലൂടെ മറുപടി കൊടുക്കുന്നു. ഇറാനിയൻ സർക്കാരിന്റെ എല്ലാ വിലക്കുകളെയും അതിജീവിച്ച് പനാഹി ഒരുക്കിയ



ഈ ചിത്രം കാൻ ഫിലിം ഫെസ്റ്റിവലിൽ **PALME D'OR** പുരസ്കാരം നേടി.ഗോൾഡൻ ഗ്ലോബ് നാമനിർദ്ദേശങ്ങൾ ഉൾപ്പെടെ നിരവധി അന്താരാഷ്ട്ര അംഗീകാരങ്ങളും ഈ ചിത്രം നേടി.






ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# 'മഗെല്ലൻ'



ഡോ. പി. അജികുമാർ
(ഫിൽക്ക)




**Magellan**
Portugal / 160 min /
**Dir. Lav Diaz**

ലോക ചരിത്രമെന്നത് പടയോട്ടങ്ങളുടെയും പിടിച്ചടക്കലിന്റേതുമാണ്. സാമ്പത്തികവും സൈനികവുമായി ശക്തരായ രാജ്യങ്ങൾ തങ്ങളുടെ വിഭവശേഷി വർദ്ധിപ്പിക്കാനായി പുതിയ ഭൂപ്രദേശങ്ങൾ തേടി സമുദ്രയാത്രകൾ നടത്തി. അവർ കണ്ടെത്തിയ ദേശങ്ങളിലെ സമ്പത്ത് കൊള്ളയടിച്ചു – എതിർത്തവരെ കൊന്നൊടുക്കി. അങ്ങനെ 'കൊളോണിയലിസ'ത്തിന് തുടക്കം കുറിച്ചു. കച്ചവടം മാത്രം ലക്ഷ്യമിട്ട അവർ തദ്ദേശീയരെയും അടിമകളാക്കി വിൽപ്പന നടത്തി. രാഷ്ട്രീയവും സാംസ്കാരികവുമായ ഈ കടന്നു കയറ്റങ്ങളുടെ പരിണത ഫലങ്ങൾ ഇന്നും തുടർന്നുപോരുന്നു. ഈ അധിനിവേശങ്ങൾക്ക് നേതൃത്വം നൽകിയത് പോർട്ടുഗീസ്, സ്പെയിൻ, ഡച്ച്, ഫ്രാൻസ്, ബ്രിട്ടൻ തുടങ്ങിയ പ്രബല ശക്തികളായിരുന്നു. സമ്പത്ത് മാത്രമല്ല കീഴടക്കിയ ഭൂപ്രദേശത്തിെ ആചാരങ്ങളെയും വിശ്വാസങ്ങളെയും ഉടച്ചുവാർത്ത് ജനതയെ സ്വത്വ നഷ്ടത്തിലെത്തിക്കുന്ന അവസ്ഥ വരെ സംജാതമാക്കി.

ലോക ചരിത്രത്തിൽ കപ്പൽ മാർഗ്ഗമുള്ള യാത്രയ്ക്ക് തുടക്കം കുറിച്ച പര്യവേഷകരിൽ പ്രഥമഗണനീയനാണ് 'ഫെർഡിനന്റ് മഗെല്ലൻ '. ആദ്യം പോർച്ചുഗീസിനു വേണ്ടിയും പിന്നീട് സ്പെയിനിനു വേണ്ടിയും യാത്രകൾ നടത്തിയ അദ്ദേഹ





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

ത്തിന്റെ യാത്രയിലുൾപ്പെട്ട തെക്കേ അമേരിക്കയുടെ അറ്റത്തുള്ള കടലിടുക്ക് പിൽക്കാലത്ത് ‘ മഗെല്ലൻ കടലിടുക്ക് ‘ എന്നറിയപ്പെട്ടു. ഭൂമി ഉരുണ്ടതാണെന്നും ലോകഭൂമിശാസ്ത്രത്തെക്കുറിച്ചുള്ള അറിവും ലോകത്തിന് പകർന്നു നൽകിയ മഗെല്ലന്റ കഥയാണ് ‘ ലാവ് ഡയസ് ‘ സംവിധാനം ചെയ്ത ‘ മഗെല്ലൻ ‘. ലോകപര്യവേഷണത്തിനായി കഠിന പരിശ്രമം ചെയ്യുന്ന ഒരു വ്യക്തിയെക്കുറിച്ചുള്ള ആവിഷ്കാരത്തോടൊപ്പം



കൊളോണിയലിസത്തിന്റെ ക്രൂരമുഖവും ഈ ചിത്രത്തിൽ തുറന്നുകാട്ടുന്നു. യുദ്ധത്തിലൂടെയും കൊള്ളയിലൂടെയും ഭൂമി സ്വന്തമാക്കാനുള്ള ആഗോള മത്സരത്തിൽ തനിക്ക് കഴിയുന്നതെല്ലാം ചെയ്ത് വിജയം കൊയ്യുന്ന ലാഭക്കൊതിയനാണ് ‘മഗെല്ലൻ.‘

പോർച്ചുഗീസ് നേതാവായ അൽഫോൺസാ ഡി അൽബുക്കർക്കി’യുടെ നേതൃത്വത്തിൽ 1511 ൽ ’മലാക്ക’ പിടിച്ചെടുക്കലിൽ പങ്കെടുക്കുന്ന ’മഗെല്ലന് ’യുദ്ധത്തിൽ പരിക്കേൽക്കുന്നു. അദ്ദേഹം ഒരു ’സെബുവാനോ’ വംശജനായ അടിമയെ വാങ്ങി ‘എൻറിക് ‘ എന്ന് പേരിട്ട് കൂടെ കൊണ്ടുപോകുന്നു. തന്നെ പരിചരിച്ച ‘ബിയാട്രിസ് ബാർബോസ‘ യെ ’മഗെല്ലൻ’ വധുവാക്കുന്നു.

അതേസമയം ’എൻറിക് ’ തന്റെ നാട്ടു ദൈവങ്ങളെ രഹസ്യമായി ആരാധിക്കുന്നു. പിന്നീട് സ്പാനിഷ് എതിരാളികളെ ഒഴിവാക്കുന്ന ഒരു വ്യാപാര മാർഗ്ഗം കണ്ടെത്താൻ ലോകം ചുറ്റാനുള്ള ’മഗെല്ലന്റെ’ നിർദ്ദേശം രാജാവ് നിരസിക്കുന്നു. ഇത് ’ മഗെല്ലനെ’ സ്പെയിനിലേക്കു പോകാൻ പ്രേരിപ്പിച്ചു. അവിടെ അദ്ദേഹത്തിന്റെ നിർദ്ദേശം അംഗീകരിക്കുന്നു. ഗർഭിണിയായ ബിയാട്രീസിനെ ഉപേക്ഷിച്ച് ’മഗെല്ലൻ യാത്ര തുടരുന്നു.

യാത്രയിൽ മഗെല്ലൻ നിരവധി വെല്ലുവിളികൾ നേരിടുന്നു. സ്വവർഗ്ഗ രതിയിൽ ഏർപ്പെട്ടതിന് ഒരു ക്രൂ അംഗത്തെ വധിക്കുന്നു. മറ്റൊരു ക്രൂ അംഗത്തെയും



KPharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



ഒരു പുരോഹിതനെയും കലാപത്തി നായി 'പാറ്റനോണിയ'യിലേക്ക് അയക്കുന്നു. കലാപങ്ങളിലൂടെ നിരവധി കപ്പലുകളുടെ നാശത്തിനിടയാക്കുന്നു. ശിക്ഷയായി ക്രൂ അംഗങ്ങള ബന്ധന സ്ഥരാക്കുകയോ, വധിക്കുകയോ ചെയ്യുന്നു. തടവിലാക്കപ്പെട്ടവർ, മതം മാറ്റിയവർ, അടിമകൾ, വെറുതെ കൊലപ്പെട്ടുത്തിയവർ, അങ്ങനെ പെസഫിക്ക് സമുദ്രത്തിലൂടെയുള്ള നീണ്ട യാത്ര ദുരിത പൂർണ്ണമാകുന്നു. തന്റെ ഭാര്യയും കുഞ്ഞും മരണപ്പെട്ട തായി 'മഗെല്ലന്' സ്വപ്ന ദർശനം ലഭിക്കുന്നു. നീണ്ട അലച്ചിലുകൾക്കൊ ടുവിൽ 'സെബു' ദ്വീപ് കണ്ടെത്തുന്നു. 'എൻറിക്' ഇടനിലക്കാരനായി പ്രാദേശിക തലവൻ ഹുമാബോണിനെ കണ്ടെത്തുന്നു. അപരിഷ്കൃതരായ ദ്വീപ് നിവാസികളുടെ കുഞ്ഞുങ്ങൾ രോഗത്താൽ മരിക്കുന്നു. മലദൈവങ്ങളെ മൃഗബലി നടത്തി പൂജിക്കുന്ന അവർക്ക് മരണത്തിന് കീഴടങ്ങുകയേ നിവൃത്തിയുള്ളൂ. മഗെല്ലൻ തന്റെ കൈവശമുള്ള ' സാന്റോ നിനോ' യുടെ കുഞ്ഞുപ്രതിമ 'ഹുമാ ബോണി'ന്റെ രോഗിയായ മകന് സുഖം പ്രാപിക്കാൻ നൽകുന്നു. കുട്ടി സുഖം പ്രാപിക്കുന്നു.



K Pharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

ഇത് ജനതയ്ക്കിടയിൽ അത്ഭുത വാർത്തയാകുന്നു. ക്രമേണ അവർ ക്രിസ്തുമതത്തിലേക്ക് മാറുന്നു. കൊളോണിയലിസത്തിന്റെ അനന്തര ഫലങ്ങളിലൊന്ന് ഈ മതപരിവർത്തന മാണ്. കുരിശു നാട്ടുന്നതിനും പ്രാർത്ഥന കൂടുന്നതിനും മഗെല്ലൻ കൂടുതൽ ശ്രദ്ധിച്ചു. ഇതിനിടെ ദ്വീപുകാരുടെ പ്രാദേശിക ദേവതയായ 'അനിറ്റോസി'ന്റെ പ്രതിമകൾ കൂട്ടാളികൾ നശിപ്പിക്കുന്നു. മരക്കുറ്റി കളിൽ തീർത്ത വിഗ്രഹങ്ങളെ അഗ്നി ക്കിരയാക്കുന്നു. മഗെല്ലനും കൂട്ടരും നാട്ടുകാരുടെ രോഷത്തിനിരയാകുന്നു. തന്റെ കൂട്ടരുടെ പടയൊരുക്കത്തിന് 'എൻറിക്കും' തന്നാലാവുന്ന വിധം പ്രവർത്തിക്കുന്നു. ഒടുവിൽ പോരാട്ട ത്തിൽ പരാജിതനായ 'മഗെല്ലൻ' മരണമേറ്റുവാങ്ങുന്നു. പിടിച്ചടക്കുക, അനുഭവിക്കുക എന്നതാണ് കൊളോണി യലിസത്തിന്റെ മുഖമുദ്ര. അത്തരത്തിൽ കീഴടക്കലിന്റെയും നാശത്തിന്റെയും കഥ പറയുന്ന ഈ ചിത്രത്തിൽ ഏറ്റുമുട്ടലുകളും അനന്തരഫലങ്ങളും ചിത്രീകരിച്ചിരിക്കുന്നു. യുദ്ധമല്ല മറിച്ച് ധാരാളം ശവശരീരങ്ങൾ നിലത്തു ചിതറിക്കിടക്കുന്ന കാഴ്ചകളാണ് ദീർഘ ഷോട്ടുകളിൽ നമുക്ക് മുന്നിലെത്തുന്നത്. തോക്കുകൾ, വിരസമായ കടൽയാത്രകൾ, രോഗങ്ങൾ, ഭീതി, രക്തരൂഷിതമായ ഏറ്റുമുട്ടലുകൾ തുടങ്ങിയവയ്ക്കും പ്രേക്ഷകൻ സാക്ഷിയാകുന്നു.

' ഡയസി 'ന്റെ ചിത്രങ്ങൾ പൊതുവേ ദൈർഘ്യമേറിയവയാണ്. ദീർഘഷോട്ടു കളും, നിശ്ശബ്ദതയും 'ഡയസി'ന്റെ പ്രത്യേകതയാണ്. 160 മിനിറ്റ് ദൈർഘ്യമുള്ള ഈ ചിത്രത്തിലും അത് കാണാനാകും. കടലോരത്ത് നിർമ്മിച്ച ഗ്രാമങ്ങളും കുടിലു കളും വളരെ തന്മയത്വമായി ചിത്രത്തിൽ പ്രതിഫലിക്കുന്നുണ്ട്. പ്രകൃതി ഭംഗി ഒപ്പിയെടുത്ത ചിത്രീകരണം മികച്ച ദൃശ്യാനുഭവമാണ് നൽകുന്നത്.

ഗെയ്ൽ ഗാർസിയ ബർണൽ, ആഞ്ജല അസവെഡോ, അമാഡോ അർജയ് ബാബോൺ, റോണി ലസാരോ, ലോസൽ ഒറെൻസിയോ തുടങ്ങിയവർ ഇതിൽ പ്രമുഖ വേഷങ്ങൾ ചെയ്യുന്നു. 2025 ലെ കാൻ ഫിലിം ഫെസ്റ്റിവലിൽ പ്രീമിയർ വിഭാഗത്തിൽ ഇത് പ്രദർശിപ്പിച്ചു. ഫിലിപ്പീൻസിൽ നിന്നുള്ള ഓസ്കാർ നോമിനേഷനിലും ' മഗെല്ലൻ' ഉൾപ്പെട്ടു.



K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# സിറാത്ത് : സ്വർഗ്ഗത്തിലേക്കുള്ള പാത



**ബെറ്റി ജോൺ**
(ഫിൽക്ക)




**Sirat**
Spain, France/ 114 mins /
**Dir. Oliver Laxe.**

**ദി വേജസ് ഓഫ് ഫിയറിനെയും സാബ്രിസ്കി പോയിന്റിനെയും ഓർമ്മിപ്പിക്കുന്ന ഒരു സിനിമയാണ് സിറാത്ത് . അസ്തിത്വചിന്തയിൽ അധിഷ്ഠിതമായ റോഡ് മൂവി എന്നും പ്രവചനപരമായ സയൻസ് ഫിക്ഷൻ എന്നും മനഃശാസ്ത്ര ദാർശനിക ചിത്രമെന്നും സിറാത്തിനെ വിശേഷിപ്പിക്കാം .**

**സ്പാനിഷ് ഫിലിം മേക്കർ ഒലിവർ ലാക്സ് സംവിധാനം ചെയ്ത സിറാത്ത് (2025) സ്പാനിഷ് ഫ്രഞ്ച് സഹനിർമ്മിതിയാണ് .**

**മരുഭൂമി,കാലാവസ്ഥ,വിജനത, മരണത്തിന്റെ സാന്നിധ്യം,അന്യഗ്രഹ പറുദീസയിലേക്കുള്ള സംഗീതത്തിന്റെ ആനന്ദം , ആൾക്കൂട്ടത്തിന്റെ നൃത്തോത്സവം ,**

ഹൃദയാർദ്രമായ ബന്ധത്തെ തേടിയുള്ള അന്വേഷണം, മൂന്നാം ലോകയുദ്ധത്ത തുടക്കം കുറിച്ചേക്കാവുന്ന സൈനിക ഭീഷണി , സ്വസ്ഥമായ ഇടംതേടിയുള്ള പലായനം , അഭൗതിക ഇടപെടൽ പോലുള്ള വിധിസങ്കല്പം, അകം കാഴ്ചയിലൂടെ സൂക്ഷ്മമമായ വഴിയിലൂടെ മരണത്തെ മറികടക്കൽ , വീണ്ടും ഭൗതിക തലത്തിലൂടെയുള്ള ജീവിതയാത്ര - അങ്ങനെ വിവിധ ഘടകങ്ങൾ സിറാത്ത് എന്ന സിനിമയിലുണ്ട് . സിറാത്ത് എന്നാൽ അറബ് മൗതിക ഭാഷയിലർത്ഥം - സ്വർഗ്ഗവനികയിലേക്കുള്ള പാത!

മനുഷ്യനെയും ലോകത്തെയും കൂട്ടായ്മയെയും വ്യക്തിയെയും അസ്തിത്വത്തെയും ശൂന്യതയെയും റാഡിക്കലിറ്റിയെയും





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

സാർവത്രികതയെയും പ്രപഞ്ചത്തെയും കുറിച്ചുള്ള ഒരു അനുഭവ ചിത്രം. സിനിമയുടെ തുടക്കത്തിനും സമാപനത്തിനും ഇടയിൽ വികസിക്കുന്നത് പ്രക്ഷുബ്ധവും പരിവർത്തനാത്മകവുമായ ശക്തിയുടെ അനുഭവമാണ് . മൗറോ ഹെഴ്സിന്റെ ഛായാഗ്രഹണവും കാങ് ഡിംഗ് റേയുടെ സംഗീതവും ലയ കാസനോവയുടെ ശബ്ദ രൂപകൽപ്പനയും ശ്രദ്ധേയമാണ്. ഇതേവരെയുള്ള 2020-കളിലെ 100 മികച്ച സിനിമകളുടെ പട്ടികയിൽ 25-ാം സ്ഥാനത്ത് ഈ ചിത്രത്തെ ഇൻഡിവയർ പ്രതിഷ്ഠിക്കുന്നു . 78-മത്



കാൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ജൂറി പ്രൈസ് നേടി. 98-മത് അക്കാദമി അവാർഡിനായി മികച്ച അന്തർദേശീയ സിനിമാ വിഭാഗത്തിൽ ഇടംപിടിച്ചു . മികച്ച വിദേശ ചിത്രം , പശ്ചാത്തല സംഗീതം എന്നിവയ്ക്ക് 83 -മത് ഗോൾഡൻ ഗ്ലോബ് അവാർഡ് വിഭാഗത്തിലേക്ക് നിർദേശിക്കപ്പെട്ടു . തെക്കൻ മൊറോക്കോയിലെ ഒരു മരുപ്രദേശത്ത്, യൂറോപ്യൻ നാടോടികളായ ഉല്ലാസഭരിതർ വലിയ ട്രക്കുകളിലും ക്യാമ്പർ വാനുകളിലുമായി വമ്പിച്ച സംഗീതമേളയ്ക്ക് എത്തിയിരിക്കുന്നു .

ഈ ഒത്തുചേരലിന് ഒരു തീർത്ഥാടനത്തിന്റെ പ്രതീതിയുണ്ട്. മതപരമായ അനുഷ്ഠാനം പോലെ ഗാംഭീര്യത്തോടെ വികസിക്കുന്ന തയ്യാറെടുപ്പുകൾ. മണലിന്റെ ഒരു നൃത്തവേദിയിൽ ക്രമീകരിച്ചിരിക്കുന്ന വലിയ ഉച്ചഭാഷിണികൾ. അവ ഒരു അന്യഗ്രഹത്തിൽ നിന്നുള്ള സ്പന്ദനങ്ങൾ പകരുന്ന പോർട്ടലുകൾ പോലെയാണ്. പ്രാപഞ്ചിക സാന്ദ്രതയോടെ സംഗീതം ഗംഭീരമായി മുഴങ്ങുന്നു. നർത്തകർ താളത്തിൽ മുഴുകുന്നു . ആകാശകാഴ്ചയിൽ അവർ ഉന്മാദനൃത്തമാടി ഒന്നായി കറങ്ങുന്നതായി തോന്നുന്നു. തിങ്ങി നിറഞ്ഞ ജനക്കൂട്ടം സംഗീത ലഹരിയിൽ മുഴുകിയ, നരകത്തിൽ പുലരുന്ന, നഷ്ടപ്പെട്ട ആത്മാക്കളെ പോലെയാണ് .

പ്രാപഞ്ചിക ധ്യാനം പൂക്കുന്ന സംഗീത തരംഗത്തിൽ , താളത്തിൽ ആറാടുന്നവർക്കിടയിലേക്ക്, രണ്ടുപേർ എത്തിച്ചേരുന്നു. മധ്യവയസ്കനായ ലൂയിസും (ലോപ്പസ്), അദ്ദേഹത്തിന്റെ ഇളയ മകൻ എസ്റ്റെബാനും (ബ്രൂണോ അർജോണ) അവരുടെ നായ പിപ്പയും . ലൂയിസ് അവിടെയുള്ള എല്ലാ ആളുകൾക്കും ഒരു ഫോട്ടോ സഹിത



K Pharma
HOME DELIVERY: +91 99958 11166
YOUR ESSENTIALS, DELIVERED MONTHLY
PERSONALISED NUTRITION TAILORED TO YOU

ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition



മുള്ള ലഘുലേഖകൾ നൽകുന്നു. അഞ്ചു മാസങ്ങൾക്ക് മുമ്പ് ഇതേപോലൊരു സംഗീതാധ്യാനത്തിൽ വെച്ച് അപ്രത്യക്ഷയായ തന്റെ കൗമാരക്കാരിയായ മകൾ മാരിനെ അവർ കണ്ടിട്ടുണ്ടോ എന്ന് നിരാശയോടെ ചോദിക്കുന്നു. അവർ മുഖം ചുളിച്ചു തലയാട്ടുന്നു . ചിലർക്ക് അസഹിഷ്ണുത. എന്നാൽ ബിഗുയി (റിച്ചാർഡ് ബെല്ലാമി), ജേഡ് (ജേഡ് ഔകിഡ്), സ്റ്റെഫ് (സ്റ്റെഫാ നിയ ഗദ്ദ), ടോണിൻ (ഒരു കാലുള്ള, തെരുവ് ഗായകൻ ) എന്നിവർക്ക് ജാഗ്രതയോടെയെങ്കിലും സഹതാപം . സൈന്യം ആൾക്കൂട്ടത്തെ പിരിച്ചുവിടാൻ എത്തുന്നു. സൈനിക ആവശ്യങ്ങൾ ക്കായി മരുഭൂമി ആവശ്യപ്പെടുന്നു. സൈന്യത്തിന്റെ ആജ്ഞയെ തുടർന്ന് ആൾക്കൂട്ടം മറ്റൊരിടത്തേക്ക്



യാത്രയാവുന്നു. എല്ലാവരുടെയും ട്രക്കുകൾ അംഗീകൃത വഴിയിലൂടെ ഓടിച്ചുകൊണ്ടു പോകുന്നു . എന്നാൽ ബിഗുയിയും സംഘവും ധിക്കാരപൂർവ്വം വഴിമാറി, വിദൂരമായ വിശാലതയിലെവിടെയോ രണ്ടാമത്തെ സംഗീത സ്ഥലത്തേക്ക് പോകുന്നു.

ചുട്ടുപൊള്ളുന്ന മരുഭൂമിയിൽ ലൂയിസും എസ്റ്റെബനും സ്വർഗത്തിനും നരകത്തിനും ഇടയിൽ ഒരു നൂൽപ്പാലത്തിലൂടെ എന്ന പോലെ യാത്ര തുടരേണ്ട അവസ്ഥയിലായി . മാരിന്റെ തിരോധാനത്തിനുള്ള ഉത്തരം ഈ ദിശയിലായിരിക്കാമെന്ന് മനസ്സിലാക്കിയ ലൂയിസ് തന്റെ കാറിൽ സംഘത്തെ



പിന്തുടരുന്നു. രാജ്യങ്ങൾ തമ്മിലുള്ള യുദ്ധം ആരംഭിച്ചുവെന്നും അത് മൂന്നാം ലോകയുദ്ധത്തിലെത്തുമെന്നും റേഡിയോ വാർത്ത പരക്കുന്നു .

സ്റ്റെഫ്, ജേഡ്, ടോണിൻ, ബിഗുയി, ജോഷ് എന്നിവരടങ്ങുന്ന റേവർമാർ ലൂയിസിനെയും എസ്റ്റെബനെയും പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഫലമുണ്ടായില്ല. മൗറിറ്റാനിയയ്ക്ക് സമീപമുള്ള ഒരു സ്ഥലത്തേക്ക് തെക്കോട്ട് പോകുമ്പോൾ, സംഘം അപകടങ്ങൾ നേരിടുകയും



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

അവർ പരസ്പരം കൂടുതൽ അടുക്കുകയും ചെയ്യുന്നു. അവർ ഭക്ഷണവും ഇന്ധനവും പങ്കിടുന്നു. വാഹനങ്ങളിൽ ഒരുമിച്ച് ഒരു നദി മുറിച്ചു കടക്കുന്നു. റേവറുകളുടെ എൽഎസ്ഡി കലർന്ന മലം കഴിച്ച വളർത്തുനായ പിപ്പ രോഗബാധിതനായപ്പോൾ ടോണിൻ തന്റെ ലെഗ് സ്റ്റമ്പ് ഉപയോഗിച്ച് ഒരു പപ്പറ്റ് ഷോ അവതരിപ്പിച്ച് സംഘത്തെ സന്തോഷിപ്പിക്കുന്നു.

ഒരു പർവ്വത ചുരം കടക്കുമ്പോൾ, വാനുകളിൽ ഒന്ന് ഒരു മണലിൽ പുതഞ്ഞു . ഏറെ പണിപ്പെട്ട് സംഘം വാഹനത്തെ മുന്നോട്ട് നീക്കി. പക്ഷേ അവരുടെ ആഘോഷത്തിനിടയിൽ ലൂയിസിന്റെ കാറിന്റെ ഹാൻഡ്ബ്രേയ്ക്ക് മാറിപ്പോകുന്നു . എസ്റ്റെബനും പിപ്പയും ഉള്ളിലുള്ള കാർ ഒരു പാറക്കെട്ടിൽ നിന്ന് പിന്നിലേക്ക് നീങ്ങി ഇരുവരെയുംകൊണ്ട് കൊക്കയിലേക്ക് മറിയുന്നു .മകന്റെ വിരഹം ലൂയിസിന് മാത്രമല്ല മറ്റുള്ളവർക്കും ഹൃദയനൊമ്പരമായി. മരുഭൂമിയിലെ പകലും രാത്രിയും കാലാവസ്ഥയും പൊടിക്കാറ്റും താണ്ടി രണ്ട് ട്രക്കുകൾ മുന്നോട്ട് പായുന്നു . ഒരു ട്രക്കിൽ ലൂയിസ് . ജീവിതം അയാൾക്കിപ്പോൾ നിരർത്ഥകവും വേദനയും ശൂന്യതയുമാണ് മകളെ കണ്ടെത്താനാവുന്നില്ല . മകനെയാവട്ടെ നഷ്ടപ്പെടുകയും ചെയ്തു . ട്രക്കുകൾ പ്രത്യേക സ്ഥലത്തെത്തി . അവിടെ സ്ഫോടനത്തിൽ ചിതറിയ വാഹനങ്ങളുടെ അവശിഷ്ടങ്ങൾ. ഒരു പ്രേതഭൂമി പോലെ .മണൽക്കുന്നുകൾക്കിടയിൽ ആടുകളുമായി പ്രത്യക്ഷപ്പെട്ട ബാലൻ അവരെ നോക്കിനിന്ന ശേഷം ഒരു മറുപടിയും നൽകാതെ മറഞ്ഞു . ദുഃഖിതനായ ലൂയിസ് മരുഭൂമിയിലേക്ക് ഒറ്റയ്ക്ക് നടന്നകലുന്നുവെങ്കിലും പിന്നാലെയെത്തിയ ജേഡും സ്റ്റെഫും ബോധമില്ലാതെ വീണുകിടക്കുന്ന അയാളെ രക്ഷിക്കുന്നു.

സംഘാംഗങ്ങളുടെ ആത്മാവിനെ ഉയർത്താൻ ജേഡ് അവരോട് ഒരു സൈക്കോ ആക്റ്റീവ് മയക്കുമരുന്ന് ഉപയോഗിക്കാൻ ആവശ്യപ്പെടുന്നു . രണ്ട് ലൗഡ്സ്പീക്കറുകൾ ഉപയോഗിച്ച് മരുഭൂമിയിൽ ഒരു റേവ് അവതരിപ്പിക്കുകയും ചെയ്യുന്നു. പ്രാപഞ്ചിക അനുഭൂതിയുണർത്തുന്ന സംഗീത ലഹരിയിൽ, ഒരു ലാൻഡ് മൈനിൽ ചവിട്ടി സ്ഫോട



നത്തിൽ അവൾ മരിക്കുന്നു. ജേഡിലേക്ക് എത്താൻ ശ്രമിക്കുമ്പോൾ, ടോണിൻ മറ്റൊരു മൈനിൽ ചവിട്ടി പൊട്ടിത്തെറിച്ച് കൊല്ലപ്പെടുന്നു.

ഒരു മൈൻഫീൽഡിന് നടുവിലാണ് തങ്ങൾ എന്ന് മനസ്സിലാക്കിയ അതിജീവിച്ചവർ, ഏകദേശം 60 മീറ്റർ അകലെ

KPharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

യുള്ള മൈൻ ഇല്ലാത്ത ഒരു പാറക്കെട്ടുള്ള പ്രദേശത്ത് എത്താൻ ദൃഢനിശ്ചയം ചെയ്യുന്നു . സുരക്ഷിതമായ ഒരു നടപ്പാത ഉറപ്പാക്കാൻ ശ്രമിച്ചുകൊണ്ട് അവർ ഒരു ഒഴിഞ്ഞ ട്രക്ക് മുന്നോട്ട് അയയ്ക്കുന്നു. അതും ഒരു മൈനിൽ തട്ടി പൊട്ടിത്തെറിക്കുന്നു. രണ്ടാമത്തെ ട്രക്കിലും ഈ പരീക്ഷണം ആവർത്തിക്കുന്നു. അതും ഗതിമാറി മൈനിൽ തട്ടി പൊട്ടിത്തെറിച്ചു .ഉദ്ദേശിച്ച പാത സൃഷ്ടിക്കുന്നതിൽ അവശേഷിച്ചവർ പരാജയപ്പെട്ടിരിക്കുന്നു. ഇവിടെ ജീവിതത്തിനും മരണത്തിനും ഇടയിൽ പ്രതീക്ഷയുടെ സുരക്ഷിത പാതയില്ല . വിജന വിശാലമായ മരുഭൂമിയും വിദൂരമായ അതിർത്തികൾക്കപ്പുറം യുദ്ധം നടക്കുന്ന ലോകവും മനുഷ്യ വിധിയും ഒട്ടേറെ ചോദ്യങ്ങളും ശൂന്യതയും ചിന്തകളിൽ ഉയർത്തുന്നുണ്ട്. അവർ വിമൂകരായി അനന്തതയെ നോക്കിനിൽക്കുന്നു. ജീവിതത്തിലെ സ്വർഗ്ഗ നരകങ്ങൾക്കിടയിൽ നിമിഷങ്ങളുടേതായ രക്ഷാവഴി കണ്ടെത്താനാവുമോ ?

എല്ലാം നഷ്ടപ്പെട്ട ലൂയിസ് ഒരു അന്ധനെ പോലെ മരവിച്ച മനസുമായി മുന്നോട്ട് ചുവടുവെച്ചു . മൈനുകൾക്കിടയിൽ രക്ഷയുടെ നൂൽപ്പാലത്തെ കുറിച്ച് ലൂയിസ് ആലോചിക്കുന്നതേയില്ല . ഉള്ളിന്റെ ഉള്ളിൽ നിന്ന് അജ്ഞാതശക്തി പ്രവർത്തിക്കുന്നത് പോലെ. പക്ഷെ ആകാംക്ഷയുടെ നിമിഷങ്ങൾ കടന്ന്, മുന്നോട്ട് നടന്ന് സുരക്ഷിത ഭാഗത്തെത്തുന്നു . ലൂയിസിന്റെ കാൽപ്പാടുകൾ പിന്തുടർന്ന് ബിഗുയിയും മുന്നോട്ട് ചുവട് വെയ്ക്കുന്നു. പക്ഷേ ഒരു മൈനിൽ ചവിട്ടി അയാൾ പൊട്ടിത്തെറിക്കുന്നു ...ജീവിതത്തിലേക്ക് നടന്നുചെല്ലാൻ ഇനിയുള്ളത് സ്റ്റെഫും ജോഷുമാണ് . ഭാവിയെ കുറിച്ചും ഭാഗ്യത്തെ കുറിച്ചും വിധിയെ കുറിച്ചും ഒന്നും ചിന്തിക്കാനില്ല. അവർ കണ്ണുകൾ അടച്ച് അതേ പാത പിന്തുടർന്ന് സുരക്ഷിതമായി ലൂയിസിന്റെ അടുത്തെത്തുന്നു...

മരുഭൂമിയിലൂടെ ഒരു തീവണ്ടി കുതിച്ചു പായുന്നു . ബോഗികൾക്ക് മുകളിൽ നിറയെ തദ്ദേശവാസികൾ . മറ്റൊരു ശാദ്വല ഭൂമി തേടിയുള്ള മനുഷ്യ പ്രയാണം . അവർക്കിടയിൽ അങ്ങിങ്ങായി ലൂയിസും സ്റ്റെഫും ജോഷും വിദൂരതയിൽ നോക്കി യിരിക്കുന്നു ...

തീവണ്ടി മരുഭൂമിയ്ക്ക് നടുവിലൂടെ പായുകയാണ് . ലോകത്തിന്റെ അതിർത്തികൾക്കപ്പുറം, നൊമ്പരങ്ങൾക്കും ശൂന്യതയ്ക്കും അപ്പുറം ഇനിയും മറ്റൊരു സ്വർഗ്ഗത്തിലേക്കുള്ള പാതയിൽ



K Pharma
HOME DELIVERY:
+91 99958 11166
YOUR ESSENTIALS, DELIVERED MONTHLY
PERSONALISED NUTRITION TAILORED TO YOU

ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# പാപ്പ ബുക്ക (Papa Buka)



**അഞ്ജു കാർത്തിക**
(ഫിൽക്ക)




**Papa buka /**
Papa New Guinea / 100 min /
**Dir. Biju**

100 മിനിറ്റ് ദൈർഘ്യത്തിൽ ഒട്ടും ബോറടിപ്പിക്കാതെ, മലയാളിക്ക് സുപരിചിതനായ ഡോ. ബിജു സംവിധാനം ചെയ്ത പാപുവ ന്യൂ ഗിനിയയെന്ന കൊച്ചുരാജ്യത്തെ ന്യൂ ഗിനിയയുടെ ചരിത്രത്തിൽ പ്രഥമ ഔദ്യോഗിക ഓസ്കാർ എൻട്രിയിലെത്തിച്ച ഗിനിയയുടെ സംഗീതം പോലെ മനോഹരമായൊരു ചിത്രമാണ് പാപ്പ ബുക്ക.

പാപുവ ന്യൂ ഗിനിയയുടെ സംസ്കാരവും ഭൂപ്രകൃതിയും അതി മനോഹരമായി ഈ ചിത്രത്തിൽ പകർത്തിയിട്ടുണ്ട് സംവിധായകനായ ബിജു.

ഐഎഫ്എഫ്കെ 2025 ലോക സിനിമ വിഭാഗത്തിൽ പ്രദർശിപ്പിച്ച പാപ്പാ ബുക്ക (Papa Buka). ആഗോളതലത്തിൽ പ്രതിനിധാനം ചെയ്യാൻ തക്ക രീതിയിലുള്ള ദൃശ്യ ശ്രവ്യ സാധ്യതകൾ ചേർത്താണ് സംവിധായകൻ അണിയിച്ചൊരുക്കിയിരിക്കുന്നത്.

രണ്ടാം ലോക മഹായുദ്ധകാലത്ത് ബ്രിട്ടീഷ് സൈന്യത്തിനൊപ്പം സേവനം ചെയ്യാൻ പാപുവ ന്യൂ ഗിനിയയിലെത്തി മരണമടഞ്ഞ അനേകം ഇന്ത്യക്കാർക്കും യുദ്ധത്തിൽ അകാലചരമം വരിച്ച പാപുവ ന്യൂ ഗിനിയയിലെ തദ്ദേശീയരുടെയും അറിയപ്പെടാത്ത കഥകളാണ് പാപ്പാ ബുക്ക എന്ന സിനിമ കഥയിലൂടെ നീളം പറയുന്നത്.



KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



ചരിത്രം അങ്ങനെയാണ്, അത് കുറേ മനുഷ്യരെ മറന്നുകളയും. ലോകത്ത് എല്ലാ വിഭാഗങ്ങളിലുമുള്ള ആളുകൾ അങ്ങനെ മറക്കപ്പെട്ടവരുടെ എണ്ണത്തിൽ പ്പെടുന്നവരുമാണ്.

പലയിടത്തും രേഖപ്പെടുത്താത്ത കണക്കിൽ പെട്ടതാണ് രണ്ടാം ലോക മഹായുദ്ധ കാലത്ത് ഇന്ത്യയും ഔഷ്യാനിയ രാജ്യമായ പാപുവ ന്യൂ ഗിനിയയും തമ്മിലുണ്ടായിരുന്ന ബന്ധവും അതിൽ മരണപെട്ട ധീര യോദ്ധാക്കളും. എണ്ണം തിട്ടപ്പെടുത്താത്ത അനേകം ഇന്ത്യൻ സൈനികരുടെ പേരുകൾ ഇന്നുമവിടെ യുള്ള ശ്മശാനങ്ങളിലുണ്ട്.

ഇന്ത്യൻ സൈനികനായിരുന്ന മുത്തച്ഛന് എന്ത് സംഭവിച്ചുവെന്ന് കണ്ടെത്തു കയെന്ന ഉദ്ദേശത്തോടെ അവിടെയെത്തുന്ന ചരിത്രകാരൻമാരായ ബംഗാളിയായ റൊമീല ചാറ്റർജിയും അവളുടെ സുഹൃത്തായ ആനന്ദ് കുഞ്ഞിരാമൻ എന്ന മലയാളിയിലൂടെയുമാണ് 1940-കളിലെ പാപുവ ന്യൂ ഗിനിയയുടെ ഇന്ത്യൻ ബന്ധം സംവിധായകൻ പറഞ്ഞു തുടങ്ങുന്നത്.റൊമീലയെയും ആനന്ദിനെയും സഹായിക്കാനായി കൊക്കോഡ ട്രാക്ക് യുദ്ധത്തിൽ



പങ്കെടുത്ത വാർ വെറ്ററനായ പാപ്പാ ബുക്ക എത്തുന്നതോടെ പാപുവ ന്യൂ ഗിനിയ യുടെ മനോഹരമായ ഭൂപ്രദേശങ്ങളിലൂടെ സിനിമ സഞ്ചരിച്ചു തുടങ്ങുന്നു.



K Pharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition



മൂവരും അവരുടെ സാരഥിയായ ഡ്രൈവർക്കൊപ്പം പാപുവ ന്യൂ ഗിനിയയിലെ തദ്ദേശീയ ഊരുകളിലേക്ക് പോകുന്നു. അവിടുന്നുള്ള തിരിച്ചു വരവിൽ കൊടും വനത്തിൽ വച്ച് അവർ സഞ്ചരിച്ച വാഹനം കേടാകുകയും പിന്നീട് അവർ നേരിടുന്ന പ്രതിസന്ധികളുമാണ് കാണാൻ കഴിയുന്നത്.



മുത്തച്ഛനെ കണ്ടെത്താനുള്ള അവസാന കച്ചിത്തുരുമ്പാണ് പാപ്പാ ബുക്ക എന്ന ആ വയോവൃദ്ധൻ. എന്നാൽ പകുതി വഴിയിൽ പാപ്പബുക്ക അവരിൽ നിന്നും. എന്നേക്കുമായി യാത്ര പറഞ്ഞു പോകുകയാണ്..പാപുവ ന്യൂ ഗിനിയയിലെ തദ്ദേശവാസി കൾ ഏറെ സൽക്കാര പ്രിയരാണ്.സ്നേഹിക്കാൻ മാത്രമറിയുന്ന പ്രകൃതിയുടെ മക്കൾ.

റൊമീലയുടേയും ആനന്ദിന്റെയും വഴികാട്ടിയായ ആ മനുഷ്യന് മുത്തച്ഛനെ കാട്ടിത്തരാൻ ഇനി കഴിയില്ലയെന്നറിഞ്ഞിട്ടും പകുതിവഴിയിൽ ഉപേക്ഷിക്കാതെ സ്നേഹവായ്പുകളോടെ കരുണ കാട്ടുകയാണ് റോമിലയെന്ന ഇന്ത്യക്കാരി. അവിടെ അവൾക്ക് നഷ്ടപ്പെട്ട മുത്തച്ഛന് ചെയ്യാൻ കഴിയാതെ പോയ അന്ത്യകർമ്മങ്ങൾ ചെയ്തു യാത്ര അയക്കാനായി യാത്ര തുടരുന്നിടത്തു സംവിധായകൻ കഥ പറഞ്ഞവസാനിപ്പിക്കുന്നു.. തദ്ദേശീയരായ ഭൂമിയുടെ യഥാർഥ ഉടമസ്ഥരെ എല്ലായിടത്തും നിഷ്ഠൂരമായി അടിച്ചമർത്തുന്നത് പോലെ തന്നെയായിരുന്നു പാപുവ ന്യൂ ഗിനിയയിലും സംഭവിച്ചത്.

ലോകത്തെ ഏറ്റവും വൈവിധ്യം നിറഞ്ഞ രാജ്യമെന്ന വിശേഷണം പേറുന്ന പാപുവ ന്യൂ ഗിനിയ ഏറെക്കാലമായി സംഘർഷ നിബിഢമായിരുന്നു. ബോംബുകൾ പാറിവീഴുന്ന ഹെലികോപ്റ്ററുകൾ എന്നുമവരുടെ പേടിസ്വപ്നമായിരുന്നു. യുദ്ധങ്ങളിലൂടെ അവർക്ക് അവരുടെ കുറേ മനുഷ്യരെ എന്നന്നേക്കുമായി






ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

നഷ്ടപ്പെട്ടു. എല്ലാ യുദ്ധങ്ങളിലെയും പോലെ പരാജയങ്ങൾ മാത്രമേ ആ മണ്ണിലും സംഭവിച്ചിട്ടുള്ളൂയെന്ന് അടിവരയിടുകയാണ് സംവിധായകൻ ഈ സിനിമയിലൂടെയും.

പാപുവ ന്യൂ ഗിനിയയിലെ കാടുകളിൽ അന്ത്യം വരിച്ച ഇന്ത്യൻ സൈനികരെ പോലെ, കൊല്ലപ്പെട്ട തദ്ദേശീയരുടെയും എണ്ണം വ്യക്തമല്ല. അവരെ കുറിച്ച് അന്വേഷിക്കുന്നതിനൊപ്പം സമാന്തരമായി, പാപുവ ന്യൂ ഗിനിയ സംസ്കാരത്തെയും ജീവിതത്തെയും വിശദമായി ലോകത്തിന് പരിചയപ്പെടുത്തുകയാണ് ഡോ. ബിജു.

ഡോ. ബിജുവിന്റെ മുൻ ചിത്രങ്ങളിലെ പോലെ തന്നെ മികച്ചതെന്ന് നിസംശയം പറയാവുന്ന ചിത്രമാണ് പാപ്പാ ബുക്കയും. 2025 ൽ പാപുവ ന്യൂ ഗിനിയ സ്വാതന്ത്ര്യ ത്തിന്റെ 50-ാം വാർഷികം ആഘോ ഷിക്കുന്ന വേളയിലാണ് ഈ ചിത്രം

പാപുവ ന്യൂ ഗിനിയയുടെ ആദ്യ ഓസ്കാർ എൻട്രിയായി തിരഞ്ഞെടുക്കപ്പെട്ടത്. പാപുവ ന്യൂ ഗിനിയൻ സംഗീതവും ഭാഷകളും ഉപയോഗിച്ച്, അവരുടെ സംസ്കാരവും യുദ്ധത്തിന്റെ സ്വാധീനവും മനോഹരമായി ചിത്രത്തിൽ അവതരിപ്പിക്കുന്നുണ്ട്.

ടോക് പിസിൻ, ഹിന്ദി, ബംഗാളി, ഇംഗ്ലീഷ് ഭാഷകളിലാണ് ചിത്രം ചിത്രീകരിച്ചിരിക്കുന്നത്. 85 വയസ്സുള്ള , സിനിമയുമായി യാതൊരു ബന്ധവു മില്ലാത്ത, പാപുവ ന്യൂ ഗിനിയൻ മൂപ്പൻ സൈൻ ബൊബോറോയാണ് പ്രധാന വേഷം ചെയ്തിട്ടുള്ളത്., ഒപ്പം ഋതഭാരി ചക്രവർത്തി, പ്രകാശ് ബാരെ എന്നിവർ ക്കൊപ്പം ജോൺ സൈക്ക്, ബാർബറ അനതു, ജേക്കബ് ഒബുരി, സാന്ദ്ര ദാവൂമ, ക്ലെമന്റ് ജിമ, മാക്സ് മാസോ എന്നിവരും ചിത്രത്തിൽ അഭിനയിച്ചിട്ടുണ്ട്.



K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



പാപുവ ന്യൂ ഗിനിയ-ഇന്ത്യ സംയുക്ത നിർമ്മാണ ചിത്രമാണ് പാപ്പാ ബുക്ക. പാപ്പുവ ന്യൂ ഗിനിയ ആസ്ഥാനമായുള്ള നാഫയുടെ ബാനറിൽ നോലീൻ തൗലവുനം, ഇന്ത്യൻ നിർമ്മാതാക്കളായ അക്ഷയ് കുമാർ പരിജ (അക്ഷയ് പരിജ പ്രൊഡക്ഷൻസ്), പാ രഞ്ജിത്ത് (നീലം പ്രൊഡക്ഷൻസ്), പ്രകാശ് ബാരെ (സിലിക്കൺ മീഡിയ) എന്നിവർ ചേർന്നാണ് ഈ ചിത്രം നിർമ്മിച്ചിരിക്കുന്നത്.

മൂന്ന് തവണ ഗ്രാമി അവാർഡ് ജേതാവായ റിക്കി കെജ് ആണ് സംഗീതം ഒരുക്കിയിരിക്കുന്നത് . യദു രാധാകൃഷ്ണൻ ഛായാഗ്രഹണവും, ഡാനിയേൽ ജോയ്നർ ഡാഗ്റ്റ് സഹ- രചനയും ഡേവിസ് മാനുവൽ എഡിറ്റിംഗും നിർവ്വഹിച്ചിരിക്കുന്ന ചിത്രമാണ് പാപ്പ ബുക്ക.





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# പാചകം, പോരാട്ടം, പുനർ ജീവിതം: ഫുൾ പ്ലേറ്റ് (Full Plate)



**നിമിഷ ഹെലൻ**
( ഫിൽക്ക)




**Full Plate**
109 min/ Indian Cinema /
**Dir: Tannishtha Chatterji**

**ആമുഖം:**


കേരള രാജ്യാന്തര ചലച്ചിത്ര ഉത്സവത്തിൽ മൂന്നാം ദിവസം ഉച്ചക്ക് കൈരളി തിയേറ്ററിലാണ് 'ഫുൾ പ്ലേറ്റ് ' എന്ന സിനിമ കണ്ടത്. ഒരു യാഥാസ്ഥിതിക മുസ്ലിം കുടുംബത്തിലെ ഗൃഹനാഥ വാഹന അപകടം പറ്റി കിടപ്പിലായ തന്റെ ഭർത്താവിനെയും മൂന്നു കുട്ടികളെയും പോറ്റുന്നതിനായി വീട്ടു ജോലിക്കു പോകുമ്പോൾ നേരിടേണ്ടി വരുന്ന കഷ്ടപ്പാടുകൾ, മത പരമായ വിലക്കുകൾ, ഭർത്താവിന്റെ മർദ്ദനം, കുടുംബ പ്രശ്നങ്ങൾ എന്നിവയാണ് സിനിമയുടെ കാതൽ.

എന്നാൽ അതിനപ്പുറം വിലക്കുകൾക്കപ്പുറം ജീവിക്കാൻ കൊതിക്കുന്നു എങ്കിലും യഥാർത്ഥ ജീവിതത്തിൽ നിസ്സഹായയായി പോകുന്ന സ്ത്രീയുടെ മനോരഥങ്ങൾ കൂടി തനിഷത ചാറ്റർജി തുറന്നു കാണിക്കുന്ന കീർത്തി കുൽഹാരിയെ നായികയാക്കി തനിഷത ചാറ്റർജി സംവിധാനം ചെയ്ത് 2025 ൽ പുറത്തിറങ്ങിയ 'ഫുൾ പ്ലേറ്റ് ' എന്ന ഹിന്ദി ചിത്രത്തിൽ ഷരീബ് ഹാഷ്മി, മോണിക്ക ദോഗ്ര, ഇന്ദ്രനീൽ സെൻഗുപ്ത എന്നിവരാണ് പ്രധാന വേഷങ്ങളിൽ അഭിനയിക്കുന്നത്.

**സംഗ്രഹം:**

കിടപ്പിലായ തന്റെ ഭർത്താവിനെ ശുശ്രൂഷിച്ചും മക്കളെ പഠിപ്പിക്കാൻ കഷ്ടപ്പെടുകയും ചെയുന്ന ബുർഖാ ധാരിയായ അമൃൻ എന്ന ഗ്രാമീണ യുവതി വീട്ടു ജോലിക്ക് പോകാൻ നിർബന്ധിതയാകുന്നു.. സുഹൃത്തും അയൽവാസിയും വീട്ടു ജോലിക്കാരിയുമായ ഒരു സ്ത്രീ തന്റെ







അവധി കാലഘട്ടത്തിൽ അമൃനെ പകരക്കാരിയായി ജോലിക്ക് ചേർക്കുന്നു. 'വീഗനിസം' പിന്തുടരുന്ന ദമ്പതിമാരുടെ വീട്ടിൽ നോൺ വെജ് ഭക്ഷണം തയ്യാറാക്കാൻ മാത്രം അറിയാവുന്ന അമൃൻ കഷ്ടപ്പെടുന്നു. പേര് പോലും അറിയാത്ത പച്ചക്കറി പലതും എങ്ങനെ മുറിക്കണമെന്നും പാകം ചെയ്യണമെന്നും അറിയാതെ ഞെട്ടുന്ന പല ഭാഗങ്ങളും പ്രേക്ഷകരെ ചിരിപ്പിച്ചിരുത്തുന്നുണ്ട്. മകൻ വീഡിയോ കാണിച്ചു കൊടുത്തു പഠിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്നു. കഥയുടെ പകുതി ആകുമ്പോൾ അമൃൻ ഒരു പ്രഫഷണലിനെ പോലെ ജോലി ചെയ്യുകയും ധാരാളം വീട്ടുകാർ പാചകത്തിനായി അമൃനെ ക്ഷണിക്കുകയും ചെയ്യുന്നുണ്ട്. സന്തോഷകരമായ സാഹചര്യത്തിൽ വീണ്ടും ജോലിക്കു പോയ വീട്ടിലെ ഫോട്ടോഗ്രാഫർ തന്റെ ഒരു ഫോട്ടോ എടുത്തു ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്യുന്നതോടെ പ്രതിസന്ധികൾ ഉണ്ടാകുന്നു. ഒരു ഫോട്ടോയുടെ പേരിൽ ഭർത്താവിന്റെ ഗാർഹിക പീഡനത്താൽ അമൃൻ കിടപ്പിലാകുന്നു.

കഥാന്ത്യത്തിൽ അമൃൻ വിവാഹമോചനം നേടി സ്വന്തമായി തുടങ്ങിയ ഹോട്ടലിൽ വഴിതിരിവായ തന്റെ ഫോട്ടോ ഫ്രെയിം ചെയ്തു വെയ്ക്കുന്നു.

**സ്ത്രീ പ്രതിനിധാനം:**

യാഥാസ്ഥിതിക കുടുംബത്തിലെ വിലക്കുകളുള്ള സ്ത്രീ, ഒരു വിലക്കുകളും ഇല്ലാത്ത ആരോടും ഉച്ചത്തിൽ കയർക്കുന്ന അയൽക്കാരി, പശ്ചാത്യ





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition



സംസ്കാരം പിന്തുടരുന്ന ജോലിയുള്ള ഒരു സ്ത്രീ എന്നിങ്ങനെ സിനിമയിലുള്ള പ്രധാനപ്പെട്ട മൂന്നു സ്ത്രീ കഥാപാത്ര ങ്ങളും ജോലി ചെയ്തു കുടുംബം പുലർത്തുന്നവരാണ്. ഇതിൽ അമ്യുനു മാത്രമാണ് യാതൊരുവിധ സ്വാതന്ത്ര്യവും ഇല്ലാത്തത്. യാഥാസ്ഥികത്വവും മത മൂല്യങ്ങളും നിത്യജീവിതത്തെ പോലും എത്രത്തോളം ഭീതിദമാക്കുന്നു എന്നു സിനിമ കാണിക്കുന്നു.



മോഡേൺ വസ്ത്രങ്ങൾ ധരിക്കാനും , ബുർഖ ഇല്ലാതെ സ്കൂട്ടറിൽ ചീറി പായാനും അമ്യുൻ കൊതിക്കുന്നു വെങ്കിലും വിലക്കുകൾ അവളെ വിധേയ ത്വമുള്ള നിസ്സഹായയാക്കി മാറ്റുന്നു. മതമില്ലത്ത ഇടങ്ങളിലാണ് സ്വാതന്ത്ര്യം എന്നു സിനിമ പരോക്ഷ പ്രസ്താവന നടത്തുന്നു.

പുരുഷന്മാർ നിയന്ത്രണാധികാരിയായി മാറുന്ന ഇടത്തു സ്ത്രീകളെ ബഹുമാനി ക്കുന്ന പുരുഷന്മാരും കൂടെ ഉണ്ടെന്ന് സിനിമയിലെ ഫോട്ടോഗ്രാഫർ കഥാ പാത്രവും അമ്യുന്റെ മകൻ കഥാപാത്രവും തെളിയിക്കുന്നു. ആദ്യപകുതി അമ്യുന്റെ കഷ്ടപാടുകൾക്കിടയിലും അവളുടെ ചിന്ത കളും സ്വപ്നങ്ങളും വാർത്തമാനവും നർമ്മത്തോടെയാണ് അവതരിപ്പിക്കുന്നത്. വീഗൻ ദമ്പതിമാരുടെ വീട്ടിലെ പെരുമാറ്റം, അയൽക്കാരിയോടുള്ള കുശലം പറച്ചിൽ, ഇതെല്ലാം അമ്യുന്റെ അറിവില്ലായ്മയും അറിയാനുള്ള ആഗ്രഹവും വളരെ നിഷ്ക്കളങ്കമായി തന്നെ അവതരിപ്പിക്കുന്നു. ആദ്യപകുതി ക്കു ശേഷം ഭർത്താവിന്റെ സംശയവും മർദ്ദനവും അവശതയും നിസ്സഹായതയും നിറഞ്ഞ അമ്യുന്റെ മുഖം സംഭാഷണങ്ങൾ ഇല്ലെങ്കിലും പ്രേക്ഷകരിലും സഹതാപം നിറയ്ക്കുന്നു. എന്നാൽ ക്ലൈമാക്സ് രംഗം തുടങ്ങുന്നത് ഭർത്താവ് മർദ്ദിക്കാൻ ഇടയാക്കിയ ക്യാമറയിൽ എടുത്ത ഫോട്ടോ ഫ്രെയിം ഇരിക്കുന്ന ഹോട്ടലിൽ അമ്യുൻ തിരിഞ്ഞു നോക്കുന്നതാണ്.ഭൂതകാല ത്തിലെ വേദനകളിൽ ചവിട്ടി നിന്ന് അമ്യുൻ സ്വന്തമായി ഒരു ലോകം സൃഷ്ടിച്ചു. അപ്പോഴും അവൾ ഹിജാബ് മാത്രം മാറ്റു ന്നില്ല. ഹിജാബ് തന്റെ വ്യക്തി സ്വാതന്ത്ര്യ മായി അവൾ പരിഗണിക്കുന്നു.



K Pharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



**ഉപസംഹാരം:**

പുരുഷ കേന്ദ്രീകൃത വ്യവസ്ഥിതിയിൽ സ്ത്രീകളുടെ പരിചിതമായ ജീവിത സാഹചര്യങ്ങളിൽ നിന്നുള്ള ഒരു കഥാതന്തുവാണ് സിനിമയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. മലയാളത്തിലെ 'ജയ ജയ ജയ ഹേ', 'ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ' എന്നിവക്കു ഏകദേശം സമാനമാണ് ഹിന്ദിയിൽ പുറത്തിറങ്ങിയ 'ഫുൾ പ്ലേറ്റ് ' എന്ന ഈ ചിത്രം. കുടുംബത്തിന്റെ ദാരിദ്ര്യം നികത്തി 'പാത്രം നിറക്കാൻ' പരിശ്രമിക്കുന്ന സ്ത്രീ വിലമതിക്കപ്പെടാതെ പോകുന്നതിലുള്ള പ്രതിഷേധവും, സ്വന്തമായി മുന്നേറാനുള്ള പ്രചോദനവുമാണ് സിനിമ മുന്നോട്ട് വെയ്ക്കുന്നത്.






ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# ഉപ്പ് നിറഞ്ഞ സൗന്ദര്യം (Amrum)



**പി. എസ്. ജ്യോതിഷ്കുമാർ**
(ഫിൽക്ക)




**Amrum**
/ Germany/ 93 mins /
**Dir: Fatih Akin.**

2025ലെ മുപ്പതാമത് കേരള അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ ലോക സിനിമ വിഭാഗത്തിൽ പ്രദർശിപ്പിച്ച ജർമ്മൻ സിനിമ . **Fatih Akin, Hark Bohm** എന്നിവർ ചേർന്ന് രചന നിർവഹിക്കുകയും **Fatih Akin** സംവിധാനം ചെയ്യുകയും ചെയ്ത 93 മിനിറ്റ് ദൈർഘ്യമുള്ള **Amrum**.

ജർമ്മനിയുടെ വടക്കൻ കടൽത്തീരത്തിലെ അമ്രും എന്ന ദ്വീപിനെ പശ്ചാത്തലമാക്കി ഒരുക്കിയ മനോഹരമായ സിനിമയാണ്. വലിയ സംഭവവികാസങ്ങളോ അതിവേഗ കഥാപ്രവാഹമോ ഇല്ലാതെ, മനുഷ്യബന്ധങ്ങളും പ്രകൃതിയുമായുള്ള ബന്ധവും വളരെ സാവധാനത്തിൽ പറയുന്ന ഒന്ന് .

രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാന ആഴ്ചകളിൽ അതേ പേരിലുള്ള നോർത്ത് ഫ്രിസിയൻ ദ്വീപിൽ നടക്കുന്ന ഒരു ഹൃദയസ്പർശിയായ ചരിത്രഗാഥ . തിരക്കഥയുടെ സഹ-രചയിതാവായ, ഇതിഹാസ ജർമ്മൻ ചലച്ചിത്ര നിർമ്മാതാവ് ഹാർക്ക് ബോമിന്റെ ബാല്യകാല ഓർമ്മ കളെ അടിസ്ഥാനമാക്കിയുള്ളത് .

നാസി ഭരണകൂടത്തിന്റെ തകർച്ചയെ ഒരു കുട്ടിയുടെ കണ്ണുകളിലൂടെ കാണിച്ചു തരികയാണിതിൽ. 1945-ൽ 12 വയസ്സുള്ള നാനിംഗ് (നവാഗതനായ ജാസ്പർ ബില്ലർബെക്ക് അവതരിപ്പിച്ചത്) എന്ന കുട്ടിയിലൂടെയാണ് കഥ പുരോഗമിക്കുന്നത്.



KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition




കുടുംബത്തിലെ മൂത്ത കുട്ടിയായ നാനിംഗ് ബോം, ഉരുളക്കിഴങ്ങ് പാടങ്ങളിൽ ജോലി ചെയ്യുകയും കുടുംബം പോറ്റാൻ അമ്മയെ സഹായിക്കാൻ വിറക് ശേഖരിക്കുകയും ചെയ്യുന്നു. അവൻറെ ഗർഭിണിയായ അമ്മ ഒരു കടുത്ത നാസിയാണ്. ബോംബാക്രമണത്തിൽ തകർന്ന ഹാംബർഗിൽ നിന്ന് നാനിംഗും അമ്മായി എനയും ര് ഇളയ സഹോദരങ്ങളും ദ്വീപിലേക്ക് പലായനം ചെയ്യേണ്ടിവന്നു. നാനിംഗിൻറെ പിതാവ് ഒരു എസ്എസ്-ലെഫ്റ്റനന്റ് കേണൽ ആണ് . അദ്ദേഹം യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. അയാളുടെ ഭാര്യക്ക് അമ്രുവിൽ സ്വയം സംരക്ഷിക്കപ്പെടേണ്ടി വരുന്നു. അതേസമയം ഗ്രാമവാസികൾ രഹസ്യമായി റേഡിയോയിൽ നിരോധിത ജാസ് കേൾക്കുന്നു.

യുദ്ധം അവസാനിക്കുമ്പോൾ, നാനിംഗ് പുതിയ വെല്ലുവിളികൾ നേരിടുന്നു. സഹോദരിയുടെ ജനനത്തിനും അഡോൾഫ് ഹിറ്റ്ലറുടെ മരണത്തിനും ശേഷം, അവൻറെ അമ്മ കടുത്ത വിഷാദത്തിലേക്ക് വീഴുകയും ഭക്ഷണം കഴിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നു. വെണ്ണയും തേനും ചേർത്ത വെളുത്ത അപ്പത്തിനായുള്ള അവരുടെ ആഗ്രഹം നിറവേറ്റുന്നതിനുള്ള മൂന്ന് ഇനങ്ങൾ കത്താൻ നാനിംഗ് ഒരു യക്ഷിക്കഥ പോലുള്ള അന്വേഷണം ആരംഭിക്കുകയാണ്.

യുദ്ധം ദ്വീപിനെ എല്ലാറ്റിൻറെയും കടുത്ത ക്ഷാമത്തിലേക്ക് തള്ളിവിട്ടതിനാൽ ഇത് എളുപ്പമുള്ള കാര്യമല്ല. ബാർട്ടറിംഗ് വഴി, വെണ്ണ, പഞ്ചസാര തുടങ്ങിയ പ്രിയപ്പെട്ട ചേരുവകൾ നേടാൻ അവൻ ശ്രമിക്കുന്നു. തകർന്നുകൊിരിക്കുന്ന ജർമ്മനിയിൽ കണ്ടെത്താൻ കഴിയാത്ത ആഡംബരങ്ങളായിരുന്നു അവ.





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



യുദ്ധം വൻകരയെ മുഴുവൻ തകർക്കുമ്പോൾ, കാറ്റിൽ വീശുന്ന അമ്രം ദ്വീപിലെ ജീവിതം വഞ്ചനയുടെ പറുദീസ പോലെയാണ് തോന്നുന്നത്. എന്നിരുന്നാലും, യുദ്ധത്തിന്റെ കടുത്ത യാഥാർത്ഥ്യം എല്ലായ്പ്പോഴും നില നിൽക്കുന്നു.

ദ്വീപിലെ ചെളിക്കുുകളിലൂടെയും പ്രാദേശിക രാഷ്ട്രീയത്തിലൂടെയും നാനിംഗ് സഞ്ചരിക്കുമ്പോൾ, ശത്രു എന്നത് ഒരു വിദേശ ശക്തി മാത്രമല്ല, മറിച്ച് സ്വന്തം വീട്ടിലും സമൂഹത്തിലും വ്യാപിച്ചിരിക്കുന്ന വിഷലിപ്തമായ പ്രത്യയശാസ്ത്രമാണെന്ന് അവൻ മനസ്സിലാക്കാൻ തുടങ്ങുന്നു.



ബാല്യകാല പ്രബോധനത്തിൽ നിന്ന് ധാർമ്മിക ഉണർവിലേക്കുള്ള പ്രയാസ കരമായ പരിവർത്തനത്തെ ഈ സിനിമ അന്വേഷിക്കുന്നുണ്ട്.

നാസികൾ കാരണം അവന്റെ അമ്മാവൻ തിയോ അമേരിക്കയിൽ തന്നെ തുടരേണ്ടി വന്നതും പ്രതിശ്രുത വധുവായ റൂത്ത് കൊല്ലപ്പെട്ടതും നാനിംഗ് മനസിലാക്കുന്നു. ആ ദുരന്തത്തിൽ അവന്റെ അമ്മക്കൊപ്പം അവനും തെറ്റുകാരനാണോ എന്ന്



ചിന്തിക്കുമ്പോൾ, അമ്മാവൻ തിയോ ഒരു സ്വപ്നത്തിൽ അവന് പ്രത്യക്ഷപ്പെട്ട് അവനോട് പറയുന്നു: നീ കുറ്റക്കാര നല്ല, പക്ഷേ നീ ഇപ്പോഴും അതിൽ ഉൾപ്പെട്ടിരിക്കുന്നു.

ദ്വീപിനെയും അതിലെ നിവാസി കളെയും, അവിടെ സംസാരിക്കുന്ന ഫ്രിസിയൻ ഭാഷയെയും അവൻ കൂടുതൽ മനസ്സിലാക്കുന്നു. തന്റെ അമ്മയുടെ ഇഷ്ടഭോജ്യം എന്ന ലക്ഷ്യം നേടുന്നതിന്റെ ഭാഗമായി സീൽ വേട്ടയിലും മുയലിനെ വെട്ടിമുറിക്കുന്നതിലും സഹായിക്കു മ്പോൾ അവൻ മരണത്തെ നേരിടുന്നുണ്ട്.

KPharma
HOME DELIVERY:
+91 99958 11166





ചിത്രത്തിന്റെ ഏറ്റവും വലിയ ശക്തി അതിന്റെ ദൃശ്യഭംഗിയാണ്. വെള്ളിത്തിരയിൽ  കണ്ടിരിക്കേണ്ട ചുരുക്കം ചില ചിത്രങ്ങളിൽ ഒന്നാണിത്. Bombero International and Warner Bros ആണ് ഇത് നിർമ്മിച്ചിരിക്കുന്നത്. അതുകൊണ്ടു തന്നെ കണ്ണിന് കുളിർമ നൽകുന്ന വിഷ്വൽസ് നൽകുവാൻ ഏറ്റവും മികവുറ്റ ഉപകരണങ്ങളും സാങ്കേതിക വിദ്യയും ഉപയോഗിച്ചിരിക്കുന്നതായി ബോധ്യമാകുന്നതാണ്.

കടൽ, മണൽതിട്ടകൾ,തുറന്ന ആകാശം, കൂട്ടമായി പറന്നു പോകുന്ന പക്ഷികൾ, യുദ്ധവിമാനങ്ങൾ, ഉരുളക്കിഴങ്ങ് പാടം എന്ന് തുടങ്ങി ഓരോ ഷോട്ടും മനസ്സിൽ



നിന്ന് മായാത്ത രീതിയിൽ ചിത്രീകരിച്ചിട്ടുണ്ട്. ഇവയെല്ലാം തന്നെ പ്രേക്ഷകരെ ദ്വീപിൻ്റെ ശാന്തതയിലേക്ക് കൊണ്ടുപോകുന്നു.

Karl Walter Lindenlaub³sd  ക്യാമറ വർക്കും Stefan Hainbach Gtsch ന്റെ പശ്ചാത്തല സംഗീതവും ചേർന്ന് ഒരു കവിതാപരമായ അനുഭവം സൃഷ്ടിക്കുന്നുണ്ട്. ഛായാഗ്രാഹകൻ കാൾ വാൾട്ടർ ലിൻഡൻലോബ് തണുത്ത നീല ടോണുകളും വൈഡ് ആംഗിൾ ഷോട്ടുകളും ഉപയോഗിച്ച് വടക്കൻ കടൽത്തീരത്തിൻ്റെ ഉപ്പു



നിറഞ്ഞ സൗന്ദര്യം പകർത്തുന്നുണ്ട്. ഇത് ആ കാലഘട്ടത്തിലെ വൈകാരിക തണുപ്പിനെ പ്രതിഫലിപ്പിക്കുന്നുണ്ട്.

വളരെ സ്വാഭാവികവും യാഥാർത്ഥ്യപരവുമാണ് ഇതിലെ കഥാപാത്രങ്ങൾ. അവരുടെ സംഭാഷണങ്ങളിലും പെരുമാറ്റങ്ങളിലും അമിതമായ നാടകീയതയില്ല. ദ്വീപിലെ ഒറ്റപ്പെടൽ, ജീവിതത്തിലെ ചെറിയ സന്തോഷങ്ങളും വേദനകളും  എന്നിവ സിനിമ നിസ്സംഗമായി അവതരിപ്പിക്കുന്നു. വേഗതയേറിയ കഥയോ ശക്തമായ

KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



ട്വിസ്റ്റുകളോ പ്രതീക്ഷിക്കുന്നവർക്ക് Amrum കുറച്ച് മന്ദഗതിയുള്ളതായി തോന്നാം. ഇത് ഒരു മൂഡ് സിനിമ ആണ് ശാന്തമായി കണ്ടിരിക്കേണ്ട, ചിന്തിപ്പിക്കുന്ന ഒരു അനുഭവം.

Amrum വലിയ കമർഷ്യൽ സിനിമയല്ല. പക്ഷേ പ്രകൃതി, മനുഷ്യബന്ധങ്ങൾ, ഒറ്റപ്പെടലിന്റെ സൗന്ദര്യം എന്നിവ ഇഷ്ടപ്പെടുന്ന പ്രേക്ഷകർക്ക് ഈ ജർമ്മൻ ചിത്രം ഒരു മനോഹരമായ സിനിമാനുഭവം നൽകും.

അവതരിപ്പിച്ചതിലൂടെ ജാസ്പർ ബില്ലർബെക്ക് സ്വാഭാവിക അഭിനയവും തോൽവിയുടെ കയ്പ്പ് അനുഭവിക്കുന്ന ഒരു അമ്മയായി ലോറ ടോങ്കെ സൂക്ഷ്മവും അസ്വസ്ഥവുമായ പ്രകടന വും കാഴ്ചവയ്ക്കുന്നു.യുദ്ധത്തിന്റെ ദൃശ്യങ്ങൾ ഒഴിവാക്കിക്കൊണ്ട് അതിന്റെ അനന്തരഫലങ്ങളുടെ വൈകാരികതയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതും ഈ സിനിമ യുടെ നല്ല ഗുണമാണ്.
കുട്ടികൾ മാതാപിതാക്കളിൽ നിന്നും പരിസ്ഥിതിയിൽ നിന്നും പ്രത്യയശാസ്ത്ര ങ്ങൾ സ്വാംശീകരിക്കുന്നു എന്നതിനെ ക്കുറിച്ചുള്ള ഒരു സവിശേഷ വീക്ഷണം ഉള്ളതും ദ്വീപിന്റെ ഭൂപ്രകൃതിയെ കേന്ദ്ര കഥാപാത്രമായി ഉപയോഗിച്ച് മനോഹ രമായി അന്തരീക്ഷം സൃഷ്ടിക്കുന്നതും ഈ ചലച്ചിത്രത്തിൻറെ മറ്റ് സവിശേഷത കൾ ആണ്. എന്തുകൊണ്ടും മുപ്പതാമത് കേരള അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ പ്രദർശിപ്പിച്ച സിനിമകളിൽ മിനിമം ഗ്യാരണ്ടി ഉള്ള ഒരു ചിത്രമായിരുന്നു അമ്രം.






ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# മറ്റു മാർഗ്ഗങ്ങളില്ലാതെ - No Other Choice



**വിദ്യ ശോഭന**
(ഫിൽക്ക)





**No other choice**
South Korea/ 139 min /
**Dir. Park Chan Wook**

2025ൽ പുറത്തിറങ്ങിയ, ദക്ഷിണ കൊറിയൻ ബ്ലാക്ക് കോമഡി ത്രില്ലർ സിനിമയാണ് നോ അദർ ചോയ്സ് . പാർക്ക് ചാൻ- വുക്ക് ആണ് ചിത്രത്തിന്റെ സഹരചനയും നിർമ്മാണവും സംവിധാനവും നിർവഹിച്ചിരിക്കുന്നത്. ഡൊണാൾഡ് വെസ്റ്റ്ലേക്ക് എഴുതിയ The Ax എന്ന നോവലിന്റെ ചലച്ചിത്രാവിഷ്കാരമാണ് ഈ ആക്ഷേപഹാസ്യ ചിത്രം.

മാൻ സു സോളാർ പേപ്പർ എന്ന പേപ്പർ നിർമ്മാണ കമ്പനിയിൽ 25 വർഷം പ്രവൃത്തി പരിചയം ഉള്ള അനുഭവ സമ്പന്നനായ ഒരു ഉദ്യോഗസ്ഥനാണ്. ഭാര്യയും രണ്ട് മക്കളുമടങ്ങുന്ന സന്തോഷകരവും സുഖപ്രദവുമായ ഒരു ജീവിതമാണ് അയാൾ നയിക്കുന്നത്. ചിത്രം തുടങ്ങുന്നത് തന്നെ മാൻ സു ഭാര്യയെയും തന്റെ രണ്ട് മക്കളേയും മനോഹരമായ തന്റെ ഭവനത്തിൽ ഇരു കൈകളിലും ചേർത്ത് കെട്ടിപ്പിടിച്ചു നിന്ന് ജീവിതം ആസ്വദിക്കുന്ന രംഗത്തോടുകൂടിയാണ്. ശാന്തവും സമാധാനപരവുമായ ജീവിതത്തിന്റെ തുടിപ്പുകൾ പച്ചപ്പുനിറഞ്ഞ ഭവനത്തിന്റെയും പ്രകൃതിയുടെയും മനോഹാരിതയുമായി കൂട്ടിയിണക്കുന്ന ആ ഒരൊറ്റ രംഗത്തോടു കൂടി തന്നെ എത്രത്തോളം തീവ്രമായ ബന്ധമാണ് കഥാപാത്രങ്ങൾക്ക് പരസ്പരവും ചുറ്റുപാടിനോടും വളർത്തുമൃഗങ്ങളോടും എന്നതിന്റെ വ്യക്തമായ ചിത്രം തുടക്കത്തിൽ തന്നെ ലഭ്യമാകുന്നുണ്ട്.

എന്നാൽ ജീവിതം എല്ലാക്കാലത്തും ഒരേ ദിശയിൽ സഞ്ചരിക്കില്ലല്ലോ.





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



പേപ്പർ ഏറ്റെടുക്കുകയും മാൻ-സു ഉൾപ്പെടെ നിരവധി ജീവനക്കാരെ പിരിച്ചുവിടുകയും ചെയ്യുന്നതോടുകൂടി അതുവരെ നയിച്ചു വന്നിരുന്ന ആഡംബര ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ ആ കുടുംബത്തിനായില്ല. മൂന്നുമാസത്തിനകം മറ്റൊരു പേപ്പർ കമ്പനിയിൽ ജോലിക്ക് കയറാമെന്നുള്ള മാൻ സുവിന്റെ പ്രതീക്ഷയും വൃഥാവിലാകുന്നു.അരക്ഷിതാവസ്ഥയും തകർന്നടിഞ്ഞ മനസ്സും ഒരു മനുഷ്യനെ കൂടുതൽ സമ്മർദ്ദത്തിലേക്ക് തള്ളിവിടുന്നു. അതിനെ അന്വർത്ഥമാക്കുന്ന തരത്തിലായിരുന്നു  മാൻ സുവിന്റെ മുന്നോട്ടുള്ള ജീവിതം.

വളരെ നാളത്തെ പരിശ്രമത്തിനു ശേഷവും പേപ്പർ മേഖലയിൽ ജോലിയൊന്നും തരപ്പെടാതെ വന്നപ്പോൾ ഒരു  റീട്ടെയിൽ ഷോപ്പിൽ കുറഞ്ഞ ശമ്പളത്തിൽ മാൻ സു ജോലിക്ക് കയറുന്നുണ്ടെങ്കിലും കുടുംബത്തിലെ ചിലവുകൾ താങ്ങാനാകാതെ വിഷമിക്കുന്നു. മക്കളുടെ അരുമകളായ രണ്ടു നായ്ക്കുട്ടികളെ സംരക്ഷിക്കുവാനായി ഭാര്യ മി-രിയുടെ മാതാപിതാക്കളെ ഏൽപ്പിക്കേണ്ടിവരുന്നു. ഇത് റി-വൺ നെ ആഴത്തിൽ വിഷമിപ്പിക്കുന്നു. റി-വൺ സാമൂഹിക ഇടപെടലുകൾ കുറവുള്ള, എന്നാൽ പ്രത്യേകതരം കഴിവുകളാൽ അനുഗ്രഹിക്കപ്പെട്ട അവരുടെ ഇളയ മകളാണ്. റി-വൺ ന്റെ അധ്യാപിക അവളുടെ ചെല്ലോ വാദനത്തിലുള്ള അസാമാന്യ പാടവം കണ്ട് അവളെ പരിശീലിപ്പിക്കുന്നത് അവസാനിപ്പിക്കുകയും അവളുടെ കഴിവിന്  ഉയർന്നതലത്തിലുള്ള ചെല്ലോ പരിശീലനമാണ് ഉത്തമമെന്ന് ശിപാർശ ചെയ്യുകയും ചെയ്യുന്നു. അപ്പോഴത്തെ അവരുടെ ജീവിത സാഹചര്യത്തിൽ മാൻ സുവിനെയും ഭാര്യയെയും അത് കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളിവിടുന്നു.

തന്റെ വീടുമായി മാൻ സു എത്രത്തോളം ഇഴുകി ചേർന്നിരിക്കുന്നുവെന്നത് ഓരോ രംഗവിന്യാസങ്ങളിലും കൃത്യമായി പ്രതിഫലിക്കുന്നുണ്ട്. വീടിനുള്ളിലെ ഓരോ വസ്തുക്കളും അതീവ സൂക്ഷ്മതയോടുകൂടിയാണ് കൈകാര്യം ചെയ്യപ്പെട്ടുപോന്നിരുന്നത്.

മോർട്ട്ഗേജ് അടയ്ക്കാൻ കഴിയാതെ, മാൻ-സുവിന്  താൻ അധ്വാനിച്ചു നേടിയ തന്റെ ഏറ്റവും പ്രിയപ്പെട്ട വീടു നഷ്ടപ്പെടാനുള്ള സാഹചര്യം ഉടലെടുക്കുകയും വീടു വാങ്ങാനായി മകന്റെ ഏറ്റവും അടുത്ത സുഹൃത്തിന്റെ മാതാപിതാക്കൾ വരികയും ചെയ്യുന്നു. മി-രി യ്ക്ക് തന്റെ ഡാൻസ് പരിശീലനം നിർത്തേണ്ടി വരികയും കൂടുതൽ വരുമാനത്തിനായി ഡെന്റൽ അസിസ്റ്റന്റായി ജോലി ചെയ്യേണ്ടിയും വരുന്നു. ഇതിനിടയിൽ, മാൻ-സുവിന്

KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

കടുത്ത പല്ലുവേദന അനുഭവപ്പെടുന്നുവെങ്കിലും അയാൾ അത് അവഗണിക്കുന്നു.ജീവിതത്തിൽ നഷ്ടപ്പെടാൻ ഏറെയുള്ളപ്പോൾ ആ ഹൃദയവേദനയോടൊപ്പമൊന്നും പല്ലുവേദന അയാൾക്കൊന്നുമല്ലായിരുന്നു.

മൂൺ പേപ്പർ എന്ന പേപ്പർ കമ്പനിയിൽ ജോലിക്കായി അദ്ദേഹം ചെല്ലുകയും അവിടുത്തെ മാനേജർ സിയോൺ-ചുലിനാൽ അപമാനിതനാവുകയും ചെയ്യുന്നു. ആ സ്ഥാനം കരസ്ഥമാക്കണമെന്ന ആഗ്രഹം അയാളിൽ ഉടലെടുക്കുന്നു.

അതിനായി ഒരു ചെടിച്ചട്ടി ഉപയോഗിച്ച് മാനേജറെ കൊല്ലുവാൻ മാൻ-സു ശ്രമിക്കുന്നു. എന്നാൽ ശ്രമം വിഫലമാകുന്നു. മാൻ-സു വ്യാജ പരസ്യം നൽകിക്കൊണ്ട് പേപ്പർ മേഖലയിൽ ജോലിക്കായി മത്സരിക്കുന്നവരെ കണ്ടെത്തുന്നു. അപേക്ഷകളിലൂടെ, തന്നെക്കാൾ അധിക യോഗ്യതയുള്ള രണ്ട് പേരെ അവൻ തിരിച്ചറിയുന്നു: ബോം-മോയും സി-ജോയും. തുടർന്ന്, തന്റെ പിതാവ് വിയറ്റ്നാം യുദ്ധത്തിൽ ഉപയോഗിച്ചിരുന്ന തോക്ക് മാൻ-സു എടുക്കുകയും, സിയോൺ-ചുൽ, ബോം-മോ, സി-ജോ എന്നിവരെ കൊല്ലാൻ തീരുമാനിക്കുകയും ചെയ്യുന്നു.

നഷ്ടപ്പെട്ടതിനെ തിരിച്ചെടുക്കുവാനായുള്ള വ്യഗ്രതയിൽ ഏതറ്റം വരെയും പോകുവാൻ ആ മനുഷ്യ മനസ്സ് പാകപ്പെട്ടു കഴിഞ്ഞിരുന്നു. അവിടെ നന്മ തിന്മകളോ ശരി തെറ്റുകളോ ഉണ്ടായിരുന്നില്ല.

ചിത്രത്തിലുടനീളം വ്യക്തിഗത ആവശ്യങ്ങൾക്കായുള്ള, കീഴ്പ്പെട്ടു പോകാതിരിക്കാനുള്ള മനുഷ്യമനസ്സുകളുടെ പോരാട്ടമാണ് ചിത്രീകരിച്ചിരിക്കുന്നത്. മദ്യപാനിയായ, തൊഴിലില്ലാത്ത ബോം-മോ യെ മാൻ-സു വധിക്കുവാൻ തീരുമാനിക്കുന്നു. കൊലപാതക ശ്രമത്തിനിടെ, മാൻ-സുവിന് പാമ്പു കടിയേൽക്കുകയും ബോം-മോയുടെ ഭാര്യ അയാളെ രക്ഷിക്കുകയും ചെയ്യുന്നു.

പിന്നീട് ബോം-മോയെ വധിക്കുവാൻ അയാളുടെ വീട്ടിലെത്തുന്ന മാൻ-സു ബോം-മോയുടെ ഭാര്യയ്ക്ക് മറ്റൊരാളുമായി ബന്ധമുണ്ടെന്നു മനസിലാക്കുന്നു.



അതേ സമയം അവിടെയെത്തുന്ന ബോം-മോ, മാൻ സു വുമായാണ് തന്റെ ഭാര്യയ്ക്ക് രഹസ്യ ബന്ധമുള്ളതെന്നു തെറ്റിദ്ധരിക്കുന്നു. പരസ്പരം അവർ മൂവരും ഏറ്റുമുട്ടുന്നു. ബോം-മോയുടെ ഭാര്യ അയാളെ തന്നെ വെടിവെച്ച് കൊല്ലുന്നു. മാൻ-സു അവിടെ നിന്ന് അതിസാഹസികമായി രക്ഷപ്പെടുന്നു.

KPharma
HOME DELIVERY:
+91 99958 11166
YOUR ESSENTIALS, DELIVERED MONTHLY
PERSONALISED NUTRITION TAILORED TO YOU

ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



അവിടെ നിന്നും തിരികെ വീട്ടിൽ എത്തുന്ന മാൻ സു തന്റെ ഭാര്യ ഒരു ഡാൻസ് പാർട്ടിക്ക് പോയിരിക്കുന്നതായി മനസ്സിലാക്കുന്നു. അതേ ഡാൻസ് പാർട്ടിക്ക് താനും പങ്കെടുക്കേണ്ടതായിരുന്നുവെന്നോർത്ത് അയാൾ അവിടെ എത്തിച്ചേരുന്നു. മാൻ സു എത്തിച്ചേരാതിരുന്നതിൽ പരിഭവിക്കുന്ന ഭാര്യ ജോലി ചെയ്യുന്ന സ്ഥാപനത്തിലെ ഡെന്റിസ്റ്റുമായി നൃത്തം ചെയ്യുന്നു.മാൻ സുവും ഭാര്യയും ഇതിന്റെ പേരിൽ വഴക്കിടുകയും പിന്നീട് സമാധാനത്തിന്റെ വഴിയേ വരികയും ചെയ്യുന്നു. വീണ്ടും ബോം-മോയുടെ വീട്ടിലെത്തിച്ചേരുന്ന മാൻ സു, ബോം-മോയുടെ ഭാര്യയും കാമുകനും ചേർന്ന് മൃതദേഹം കുഴിച്ചു മൂടിയതായി മനസ്സിലാക്കുകയും അവിടെ നിന്നും തന്റെ തോക്ക് കൈവശപ്പെടുത്തി രക്ഷപ്പെടുകയും ചെയ്യുന്നു.



പേപ്പർ കമ്പനിയിൽ തനിക്ക് എതിരാളിയായേക്കാവുന്ന മറ്റൊരാളെയും മാൻ സു വകവരുത്തുന്നു. അയാൾ ഒരു ഷൂസ് വ്യാപാരി ആയിരുന്നു. അയാളുമായി ചങ്ങാത്തത്തിലായി സംസാരിക്കു



കയും ശേഷം ഹൈവേയിൽ വച്ച് അയാളെ വെടിവെച്ചു കൊന്ന് മൃതദേഹം തന്റെ കാറിൽ ഒളിപ്പിക്കുന്നു. അതേസമയം, മകനും കൂട്ടുകാരനും ചേർന്ന് കൂട്ടുകാരന്റെ പിതാവിന്റെ കടയിൽ നിന്ന് ഐഫോണുകൾ മോഷ്ടിച്ച് വിൽക്കാൻ ശ്രമിക്കുകയും പോലീസ് ഇരുവരെയും അറസ്റ്റ് ചെയ്യുകയും ചെയ്യുന്നു. എന്നാൽ കൂട്ടുകാരന്റെ പിതാവിന്റെ രഹസ്യങ്ങൾ കണ്ടുപിടിക്കുന്ന മാൻ സുവും ഭാര്യയും അയാളെ ബ്ലാക്ക്മെയിൽ ചെയ്തു മകനെ രക്ഷപ്പെടുത്തുന്നു. ഡിറ്റെക്റ്റീവുകൾ മാൻ സു വിന്റെ ഭവനം സന്ദർശിക്കുകയും കാണാതായ രണ്ടുപേരെ കുറിച്ചുള്ള സംശയങ്ങൾ പങ്കുവയ്ക്കു

KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



കയും ചെയ്യുന്നു. അവരോട് തന്ത്രപരമായി മാൻ സു ഇടപെടുന്നു.ഷൂസ് വ്യാപാരിയുടെ മൃതദേഹം കഷ്ണങ്ങൾ ആയി മുറിക്കുവാൻ ശ്രമിക്കുന്നത് മകൻ കാണുന്നു. അവൻ ആ വിവരം അമ്മയെ അറിയിക്കുകയും ചെയ്യുന്നു. മൂൺ പേപ്പർ കമ്പനിയിലെ മാനേജരുമായി സൗഹൃദം സ്ഥാപിച്ചു അയാളുമൊന്നിച്ചു മദ്യപിക്കുന്നു. അതിനുവേണ്ടി കാലങ്ങളായി ഉപേക്ഷിച്ചിരുന്ന മദ്യവിമുക്തത അയാൾ ലംഘിക്കുന്നു. തന്റെ ലക്ഷ്യങ്ങളെല്ലാം കൈവരിച്ചു കഴിഞ്ഞപ്പോൾ നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കാം എന്ന ശുഭാപ്തി വിശ്വാസം ആർജ്ജിച്ചു കഴിഞ്ഞപ്പോൾ കാലങ്ങളായി വേദനയനുഭവിച്ചുകൊണ്ടിരുന്ന തന്റെ പല്ല് അവിടെ വച്ച് അയാൾ പിഴുതെടുക്കുന്നു.

അതേസമയം മകൻ അറിയിച്ചതനുസരിച്ചു മാൻ സു വിന്റെ ഭാര്യ മൃതദേഹം കുഴിച്ചു മൂടിയ സ്ഥലം പരിശോധിക്കുന്നു. മാൻ സുവിന്റെ ഭാര്യ കാര്യങ്ങൾ മനസ്സിലാക്കുന്നുവെങ്കിലും മകനോട് അത് മറച്ചു വയ്ക്കുന്നു. ഡിറ്റക്ടീവ്സ് വീട്ടിൽ വന്നതും മാൻ സുവിനോട് കാണാതായവരെ കുറിച്ച് സംസാരിച്ചതിലുമെല്ലാം തന്റെ ഭർത്താവിന്റെ ഇടപെടലുകളെ കുറിച്ച് അവർക്കു വ്യക്തത ലഭിക്കുന്നു. പക്ഷേ അവിടെയും നഷ്ടപ്പെടലുകളെ





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

ക്കാൾ നേടാനുള്ളതിനെ കുറിച്ചുള്ള വ്യഗ്രതയിൽ അവർ മൗനം പാലിക്കുന്നു.

മാനേജരുടെ മരണം സ്വഭാവികമാണെന്ന് വരുത്തി തീർത്തു അവിടെ നിന്നും മടങ്ങുന്ന മാൻ സു. മൂൺ പേപ്പർ കമ്പനിയിൽ തന്റെ ഇച്ഛയ്ക്കൊത്ത ജോലിയിൽ പ്രവേശിക്കുകയും ജീവിതം പഴയതിനേക്കാൾ മികച്ച രീതിയിൽ കെട്ടിപ്പടുക്കുകയും ചെയ്യുന്നു. മനുഷ്യരില്ലാത്ത ലോകത്ത് യന്ത്രങ്ങൾക്ക് ഒപ്പം മാത്രമായി മാൻ സു തന്റെ പുതിയ ജോലി ആരംഭിക്കുന്നിടത്ത് കഥ അവസാനിക്കുന്നു.തന്റെ സുഖവും സന്തോഷവും നിലനിർത്തുന്നതിനു വേണ്ടി സമാനാവസ്ഥകളിലൂടെ കടന്നു പോകുന്ന മറ്റു വ്യക്തികളെ ഇല്ലാതാക്കിയായാലും അത് നേടിയെടുക്കുന്ന മാൻ സുവിന്റെ ജീവിതം ഡാർക്ക് കോമഡിയായാണ് ചിത്രത്തിലൂടനീളം അവതരിപ്പിച്ചിരിക്കുന്നത്.

മത്സരബുദ്ധിയും സ്വാർത്ഥതയും നിറഞ്ഞ ഇന്നത്തെ കാലത്ത് എന്ത് ചെയ്തും ആഗ്രഹിക്കുന്നത് നേടിയെടുക്കുവാനുള്ള മനുഷ്യരുടെ ത്വര ആക്ഷേപഹാസ്യത്തിലൂടെയാണ് ചിത്രം സംവദിക്കുന്നത്.

ലീ ബ്യുങ്-ഹുൻ, സോൺ യെ-ജിൻ, പാർക്ക് ഹീ-സൂൺ, ലീ സങ്-മിൻ, യോം ഹ്യെ-റാൻ, ചാ സ്യൂങ്-വോൺ എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. 2005-ൽ കോസ്റ്റാ-ഗാവ്രാസ് സംവിധാനം ചെയ്ത ഫ്രെഞ്ച് ഭാഷാ ചിത്രം The Axe എന്ന നോവലിന്റെ ആദ്യ ചലച്ചിത്രാവിഷ്കരണത്തിന് ശേഷം പുറത്തിറങ്ങുന്ന രണ്ടാമത്തെ സിനിമയാണിത്. ചിത്രത്തിന്റെ ക്ലോസിംഗ് ക്രെഡിറ്റ്സിൽ കോസ്റ്റാ-ഗാവ്രാസിന് ചിത്രം സമർപ്പിച്ചിരിക്കുന്നു.




K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# സ്വപ്നങ്ങളുടെ സർഗ്ഗ സഞ്ചാരം (Dreams)



**ഇന്ദുലേഖ. ആർ .**
( ഫിൽക്ക)




**Dreams**
Norway / 111 mins/
**Dir: Dag Johan Haugerud .**

യഥാർത്ഥ ജീവിതവും മിഥ്യയും തമ്മിൽ എന്താണ് വ്യത്യാസം ? രണ്ടും മനുഷ്യന്റെ ചിന്തകളിൽ മാത്ര മാണുള്ളത്. ഭാവനയും അതിഭാവു കത്വവും നിറഞ്ഞ ലോകത്ത് നിന്നും നമ്മെ യാഥാർത്ഥ്യത്തിലേക്ക് പിടിച്ചു നടത്തുന്നതും മറിച്ചും ചെയ്യുന്നതിൽ സ്വപ്നങ്ങൾ വലിയ പങ്ക് വഹിക്കുന്നു. മനുഷ്യൻ സ്വപ്നം കാണാൻ പഠിച്ചതു മുതൽ ഭാവനയുടെ വർണ്ണ പ്രപഞ്ചം മറ്റു ജീവജാലങ്ങളെക്കാൾ അതി വേഗത്തിൽ അവന്റെ ഉള്ളിലേക്ക് കടന്നു വന്നു.30-ാമത് IFFK-ൽ ആദ്യമായി കണ്ടാസ്വദിച്ച സിനിമയാണ് ഡ്രീംസ് .

ഡാഗ് ജോഹാൻ ഹൌഗർഡിന്റെ ഡ്രീംസ് സെക്സ് ലൗ എന്ന നോർവീജിയൻ ചലച്ചിത്രം അതിന്റെ പേര് സൂചിപ്പിക്കുന്ന പോലെ തന്നെ സ്വപ്നതുല്യമായ ഒരു പ്രകൃതി ദൃശ്യവുമായാണ് കാണികൾക്ക് മുന്നിലേക്ക് പ്രവഹിച്ചു തുടങ്ങുന്നത്. കണ്ണെത്താ ദൂരത്തേക്ക് ഭൂമിയിൽ നിന്നും സ്വർഗ്ഗത്തിലേക്കുള്ള പടിവാതിൽ പോലെ പ്രതീകാത്മകമായ കോണിപ്പടി. അതിന് മുകളിലെ ആകാശത്ത് ഒന്നിച്ച് കൂടി ചേരുകയും പിന്നീട് ഇഴപിരിഞ്ഞ് പോവുകയും ചെയ്യുന്ന മേഘങ്ങൾ.

മൂന്നു തലമുറകളിലെ സ്ത്രീകളുടെ മനസ്സിലെ പ്രണയത്തിന്റെ അതിതീവ്രത നായികയിലൂടെ വിവരിക്കുന്ന കഥയിൽ സംവിധായകൻ മികവുകാട്ടിയിട്ടുണ്ട്. ഒരു വേള നമ്മളെല്ലാവരും കടന്ന് പോകുന്ന infactuation ആരാധന –



K Pharma
HOME DELIVERY:
+91 99958 11166
YOUR ESSENTIALS, DELIVERED MONTHLY
PERSONALISED NUTRITION TAILORED TO YOU

ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



പ്രണയം സെക്സ് ഇവയെല്ലാം നായിക യുടെ മനോഗതികളിൽ കൂടി നമ്മളും അനുഭവിക്കുന്നു.


എത്രയോ തുറന്ന് പറച്ചിലുകളുടെ, ധൈര്യമില്ലായ്മയിൽ നിന്നും വികാരവിക്ഷോഭങ്ങളുടെ നേർരേഖാ ചിത്രം വരച്ചു കാട്ടുന്ന കാലഹരണപ്പെട്ട കഥകൾക്കപ്പുറം, നായികയുടെ മനോഗതികൾ രണ്ട് തലമുറ ഏത് രീതിയിൽ വീക്ഷിക്കുന്നു എന്നതും സംഭാഷണങ്ങളിലൂടെ പറഞ്ഞ് വയ്ക്കുന്നു.

കഥ പറച്ചിലിൽ നിന്നാണ് സിനിമ തുടങ്ങുന്നതും മുന്നോട്ടു പോകുന്നതും വികസിക്കുന്നതും. പലപ്പോഴും നമ്മുടെ ചിന്തകൾ രൂപം കൊടുക്കുന്ന ചില സ്വപ്നങ്ങൾ, യാഥാർത്ഥ്യങ്ങൾക്കപ്പുറം മിഥ്യയുടെ ലോകത്തേക്ക് നമ്മളെ കൈ പിടിച്ച് നടത്തുകയും സത്യവും മിഥ്യയും തമ്മിൽ വേർതിരിച്ചറിയാനാകാത്ത ഒരു ആസ്വാദന തലത്തിലേക്ക് കഥയിലൂടെ സംവിധായകൻ നമ്മളെ കൂട്ടിക്കൊണ്ടു പോവുകയും ചെയ്യുന്നു.

17 വയസ്സുള്ള എല്ലാ ഓവർ ബി അവതരിപ്പിക്കുന്ന ജോഹാൻ എന്ന കഥാപാത്രം അവളുടെ ഫ്രഞ്ച് അധ്യാപികയായ ജോഹന്നയുമായി ഉണ്ടാകുന്ന കടുത്ത പ്രണയത്തിലൂ ടെയാണ് കഥ പുരോഗമിക്കുന്നത്. എന്റെ ജീവിതം ഒരു മേഘത്തിലാണ്. ജോഹാനിന്റെ ശബ്ദത്തിൽ സിനിമ പ്രേക്ഷകരെ സ്വാഗതം ചെയ്യുന്നത്. ദൃശ്യങ്ങൾ സംവേദനാത്മകമായും തികച്ചും വൈകാരികമായും നമുക്ക് മുന്നിൽ അസ്വസ്ഥമായ എന്തിനെയോ തിരഞ്ഞു കൊണ്ടിരിക്കുന്നു.

ഒരു വിദ്യാർത്ഥിയും അധ്യാപികയും തമ്മിലുള്ള പ്രണയത്തെക്കുറിച്ചുള്ള ഒരു പുസ്തകം ജോഹാൻ വായിച്ച തിനു ശേഷമാണ് പ്രണയം ആരംഭി ക്കുന്നതും. അവർ പിരിയുന്ന നിമിഷം അധ്യാപികയും വിദ്യാർത്ഥി യുമായുള്ള നൈമിഷികമായ സ്നേഹ പ്രകടനം തനിക്ക് സംഭവിക്കുമെന്ന് അവൾ സ്വപ്നം കാണുന്നു. ആ പ്രണയം ആരംഭിച്ചത് ഒരു വൈകാരിക നിമിഷത്തിൽ നിന്ന് മാത്രമല്ല സാഹിത്യത്തെ സാക്ഷാത്കരിക്കാനുള്ള





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition

ആഗ്രഹത്തിൽ നിന്നുകൂടിയാണ്. പ്രണയവും വേദനയും ആഗ്രഹവും പങ്കുവയ്ക്കാൻ മനുഷ്യൻ തന്റെ അനുഭവം എഴുതി തുടങ്ങുന്നു. അവിടെ ഒരു സാഹിത്യ സൃഷ്ടി ജനിക്കുന്നു. ഈ ത്വരയെ ചെറുക്കാൻ അവൾക്ക് കഴിയുന്നില്ല. അവളുടെ മുത്തശ്ശിയും അമ്മയും അതവളുടെ സാഹിത്യ സൃഷ്ടിയായി കാണുകയും പ്രസിദ്ധീ കരണ യോഗ്യമാണെന്ന് വിലയിരു ത്തുകയും ചെയ്യുന്നു. അവളുടെ ശക്ത മായ വികാര വിചാരങ്ങൾ അവൾ എഴുതുന്നു. ഒരു തരത്തിൽ എഴുത്ത് അനുഭവവും ജീവിതവുമായി സംഘർ ഷത്തിലാണ് . എന്നാൽ അത് മറ്റുള്ള വർക്ക് സ്വയം കണ്ടെത്താനുള്ള അവസര



ജോഹാന്റെ സംവേദനക്ഷമതയുള്ള വാക്കുകൾ ചിന്തകളെ പ്രചോദിപ്പിക്കുന്നു. അവളുടെ മുത്തശ്ശിക്കത് തന്നിലേക്ക് തന്നെ തിരിഞ്ഞ് നോക്കാനുള്ള കാരണമായി മാറി.

ഇക്കാലമത്രയും താൻ തന്റെ വാക്കു കൾക്ക് പിന്നിൽ ഒളിച്ചിരിക്കുക യായിരുന്നു എന്നും അവർ യഥാർത്ഥ ത്തിൽ ആഗ്രഹിച്ചത് മറ്റൊരു ശരീര ത്തിൽ വീണ്ടും സ്പർശിക്കുക



എന്നതും മാത്രമായിരുന്നു. ഈ ചിത്രത്തിലെ ഏറ്റവും മനോഹരമായ രംഗത്തിൽ മുത്തശ്ശി ബൈബിളിൽ പരാമർശിച്ചിട്ടുള്ള യാക്കോബിന്റെ ലാഡറിൽ (ഏണിയിൽ) കയറുകയും ഭൂമിയിൽ നിന്നും സ്വർഗ്ഗത്തിലേക്കുള്ള ആ വഴിയിൽ മറ്റു മനുഷ്യരെ സ്പർശിക്കുകയും നൃത്തം ചെയ്യുകയും ചെയ്യുന്നതായി സങ്കല്പിക്കുന്നു.

ഗഹനമായ ചിന്തയ്ക്കും ആത്മ പരിശോധനയ്ക്കും തിരക്കഥ പരുവപ്പെട്ടിട്ടുണ്ടെന്ന് തോന്നും. എങ്കിലും സംവേദനക്ഷമതയിൽ സംവിധായകൻ മികവ് പുലർത്തി എന്ന് പറയുക പ്രയാസം. എങ്കിലും കാഴ്ചയുടേയും ദൃശ്യവിരുന്നിന്റെയും കാര്യത്തിൽ ഈ വർഷത്തെ മത്സരത്തിലെ ഏറ്റവും മികച്ച ചിത്രങ്ങളിലൊന്നാണ് മനോഹര



K Pharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition



മായ ഈ പ്രണയം എന്ന് അതിനെ വിശേഷിപ്പിക്കാനാകും.പ്രണയം എന്നത് ഏതു തലത്തിലും സംശുദ്ധവും തീവ്രവും തന്നെയാണ്. അത് വ്യക്തികൾക്കപ്പുറം തന്നിലേക്ക് തന്നെയുള്ള വഴി തുറന്നു കാട്ടുന്നു എന്നതാണ് ഏറ്റവും മനോഹരമായ കാര്യം ഫാൻറസിയും യാഥാർത്ഥ്യവും കൂടിക്കുഴഞ്ഞ എഴുത്തായി അവളുടെ അമ്മയും മുത്തശ്ശിയും അതിനെ വ്യാഖ്യാനിക്കുന്നു.

ഈ വാക്യങ്ങളിൽ തീയുണ്ട്. വേദനയും സന്തോഷവും ഉള്ള ഒരാളെപ്പോലെ യാണ് അവൾ എഴുതുന്നതെന്ന് അവളുടെ മുത്തശ്ശി അമ്മയോട് പറയുന്നു അവളുടെ പുസ്തകം അവളുടെ തന്നെ ചിന്തകളെയും വികാരങ്ങളെയും പങ്കിടാനും പരിവർത്തനം ചെയ്യാനും വിലയിരു ത്താനുമുള്ള ഇടമായി മാറുന്നു.

ഈ ചലച്ചിത്രം നമ്മളോട് സംവദിക്കു ന്നത് ഒരു പക്ഷേ ഇങ്ങനെയാകാം : പ്രണയം എങ്ങനെ എഴുതും എങ്ങനെ വിവരിക്കും...ഒരു യഥാർത്ഥ പ്രണയം അവിടെ ഉടലെടുത്തോ?

ജോഹന്നയുടെ പ്രണയം നമുക്ക് അനുഭവപ്പെട്ടതെപ്പോഴാണ് ? ഇത് ചിത്രത്തിൽ പറയാതെ പറയുന്നുണ്ടോ? ലളിതമായ ഉത്തരങ്ങൾ ഈ സിനിമ നമുക്ക് നിരസിക്കുന്നു.ചിലത് നിരീക്ഷി ക്കാൻ പറ്റുന്നതിനെക്കാൾ കൂടുതൽ അനുഭവപ്പെടുന്നുണ്ടെന്ന് സൂചിപ്പിച്ചു കൊണ്ട് സംവിധായകൻ ഈ ചോദ്യങ്ങൾക്കുത്തരം പ്രേക്ഷകന് വിടുന്നു. ജോഹാനയുടെ വിവരിക്കാനാകാത്ത വികാരവിചാരങ്ങൾ സിനിമ കണ്ടിറ ങ്ങുമ്പോഴും പ്രേക്ഷകനെ വേട്ടയാടും.

ഹൌ ഗെറുദിന്റെ സംവിധാന ശൈലി ഒരേ സമയം പ്രേക്ഷകനെ ചിന്തിപ്പി ക്കുകയും ആശയക്കുഴപ്പത്തിലാക്കു ന്നതുമാണ്. ദൃശ്യവിസ്മയങ്ങളും മിതമായ വെളിച്ചവും ഊഷ്മളമായ ഫ്രെയിമുകളും ഭംഗിയായി പ്രണയത്തെ സാധൂകരിക്കുന്നു.

എഡിറ്റ് ചെയ്യാതെ സ്ക്രിപ്റ്റിന്റെ കെട്ടുറപ്പും നിയമങ്ങളും പാലിക്കാതെ, ചില സീനുകൾ സംവിധായകൻ അപ്പാടെ പകർത്തിയിട്ടുണ്ട്. കാവ്യാത്മ കവും സർറിയലുമായ നിമിഷങ്ങൾ സ്വപ്നസമാനമായ ആ ഗോവണിയും



KPharma
HOME DELIVERY:
+91 99958 11166




ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition




സിനിമയുടെ അവസാന ഭാഗത്തെ മനോഹരമാക്കി. നിശബ്ദമായ ഒരു വൈകാരികത സിനിമയിൽ ഉടനീളം കാണാം. ചിത്രത്തിന്റെ ഒടുവിൽ അവൾ തന്റെ പ്രണയം നേടിയെടുക്കുകയോ നാടകീയമായി അവസാനിപ്പിക്കുകയോ ചെയ്യുന്നില്ല. മറിച്ച് നാടകീയമായ തീവ്രതയിൽ നിന്നത് സാധൂകരിക്കേണ്ട ആവശ്യകത ഇല്ലെന്നത് പ്രേക്ഷകന് മനസ്സിലാക്കി തരുന്നു. ഒടുവിൽ എഴുത്തിലൂടെ തന്നെ ആകെ വിഴുങ്ങിയ വൈകാരിക കൊടുങ്കാറ്റിൽ നിന്നവൾ പുറത്ത് കടക്കുന്നു.വർഷങ്ങൾ കഴിയുമ്പോൾ ആ പ്രണയം അവളോടൊപ്പം നിശബ്ദമായി വളരുന്നു. ജോഹാന്റെ

**പണയത്തിന്റെ ആന്തരിക തലങ്ങളും വൈകാരിക തലങ്ങളും വിശദീകരിക്കാനാകാത്ത വിധം അവളുടെ ജീവിതവുമായി കെട്ടുപിണഞ്ഞു കിടക്കുന്നു...**

**ചില പ്രണയങ്ങൾ വിവരിക്കാനാകാത്തതിനാൽ അവ അർത്ഥവത്താണെന്ന് ഡ്രീംസ് സംവദിക്കുന്നു. അത് അവസാനിക്കുന്നില്ല എന്നത് നഷ്ടപ്പെടലല്ല മറിച്ച് പക്വമായ മുന്നോട്ടു പോക്കാണ്. ഡാഗ് ജോഹാൻ ഹൌഗർഡിന്റെ ഡ്രീംസ് വൈകാരിക ജീവിതത്തെ അതിന്റെ കേന്ദ്രത്തിൽ നിർത്തുന്നു. അപൂർവമായ ദാർശനിക ഗൗരവത്തോടെ സിനിമയെ കൈകാര്യം ചെയ്യുന്നു.**




KPharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition

# പുതിയ കാഴ്ചപ്പാടുകളും, മാറാവ്യാധികളും (Alpha)




സഞ്ജു കളപ്പുരയ്ക്കൽ
( ഫിൽക്ക)




**Alpha**
France/ 128 mins/
**Dir. Julia Ducournau.**

ജൂലിയ ഡുകോർനൗ എഴുതി സംവിധാനം ചെയ്ത 2025-ൽ പുറത്തിറങ്ങിയ ഒരു ബോഡി ഹൊറർ ചിത്രമാണ് ആൽഫ. തഹാർ റഹിം, ഗോൾഷിഫ്തേ ഫറാഹാനി, മെലിസ ബോറോസ്, എമ്മ മാക്കി, ഫിന്നഗൻ ഓൾഡ്ഫീൽഡ്, ലൂയി എൽ അമ്രൂസി എന്നിവർ അഭിനയിക്കുന്ന ഈ ചിത്രം, സ്കൂളിൽ നിന്ന് ടാറ്റൂ ചെയ്ത് തിരിച്ചെത്തിയ ശേഷം രക്തത്തിലൂടെ പകരുന്ന ഒരു പുതിയ മാരകമായ രോഗം പിടിപെട്ടതായി ഭയപ്പെടുന്ന ഒരു കൗമാര ക്കാരിയായ പെൺകുട്ടിയുടെ കഥയെ പിന്തുടരുന്നു. 2025 ലെ കാൻ ഫിലിം ഫെസ്റ്റിവലിലെ പ്രധാന മത്സരത്തിൽ ഈ ചിത്രത്തിന്റെ വേൾഡ് പ്രീമിയർ നടന്നു. അവിടെ അത് പാം ഡി ഓറിന് നാമനിർദ്ദേശം ചെയ്യപ്പെട്ടു. 2025 ഓഗസ്റ്റ് 20 ന് ഡയഫാന ഡിസ്ട്രിബ്യൂഷൻ ഫ്രാൻസിൽ ഇത് തിയേറ്ററിൽ റിലീസ് ചെയ്തു.

പതിമൂന്നു വയസ്സുള്ള ഒരു കൗമാരക്കാരി യാണ് ആൽഫ. തീരദേശ ഫ്രാൻസിലെ വിടെയോ ബെർബർ വംശജയായ



K Pharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



തന്റെ അമ്മയോടൊപ്പം താമസിക്കുന്നു. പുതുമുഖമായ മെലിസ ബോറോസ് ആണ് ചിത്രത്തിൽ ആൽഫയായി വേഷമിട്ടിരിക്കുന്നത്. കൗമാരത്തിന്റെ വർധിച്ചു വരുന്ന വേദനകളിലൂടെ കടന്നു പോകുന്ന പതിമൂന്നു വയസു കാരിയായ പെൺകുട്ടി. ഒരു കൗമാര ക്കാരൻ അനുഭവിക്കുന്ന വിചിത്രമായ പെരുമാറ്റത്തിന്റെ ലക്ഷണങ്ങൾ കോപം, ധിക്കാരം അതിനിടയിലുള്ള എല്ലാതരം വികാരങ്ങളും ആൽഫ എന്ന കഥാപാത്രം കാണിക്കുന്നു.

ആൽഫ തന്റെ സുഹൃത്ത് അഡ്രിയനു മൊത്തുള്ള ഒരു പാർട്ടിയിൽ അവളുടെ കൈയിൽ അവൻ വലിയ അക്ഷരത്തിൽ അ എന്ന അക്ഷരം കുത്തുന്ന രംഗത്തോ ടെയാണ് ചിത്രം ആരംഭിക്കുന്നത്. അവളുടെ മറ്റു സഹപാഠികൾക്കൊപ്പം എല്ലാവരും വൃത്തിഹീനമായ ഒരേ സൂചി പങ്കിടുന്നു. ടാറ്റു യുവാക്കൾക്കിടയിൽ ഒഴിച്ച് കൂട്ടാനാവാത്ത ഒരു ഉപാധിയായി മാറിയിരിക്കുന്ന ഇക്കാലത്ത് വൃത്തിഹീന മായ ഇത്തരം സൂചികൾ വഴി പകരാവുന്ന രോഗങ്ങളുടെ മൂർദ്ധന്യവസ്ഥയും അത് ജീവിതത്തിൽ വരുത്തി വെയ്ക്കാവുന്ന വിനകളെ കുറിച്ചും വ്യക്തമായ ഒരു ചിത്രം ആൽഫയിലൂടെ വരച്ചു കാട്ടുന്നു.

ആൽഫയുടെ അമ്മ ഒരു ഡോക്ടറാ





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition




ണ്. അവിടെ ഒരു പുതിയ വിചിത്രമായ രക്തജന്യ രോഗം പടരാൻ തുടങ്ങുന്നു. പതുക്കെ മാർബിളായി മാറുന്ന രോഗികളുള്ള ഒരു വാർഡിൽ അവർ ജോലി ചെയ്യുന്നു. ആൽഫയുടെ കൈയിലെ ടാറ്റൂ സുഖപ്പെടുന്നില്ല. അവളുടെ അമ്മ (ഗോൾഷിഫ്തെ ഫറാഹാനി) അതിനെക്കുറിച്ച് അറിയുമ്പോൾ, വീട്ടുകാർക്കിടയിൽ പരിഭ്രാന്തി ഉണ്ടാകുന്നു.

അവളുടെ മത്സരബുദ്ധി മൂലമല്ല, മറിച്ച് സൂചി അവളിലേക്ക് പകരാൻ സാധ്യതയുള്ള കാര്യങ്ങളെക്കുറിച്ചു അവർ ആകുലപ്പെടുന്നു. ആൽഫയുടെ ടാറ്റൂ സുഖപ്പെടാത്തതിനാൽ, തന്റെ മകൾക്ക് വിചിത്രമായ രോഗം ബാധിച്ചേക്കാമെന്ന് അവളുടെ അമ്മ ആശങ്കപ്പെടുന്നു. അതോടെ ആൽഫയ്ക്ക് പരിഭ്രാന്തി ആരംഭിക്കുന്നു.

ആൽഫയ്ക്ക് രക്തവുമായി ബന്ധപ്പെട്ട ഒരു മാരകമായ രോഗം പിടിപെട്ടിരിക്കാനുള്ള സാധ്യതയുണ്ട്. അത് ആളുകളെ മാർബിൾ പ്രതിമകളാക്കി മാറ്റുന്നു. മണൽ നിറമുള്ള കല്ല് ശവശരീരങ്ങൾ.

ഷ്രാഡർ തന്റെ സിനിമയുടെ ചോദ്യോത്തര വേളയിൽ പറഞ്ഞതു പോലെ: ഞാൻ മരണത്തെക്കുറിച്ച് ഒരു സിനിമ നിർമ്മിക്കാൻ പോകുകയാണെങ്കിൽ, ഞാൻ വേഗം പോകുന്നതാണ് നല്ലത്. ആൽഫയുടെ അമ്മയ്ക്ക്, തന്റെ ആശുപത്രി ഇപ്പോൾ ഒരു വിചിത്രമായ പുതിയ രോഗത്തിന്റെ അണുബാധ കേസുകളാൽ നിറഞ്ഞിരിക്കുന്നു. ഈ അപൂർവ രോഗം രോഗിയെ ഒരു മാർബിൾ പ്രതിമയാക്കി മാറ്റുന്നതിനാൽ, അവൾ ആകെ വിഷമത്തിലാണ്. അതേസമയം, ആശുപത്രിയിൽ കിടക്കകൾ തീർന്നു. രോഗികളെ പിന്തിരിപ്പിക്കാൻ തുടങ്ങി.

വൈദ്യസഹായം ലഭിച്ച ചിലരെ ആൽഫയുടെ അമ്മ സഹായിക്കുന്നു. എന്നിരുന്നാലും, സമൂഹം ആത്യന്തികമായി വൈറ്റ്-മാർബിൾ രോഗത്തെ നേരിടുന്നുവെന്ന് സൂചിപ്പിക്കുന്നതായി തോന്നുന്നു. സമ്മർദ്ദമില്ലാത്ത ഡോക്ടർമാരും നഴ്സുമാരും ആശുപത്രിയിലെ ഒരു നിര രോഗികളെ പുഞ്ചിരിയോടെ കൈകാര്യം ചെയ്യുന്നു. ഒരു ടാറ്റൂവിന്റെ ഭീകരത തിളച്ചുമറിയുന്നതിനിടയിൽ,ഡുക്കോർണൗ ഒരു ഹൃദയസ്പർശിയായ സഹോദര-സഹോദരി

ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

കഥ പറയുന്നു. കഥയുടെ ആ ഭാഗവും ഒരു മുൻകാല ആസക്തി ഉപയോഗിച്ചിരുന്ന ഒരു സൂചിയിൽ വേരൂന്നിയതാണ്. ആൽഫയുടെ വേർപിരിഞ്ഞ അമ്മാവൻ അമിൻ (തഹാർ റഹിം), വർഷങ്ങൾക്ക് ശേഷം അവളുടെ ജീവിതത്തിലേക്ക് വീണ്ടും തിരിച്ചുവരുന്നു. അമീൻ അമിതമായി മരുന്ന് കഴിക്കുകയും ആൽഫയുടെ അമ്മ അവനെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നു. ആൽഫയുടെ മുത്തശ്ശി വിശ്വസിക്കുന്നത് റെഡ് വിൻഡ് ആണ് അവന്റെ അവസ്ഥയ്ക്ക് കാരണമെന്നാണ്.

ചെയ്യുന്നു. അവളുടെ അമ്മ അവളെ രക്തപരിശോധനയ്ക്കായി ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നു. രക്തപരിശോധനയ്ക്കായി കാത്തിരിക്കുമ്പോൾ, ആൽഫ തന്റെ ഇംഗ്ലീഷ് അധ്യാപകനെ കണ്ടുമുട്ടുന്നു. ഇംഗ്ലീഷ് അധ്യാപകൻ തന്റെ കാമുകനൊപ്പമാണ്. അയാൾക്കും രോഗം ബാധിച്ചിരിക്കുന്നു. ഇതിനകം ഭാഗികമായി കല്ലായി മാറിയിരിക്കുന്നു. ആൽഫയ്ക്ക് ഈ നിഗൂഢ രോഗമുണ്ടെന്ന് വിദ്യാർത്ഥികൾ കിംവദന്തികൾ പ്രചരിപ്പിക്കാൻ തുടങ്ങുന്നു. ആൽഫയോ



അവൾക്ക് അഞ്ച് വയസ്സുള്ളപ്പോഴുള്ള ഓർമ്മകളിൽ, അവൾ ഒരു മാർക്കർ ഉപയോഗിച്ച് അവന്റെ കൈയിലെ പാടുകൾ വരച്ചു ചേർക്കുന്നു. മരണം തന്റെ വാതിലിൽ മുട്ടി കാത്തിരിക്കുകയാണെന്ന് ആൽഫ ഭയപ്പെടുന്നു.

സ്കൂളിൽ ആൽഫ പീഡനത്തിന് ഇരയാകുന്നു.അവൾ അഡ്രിയനുമായി രഹസ്യ ബന്ധം ആരംഭിക്കുകയും ഒരു കുളിമുറിയിൽ അവനെ ചുംബിക്കുകയും

ടുള്ള പീഡനം തുടരുന്നു. ആൽഫയാണ് തനിക്ക് ഈ രോഗം നൽകിയതെന്ന് അഡ്രിയൻ ആരോപിക്കുന്നു. ആൽഫയും അമ്മയും അമ്മാവൻ അമിനും ഒരു കുടുംബയോഗത്തിൽ പങ്കെടുക്കുന്നു. ഹെറോയിൻ വാങ്ങാൻ അമീൻ ഒളിച്ചോടുകയും അമിതമായി കഴിക്കുകയും ചെയ്യുന്നു. ആൽഫയുടെ അമ്മയ്ക്ക് വീണ്ടും അവനെ വിജയകരമായി പുനരുജ്ജീവിപ്പിക്കാൻ കഴിയുന്നു. സ്കൂളിൽ, നീന്തൽ പഠനത്തിനിടെ

KPharma
HOME DELIVERY: +91 99958 11166
YOUR ESSENTIALS, DELIVERED MONTHLY
PERSONALISED NUTRITION TAILORED TO YOU

ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

ആൽഫയോടുള്ള സഹപാഠികളുടെ പീഡനം പാരമ്യത്തിലെത്തുന്നു. അതിനിടെ ആൽഫയുടെ തല നീന്തൽ കുളത്തിലെ ചുവരിൽ തട്ടി പൊട്ടുകയും അതിൽ നിന്നും ശക്തമായ രക്തസ്രാവം ഉണ്ടാവുകയും ചെയ്യുന്നു. നീന്തൽ കുളത്തിലെ വെള്ളത്തിൽ രക്തം കലരുന്നതോടെ മറ്റ് കുട്ടികൾ തങ്ങൾക്ക് രോഗം പകരുമെന്ന ആശങ്കയിൽ ഭയപ്പെടുന്നു. നിരവധി മാതാപിതാക്കളുടെ സമ്മർദ്ദത്തെത്തുടർന്ന് പരിശോധനാഫലം ആവശ്യപ്പെടുന്ന സ്കൂൾ പ്രിൻസിപ്പൽ ആൽഫയുടെ അമ്മയെ ഒരു മീറ്റിംഗി നായി കൊണ്ടുവരുന്നു. ആൽഫ സ്കൂളിൽ തിരിച്ചെത്തുന്നു. അവളുടെ ഇംഗ്ലീഷ് അധ്യാപകൻ വൈകിയെത്തി, ക്ലാസ്സിനിടെ കരയുന്നുണ്ട്.

ആൽഫയുടെ പരിശോധനാ ഫലം നെഗറ്റീവ് ആയതിനുശേഷവും, മകൾക്ക് രോഗം പകരാനുള്ള സാധ്യതയെ ക്കുറിച്ച് ആൽഫയുടെ അമ്മ സംശയി ക്കുന്നു. ആൽഫയുടെ അമ്മ അവളുടെ വിരലിൽ ഒരു മുറിവുണ്ടാക്കുകയും മകൾക്കും അതേ വിധി ഉണ്ടാകുമെന്ന് ഉറപ്പാക്കാൻ രക്തം പരിശോധിക്കുകയും ചെയ്യുന്നു. ആൽഫയുടെ അമ്മ അമീനുമായി അവന്റെ ലഹരി, നിഗൂഢ രോഗം, ആൽഫയ്ക്കുള്ള ചികിത്സ എന്നിവ സംബന്ധിച്ച് വഴക്കുണ്ടാ ക്കുന്നു. ആൽഫയുടെ അമ്മ അമിനെ പരിശോധിക്കുന്നു. അയാൾക്ക് നിഗൂഢ രോഗമുണ്ട്. ഒരു സാമ്പിൾ എടുക്കുന്നതിനിടെ ആൽഫയുടെ അമ്മ അബദ്ധത്തിൽ അമിനെ പരിക്കേൽപ്പിക്കുന്നു. അമീന്റെ മുറിവിൽ നിന്ന് ചുവന്ന പൊടി



അനിയന്ത്രിത മായി ഒഴുകാൻ തുടങ്ങുന്നു.ആൽഫയുടെ അമ്മ ആൽഫയെ മുറിയിൽ നിന്ന് പുറത്തു പോകുന്നത് വിലക്കുകയും അമ്മാവൻ അമീനിനൊപ്പം അകത്ത് പൂട്ടുകയും ചെയ്യുന്നു. ആൽഫയുടെ പരിഭ്രാന്തി കൂടുന്നു. തന്റെ കിടപ്പുമുറിയിലെ സീലിംഗ് അവളെ തകർക്കുന്നതായി അവൾ സ്വപ്നം കാണുന്നു.

ആൽഫയെ വീട്ടിൽ നിന്ന് ഒളിച്ചോടാൻ അമീൻ സഹായിക്കുന്നു. അമീൻ ആൽഫയെ നിഗൂഢ രോഗം ബാധിച്ച ആളുകൾ നിറഞ്ഞ ഒരു നൈറ്റ്ക്ലബിലേക്ക് കൊണ്ടുവരുന്നു. ഇരുവരും ഒരുമിച്ച് അവരുടെ കലാപം ആഘോഷിക്കുന്നു. ആൽഫ ഒറ്റയ്ക്ക് അഡ്രിയന്റെ വീട്ടിലേക്ക് നടക്കുന്നു.

ലൈംഗിക ബന്ധത്തിൽ ഏർപ്പെടാനുള്ള ഉദ്ദേശ്യത്തോടെ ഇരുവരും വസ്ത്രം അഴിക്കുമ്പോൾ അഡ്രിയൻ തന്റേതിന് സമാനമായ ഒരു ടാറ്റൂ ചെയ്തിട്ടുണ്ടെന്ന് ആൽഫ കാണുന്നു. അവൾ ടാറ്റൂ ചെയ്ത അതേ പാർട്ടിയിൽ അവനെ യും ടാറ്റൂ ചെയ്തിട്ടുണ്ടെന്ന് അവൾ

K Pharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

മനസ്സിലാക്കുന്നു. തനിക്ക് രോഗം നൽകിയെന്ന് ആരോപിച്ചതിന് അഡ്രിയനിൽ ആൽഫ അസ്വസ്ഥയായി അവിടെ നിന്ന് പോകുന്നു.

വീണ്ടും അമിതമായി കഴിച്ചാൽ തന്നെ പുനരുജ്ജീവിപ്പിക്കുന്നത് തടയുമെന്ന് ആൽഫയോട് വാഗ്ദാനം ചെയ്യാൻ അമീൻ ആവശ്യപ്പെടുന്നു. ഇരുവരും ഒരു ബീച്ച് സൈഡ് സ്റ്റോപ്പിൽ ഇറങ്ങുന്നു. ഹെറോയിൻ വാങ്ങാൻ അമീൻ വീണ്ടും ആൽഫയെ ഉപേക്ഷിക്കുന്നു. ആൽഫയുടെ അമ്മ ആശുപത്രിയിൽ നിന്ന് വീട്ടിലേക്ക് വിളിക്കുകയും അവനെ ഉപേക്ഷിച്ചതിന് അമ്മ അവളെ ശിക്ഷിക്കുകയും ചെയ്യുന്നു. ആൽഫ അമിൻ അമിതമായി കഴിക്കുന്നത് കാണുകയും അമ്മയെ വിളിക്കാൻ അടുത്തുള്ള ഒരു **മോട്ടലിലേക്ക് ഓടുകയും ചെയ്യുന്നു. രോഗത്തിന്റെ വേദന ഒഴിവാക്കാൻ തന്റെ സഹോദരനെ അമിതമായി മദ്യപിച്ച് ആത്മഹത്യ ചെയ്യാൻ അവൾ സഹായിക്കുന്നു.**

അമിൻ ബോധരഹിതയാകാൻ തുടങ്ങുമ്പോൾ, തന്റെ ബാഗ് തനിക്ക് നൽകണമെന്ന് അവൾ ആൽഫയോട് നിലവിളിക്കുന്നു. അവളുടെ അമ്മ ആൽഫയുടെ കൈകളിൽ നിന്ന് ബാഗ് പുറത്തെടുത്ത് അഡ്രിനാലിൻ നിറച്ച ഒരു സൂചി ഉപയോഗിച്ച് അമീനെ പുനരുജ്ജീവിപ്പിക്കുന്നു

അവളുടെ ടാറ്റൂവും അതിലൂടെ ചോർന്നൊലിക്കുന്ന ബാൻഡേജും, അവർക്ക് രോഗം പിടിപെടുമെന്ന വിശ്വാസത്തോടെ അവളുടെ ക്ലാസ്സിലെ എല്ലാവരും അവളെ മാറ്റിനിർത്തി. തുടർന്ന് സമൂഹം അവളുടെ മുഴുവൻ കുടുംബത്തെയും അകറ്റി നിർത്തുന്നു. ദുരിതത്തിന്റെയും പ്രതികൂലത്തിന്റെയും ഈ ജീവിതം നയിക്കാൻ അമീൻ അവളെ സഹായിക്കുന്നു. ഒരു സൂചിയാൽ രോഗം ബാധിച്ച ഇരുവരും വേദനയിലും വിഷാദത്തിലും





പരസ്പര ധാരണ കണ്ടെത്തുന്നു. ഈ പിൻവാങ്ങലിൽ നിന്ന് വികാരങ്ങൾ ചാഞ്ചാടുമ്പോഴും ആൽഫ അമിനെ പരിപാലിക്കാൻ തുടങ്ങുന്നു. ആശങ്കകൾ ശക്തമാകുമ്പോൾ, ആൽഫ അമ്മയോട് പറയുന്നത്, അമിനെ സമാധാനപരമായി മരിക്കാൻ അനുവദിക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടെന്നാണ്.

ആൽഫ അമിനെ അവരോടൊപ്പം വീട്ടിലേക്ക് വരാൻ അനുവദിക്കില്ലെന്ന് അവളോട് പറയുന്നു. ആൽഫയുടെ അമ്മ സമ്മതിക്കുന്നു. അവർ വാഹന മോടിക്കുമ്പോൾ ഒരു ചുവന്ന പൊടിക്കാറ്റ് വീശുന്നു. ചുവന്ന പൊടി വായുവിലേക്ക് അടിച്ചുകയറ്റുമ്പോൾ അവർ മൂവരും കാറിൽ നിന്ന് ഇറങ്ങുന്നു. ആൽഫയുടെ അമ്മ അമിനെ വാതിലിലേക്ക് കൊണ്ടു പോകുന്നു. ആൽഫ അവളുടെ മുഖത്ത് പൊടിപടലങ്ങൾ മൂടുന്നത് നോക്കി നിൽക്കുന്നു. അമിൻ കാറ്റിൽ ചിതറി പ്പോകുന്നു. ആൽഫയുടെ അമ്മ സങ്കടത്തോടെ കുഴഞ്ഞുവീഴുന്നു.

ഈ സാങ്കൽപ്പിക സാഹചര്യം എയ്ഡ് സിനോ കോവിഡിനോ എതിരെയുള്ള ഒരു സൂചനയാണെന്ന് പറയാം. മയക്കുമരുന്നിന് അടിമകളായവരുടെ മാന്യമായ സമൂഹത്തിന്റെ ഭീകരതയു മായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. വൃത്തിഹീനമായ സാഹചര്യങ്ങൾ വഴിയും ലഹരിവസ്തുക്കളുടെ അമിത ഉപയോഗത്തിലൂടെയും മനുഷ്യൻ ക്ഷണിച്ചു വരുത്തുന്ന വിചിത്രമായ രോഗങ്ങൾ വഴി അവർ അനുഭവിക്കുന്ന യാതന കളും അത് മറ്റുള്ളവരിൽ സൃഷ്ടിക്കുന്ന ഭീകര അന്തരീക്ഷവും അതുവഴി സമൂഹത്തിൽ ഒറ്റപ്പെടേണ്ടി വരുന്ന അവസ്ഥകളെ കുറിച്ചും വ്യക്തമായ ഒരു കാഴ്ചപ്പാട് ഈ ചിത്രത്തിലൂടെ സംവിധായൻ വരച്ചു കാട്ടുന്നുണ്ടെന്ന് നിസംശയം പറയാവുന്നതാണ്. ●




K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition


# കറുത്ത മുയലും വെളുത്ത മുയലും: ചലച്ചിത്രഭാഷയുടെ നവവ്യാകരണം (Black Rabbit, White Rabbit)




**ഗിരിജ സുരേന്ദ്രൻ**
( ഫിൽക്ക)


**Black Rabbit, White Rabbit**
Tajikisthan, UAE / 139 mins /
**Dir. Shahram Mokri.**

ആഖ്യാന ഘടനയെയും സമയത്തെയും പലപ്പോഴും വിചിത്രമാക്കുന്ന സിനിമകൾ എപ്പോഴും ചലച്ചിത്ര ലോകത്ത് നിരൂപണ വിഷയ മാണ്. ഷഹ്റാം മോക്രി തനതായ ബഹുതല കഥപറച്ചിലിനും ധീരമായ സിനിമാറ്റിക് ശൈലിക്കും പേരുകേട്ട ഒരു ഇറാനിയൻ ചലച്ചിത്രകാരനാണ്. പലപ്പോഴും ആഖ്യാന ഘടനയെ വെല്ലു വിളിക്കുകയും യാഥാർത്ഥ്യത്തിനും ഫിക്ഷനും ഇടയിലുള്ള അതിർവരമ്പുകൾ ഇല്ലാതാക്കുകയും ചെയ്യുന്ന സിനിമകളി ലൂടെ അദ്ദേഹം അന്താരാഷ്ട്ര അംഗീകാരം നേടിയിട്ടുണ്ട്. ISFA സിനിമാ ഹൗസ് ഷോർട്ട് ഫിലിം അസോസിയേഷന്റെ സ്ഥാപക അംഗമാണ് മോക്രി. തന്റെ കരിയറിന്റെ തുടക്കത്തിൽ, ഹ്രസ്വ ചിത്രങ്ങൾക്ക് നിരവധി അവാർഡുകൾ കരസ്ഥമാക്കിയിട്ടുണ്ട് .

ഷഹ്റാം മോക്രി സഹ-രചനയും സംവിധാനവും നിർവഹിച്ച് 2025-ൽ പുറത്തിറങ്ങിയ ബ്ലാക്ക് റാബിറ്റ്, വൈറ്റ് റാബിറ്റ് ദൃശ്യഭാഷകൊണ്ട് ഒരു പരീക്ഷണ ചിത്രമാണ് .നോൺ-ലീനിയർ ശൈലിയിൽ പരസ്പരം ബന്ധിപ്പിച്ച ഒന്നിലധികം കഥാതന്തുക്കൾ ഈ സിനിമയിൽ സംയോജിപ്പിക്കുന്നു. പ്രമേയത്തിൽ ആകസ്മികത, യാഥാർത്ഥ്യം, മനുഷ്യ ദുർബലത, സിനിമാറ്റിക് മിഥ്യ എന്നിവ അവതരിപ്പിക്കുന്നു.




KPharma
HOME DELIVERY:
+91 99958 11166




ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

ഹൈനാൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ മികച്ച ചിത്രത്തിനുള്ള പുരസ്കാരം ബ്ലാക്ക് റാബിറ്റ്, വൈറ്റ് റാബിറ്റ് എന്ന ചിത്രത്തിനായിരുന്നു. 30-ാമത് ബുസാൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ (വിഷൻസ്ഏഷ്യ വിഭാഗം) പ്രദർശിപ്പിച്ചു. ബി.എഫ്. ഐ ലൻ ഫിലിം ഫെസ്റ്റിവൽ ,ചിക്കാഗോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, റെഡ് സീ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ (സൗദി അറേബ്യ), സിംഗപ്പൂർ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, ഗോവയിൽ നടന്ന ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ഇന്ത്യ (IFFI) എന്നിവിടങ്ങളിൽ ഈ സിനിമ ശ്രദ്ധനേടി.

ആധുനിക ഇറാനിയൻ സിനിമയിലെ ഒരു പ്രധാന ശബ്ദമാണ് മോക്രി. കലാപ രമായ സംവേദനക്ഷമതയെ അസാധാരണ മായ കഥപറച്ചിൽ സങ്കേതങ്ങളുമായി സംയോജിപ്പിച്ച് അവയുടെ സർഗ്ഗാത്മ കതയിൽ എത്തിക്കുന്നു. അദ്ദേഹത്തിന്റെ സിനിമകൾ അന്താരാഷ്ട്ര ചലച്ചിത്ര ഉത്സവങ്ങളിലും ആഗോള പ്രേക്ഷകരിലും ആഘോഷമാണെന്ന് പറയാം .





മൂന്ന് പ്രധാന സംഭവങ്ങൾ ഇടകലരുന്നത് ഈ സിനിമയിൽ കാണാം.താജിക്കി സ്ഥാനിൽ ഒരു ക്ലാസിക് ഇറാനിയൻ സിനിമ റീമേക്ക് ചെയ്യാൻ ശ്രമിക്കുന്ന ഒരു ചലച്ചിത്ര സംവിധായകൻ.മറ്റൊന്ന് ഒരു പ്രോപ്പ് ഗൺ (കളിത്തോക്ക്) യഥാർത്ഥ തോക്കായിരിക്കാമെന്ന് ബോധ്യപ്പെടുന്ന ഒരു സെറ്റ് ആർമർ. അഭിനയത്തിൽ അംഗീകാരം തേടുന്ന ഒരു നടി. സംശയാസ്പദമായ ഒരു വാഹനാപകടത്തിൽ നിന്ന് സുഖം പ്രാപിക്കുന്ന ഒരു സ്ത്രീ. അങ്ങനെ വിവിധ കഥാപാത്രങ്ങൾ. അവരുടെ കഥകൾ പരസ്പരം ഓവർലാപ്പ് ചെയ്യുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു.

കാർ അപകടത്തെ തുടർന്ന് ശരീരം മുഴുവൻ പ്ലാസ്റ്ററിൽ പൊതിഞ്ഞു കഴിയുന്ന സാറയെ കഥ കേന്ദ്രീകരി ക്കുന്നു. അവളുടെ ഭർത്താവ് അവളിൽ നിന്ന് അകൽച്ചയിലുമാണ്. സാറയുടെ കഥ താജിക്കിസ്ഥാനിലാണ് ചിത്രീകരിച്ചത്. ഒരേ സമയം അവിടെ മറ്റൊരു കഥയും ചിത്രീകരിക്കുന്നുണ്ട്.കഥാപാത്രങ്ങളുടെ ധാരണകൾക്കും സംഭവങ്ങളെക്കുറിച്ചുള്ള പ്രേക്ഷകരുടെ ധാരണയ്ക്കും ഇടയിലുള്ള അതിരുകൾ ഇല്ലാതാക്കാൻ മോക്രി

KPharma
HOME DELIVERY:
+91 99958 11166




ലോംഗ് ടേക്കുകൾ, ചാക്രികമായ എഡിറ്റിംഗ്, സമയ ലൂപ്പുകൾ, മാജിക് റിയലിസത്തിന്റെ പ്രയോഗങ്ങൾ എന്നിവ ഉപയോഗിക്കുന്നു. ചിത്രത്തിന്റെ ത്രിമാന ആഖ്യാന ഘടനയിൽ മാജിക്കൽ റിയലിസത്തിന്റെയും സർ റിയലിസത്തിന്റെയും രീതി കൊണ്ട് മോക്രി ചലച്ചിത്ര ഘടനയെ നവീകരിക്കുന്നു.

പ്രമേയ പരിചരണത്തിലെ സാധാരണ കാലസങ്കല്പങ്ങൾ തെറ്റിച്ചുകൊണ്ട് സിനിമയ്ക്കുള്ളിൽ കാലത്തിന്റെ സമാന്തര ചുരുളുകൾ വിടർത്തുന്ന സിനിമയാണ് കറുത്ത മുയലും വെളുത്ത മുയലും. മുൻ സിനിമകളിലെ രാഷ്ട്രീയ അടിയൊഴുക്കുകളിൽ നിന്ന് വ്യത്യസ്ത മായിട്ടാണ് ഷാഹ്റാം മോക്രി ഈ സിനിമയുടെ പ്രമേയവും വ്യാകരണവും നെയ്തെടുത്തിട്ടുള്ളത്.

ചെക്കോവിന്റെ തോക്ക് എന്ന കഥ യിലെ തോക്ക് ഒരു യഥാർത്ഥ തോക്ക് അല്ലെന്നിരിക്കെ അത് കാഴ്ചയിൽ പലവിധ വികാരങ്ങളും ഉദ്വേഗവും ഉണർത്തുന്നു. മാരകമാണെന്ന് കരുതി ഒരു സിനി പ്രോപ്പ് ആയുധത്തെക്കുറിച്ചുള്ള കഥാപാത്രത്തിന്റെ വർദ്ധിച്ചുവരുന്ന ഉത്കണ്ഠയെ കേന്ദ്രീകരിച്ചുള്ള ഉപകഥയും ഇതിൽ ഉൾപ്പെടുന്നു.ഊടും പാവും പോലെ പരസ്പരബന്ധിതമായ രംഗങ്ങളും മുയൽ രൂപങ്ങളും സിനിമയെ ആകർഷക മാക്കുന്നു.

ഒരു നേർരേഖയിലല്ല കഥനരീതി. മോക്രിയുടെ മുൻ സിനിമകൾ പോലെ, ഒന്നിലധികം കഥകൾ ആവർത്തിക്കു കയും ഓവർലാപ്പ് ചെയ്യുകയും പതുക്കെ ബന്ധങ്ങൾ വെളിപ്പെടുത്തുകയും ചെയ്യുന്ന ആഖ്യാനമാണിത്. യാഥാർത്ഥ്യം, സിനിമ, ഓർമ്മ, യാദൃച്ഛികത എന്നിവ പരസ്പരം കൂടിച്ചേരുന്നു.ചെറിയ തീരുമാനങ്ങൾ പോലും ജീവിത ത്തിലുടനീളം എങ്ങനെ പ്രതിധ്വനിക്കുന്നു എന്നതിനെക്കുറിച്ചുമാണ് ഈ സിനിമ . ഒരു ഇറാനിയൻ ചലച്ചിത്ര നിർമ്മാതാവ് ഒരു സിനിമ നിർമ്മിക്കാൻ താജിക്കി സ്ഥാനിലേക്ക് പോകുന്നു. ഒരു ഇറാനിയൻ സിനിമ പുനഃസൃഷ്ടിക്കാനോ പുനർസങ്കൽപ്പിക്കാനോ ശ്രമിക്കുകയാണ്. പക്ഷേ പ്രോജക്റ്റ് അസ്ഥിരമാകുന്നു. അദ്ദേഹം നിർമ്മിക്കുന്ന സിനിമയും നമ്മൾ കാണുന്ന സിനിമയും തമ്മിലുള്ള വ്യത്യാസം മെല്ലെ ഇല്ലാതാവുന്നു. ഏതൊക്കെ രംഗങ്ങളാണ് യഥാർത്ഥ മെന്നും സിനിമയ്ക്കുള്ളിലെ സിനിമയിൽ നമുക്ക് ഒരിക്കലും പൂർണ്ണമായി ഉറപ്പിക്കാൻ പറ്റില്ല .





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition


ഈ കഥാതന്തു യഥാർത്ഥ സിനിമാ ദുരന്തങ്ങളെ പ്രതിധ്വനിപ്പിക്കുകയും ചോദ്യങ്ങൾ ഉയർത്തുകയും ചെയ്യുന്നു. അക്രമത്തിന് ആരാണ് ഉത്തരവാദി? അനന്തരഫലങ്ങളിൽ നിന്ന് ഉദ്ദേശ്യത്തെ വേർതിരിക്കാൻ കഴിയുമോ? കഥാപാത്രങ്ങൾ വ്യത്യസ്ത വേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. സംഭവങ്ങൾ പരിചിതവും മാറ്റവും ഉള്ളതായി തോന്നുന്നു എന്ന് ക്രമേണ പ്രേക്ഷകർ മനസ്സിലാക്കുന്നു.എല്ലാ കഥാപാത്രങ്ങളും സിനിമ, യാദൃച്ഛികത, അക്രമം എന്നിവയിൽ ബന്ധപ്പെട്ടിരിക്കുന്നു.

കറുത്ത മുയൽ, വെളുത്ത മുയൽ എന്നിവ ഇരട്ട യാഥാർത്ഥ്യങ്ങളെ പ്രതീക പ്പെടുത്തുന്നു. ആഘാതം, ഓർമ്മ, ആഗ്രഹം എന്നിവ ആവർത്തിക്കുന്ന ഒരു പ്രക്രിയയായിട്ടാണ് സിനിമയെ കാണിക്കുന്നത്. ഉത്തരവാദിത്തം പങ്കിടപ്പെടുന്നു. വിഘടിപ്പിക്കപ്പെടുന്നു. അത് ഒരു വ്യക്തിയിൽ മാത്രം ഒതുക്കി നിർത്താൻ കഴിയില്ല. ഇറാനു പുറത്ത് നിർമ്മിച്ച മോക്രിയുടെ ആദ്യ നിർമ്മാണമായ ബ്ലാക്ക് റാബിറ്റ്, വൈറ്റ് റാബിറ്റ് താജിക്കിസ്ഥാനും യുണൈറ്റഡ് അറബ് എമിറേറ്റ്സും ചേർന്നുള്ള ഒരു സഹനിർമ്മാണമാണ്. റഷ്യൻ, താജിക്, പേർഷ്യൻ ഭാഷകളിൽ സംഭാഷണങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഇറാനിയൻ സാമൂഹിക നാടകത്തിന്റെയും അമേരിക്കൻ സിനിമയുടെയും സ്വഭാവം നിലനിർത്തുന്നുണ്ടെങ്കിലും, ചലച്ചിത്ര നിർമ്മാതാവിന്റെ മുൻ കൃതികളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ചിത്രം ഒരു പുതിയ മാനം നേടുന്നു.

ഘടനാപരമായ മിഥ്യാധാരണകളെ വെല്ലുവിളിക്കുന്ന ഇടവും (സമയവും) സെർജി പരജനോവിന്റെ അലങ്കാര ദൃശ്യവാദവും തമ്മിലുള്ള ഒരു സങ്കലനമാണ് ബ്ലാക്ക് റാബിറ്റ്, വൈറ്റ് റാബിറ്റ്. സിനിമയുടെ സങ്കീർണ്ണമായ ആഖ്യാനത്തിൽ നാടോടിക്കഥകളും ആചാരങ്ങളും കൂടിച്ചേരുന്നു. പരജനോവിന്റെ സ്റ്റാറ്റിക് രീതിയിൽ ചിത്രകാരൻ മോർട്ടേസ ഗെയ്ഡി നയിക്കുന്ന ക്യാമറ, സിനിമയെ നിരവധി അധ്യായങ്ങളായി മുറിച്ചിട്ടിട്ടും വ്യത്യസ്ത രംഗങ്ങളിലൂടെയും യാഥാർത്ഥ്യങ്ങളിലൂടെയും സുഗമമായി സഞ്ചരിക്കുന്നു. എന്നിരുന്നാലും, ചിത്രത്തിനുള്ളിലെ റീമേക്കിന്റെ സെറ്റ് ഡിസൈൻ പരജനോവിന്റെ അലങ്കാര



K Pharma
HOME DELIVERY: +91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition



സംവേദനക്ഷമതയെ ഓർമ്മിപ്പിക്കുന്നുണ്ട് . മോക്രിയുടെ ആശയപരമായ ചട്ടക്കൂടിന് ചാരുത നൽകുന്നുണ്ട്.

ബ്ലാക്ക് റാബിറ്റ്, വൈറ്റ് റാബിറ്റ് എന്ന സിനിമയിലൂടെ ആനുകാലിക നവീന ചലച്ചിത്രകാരന്മാരിൽ ഒരാളായി മോക്രി ഗണിക്കപ്പെടുന്നു. അതേസമയം അദ്ദേഹത്തിന്റെ സിനിമയുടെ സങ്കീർണ്ണ മായ ദൃശ്യഘടനയ്ക്ക് കീഴിൽ, പ്രാതിനിധ്യത്തിനും യാഥാർത്ഥ്യത്തിനും ഇടയിലുള്ള അസ്വസ്ഥമായ അതിരു കളെക്കുറിച്ചുള്ള ഒരു പ്രതിഫലനവു മുണ്ട്. കൂടാതെ മറ്റ് നിരവധി രൂപക ങ്ങളും. അതിന്റെ ബൗദ്ധിക രൂപകൽപ്പന പരമ്പരാഗത കാഴ്ചാ ശീലങ്ങളെ വെല്ലുവിളിച്ചേക്കാം. എന്നാൽ കാഴ്ച ക്കാരെ അകറ്റാത്ത വിധത്തിൽ മൾട്ടി-ഡൈമൻഷണൽ ടൈം-ലൂപ്പ് സങ്കേത വുമായി മോക്രി കഥപറച്ചിലിനെ സന്തുലിതമാക്കുന്നു.പരീക്ഷണാത്മക ചലച്ചിത്രനിർമ്മാണത്തിന്റെയും ദാർശനിക സിനിമയുടെയും കവലയിൽ മോക്രിയുടെ സ്ഥാനം ബ്ലാക്ക് റാബിറ്റ്, വൈറ്റ് റാബിറ്റ് വീണ്ടും ഉറപ്പിക്കുന്നു.


ഓസ്കാറിലെ മികച്ച അന്താരാഷ്ട്ര ഫീച്ചർ ഫിലിം വിഭാഗത്തിൽ താജിക്കിസ്ഥാന്റെ എൻട്രിയായി ഈ ചിത്രം സമർപ്പിച്ചിരുന്നു.





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# Authoritarian Echoes and Private Lives: The Secret Agent at IFFK



**Dr. Sowparnika Treasa Sabu**
(Scientist, ICMR, New Delhi)




**The Secret Agent**
Brazil, France, Germany, Netherlands/ 158 mins/
Dir.**Kieber Mendonca Filho**.

The Secret Agent (2025), written and directed by Brazilian filmmaker Kleber Mendonça Filho, is a powerful political drama set in Brazil during the military dictatorship of the late 1970s.

The film follows Marcelo (played by Wagner Moura), a former teacher who arrives in Recife during Carnival to meet his son, only to find himself trapped in a dangerous world of surveillance, fear, and state control.

Set against the vibrant yet tense atmosphere of Carnival, the film sharply contrasts celebration with repression. Mendonça Filho recreates 1970s Recife with great care, showing how ordinary life continues under constant political threat. Simple actions carry risk, and



KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

silence often becomes a means of survival.The film moves at a slow, deliberate pace, focusing on mood rather than fast action. Everyday moments build quiet tension, drawing




viewers into Marcelo's inner fear and uncertainty. The visuals are carefully composed, and the use of music-especially unexpected songs-adds an eerie emotional layer.

Wagner Moura delivers a deeply moving performance, portraying Marcelo as vulnerable yet resilient. The supporting cast further enriches the story, showing characters forced to make difficult moral choices under pressure.

More than a political thriller, The Secret Agent explores memory, resistance, and the emotional cost of living under authoritarian rule. Its symbolic use of music, Carnival imagery, and subtle storytelling rewards patient viewers.

The film has received major international recognition, winning Best Director and Best Actor at the 2025 Cannes Film Festival, along with several critics' awards. It was also selected as Brazil's official entry for the 2026 Academy Awards.

Thoughtful, haunting, and emotionally powerful, The Secret Agent stands out as one of the most memorable films of 2025-one that lingers long after the final scene ●



KPharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# മുലപ്പാൽ നുണയുന്ന ഭാഗ്യ കൗമാരം (The Ivy)



**രാജാംബിക**
(വൈസ് പ്രസിഡന്റ്,ഫിൽക്ക)




**The Ivy**
Equador, Mexico, France, Spain / 98 mins/
**Dir. Ana Christina Barragon.**

ചെഞ്ചോരി വായ് പിളർത്തി കുഞ്ഞിക്കൈകൾ വായുവിലേക്ക് വീശി തന്റെ അടിസ്ഥാന ആവശ്യം കരച്ചിലിലൂടെ അറിയിക്കുകയാണ് അനാഥാലയത്തിലെ അന്തേവാസിയായ ഒരു കുഞ്ഞ്. ഫീഡിങ് ബോട്ടിലിൽ നന്നായി ലയിപ്പിച്ച് അമ്മയുടെ വാത്സല്യത്തോടെ, ആ കുഞ്ഞിന്റെ വായിലേക്ക് നിപ്പിൾ ഇറക്കി വച്ചു കൊടുക്കുന്ന ഒരു കൗമാരക്കാരൻ... ആർത്തിയോടെ അത് വലിച്ചു കുടിക്കുന്ന കുഞ്ഞ്. അവസാനത്തെ തുള്ളിയും നൊട്ടി നുണഞ്ഞു വിശപ്പു മാറിയ കുഞ്ഞിന്റെ സംതൃപ്തമായ മുഖം. ആ കുഞ്ഞു സന്തോഷം നിറഞ്ഞ നോട്ടം, നമ്മുടെ ഉള്ളിലെ ആകാംക്ഷയ്ക്ക് വിരാമമിട്ട നേരം. കുഞ്ഞുവയർ നിറഞ്ഞപ്പോൾ കണ്ടിരുന്ന ഓരോ പ്രേക്ഷക ന്റെയും മനസ്സും നിറഞ്ഞിട്ടു ണ്ടാവണം. ആ സംതൃപ്തിയാണ് സംവിധായിക അനക്രിസ്റ്റീന ബറാഗൻ തന്റെ കരിയറിലെ മൂന്നാമത്തെ ചിത്രത്തി ലൂടെ നമുക്ക് പകർന്നു തന്നത്.

ഞെട്ടലുളവാക്കുന്ന അനുഭവങ്ങൾ മനുഷ്യരുടെ ജീവിതത്തെ എങ്ങനെയാണ് മാറ്റിമറിക്കുന്നതെന്ന് ഈ ചിത്രത്തിൽ കൂടി കാണിച്ചു തരുന്നു. അതിനെ മറികടക്കുക സാധാരണ വ്യക്തികളെ സംബന്ധിച്ച് എത്ര പ്രയാസകരമാണെന്നതും.



K Pharma
HOME DELIVERY:
+91 99958 11166


അനാഥത്വം പേറുന്ന ആർക്കും പ്രത്യേകിച്ച് ഓട്ടിസം ബാധിച്ച കുട്ടികൾക്ക് പോലും സ്ഥിര ആശ്വാസ കേന്ദ്രമല്ല അനാഥാലയങ്ങൾ. ഇവിടെയും സ്ഥിതി വ്യത്യസ്തമല്ല. ഒരു നിശ്ചിത പ്രായം എത്തുന്നത് വരെ സംരക്ഷണം ലഭിക്കുന്ന അവിടെ, കഴിയുന്ന കുട്ടികളെ സംബന്ധിച്ച് അവരുടെ ജീവിതമാകുന്ന വിളക്കിന് വെളിച്ചം പകരാൻ, ദത്തെടുത്ത് പുതിയൊരു ജീവിതം തരാൻ ആരെ ങ്കിലും എത്തുമെന്ന് കാത്തിരിക്കുന്നുണ്ട്.

അനാഥത്വത്തിന്റെ മുറിവ് ഉള്ളിൽ പേറുമ്പോഴും ഹൂലിയോയും സുഹൃത്തുക്കളും തങ്ങളുടെ കൗമാരം അസൗകര്യങ്ങൾക്കിടയിലും ആഘോ ഷിക്കാൻ ശ്രമിക്കുന്നുണ്ട്. കുഞ്ഞുങ്ങളുടെ കാര്യങ്ങൾ ശ്രദ്ധിക്കുക, ഭക്ഷണം ഉണ്ടാ ക്കുക, സഹഅന്തേവാസികളോടൊപ്പം സമയം ചെലവഴിക്കുക തുടങ്ങിയ ദൈനംദിന കാര്യങ്ങളൊഴിച്ച് പ്രത്യേ കിച്ച് വ്യത്യാസങ്ങളൊന്നും ഇല്ലാത്ത ഹൂലിയോയുടെ ദിനങ്ങളിലേക്ക് മുപ്പതുകളുടെ തുടക്കത്തിലുള്ള



അസുസേന കടന്നുവരികയാണ്. ഭൂതകാലത്തിൽ ലഭിച്ച മുറിവുകളിൽ വേദനിച്ച് ഉൾവലിഞ്ഞു ജീവിക്കുന്ന ആളാണ് അസുസേന. പരസഹായ മില്ലാതെ ജീവിക്കാൻ കഴിയാത്ത പ്രായ മായ അച്ഛനല്ലാതെ അവൾക്ക് മറ്റാരുമില്ല. അനാഥരോട് കൂട്ടുകൂടുന്നതിനു മുൻപ് അച്ഛനോട് മാത്രമാണ് അസുസേന ഇടപഴകുന്നതായി നാം കാണുന്നത്. അതും വിരളമായി. ഏറ്റവും ഇഷ്ട ഭക്ഷണം പോലും അച്ഛനു മാത്രമാണ് അവൾ നൽകിയിരുന്നത്. ഒരു കൊച്ചു കുഞ്ഞിനെ കൈകാര്യം ചെയ്യുന്ന



ലാഘവത്തോടെ അവൾ അച്ഛനെ ശുശ്രൂഷിച്ചു. അവിടെ ലൈംഗികതയുടെ രാക്ഷസനോട്ടങ്ങൾക്ക് പ്രസക്തിയില്ല. ഒരു മകന് തന്റെ വയസ്സായ അമ്മയെയും ഒരു മകൾക്ക് തന്റെ വയസ്സായ അച്ഛനെയും പരിചരിക്കേണ്ട സന്ദർഭങ്ങളിൽ അവിടെ നഗ്നത ഒരു വിഷയമേയല്ല. അച്ഛൻ ഉണ്ടെങ്കിലും ഏകാന്ത ജീവിതം തന്നെ യായിരുന്നു അവൾക്കുണ്ടായിരുന്നത്. അതിൽ നിന്നൊരു മോചനത്തിനായിട്ടാണ് അവൾ അന്തേവാസികളുമായി കൂട്ടുകൂടിയത്.

K Pharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition

അവരോടൊപ്പം കളിക്കുമ്പോഴും അവരോടൊപ്പം ഭക്ഷണം കഴിക്കുമ്പോഴും അവരെ ഓരോ കാര്യത്തിന് സഹായി ക്കുമ്പോഴും അവൾ തന്റെ വേദനകൾ മറന്നു. എല്ലാവർക്കും മുടി ഭംഗിയായി വെട്ടിക്കൊടുക്കുന്നുണ്ട്. അവരുടെ ഹെയർ സ്റ്റൈലിൻെറ ഭംഗി അവർ ആസ്വദിച്ചു. പ്രത്യേകിച്ച് ഹൂലിയോ. സന്തോഷത്തിൻെറ ഉറവ പൊട്ടി ഒരു പുഞ്ചിരി അവൻെറ ചുണ്ടത്ത് തത്തിക്കളിച്ചു. എല്ലാവരോടും ഒരുപോലെ ഇടപഴകുമ്പോഴും അവർക്ക് തന്നോട് എന്തോ പ്രത്യേക പരിഗണന ഉള്ളതായി ഹൂലിയോയ്ക്ക് മനസ്സിലാകുന്നുണ്ടെങ്കിലും അവനത് പുറമേ കാണിച്ചില്ല. കാരണം സ്നേഹപരിലാളനകൾ അന്തേവാസികൾക്ക് കിട്ടുന്നത് വല്ലപ്പോഴും മാത്രമാണല്ലോ. അവൾ അവനെ തൻെറ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി. അച്ഛന് മാത്രം പങ്കുവച്ചിരുന്ന വിശിഷ്ട ഭോജ്യങ്ങൾ അവൾ അവനും നൽകുന്നു. പക്ഷേ അനാഥാലയത്തിൽ വളർന്നുവന്ന ഒരു പയ്യനുമായി യാദൃശ്ചികമായി അവർ പരിചയത്തിൽ ആവുക അല്ലെന്നത് പിന്നീട് അറിയുന്നു. അവരുടെ മകൻ തന്നെയാണ് ഹൂലിയോ. അവരുടേതല്ലാത്ത കാരണങ്ങളാൽ മുറിവേറ്റ ഒരു അമ്മയുടെയും മകന്റെയും വർഷങ്ങൾക്കിപ്പുറത്തെ സമാഗമമാണ് മിനിമലിസത്തിന്റെ ഭംഗിയോടെ സ്ക്രീനിൽ പകർത്തി വയ്ക്കുന്നത്.പ്രധാന കഥാപാത്രങ്ങളുടെ മികച്ച കാസ്റ്റിംഗ് ആണ് ചിത്രത്തിൽ. ഹൂലിയോ ആയി ഫ്രാൻസിസ് എഡ്യു ലൂമികിങ്കയും അസുസേനയായി സിമോൺ ബൂസിയോയും ആണ് അഭിനയിച്ചിരിക്കുന്നത്. ആദ്യ കാഴ്ചയിൽ തന്നെ തങ്ങളുടെ കഥാപാത്രങ്ങളെ പ്രേക്ഷകരിലേക്ക് രജിസ്റ്റർ ചെയ്യിക്കുന്നുണ്ട് ഇരുവരും. അനുഭവങ്ങളാൽ ഉലഞ്ഞുപോയ ആളാണ് അസുസേന എങ്കിൽ ദുഃഖം ഉള്ളിൽ ഒളിപ്പിച്ച ആളാണ് ഹൂലിയോ. പറയുന്ന വിഷയം ഗഹനം എങ്കിലും തനിമ ചോർന്നു പോകാതെ ലളിതമായി തുടങ്ങി ലളിതമായി



K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

അവസാനിപ്പിക്കുന്ന ആഖ്യാനമാണ് അന ക്രിസ്റ്റീന ബറാഗന്റേത്.പ്രായമായ അച്ഛൻ മാത്രം ഉള്ള അസുസേനയുടെ ലോകവും ഹൂലിയോയും കൂട്ടുകാരും കഴിയുന്ന അനാഥാലയവും മാത്രമാണ് ചിത്രത്തിൽ കടന്നുവരുന്നത്. ഒപ്പം, ആരായിരുന്നു എന്ന് പറയുന്ന ചെറു ഫ്ളാഷ് ബാക്കുകളും.

അമ്മയും മകനും ചേർന്ന് ഒരു യാത്ര, കളിചിരികളുമായി വർണ്ണാഭമാകുന്നു. അരയന്നങ്ങളെപ്പോലെ നീന്തി തുടിച്ചു രസിച്ചും താഴ്വാരങ്ങളിലൂടെ മാനുകളെപ്പോലെ ഓടിയും നഷ്ടപ്പെട്ടു പോയ ജീവിതം തിരികെപ്പിടിക്കു കയാണ് ആ അമ്മ. പോകുന്ന വഴിയിൽ ദൂരെ ഒരിടത്ത് തടാകത്തിനപ്പുറമുള്ള വിദൂരതയിൽ പുകയുന്ന ഒരു അഗ്നി പർവ്വതം കാണാം. എന്നാൽ ഒരു നനുത്ത മഴ അവിടെ പെയ്യാൻ തുടങ്ങു

കയാണ്. പ്രകൃതി കലുഷിതമായപ്പോൾ ഹൂലിയോ വല്ലാതെ പേടിക്കുന്നുണ്ട്. ഇടിമുഴക്കങ്ങൾ പ്രേക്ഷകൻെറ മനസ്സിൽ ഒരാന്തൽ സൃഷ്ടിച്ചേക്കാം. ഒരു ഷെൽട്ടർ അവിടെങ്ങും കാണാനുണ്ടായിരുന്നില്ല. ആശ്രയത്തിന് ഒരു കുഞ്ഞ് അമ്മയുടെ മാറിലേയ്ക്കണയും പോലെ അവനും ഒരു കുഞ്ഞിൻെറ മാനസികാവസ്ഥ യിലാകുന്നു. അമ്മയിലെ അമൃതം കൈകടത്തി വായിലാക്കി വലിച്ചു കുടിക്കുമ്പോൾ അസുസേനയിലെ അമ്മ സംതൃപ്തി അനുഭവിക്കുന്നു. ഹൂലിയോ ആകട്ടെ നിഷ്ക്കളങ്കനായ ഒരു പൈതലിനെപ്പോലെ മാറിൽ മയങ്ങു കയും ചെയ്യുന്നതോടെ ഇരുവരുടെയും ഉള്ളിലെ കനലുകൾ അണയുന്നുവെന്ന് മഴത്തുള്ളികളുടെ വരവ് സന്ദേശം നൽകുന്നു. നമ്മുടെ മനസ്സിലും ഒരു കുളിർമ്മ നിറയുന്നു.



K Pharma
HOME DELIVERY:
+91 99958 11166




ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



അന ക്രിസ്റ്റീന ബറാഗൺ 1957 ൽ കിറ്റോ യിൽ ജനിച്ചു. താൻ ഫ്രാൻസിസ്കോ ഡി കിറ്റോ യൂണിവേഴ്സിറ്റിയിൽ നിന്ന് സിനിമ പഠനം പൂർത്തിയാക്കി. ആദ്യ ഫീച്ചർ ഫിലിം 2016 ലെ ആൽബയാണ്. ഒരു പെൺകുട്ടിയുടെ വേദനാജനകമായ കഥ പറയുന്നു ഈ ചിത്രം. റോട്ടർ ഡാം ഫിലിം ഫെസ്റ്റിവലിലും ഇക്വഡോറിനെ പ്രതിനിധീകരിച്ച് മികച്ച ഇന്റർനാഷണൽ ഫീച്ചർ ഫിലിമിനുള്ള അക്കാദമി അവാർഡി നും തെരഞ്ഞെടുക്കപ്പെട്ടു. 2022- ലെ സിനിമയാണ് ഒക്ടോപ്പസ് സ്കിൻ.

ഇരട്ടകളായ ഐറിസും ഏരിയലും വിജനമായ ഒരു ദ്വീപിൽ വളരുന്നതും പ്രകൃതിയുമായി ഇണങ്ങി ചേരുന്ന തുമായ കഥയാണിത്. ഐറിസ്, ദ്വീപ് ഉപേക്ഷിച്ച് അവളുടെ അച്ഛനെ തേടി നഗരത്തിലേക്ക് പോകുന്നു. ഈ സിനിമ ഇക്വഡോറിൽ 6 അവാർഡുകൾ കരസ്ഥമാക്കി. 2025 ലെ The Ivy 82- മത് വെനീസ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റി വലിൽ തിരഞ്ഞെടുക്കപ്പെടുകയും മികച്ച തിരക്കഥക്കുള്ള അവാർഡ് നേടുകയും ചെയ്തു.





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# റിവർസ്റ്റോൺ (Riverstone)



മനോജ് കുമാർ.എസ്.എൽ.
( ഫിൽക്ക)




ഇത്തവണ ഐ എഫ് എഫ് കെ യിൽ പ്രദർശനാനുമതി ഇല്ലായിരുന്ന ചിത്രങ്ങളിൽ ഈ ചിത്രവും ഉൾപ്പെട്ടിരുന്നു. അതുകൊണ്ടു തന്നെ ഒരേയൊരു പ്രദർശനം മാത്രമേ ഈ ചിത്രത്തിന് ലഭിച്ചിരുന്നുള്ളൂ . ഏകദേശം തൊള്ളായിരത്തോളം സീറ്റുകൾ ഉണ്ടായിരുന്ന തിയേറ്ററിൽ വിരലിലെണ്ണാവുന്ന പ്രേക്ഷകർ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

**Riverstone**
Srilanka / 120 mins /
**Dir. Lalith Rathnayake.**

സാമ്പത്തിക തകർച്ചയുടെയും പ്രകൃതി ക്ഷോഭങ്ങളുടെയും നടുവിൽ നിന്നും കരകയറാൻ ശ്രമിച്ചു കൊണ്ടിരിക്കുന്ന നമ്മുടെ അയൽരാജ്യമായ ശ്രീലങ്കയിൽ നിന്നും ഒരു കൊച്ചു വലിയ ചിത്രം - റിവർസ്റ്റോൺ .

പ്രശസ്ത ചലച്ചിത്രകാരൻ ലളിത് രത്നായകെ രചനയും സംവിധാനവും നിർവഹിച്ച ഈ ചിത്രം മാനുഷിക മൂല്യങ്ങളും അതോടൊപ്പം ഔദ്യോഗിക ഉത്തരവാദിത്വവും തമ്മിലുള്ള സംഘർഷങ്ങളാണ് ചർച്ച ചെയ്യുന്നത്.

പതിഞ്ഞ താളത്തിൽ തുടങ്ങിയ ഈ ചിത്രം പതിയെ പതിയെ ശക്തമായ ഒരു പ്രമേയമാക്കി നമ്മുടെ മുന്നിലേക്ക് എത്തിയ്ക്കുകയാണ്. . കേവലം 4 പ്രധാന കഥാപാത്രങ്ങൾ മാത്രമാണ് ഈ സിനിമയിൽ ഉള്ളത്. എന്നിരുന്നാലും ശക്തമായ തിരക്കഥയും അഭിനയമികവും കൊണ്ട് പ്രേക്ഷകരെ തൃപ്തിപെടുത്തുകയും അതോടൊപ്പം





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



ആഴത്തിൽ ചിന്തിപ്പിക്കുകയും ചെയ്യുന്ന ഒരു സിനിമയാണ് റിവർസ്റ്റോൺ .

ഗവൺമെന്റ് ഉത്തരവിനെ തുടർന്ന് ഒരു തടവുകാരനോടൊപ്പം യാത്ര തിരിക്കുന്ന 3 പോലീസ് ഉദ്യോഗസ്ഥരുടെ കഥയാണ് റിവർസ്റ്റോൺ . ഒരു മുതിർന്ന പോലീസ് ഓഫീസറും പരിചയ സമ്പന്ന നായ ഒരു ഡ്രൈവറും ഒരു കോൺസ്റ്റബിളും അടങ്ങിയ പോലീസ് സംഘവും ഒരു തടവുകാരനും ഉൾപ്പെടുന്ന ഈ യാത്ര ഔദ്യോഗിക ഉത്തരവാദിത്വബോധവും മനുഷ്യത്വവും തമ്മിലുള്ള ആശയ ക്കുഴപ്പവും അതിന്റെ നിരർത്ഥകതയും അവരുടെ വ്യത്യസ്തമായ കാഴ്ചപ്പാടു കളിലൂടെ തുറന്നു കാട്ടുന്നു.

നന്ദന എന്ന തടവുകാരനെ ശ്രീലങ്ക യിലെ ഒരു വിദൂര സ്ഥലത്തെത്തിച്ച്, സർക്കാർ അപകടകാരികൾ എന്ന് മുദ്രകുത്തിയ ചില വ്യക്തികളെ അന്വേഷിച്ചു കണ്ടുപിടിക്കേണ്ട ദൗത്യവുമായാണ് ഈ യാത്ര തുടങ്ങു ന്നത്. എന്നാൽ ഇതു അയാളുടെ അവസാനയാത്രയായേക്കും എന്നൊരു സൂചന കഥാപാത്രങ്ങളുടെ സംഭാഷണ ങ്ങളിലൂടെ നൽകുന്നുണ്ട്.

ഈ മൂന്നു പോലീസ് ഉദ്യോഗസ്ഥരും മൂന്നു കാഴ്ചപ്പാടുകൾ ഉള്ളവരാണ്. മുതിർന്ന പോലീസ് ഉദ്യോഗസ്ഥൻ സർക്കാർ ഉത്തരവ് ഏതു രീതിയിലും നടപ്പിലാക്കേണ്ടതാണെന്നു വിശ്വസി ക്കുന്ന ആളാണ്. എങ്കിലും ഈ യാത്രയിൽ അദ്ദേഹം തന്റെ രഹസ്യ കാമുകിക്കായി വിലകൂടിയ ആഭരണം വാങ്ങിനൽകാൻ സമയം നീക്കി വയ്ക്കുന്നുണ്ട്. ആ സമയം അദ്ദേഹം ഉത്തരവിനെക്കുറിച്ചു ഉത്കണ്ഠപ്പെടുന്നേയില്ല.



രാമൻ ഡ്രൈവർ ആയ പോലീസ് ഉദ്യോഗ സ്ഥൻ റേഡിയോയിൽ നടക്കുന്ന ഒരു മത്സര പരിപാടിയിൽ പങ്കെടുക്കുകയാണ്. മൂന്നാമൻ ഇതിൽ നിന്നെല്ലാം വ്യത്യസ്ത മായി സ്വന്തം ഭാര്യയുടെ അസുഖ വിവരമോർത്തു നിശബ്ദനായി പോകുന്നു.

പക്ഷെ ഈ മൂന്നുപേർക്കും നന്ദന എന്ന തടവുകാരനോട് ശക്തമായ വെറുപ്പും ദേഷ്യവും ആണ്. ശ്രീലങ്കയിൽ ഉള്ള തമിഴ് വംശജർ അനുഭവിക്കുന്ന വംശീയമായ അടിച്ചമർത്തലുകളെ സംവിധായകൻ ഇതിലൂടെ തുറന്നു കാട്ടുന്നുണ്ട്.

K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



യാത്ര പുരോഗമിക്കുന്തോറും നന്ദന യോടുള്ള അവരുടെ പെരുമാറ്റത്തിനും നിലപാടുകൾക്കും മാറ്റം വരുന്നു. കൊലപാതകി എന്ന് വിളിക്കുന്ന മുതിർന്ന പോലീസ് ഓഫീസറോട് താൻ പണം വാങ്ങി പാവപ്പെട്ടവർക്ക് വേണ്ടി ചെയ്യുന്നതും നിങ്ങൾ ശമ്പളം വാങ്ങി ഗവൺമെന്റിനു വേണ്ടി ചെയ്യുന്നതും ഒരേ കാര്യമല്ലേ എന്നൊരു



മറുചോദ്യം ചോദിക്കുന്നതിലൂടെ ഒരുപക്ഷെ നന്ദന സർക്കാരിനെതിരെ പ്രക്ഷോഭം നടത്തിയ ഒരാളായിരിക്കും എന്ന് വ്യാഖ്യാനിക്കാം.ഈ സിനിമയിൽ ഒരു കേന്ദ്ര കഥാപാത്രം നന്ദന ണെങ്കിലും എല്ലാവർക്കും തുല്യ പ്രാധാന്യം നൽകി യിട്ടുണ്ട്.

ഈ സിനിമയിൽ നിശ്ശബ്ദതക്കു വളരെയേറെ പ്രാധാന്യമുണ്ട് . അനാവശ്യമായ സംഭാഷണങ്ങളോ പശ്ചാത്തല സംഗീതമോ സിനിമ യിൽ കുത്തിനിറച്ചിട്ടില്ല. പകരം കാറ്റിന്റെ ശബ്ദവും ചീവീടുകളുടെ ഒച്ചയും അവരുടെ മനസ്സിന്റെ ഉള്ളിലെ മാനസിക സംഘർഷങ്ങളെ അടയാളപ്പെടുത്തുന്നു .

താൻ കൊല്ലപ്പെടാൻ പോകുകയാ ണെന്ന് തിരിച്ചറിയുന്ന നന്ദന പോലും അതൊന്നും തന്നെ പുറത്തുകാണി ക്കാതെ ഈ യാത്രയിൽ നിശബ്ദമായി അവരോടൊപ്പം സഞ്ചരിക്കുന്നു. അയാളുടെ മുഖത്ത് ഭയമില്ല ഒരുതരം നിരാശ മാത്രം പ്രകടമാകുന്നു.

പോലീസ് ഡ്രൈവർ പങ്കെടുക്കുന്ന റേഡിയോ മത്സര പരിപാടിയിൽ വിജയിക്കുവാൻ നന്ദനയുടെ സഹായ ത്തോടെ അയാൾക്ക് കഴിയുന്നു. അയാൾ എല്ലാവരുടെയും പ്രശംസക്ക് പാത്രമാകുമ്പോഴും വിജയിക്കാനാ വശ്യമായ ഉത്തരങ്ങൾ പറഞ്ഞു കൊടുത്ത നന്ദന വിസ്മൃതിയിൽ



K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



ആണ്ടു പോകുന്നു. വലിയ വലിയ വിജയങ്ങളുടെ പുറകിൽ ഇത്തരത്തിൽ ബലിയാടാവുന്ന പാവം മനുഷ്യരുടെ അധ്വാനമുണ്ട് എന്ന വലിയ സത്യമാണ് സംവിധായകൻ ഇതിലൂടെ കാണിക്കുന്നത്.


എന്റെ കൈയിൽ പണമുണ്ടായിരുന്നെങ്കിൽ നിങ്ങളെ സഹായിക്കുമായിരുന്നു എന്ന് ഭാര്യയുടെ അസുഖത്തെക്കുറിച്ച് വേവലാതിപ്പെടുന്ന കോൺസ്റ്റബിളിനോട് നന്ദന പറയുന്നുണ്ട്. ഇതൊക്കെ അയാളുടെ ഉള്ളിലെ മനുഷ്യസ്നേഹിയെ നമുക്ക് കാണിച്ചുതരുന്നു.



യാത്ര നീളുന്തോറും, നന്ദനയുടെയും അവർ അന്വേഷിക്കുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ അല്പാല്പമായി പുറത്തുവരുന്നു. അവർ സായുധരാണോ അതോ അവർ യഥാർത്ഥത്തിൽ സർക്കാരിന് ഭീഷണിയാണോ എന്ന സംശയങ്ങൾ അവരുടെ മനസ്സിൽ ഉയരുന്നു. എന്നാലും ഒരു തീരുമാനത്തിലെത്താൻ അവർക്കു കഴിയുന്നില്ല.

യാത്രയുടെ അവസാന ഘട്ടത്തിൽ തങ്ങൾ തെറ്റുകാരായി കണ്ടിരുന്ന ആളുകൾ ഭീകരരോ അക്രമികളോ അല്ല. അവർ പേടിച്ച് ഒളിച്ചോടുന്ന, ജീവിക്കാൻ ശ്രമിക്കുന്ന പാവം മനുഷ്യരാണ് എന്ന സത്യം അവർ മനസ്സിലാക്കുന്നുങ്കിലും സർക്കാർ ഉത്തരവിനെ മറ്റെന്തിനേക്കാളും മുകളിലായി കാണുന്ന ആ പോലീസ് ഓഫീസർ പിന്മാറാൻ തയ്യാറാവുന്നില്ല.

എന്നാൽ നന്ദനയെ ആരു വെടിവച്ചു കൊല്ലും എന്ന കാര്യത്തിൽ അവർക്കു ഒരു തീരുമാനത്തിൽ എത്താൻ ആകുന്നില്ല,



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

ഒരു നിരപരാധിയെ വെടിവച്ചു കൊല്ലാൻ അവർക്കു കഴിയുമായിരുന്നില്ല. സർക്കാർ ഉത്തരവ് അനുസരിച്ചേ പറ്റൂ എന്ന നിലപാടിലേക്ക് അവർ എത്തുന്നു.

മനുഷ്യത്വത്തിനുമേൽ അധികാരം വിജയം കാണുന്നു . എന്നാലും അതിനായി നേരിട്ട് അവർ ഒരുമ്പെടുന്നില്ല . പകരം ആ ദൗത്യം കോൺസ്റ്റബിളിനെ ഏൽപ്പിക്കുകയാണ്.



അയാളാവട്ടെ അധികാരികളുടെ ഉത്തരവ് അതേപടി അനുസരിക്കാൻ ബാധ്യസ്ഥപ്പെട്ട കൂലിത്തൊഴിലാളി കളുടെ പ്രതിനിധിയായി മാറുന്നു.

ഇതിനിടയിൽ റിവർസ്റ്റോൺ എന്ന സ്ഥലപ്പേരിന്റെ അർഥം എന്തെന്ന് ചോദിക്കുന്ന പോലീസ് ഓഫീസറോട് റിവേഴ്സ്റ്റൺ എന്ന സായിപ്പിന്റെ പേരിൽനിന്നാണ് എന്ന് പറയുന്നുണ്ട്. കൂടാതെ ഗ്രാമത്തിലൂടെ ഒഴുകുന്ന നദിയിലൂടെ വരുന്ന വെള്ളത്തിന്റെ ഒഴുക്കിൽ പെട്ട് രൂപാന്തരം പ്രാപിക്കുന്ന ഉരുളൻ കല്ലുകൾ മൂലമാണ് എന്ന് ചിന്തിക്കുന്നതാണെന്നു ഫിലോസോ

ഫിക്കൽ ആശയവും നന്ദന പറഞ്ഞു വയ്ക്കുന്നുണ്ട്. ജീവിതവുംസാമൂഹിക പശ്ചാത്തലവും തമ്മിലുള്ള ബന്ധത്തെ യാണ് സംവിധായകൻ ഇതിലൂടെ അവതരിപ്പിക്കുന്നത്.

അവസാനമായി എന്തെങ്കിലും ചെയ്തു തരേണ്ടതുണ്ടോ എന്ന് ചോദിക്കുന്ന ഓഫീസറോട് തന്റെ അക്കൗണ്ടിലുള്ള പൈസ ട്രാൻസ്ഫർ ചെയ്യാൻ മൊബൈൽ ഫോൺ നന്ദന ആവശ്യ പെടുന്നു. അദ്ദേഹം ആ ആവശ്യം അംഗീകരിക്കുന്നു. ആ പോലീസ് ഓഫീസർക്കു നന്ദനയോട് ഒരു സഹതാപം ഉണ്ടായി എന്നു തോന്നുന്ന സമയത്തുതന്നെ അയാൾ കോൺസ്റ്റ ബിളിനോട് തന്റെ സിഗ്നൽ ലഭിച്ചാൽ ഉടൻതന്നെ വെടിവക്കാൻ നിർദ്ദേശി ക്കുകയും ചെയ്യുന്നു. നന്ദന പൈസ ട്രാൻസ്ഫർ ചെയ്തത് തനിക്കാണ് എന്ന ദുരന്തസത്യമറിയാതെ അയാൾ കാഞ്ചിവലിക്കുന്നു . അധികാര വർഗ്ഗ ത്തിന്റെ ആജ്ഞാശക്തിക്കു മുൻപിൽ



K Pharma
HOME DELIVERY: +91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

ജനങ്ങളും ഉദ്യാഗസ്ഥരും വെറും കളിപ്പാവകളാണെന്ന പരമസത്യം ഈ സിനിമ നമുക്കു മനസ്സിലാക്കിത്തരുന്നു. നന്ദനയെ കൊലപ്പെടുത്തിയതിനു ശേഷം അതൊരു ആത്മഹത്യയാക്കി മാറ്റുമ്പോഴും ഉച്ചക്ക് അതിഥിയായി ചെന്നെത്തുന്ന വീട്ടിൽ തനിക്കു ആഹാരം വിളമ്പിത്തന്ന പെൺകുട്ടി ക്രൂരമായി കൊലചെയ്യപ്പെട്ട നന്ദനയുടെ കാമുകിയെന്ന് തിരിച്ചറിയുമ്പോഴും ആ മുതിർന്ന പോലീസ് ഉദ്യോഗസ്ഥന് കുറ്റബോധം ഉണ്ടാകുന്നുങ്കെിലും എല്ലാത്തിനും മേലെ സർക്കാർ ഉത്തരവിന് പ്രാധാന്യം കല്പിക്കുന്ന അയാൾ അചഞ്ചലമായി നിലകൊള്ളുന്നു. അധികാരവർഗ്ഗത്തിനുമേൽ ജനങ്ങൾക്ക് സ്വാധീനം ചെലുത്താൻ കഴിയുന്നില്ലെങ്കിൽ അതെത്രമാത്രം അപകടകരമാണെന്നു ഈ ചിത്രത്തിലൂടെ നാം തിരിച്ചറിയുന്നു.

ഈ സിനിമയുടെ മറ്റൊരു സവിശേഷത ഇതിന്റെ ഛായാഗ്രഹണമാണ്. ശ്രീലങ്കയിലെ കാൻഡി, റിവർസ്റ്റോൺ, തിഗാന തുടങ്ങിയ ഉൾനാടൻ ഗ്രാമങ്ങളുടെയും മലയോര പ്രദേശങ്ങളുടെയും ഭംഗി മികച്ച രീതിയിൽ പകർത്തിയ പ്രഭാത് റോഷന് ഏഷ്യൻ ന്യൂ ടാലന്റ് ബെസ്റ്റ് ഫോട്ടോഗ്രാഫി അവാർഡ് ലഭിക്കുകയുണ്ടായി. റിവർസ്റ്റോൺ എന്ന ഈ സിനിമയിൽ അഭിനയിച്ചിരിക്കുന്ന എല്ലാ പേരും തന്നെ മികച്ച പ്രകടനമാണ് കാഴ്ചവച്ചിരിക്കുന്നത് .

ഈ സിനിമ ഷാങ്ങ്ഹായ് ഫിലിം ഫെസ്റ്റിവലിൽ മികച്ച തിരക്കഥയ്ക്കും ഛായാഗ്രഹണത്തിനുമുള്ള അവാർഡുകൾ കരസ്ഥമാക്കിയിരുന്നു. കൂടാതെ ഡ്രൈവർ ആയ പോലീസ് കഥാപാത്രത്തെ അവതരിപ്പിച്ച മഹേന്ദ്ര പെരേരയ്ക്കു മികച്ച നടനുള്ള അവാർഡും ലഭിച്ചു.







ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# വാട്ട് ഡസ് ദാറ്റ് നേച്ചർ സേ റ്റു യു- പ്രകൃതിപാഠം ജീവിതയാഥാർത്ഥ്യങ്ങളുമായി ഏറ്റുമുട്ടുമ്പോൾ (What does that nature say to you)



ജോൺ തോമസ്
(ഫിൽക്ക)




**What does that nature say to you**
South Korea / 108 mins /
**Dir.Hong Sangsoo.**

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യയ്ക്കും ജനങ്ങളുടെ അഭിരുചിയ്ക്കും അനുസരണമായി കോടികളുടെ മുതൽ മുടക്ക് ആവശ്യപ്പെടുന്ന കലാരൂപമായി സിനിമ രൂപാന്തരം പ്രാപിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ ഇതിനിടയിലും ലളിതവും ലാഘവത്വമാർന്നതുമായ പ്രമേയം, ക്യാമറ ഏതാണ്ട് നിശ്ചലമാക്കി നിർത്തിക്കൊണ്ട് പരിമിതമായ കഥാപാത്രങ്ങൾ നടത്തുന്ന സംഭാഷണങ്ങളിലൂടെ കഥാഗതിയെ വികസിപ്പിച്ചെടുക്കുന്ന രീതി, ഭാവോന്മീലനത്തിന് ബ്ലാക്ക് ആൻഡ് വൈറ്റ് ഉതകുമെന്ന തിരിച്ചറിവ്, ശബ്ദമുഖരിതമല്ലാത്ത സൗണ്ട് ട്രാക്ക് ഇവയൊക്കെ അനുവർത്തിച്ച് സിനിമയെടുക്കുന്ന ആധുനിക കൊറിയൻ സംവിധായകനാണ് ഹോങ് സാങ് സൂ.

അദ്ദേഹത്തിന്റെ നോവലിസ്റ്റ്സ് ഫിലിം എന്ന സിനിമ 2023- ലെ ഐ എഫ് എഫ് കെ യിലെ ശ്രദ്ധേയമായ ചിത്രങ്ങളിൽ ഒന്നായിരുന്നു. ചിത്രാന്ത്യത്തിലെ ക്ലൈമാക്സ് രംഗമൊഴികെ ബാക്കിയെല്ലാം ബ്ലാക്ക് ആൻഡ് വൈറ്റിൽ തീർത്ത സിനിമ. ഒരു സാഹിത്യകാരിയും നടിയും തമ്മിലുള്ള കൂടിക്കാഴ്ചയെ കേന്ദ്രീകരിച്ചുള്ള ഈ സിനിമയിൽ അഭിനയരംഗത്ത് ശ്രദ്ധ പിടിച്ചുപറ്റി ലൈംലൈറ്റിൽ തുടരുക എന്നത് ഒരു ബാധ്യതയായി കരുതുന്ന നടിയും റൈറ്റേഴ്സ് ബ്ലോക്ക് അനുഭവിക്കുന്നതിനാൽ എഴുത്തിൽ മുന്നേറാൻ കഴിയാതിരിക്കുന്ന ശ്രദ്ധേയായ സാഹിത്യകാരിയും തമ്മിലുള്ള മനസ്സ് തുറക്കലിന്റെയും സൗഹൃദത്തിന്റെയും കഥ പറയുന്നു.

2025- ലെ ഐ എഫ് എഫ് കെ യിൽ പ്രദർശിപ്പിക്കപ്പെട്ട സിനിമകളിൽ മികച്ച

K Pharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition

കാഴ്ചാനുഭവം ആയി മാറിയ ഹോങ് സാങ് സൂ ചിത്രം ആയിരുന്നു വാട്ട് ഡസ് ദാറ്റ് നേച്ചർ സേ റ്റു യു. മുഖ്യധാരയിൽ നിന്നും മാറി ഹൃദയത്തിന്റെ ഭാഷയിൽ രൂപം കൊള്ളുന്ന കവിതകൾ രചിക്കുന്നതിൽ തത്പരനായ യുവാവായ ദോങ്ഹ്വാ സമ്പന്നനും നാട്ടിൽ അറിയപ്പെടുന്നയാളുമായ ഒരു അറ്റോർണിയുടെ മകനാണ്. അയാൾ മൂന്നുവർഷമായി അടുത്ത സൗഹൃദം പുലർത്തുന്ന ജൂൻഹി എന്ന പെൺകുട്ടിയെ അയാളുടെ കാറിൽ അവളുടെ വീട്ടുപടിക്കൽ കൊണ്ടു വിട്ടിട്ടു പോകാൻ വന്നതാണ്. എന്നാൽ വീട്ടുപടിക്കൽ വച്ച് നടക്കുന്ന വിടപറയൽ അവളുടെ വീടിന്റെ മനോഹാരിതയിലേക്ക് അയാളുടെ ശ്രദ്ധ തിരിയ്ക്കുന്നു.

തന്റെ അച്ഛൻ അമ്മൂമ്മയ്ക്ക് വേണ്ടി അവർ ജീവിച്ചിരുന്നപ്പോൾ വച്ച ആ വീട് കാണാൻ അവൾ അയാളെ ക്ഷണിക്കുന്നു. ഡ്രൈവ് വേയിലൂടെ കാറിലിരുന്ന് വീടു കാണാനുള്ള ശ്രമത്തിൽ ഏർപ്പെടുന്ന അയാൾ അവളെ വീട്ടുമുറ്റത്ത് ഇറക്കി വിടുമ്പോൾ അവളുടെ അച്ഛനെ കണ്ടുമുട്ടുന്നു. മകൾ വിവരിക്കും മുൻപേ തന്നെ അയാളെക്കുറിച്ച് അറിയാവുന്ന അച്ഛനും ദോങ്ഹ്വയുമായുള്ള സൗഹൃദ പ്രകടനം, കുശലാന്വേഷണം, കയ്യൊഴിയാൻ തയ്യാറാകാത്തതും തന്റെ ആവശ്യങ്ങൾക്ക് മതിയായതെന്നും ദോങ്ഹ്വ കരുതുന്ന കാറിന്റെ പ്രത്യേകതകൾ, പുകവലി, ലഘു മദ്യപാനം എന്നിവയെ തുടർന്ന് ആ വീട്ടിലെ വളർത്തു കോഴികളിലേക്കു വരെ നീളുന്ന സംഭാഷണങ്ങളിലൂടെ കടന്നു പോകുന്നു.



അച്ഛന്റെ നിർദ്ദേശപ്രകാരം മകളും മാനസിക വിഷാദരോഗത്തിന് ചികിത്സയിലിരിക്കുന്ന അവളുടെ സഹോദരിയും കൂടി ദോങ്ഹ്വയോടൊപ്പം അടുത്തുള്ള ഒരു റസ്റ്റോറന്റിലേക്ക് ഭക്ഷണം കഴിക്കാനായി പോകുന്നു. തിരിച്ചുവരുന്ന വഴിയിൽ അന്നാട്ടിലെ അറിയപ്പെടുന്ന പൗരാണിക ക്ഷേത്രം കൂടി സന്ദർശിക്കുവാൻ അച്ഛൻ നിർദ്ദേശിക്കുന്നുണ്ട്. ക്ഷേത്രത്തേക്കാൾ അവനെ ആകർഷിച്ചത് ക്ഷേത്ര പരിസരത്ത് നിൽക്കുന്ന കാലപ്പഴക്കമുള്ള മരം ആണെന്ന് തുടർന്നുള്ള സംഭാഷണത്തിൽ അവൻ വെളിവാക്കുന്നുണ്ട്. അവിടെ നിന്നും തിരിച്ച് അവർ വീട്ടിലെത്തുമ്പോൾ ജോലി സ്ഥലത്തുനിന്നും മടങ്ങിയെത്തുന്ന അമ്മയെ പരിചയപ്പെടുകയും അവർ വച്ച സ്വാദിഷ്ഠമായ വിഭവങ്ങൾ അടങ്ങിയ ഭക്ഷണം കഴിക്കുകയും ചെയ്യുന്നു. തുടർന്നും സംഭാഷണം, മദ്യപാനം, രാത്രി ഭക്ഷണം എന്നിവയും നമുക്ക് കാണാം. തുറന്നു സംസാരിക്കുന്നയാളും ഭാര്യയെയും മകളെയും അഭിനന്ദിക്കുകയും പുകഴ്ത്തി പറയുകയും ചെയ്യുന്ന കാര്യത്തിൽ ഒരു

KPharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition


ലുബ്ദും കാണിക്കാത്തയാളും സൽക്കാര പ്രിയനുമായ ഒരു അച്ഛനെ നമുക്ക് ഈ സിനിമയിൽ ദർശിക്കാം.

കുടുംബാംഗങ്ങളോടെന്ന പോലെ തന്റെ അമ്മയെ അളവറ്റ് സ്നേഹിച്ച മകനായിരുന്നു തന്റെ അച്ഛൻ എന്ന് മകൾ ദോങ്ങ്യോട് പറയുന്നുണ്ട്. ശ്വാസകോശ സംബന്ധമായ രോഗങ്ങൾ അലട്ടിയിരുന്ന അവർക്ക് ശുദ്ധവായു ശ്വസിക്കാൻ വേണ്ടിയാണ് പട്ടണത്തിൽ നിന്നും വിട്ടു മാറി മലയുടെ അടിവാരത്തിൽ തന്റെ തന്നെ ഡിസൈൻ പ്രകാരം ഇങ്ങനെ ഒരു വീട് അച്ഛൻ തീർപ്പിച്ചതെന്ന് അവൾ പറയുന്നു. ആ അമ്മയുടെ ചിതാഭസ്മം അടക്കം ചെയ്ത മരത്തിനു ചുവട്ടിൽ ദോങ്ങ്യേ താണുവീണ് നമസ്കാരം നടത്തുന്നത് മാതൃസ്നേഹത്തിൽ അധിഷ്ഠിതമായി മകൻ നടത്തിയ പ്രവർത്തിക്കുള്ള അംഗീകാരമായിട്ടു കൂടിയാണ്.

മാനസികാസ്വാസ്ഥ്യവുമായി ബന്ധപ്പെട്ട ചികിത്സയ്ക്ക് വിധേയമായി ക്കൊണ്ടിരിക്കുന്ന ജുൻഹിയുടെ സഹോദരി തന്ത്രി വാദ്യത്തിൽ മന്ദം മന്ദം ഉതിർക്കുന്ന സംഗീതം നാം കേൾക്കുന്നു. അവളുടെ ദിനചര്യയിലെ വലിയ പങ്കു സമയം നീക്കിവെക്കുന്ന ഒരു പ്രവർത്തിയാണിതെന്നും അതൊരു തെറാപ്പിക്ക് തുല്യമാണെന്നും സഹോദരി പറയുന്നു. രാത്രി ഭക്ഷണത്തോടനുബന്ധിച്ച് കുടുംബാംഗങ്ങൾ ഏവരും സന്നിഹിതരായിരുന്ന വേളയിൽ പുരുഷന്മാർ നടത്തിയ അതിരുവിടുന്ന മദ്യപാനത്തിലൂടെ ദോങ്ങ്വ എന്ന വ്യക്തിത്വത്തെ കൂടുതൽ മനസ്സിലാക്കാൻ ഇടവരുന്നു.

ഹൃദയത്തിൽ നിന്നും വരുന്ന വാക്കുകൾക്ക് കാവ്യരൂപം നൽകാൻ ആഗ്രഹിക്കുന്ന അയാൾ സമ്പന്നനും സമൂഹത്തിൽ ഉന്നത സ്ഥാനം ഉള്ളവനുമായ പിതാവിന്റെ പിന്തുണ തന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ആഗ്രഹിക്കുന്നില്ല. കുടുംബത്തിൽ നിന്നും സ്വതന്ത്രനായി ജീവിക്കുന്ന അയാൾ അപ്പപ്പോൾ ഉള്ള പരിമിതമായ ആവശ്യങ്ങൾ നടത്തിക്കൊണ്ടു പോകാനുള്ള പണത്തിനു വേണ്ടി മാത്ര





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

മാണ് ജോലിയെ ആശ്രയിക്കുന്നത്. തനിക്ക് ആരോടും കടപ്പാടില്ലെന്ന് പ്രഖ്യാപിക്കുന്ന അയാൾ തന്റെ ആഡംബരരഹിതമായ പഴക്കമുള്ള കാറിൽ പോലും തൃപ്തി കണ്ടെത്തുന്നു.

നന്നായി ജീവിക്കാൻ പ്രത്യേകിച്ചും എഴുത്തിലൂടെ ജീവിതം നയിക്കുന്ന യാൾക്ക് പണം ആവശ്യമാണെന്ന ജൂൻഹിയുടെ അമ്മയുടെയും സഹോദരി യുടെയും അഭിപ്രായത്തെ അയാൾ തള്ളിക്കളയുന്നു.

പകലത്തെ സംഭാഷണത്തിൽ ഉദയാ സ്തമനങ്ങൾ ദർശിക്കാൻ കഴിയുന്ന വീടിനു പുറകിലത്തെ മലയെ കുറിച്ചുള്ള പരാമർശം വന്നിരുന്നു. നീണ്ടുപോയ തീൻ മേശയിലെ മദ്യ ത്തിന്റെ അകമ്പടിയോടെയുള്ള ഭക്ഷണത്തിനും കൂടുതൽ ഒച്ച കൈ വരിക്കുന്ന സംഭാഷണത്തിനും ശേഷം ജൂൻഹിയുടെ വീട്ടിൽ അന്തിയുറങ്ങാൻ ദോങ്ങ്വ നിർബന്ധിതനാകുന്നു. അയാളെ കിടക്കയിലേക്ക് അയച്ച ശേഷം ജൂൻഹി യുടെ അച്ഛനും അമ്മയും തങ്ങളുടെ കിടപ്പറയിൽ വച്ച് നടത്തുന്ന സംഭാഷണം സിനിമയിലെ ശ്രദ്ധേയമായ രംഗങ്ങളിൽ ഒന്നാണ്.

ജൂൻഹിയുടെ അച്ഛൻ ഗിറ്റാറിൽ പതിഞ്ഞ സംഗീതം ഉതിർത്തു കൊണ്ട് നടത്തിയ സംസാരം തൊട്ടു മുമ്പ് അത്താഴവേളയിൽ നടന്ന സംഭാഷണ ത്തിൽ വെളിപ്പെട്ട മകളുടെ കാമുകൻ എന്ന വ്യക്തിത്വത്തെ കുറിച്ചായിരുന്നു.



കവിത എഴുതുന്ന പതിനായിരങ്ങളിൽ ഒന്നോ രണ്ടോ പേർ മാത്രമേ കവി എന്ന നിലയിൽ തെളിഞ്ഞു വരാൻ ഇടയാവുകയുള്ളു എന്ന് അച്ഛൻ വെളിപ്പെടുത്തുന്നു.

കവി എന്ന നിലയിൽ മാത്രം ജീവിക്കുക എന്നത് അസാധ്യമായ കാലത്ത് വായന യിലൂടെ ലഭിക്കുന്ന ആദർശങ്ങളിൽ മുറുകെപ്പിടിച്ച് യാഥാർത്ഥ്യബോധ മില്ലാതെ കഴിയുന്ന ആൾക്കാർ ജീവിത വിജയം നേടില്ലെന്നും അയാൾ പറയുന്നു. ദോങ്ങ്വയുടെ സ്വഭാവം പുലർത്തുന്ന ചെറുപ്പക്കാർ അപ്പോഴപ്പോൾ കാണുന്ന സ്ത്രീകളുമായി സൗഹൃദവും സ്നേഹ ബന്ധവും സ്ഥാപിക്കാൻ ഇടവരുമെന്നും കുടുംബ ജീവിതം നയിക്കാൻ യോഗ്യ രല്ലെന്നും ആ പിതാവ് പറയുന്നു.

അച്ഛനും അമ്മയും സ്നേഹമയിയും പാവവും യാഥാർത്ഥ്യബോധം പുലർത്തുന്നവളുമായ തങ്ങളുടെ മകൾ ദോങ്ങ്വയുമായി വിവാഹബന്ധത്തിൽ ഏർപ്പെടാൻ തീരുമാനിച്ചാൽ ഉണ്ടാകാനിടയുള്ള അവസ്ഥയെക്കുറിച്ച് ആശങ്കാകുലരാകുന്നു. എന്നാൽ മൂന്നു വർഷമായി തുടരുന്ന, തങ്ങളുടെ മകൾ

K Pharma
HOME DELIVERY:
+91 99958 11166


തുറന്നു പറഞ്ഞിട്ടുള്ള ആ ബന്ധം വിധിവിഹിതമായി മുന്നോട്ടു പോകട്ടെ എന്നും തങ്ങളുടെ മകൾക്ക് നല്ലത് മാത്രം വരട്ടെ എന്നും അവർ പ്രത്യേകിച്ചും സാധുവായ അമ്മ പ്രത്യാശിക്കുന്നു.

ഏതാണ്ട് ഈ സമയത്ത് മദ്യത്തിന്റെ പിടിവിട്ടുണർന്ന ദോങ്ബ ശബ്ദം ഉണ്ടാക്കാതെ വീട്ടിൽ നിന്നും പുറത്തു കടന്ന് മൊബൈൽ ഫോണിന്റെ ടോർച്ച് തെളിയിച്ച് പുറത്തുള്ള ചെടികളെയും ജീവജാലങ്ങളെയും സാകൂതം വീക്ഷിക്കുകയായിരുന്നു. രാത്രിയിൽ പ്രകൃതിയിലെ വിസ്മയക്കാഴ്ചകൾ ഓരോന്നായി കണ്ടു നീങ്ങുന്നു. ഈ കാഴ്ചകൾ അവനെ അഗാധമായി സ്പർശിക്കുന്നു.

തിരികെ മുറിയിൽ വന്നു കിടന്ന അവൻ പ്രഭാതത്തിൽ വീട്ടിലെ അംഗങ്ങൾ ഉണരുന്നതിനു മുൻപ് തയ്യാറെടുത്തു പോകാനായി ശ്രമിക്കുന്നു. ഈ സമയത്ത് ജൂൻഹി ഉണർന്ന് കാറിനടുത്തെത്തി അവന്റെ കൈയിലെ മുറിവിനെ കുറിച്ച് ആരാഞ്ഞപ്പോഴാണ് പകൽവേളയിലെ അവരുടെ സംഭാഷണത്തിൽ പരാമർശ വിധേയമായ വീടിനു പിറകുവശത്തുള്ള മല കയറാൻ രാത്രിയിൽ നടത്തിയ ശ്രമത്തിൽ സംഭവിച്ചതാണ് എന്ന് അറിയുന്നത്. തന്നെ വിളിക്കാമായിരുന്നില്ലേ എന്ന് ചോദിക്കുന്ന അവൾ മുറിവിന് പ്രഥമ ശുശ്രൂഷ നൽകി, ഡോക്ടറെ കാണണമെന്ന ഉപദേശത്തോടെ അവനെ കെട്ടിപ്പുണർന്ന് യാത്രയാക്കുന്നു. ദോങ്ബ എന്ന വ്യക്തിയെ അയാളുടെ എല്ലാ പ്രത്യേകതകളോടും കൂടി അറിഞ്ഞ് സ്നേഹിക്കുന്ന ഒരു പെൺകുട്ടി നടത്തുന്ന ഈ സ്നേഹ പ്രകടനം ഹൃദയസ്പർശിയായി അനുഭവപ്പെട്ടു.

പ്രധാന നിരത്തിലേക്ക് ഇറങ്ങിയപ്പോൾ ബ്രേക്ക് ഡൗൺ ആയ വാഹനം നന്നാക്കാനുള്ള മെക്കാനിക്കുമായി ബന്ധപ്പെട്ടതിനു ശേഷം ദോങ്ബ പഴയ കാർ മാറ്റി പുതിയത് വാങ്ങണം എന്ന് തീരുമാനിക്കുന്നിടത്ത് സിനിമ അവസാനിക്കുന്നു.തന്നെ അറിഞ്ഞു ആദരിച്ച കുടുംബവുമായി പ്രത്യേകിച്ച് അതിലെ ആ സ്നേഹമയിയായ ജൂൻഹി എന്ന പെൺകുട്ടിയോടുള്ള തന്റെ സ്നേഹത്തിന്റെയും കടപ്പാടിന്റെയും പ്രതിഫലമായി തന്റെ ജീവിതഗതിയെ പ്രായോഗിക പാഠങ്ങൾ ഉൾക്കൊണ്ട് മാറ്റുന്നതിനുള്ള ശ്രമത്തിന്റെ പ്രതീകമായി ഈ രംഗം അനുഭവപ്പെട്ടു.

സാങ്കേതികവിദ്യ വളരെയധികം മുന്നേറിയ കൊറിയ പോലുള്ള രാജ്യത്ത് അവയുടെ പിൻബലത്തിൽ നിർമ്മിച്ച പാരസൈറ്റ് പോലെയുള്ള വിഖ്യാത സിനിമകൾ രൂപം കൊള്ളുന്നിടത്ത് ഇതുപോലെയുള്ള ലളിതമായ പ്രമേയത്താലും ആഖ്യാന രീതിയാലും ഹൃദയത്തെ ആഴത്തിൽ സ്പർശിക്കുന്ന സിനിമകൾ രൂപം കൊള്ളുന്നത് ആശ്വാസം തന്നെയാണ്.

K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition

# ബിഫോർ ദി ബോഡിയ്ക്ക് രജത ചകോരം (Before the body)



വിനോദ് കുമാർ പി
(ഫിൽക്ക)




**Before the body**
Argentina / 84 mins / 2025/
**Dir . Carina Piazza , Lucia Bracelis.**

അർജന്റൈൻ ഇരട്ട സംവിധായകരായ കരീന പിയാസയും ലൂസിയ ബ്രസേലിസും ചേർന്ന് തിരക്കഥ എഴുതി സംവിധാനം ചെയ്ത ചിത്രമാണ് ബിഫോർ ദി ബോഡി.

ഈ ചിത്രത്തിലെ പ്രധാന കഥാപാത്രമായ അന കിടപ്പിലായ രോഗികളെ പരിചരിക്കുന്ന ഒരു നഴ്സ് ആണ്. മദറായ അനയ്ക്ക് രണ്ട് പെൺമക്കളാണ്. ഇളയ മകൾ എലേന വിചിത്ര സ്വഭാവമുള്ള മാനസിക രോഗിയാണ്.

കിടപ്പുരോഗിയായ പ്രായമായ എഴുത്തുകാരൻ ലൂയിസിനെയാണ് അന ഇപ്പോൾ പരിചരിക്കുന്നത്. തന്റെ മരണസമയം എത്തി എന്ന് ലൂയിസ് വിശ്വസിക്കുന്നു. ജോലിസ്ഥലത്തും വീട്ടിലുമായി ക്ഷീണിച്ച്, രാത്രി വളരെ വൈകി വീട്ടിലെത്തുന്ന അന മൂത്ത മകളുമായി നിരന്തരം വഴക്കിടാറുണ്ട്. എലേന ചിത്രങ്ങൾ വരയ്ക്കാറുണ്ട്. എല്ലാം തന്നെ ചോര നിറഞ്ഞതും പൈശാചി





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

കതയും അറപ്പും ഉളവാക്കുന്നതുമായ ചിത്രങ്ങളാണ്. ഈ ചിത്രങ്ങൾ അന ലൂയിസിനെ കാണിക്കാറുണ്ട്.ഒരു നാൾ രാത്രി എലേനയെ കാണാതാവുന്നു. അന അവളെ തേടി പോകുന്നു. ഇതിനിടെ മൂത്തമകളുടെ കാമുകന്റെ മൃതദേഹം കിട്ടുന്നു. അധികം താമസി യാതെ എലേന വീട്ടിൽ തിരിച്ചെത്തുന്നു.

എലേനയുടെ നിഗൂഢത നിറഞ്ഞ സ്വഭാവം പതിയെ പതിയെ അനാവരണം ചെയ്യുന്നു. രക്തദാഹിയാണ് എലേന. ചേച്ചിയുടെ കാമുകന്റെ മരണത്തിനു പിന്നിൽ എലേനയാണ്.ഇതിനിടെ ലൂയിസിന്റെ കഴുത്തിലും ശരീര ത്തിന്റെ മറ്റു ഭാഗങ്ങളിലും അസാധാരണ മുറിവുകൾ ഉണ്ടായതിനെ തുടർന്ന് അനയെ കെയർ ടേക്കർ/ഫിസിഷ്യൻ ജോലിയിൽ നിന്നും പുറത്താക്കുന്നു. മകൾക്ക് കുടിക്കാൻ വേണ്ടി രക്തം ലൂയിസിന്റെ ശരീരത്തിൽ നിന്നും നിരന്തരം എടുക്കവെയാണ് ഈ മുറിവുകൾ ഉണ്ടായതെന്ന് പ്രേക്ഷകർക്ക് മുമ്പിൽ ദൃശ്യങ്ങൾ അനാവരണം ചെയ്യുന്നു.ജോലി നഷ്ടപ്പെട്ടതു കാരണം എലേനയ്ക്ക് രക്തം കൊടുക്കാൻ അനയ്ക്ക് കഴിയുന്നില്ല.

അങ്ങനെ ഒരു ദിവസം മക്കളെയും കൊണ്ട് അന ലൂയിസിന്റെ വീട്ടിൽ പോകുന്നു. അന കെയർ ടേക്കറെ വക വരുത്തുന്നു. അനയെയും മക്കളെയും കണ്ട ലൂയിസ് സന്തോഷിക്കുന്നു. എലേനയ്ക്ക് ലൂയിസിന്റെ രക്തം നേരിട്ട് കുടിക്കാൻ അവസരം ഉണ്ടാക്കി അനയും മൂത്തമകളും അവിടെ നിന്നും മാറുന്നു.



KPharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

ലൂയിസിന്റെ നിലവിളി കേട്ട് ഗൗരവ ത്തോടെയും നിഗൂഢതയോടെയും പുകവലിയ്ക്കുന്ന അനയുടെ മുഖ ഭാവത്തിലൂടെ സിനിമ അവസാനിക്കുന്നു.

ഗൗരവമേറിയ ഒരു ഇമോഷണൽ ഡ്രാമ എന്ന നിലയിൽ തുടങ്ങുന്ന ചിത്രം പിന്നെ ഹൊറർ, വാമ്പയർ, ത്രില്ലർ തുടങ്ങിയ തലത്തിലേക്ക് മാറുകയാണ്. പ്രതീക്ഷിക്കാത്ത ക്ലൈമാക്സും.വളരെ പതിയെ മാത്രം കാണികളിൽ സംശയ ങ്ങൾ ഉയർത്തി കുറേ മുന്നോട്ട് പോയ തിന് ശേഷം മാത്രമാണ് സംവിധായകർ ഭയമെന്ന വികാരം കാണികളിൽ ഉണ്ടാക്കി കാര്യങ്ങൾ അവതരിപ്പിക്കുന്നത്. മോണിക്ക ആൻറണോപുലോസ് ആണ് ചിത്രത്തിൽ അനയെ അവതരിപ്പിക്കുന്നത്. IFFK യിൽ രജത ചകോരം നേടിയ ഈ ചിത്രത്തിന് ഇനിയും കൂടുതൽ പുരസ് കാരങ്ങൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കാം.



വളരെ പതിയെ മാത്രം കാണികളിൽ സംശയങ്ങൾ ഉയർത്തി കുറേ മുന്നോട്ട് പോയതിന് ശേഷം മാത്രമാണ് സംവിധായകർ ഭയമെന്ന വികാരം കാണികളിൽ ഉണ്ടാക്കി കാര്യങ്ങൾ അവതരിപ്പിക്കുന്നത്. മോണിക്ക ആൻറണോപുലോസ് ആണ് ചിത്രത്തിൽ അനയെ അവതരിപ്പിക്കുന്നത്. IFFK യിൽ രജത ചകോരം നേടിയ ഈ ചിത്രത്തിന് ഇനിയും കൂടുതൽ പുരസ് കാരങ്ങൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കാം.





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# യുദ്ധവിനാശത്തിൽ പൊലിയുന്ന ബാല്യങ്ങൾ (The President's cake)



**സഞ്ജു കളപ്പുരയ്ക്കൽ**
( ഫിൽക്ക)




**The President's cake**
Iraq, USA , Qatar/ 102 min
**Dir. Hasan Hadi.**

ഹസൻ ഹാദി രചനയും സംവിധാനവും നിർവഹിച്ച് 2025-ൽ പുറത്തിറങ്ങിയ ചലച്ചിത്രമാണ് ദി പ്രസിഡൻറ്സ് കേക്ക്. ബനീൻ അഹമ്മദ് നയ്യെഫ്, സജാദ് മുഹമ്മദ് ഖാസിം, വഹീദ് താബെത് ഖ്രെയ്ബത്ത്, റഹിം അൽഹാജ് എന്നിവരാണ് ഇതിൽ അഭിനയിക്കുന്നത് .

2025-ലെ കാൻ ഫിലിം ഫെസ്റ്റിവലിന്റെ ഡയറക്ടേഴ്‌സ് ഫോർട്ട്‌നൈറ്റ് വിഭാഗത്തിൽ ഈ ചിത്രത്തിന്റെ വേൾഡ് പ്രീമിയർ നടന്നു. അവിടെ പ്രേക്ഷക അവാർഡും കാമറ ഡിഓറും നേടി.

98-ാമത് അക്കാദമി അവാർഡുകളിൽ മികച്ച അന്താരാഷ്ട്ര ഫീച്ചർ ഫിലിമിനുള്ള ഇറാഖി എൻട്രിയായി ഇത് തിരഞ്ഞെടുക്കപ്പെട്ടു. ഡിസംബർ ഷോർട്ട് ലിസ്റ്റിൽ ഇടം നേടി. 2026ൻ ഫെബ്രുവരി 6-ന് സോണി പിക്ചേഴ്‌സ് ക്ലാസിക്കുകൾ ഇത് അമേരിക്കയിൽ റിലീസ് ചെയ്യാൻ തീരുമാനിച്ചു.

1990-കളിൽ ഇറാഖ് പ്രസിഡന്റ് സദ്ദാം ഹുസൈന്റെ കീഴിൽ, ഇറാഖ്-കുവൈറ്റ് അധിനിവേശത്തിനു ശേഷവും, തുടർന്നുണ്ടായ പാശ്ചാത്യ രാജ്യങ്ങളുടെ സാമ്പത്തിക ഉപരോധങ്ങളുടെ കാലത്തും, ഇറാഖിൽ നടക്കുന്ന സംഭവങ്ങളാണ് ഈ ചിത്രത്തിന്റെ പശ്ചാത്തലം. മെസൊപ്പൊട്ടേമിയൻ ചതുപ്പു നിലങ്ങൾ





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



ക്കിടയിലാണ് ഈ സിനിമ നടക്കുന്നത് . അമേരിക്കൻ ഉപരോധങ്ങൾ കാരണം രാജ്യത്തുടനീളമുള്ള ഇറാഖികൾ പട്ടിണി കിടന്നിരുന്ന ഒരു സമയത്ത്, സ്കൂൾ കുട്ടികൾ ചതുപ്പുനിലങ്ങളിലൂടെ തോണികളിലാണ് ക്ലാസുകളിലേക്ക് പോകുന്നത്. എന്നിരുന്നാലും, ഏപ്രിൽ 28-ന് ഇറാഖികൾ തന്റെ ജന്മദിനം ആഡംബരപൂർണ്ണമായ കേക്ക് ഉപയോഗിച്ച് ആഘോഷിച്ചില്ലെങ്കിൽ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് സദ്ദാം ഹുസൈൻ ഭീഷണിപ്പെടുത്തിയിരുന്നു.

തുടർന്നു ഒൻപത് വയസ്സുള്ള ലാമിയ പ്രസിഡന്റിന്റെ ജന്മദിനം ഈ ആഘോഷിക്കാൻ തന്റെ സ്കൂളിൽ നിർബന്ധിത കേക്ക് ഉണ്ടാക്കുവാൻ തെരഞ്ഞെടുക്കപ്പെടുന്നു.അതിനുള്ള ചേരുവകൾ ശേഖരിക്കണം, അല്ലെങ്കിൽ അവളുടെ സ്കൂളിൽ ശിക്ഷ അനുഭവിക്കേണ്ടിവരും. അവളുടെ അധ്യാപിക കേക്കിൽ അധികമായി ക്രീം നിറയ്ക്കണമെന്ന് അവളോട് ആവശ്യപ്പെട്ടിരുന്നു.അവൾ ദരിദ്രയാണ്, മുത്തശ്ശി ബീബിയോടും അവളുടെ കോഴിയായ ഹിന്ദിയോടും ഒപ്പം മെസൊപ്പൊട്ടേമിയൻ ചതുപ്പുനിലങ്ങളിലാണ് അവൾ താമസിക്കുന്നത്.

മന്ത്രങ്ങൾ ചൊല്ലി സദ്ദാമിനോട് കൂറ് പുലർത്തുന്ന അവളുടെ ചെറിയ പട്ടണത്തിലും സ്കൂളിലും, അവസാനത്തെ ചെലവേറിയ കേക്ക് ഉണ്ടാക്കുവാനുള്ള കടമ നിർഭയയായ ലാമിയയ്ക്കാണ് . അവൾ തന്റെ ത്യാഗപൂർണ്ണയായ മുത്തശ്ശി ബീബിയോടൊപ്പമാണ് (വാഹിദ് താബെത് ഖ്രെയ്ബത്ത്) ജീവിക്കുന്നത്. അവളുടെ



KPharma
HOME DELIVERY:
+91 99958 11166





പ്രിയപ്പെട്ട കോഴി ഹിന്ദി ഇല്ലാതെ അവൾ എങ്ങും പോകാറില്ല. അവിടെ പലചരക്ക് സാധനങ്ങൾ വിലയേറിയതും വിരളവുമാണ്. ബീബിയിൽ നിന്ന് കേക്ക് ഉണ്ടാക്കുവാൻ ആവശ്യമായ മാവ്, മുട്ട, പഞ്ചസാര എന്നിവയുടെ ഒരു ലിസ്റ്റ് അവൾ വാങ്ങുന്നു.

എന്നാൽ ലാമിയയുടെ രോഗിയായ മുത്തശ്ശിക്ക് ഇനി അവളെ പരിപാലിക്കാൻ കഴിയില്ല. അതിനാൽ മെച്ചപ്പെട്ട ജീവിത സൗകര്യമുള്ള ദമ്പതികൾക്ക് മുത്തശ്ശിയെ ഏൽപ്പിക്കാൻ അവർ പദ്ധതിയിടുന്നു. വൃദ്ധയും രോഗിയുമായ ബീബി, തന്റെ വളർത്തമ്മയാകാൻ പോകുന്ന



ഒരു സ്ത്രീയെ കാണാൻ ലാമിയയെയും കൂട്ടി ഇരുവരും ഒന്നിച്ച്, കൂടുതൽ സാധനങ്ങളുമായി അടുത്തുള്ള ഒരു നഗരത്തിലേക്ക് ഒരു യാത്ര പോകുന്നു. ആദ്യം, സഹായിയായി വന്ന ഒരു മെയിൽമാന്റെ (റഹിം അൽഹാജ്) ട്രക്കിൽ അവർ യാത്ര തിരിക്കുന്നു.

നിർബന്ധിത രാജ്യവ്യാപക ആഘോഷങ്ങൾക്ക് രണ്ട് ദിവസം മുമ്പ്, ലാമിയ ബീബിയോടൊപ്പം യാത്ര തിരിക്കുന്നു. അവിടെ നിന്നും തന്റെ പ്രിയപ്പെട്ട കോഴിയായ ഹിന്ദിയേയും കൊണ്ട് ഓടി ഒരു വാഹനത്തിന്റെ പിറകിൽ കയറി രക്ഷപ്പെടുന്നു. ബീബി അവളെ കാണാത്തതിനാൽ പോലീസ് സ്റ്റേഷനിൽ പരാതിയുമായി എത്തുന്നു. ടാക്സി ഡ്രൈവറായ ജാസിം വീണ്ടും ബീബിയെ കണ്ടു



മുട്ടുകയും പെൺകുട്ടിയെ കണ്ടെത്തുന്നതിൽ പങ്കുചേരുകയും ചെയ്യുന്നു. പ്രസിഡന്റിന്റെ ജന്മദിനത്തിൽ പോലീസ് കൂടുതൽ ശ്രദ്ധാലുക്കളായതിനാൽ അവർ സഹായിക്കാൻ വലിയ താൽപ്പര്യം കാണിച്ചിരുന്നില്ല.

K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



യാത്രയിൽ ലാമിയ അവളുടെ ഉറ്റ സുഹൃത്തും അയൽക്കാരനുമായ സയീദ്നെ (സജാദ് മുഹമ്മദ് ഖാസിം) കണ്ടുമുട്ടുന്നു. അവൻ ഒരു പാർക്കിൽ ഒരാളുടെ പേഴ്സ് തട്ടി പറിച്ചു ഓടുന്നു. ലാമിയ അവനോടൊപ്പം ഓടുന്നു. അങ്ങനെ അവർ ഒരുമിച്ചു യാത്ര തിരിക്കുന്നു.അവൻ ലാമിയയെ കേക്ക് ഉണ്ടാക്കുവാനുള്ള സാധനങ്ങൾ വാങ്ങുവാൻ സഹായിക്കുന്നു. പിന്നീട്, അവർക്ക് കുറച്ച് മുട്ടകൾ വാങ്ങുന്നു. ഒരു കടയിൽ നിന്ന് ലാമിയ മാവ് മോഷ്ടിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.മികച്ച നർമ്മവും നാടകീയതയും ഈ സിനിമയിൽ നിറഞ്ഞിരിക്കുന്നു. എന്നാൽ പുരുഷാധിപത്യ സമൂഹത്തിന്റെ ദൂഷ്യങ്ങളോട് വഴങ്ങാൻ ഹാദി ഇപ്പോഴും മടി കാണിക്കുന്നില്ല. അങ്ങനെ, വിശക്കുന്ന,



ഗർഭിണി യായ ഒരു സ്ത്രീയെ മുതലെടുത്ത്, ഉയർന്ന നിലവാരമുള്ള ഭക്ഷണ സാധനങ്ങൾ വാഗ്ദാനം ചെയ്ത്, ഒരു പുരുഷ പലചരക്ക് വ്യാപാരി അവളെ പിന്നിലേക്ക് ആകർഷിക്കാൻ ശ്രമിക്കുന്നത് കുട്ടികൾ കാണുന്നു. പിന്നീടുള്ള ഒരു രംഗത്തിൽ, സമാനമായ ദുഷ്ടനും ദുരുദ്ദേശ്യമുള്ളതുമായ ഒരു വേട്ടക്കാരന്റെ കൈകളിൽപ്പെടുന്നു .





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



അയാളിൽ നിന്ന് ലാമിയ അവളുടെ മൂർച്ചയുള്ള ബുദ്ധി ഉപയോഗിച്ച് കഷ്ടിച്ച് രക്ഷപ്പെടുന്നു. തേൻ നിർമിക്കുന്ന ഒരു സ്ത്രീയിൽ നിന്നും അവർ കുറച്ചു തേൻ സംഘടിപ്പിക്കുന്നു. സാധനങ്ങൾ വാങ്ങാൻ അവളുടെ പിതാവിന്റെ വാച്ച് വിൽക്കാൻ കൊണ്ടു പോകുന്നു. ഏറ്റവും ഹൃദയഭേദകമായ സംഭവ ങ്ങളിലൊന്നിൽ,പണത്തിന് പകരമായി ലാമിയ തന്റെ കുടുംബ പാരമ്പ**ര്യ വസ്തു ക്കൾ** വിൽക്കുന്നതാണ് .നഗരത്തിൽ അവർ കണ്ടുമുട്ടുന്ന മറ്റെല്ലാവരും തന്നെ ദുശ്ശീല കഥാപാത്രങ്ങളാണ്. അതിനിട യിൽ അവൾ പോലീസ് പിടിയിൽ ആകുന്നു.പ്രസിഡൻറ്സ് കേക്ക് എന്ന സിനിമയിലെ ഒരു പ്രധാന ആകർഷണം സിനിമയുടെ അപ്രതീക്ഷിതമായ അവസാനമാണ്. കുട്ടികൾ അവരുടെ കേക്കുമായി താരതമ്യേന സുരക്ഷിത ത്വത്തിലേക്ക് മടങ്ങുന്നുവെങ്കിലും ലാമിയയുടെയും സയീദിന്റെയും ഭാവി വർണ്ണാഭമായ ഒരു കാലത്തിലേക്കല്ല പോകുന്നത്. യുദ്ധം വിതയ്ക്കുന്ന വിനാശങ്ങളുടെ ഭീതിയിൽ ജീവിക്കേണ്ടി വരുന്ന ഒരു തലമുറയിലേക്കാണ് ചിത്രം വിരൽ ചൂണ്ടുന്നത്. ●



K Pharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# കാഞ്ചനക്കൂട്ടിലെ ചിറകടികൾ (Don’t tell mother)



രാജാംബിക
(വൈസ് പ്രസിഡന്റ്,ഫിൽക്ക)



**Don’t tell mother**
India - Australia/ 88 mins /
**Dir: Anoop Lokkur**.

30-ാമത് ബുസാൻ അന്തർദേശീയ ഫിലിം ഫെസ്റ്റിവലിൽ വേൾഡ് പ്രീമിയർ പ്രദർശനം നടത്തിയ കന്നഡ – ഇംഗ്ലീഷ് ചിത്രമായ ഡോണ്ട് ടെൽ മദർ പ്രധാനമായും രണ്ട് പ്രമേയങ്ങൾ ദൃശ്യപരമായ ലാളിത്യത്തോടും ഒഴുക്കോടും കൂടി അവതരിപ്പിക്കുന്നു. ഒന്ന്, ബാല്യത്തിന്റെ നൊമ്പരങ്ങൾ. രണ്ട്, സ്ത്രീയുടെ വ്യക്തിത്വ സ്വാതന്ത്ര്യം.

ഒന്നാമത്തെ കാര്യത്തെ കുറിച്ച് സംവിധായകൻ അനൂപ് ലോക്കർ പറയുന്നു : ‘ബാംഗ്ലൂരിലെ ഒരു മധ്യവർഗ കുടുംബത്തിൽ വളർന്നുവന്ന അനുഭവങ്ങളെക്കുറിച്ചുള്ള ഒരു ആത്മകഥാപരമായ ആഖ്യാനമാണിത് . കുട്ടിക്കാലത്തെ ആഘാതകരമായ അനുഭവത്തിന്റെ പ്രതിഫലനമാണിത്. ഗണിത അധ്യാപകൻ വടികൊണ്ട് ക്രൂരമായി അടിച്ചതാണ് ഒരു സംഭവം. ക്ലാസ്സിൽ സംസാരിച്ചതിന്റെ ശിക്ഷ. രണ്ടാമത്തെ സംഭവം,





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



കുസൃതി മൂലം ഇളയ സഹോദരനെ ആശുപത്രിയിൽ എത്തിച്ചതാണ്.

ഈ സിനിമയിലൂടെ ഇന്ത്യയിലെ കുട്ടികൾ ദിവസേന എങ്ങനെയാണ് അക്രമത്തിന് വിധേയരാകുന്നതെന്നും അത് അവരെ എങ്ങനെ ബാധിക്കുന്നു വെന്നും സൂക്ഷ്മമായി അവതരിപ്പിക്കുന്നു. ഇന്ത്യയിൽ ഇപ്പോഴും കുട്ടികൾക്കെതിരായ അക്രമം വ്യാപകമായി നിലനിൽക്കു ന്നതിനാൽ ഈ കഥ പറയേണ്ടത് പ്രധാന മാണ്. ചിത്രം തുടങ്ങുമ്പോൾ നമ്മൾ കാണുന്നത് ആകാശ് ക്ലാസ്റൂമിന് വെളിയിൽ മുട്ടിൽ നിൽക്കുന്നതാണ്. ഈറൻ അണിഞ്ഞിരിക്കുന്ന കണ്ണുകൾ മെല്ലെ തുടച്ചു. നോട്ടം, തൊട്ടടുത്ത് മരത്തിൽ കറങ്ങിനടക്കുന്ന കുരങ്ങന്മാരിൽ വ്യാപരിച്ചുകൊണ്ടിരുന്നു. തന്റേതല്ലാത്ത തെറ്റുകൾക്ക് ശിക്ഷ അനുഭവിക്കേണ്ടി വന്നിട്ടുള്ളവർക്ക് ഇതിലെ പല സന്ദർഭ ങ്ങളിലും ഉള്ളു പൊള്ളിയിട്ടുണ്ടാവണം.

അവന്റെ സഹോദരൻ ആദി അവനെ കാത്തു സ്കൂൾ ഗേറ്റിനടുത്ത് നിൽക്കുമ്പോൾ ഓട്ടോ വരികയും രണ്ടുപേരും ഒന്നിച്ചു പോകുന്നതുമായ പ്രവർത്തിദിനങ്ങളിലെ പതിവുകാര്യങ്ങൾ വളരെ ലളിതമായി അവതരിപ്പിച്ചിരിക്കുന്നു.

രണ്ടു കിടപ്പുമുറികളിലായിട്ടാണ് നാലു പേരും കിടക്കുന്നത്. ഉറങ്ങുന്നതിനു മുമ്പ് കുട്ടികൾക്ക് കഥ പറഞ്ഞു കൊടുത്തും കളിയും ചിരിയുമായി സമയം ചിലവഴിച്ചും സന്തോഷകര മായ കുടുംബ ജീവിതം. ആ നിമിഷ ങ്ങളിൽ കുട്ടികൾ ഉറങ്ങുന്നതിനു മുമ്പ് തലകുത്തിമറിയുകയും നെഞ്ചത്ത് കയറി കിടക്കുക, കാൽകയറ്റി വയ്ക്കുക തുടങ്ങി എല്ലാവിധ കുസൃതികളും തന്മയത്വത്തോടെ , ഓജസ്സോടെ പുനഃസൃഷ്ടിച്ചിരിക്കുന്നു. എല്ലാ മനുഷ്യരുടെയും ബാല്യ കാല



KPharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition



ത്തേക്കുള്ള ഒരു തിരിച്ചുപോക്ക് ഈ ചിത്രത്തിലൂടെ ആസ്വദിക്കാനാവും .

ഓരോ ചെറിയ ദുഃഖങ്ങളും അടുത്ത് ഒരു ചെറിയ സന്തോഷത്തിലൂടെ മാഞ്ഞു പോവുകയാണ്. പക്ഷേ ആകാശ് അറിഞ്ഞുകൊണ്ട് അല്ലെങ്കിലും ആദിയുടെ ജീവനെ അപകടത്തിലാക്കിയപ്പോൾ നമ്മുടെ കണ്ണിൽ നിറഞ്ഞ കണ്ണീർ, ആദി മിഴി തുറന്നപ്പോൾ തോർന്നു. എന്നാൽ ആദിയോട് രഹസ്യമായി ആകാശിന്റെ ഓഫർ കേട്ടപ്പോൾ വീണ്ടും ചിരി പൊട്ടി.

രണ്ടാമത്തെ വിഷയം മധ്യവർഗ്ഗ കുടുംബത്തിൽ സ്ത്രീയുടെ വ്യക്തിത്വം , അസ്തിത്വം, സ്വാതന്ത്ര്യം എന്നിവ സംബന്ധിച്ചുള്ളതാണ്. വിദ്യാസമ്പന്ന യായ ഒരു വനിത പരമ്പരാഗത സങ്കൽപ്പ ങ്ങളുടെ കാഞ്ചന കൂട്ടിൽ ചിറകടിക്കുന്ന ദുരവസ്ഥയാണ്.

പെണ്ണിടങ്ങൾ നെടുവീർപ്പുകളുടെയും നിസ്സഹായതയുടെയും ഈറ്റില്ലമാകുന്ന കാഴ്ച. കുടുംബത്തിനുവേണ്ടി കടമകൾ ചുമലിൽ ഏറ്റിയവർ. സ്വന്തം സന്തോഷവും തൊഴിൽ ചെയ്ത് നേടുന്ന അഭിമാനവും അന്തസ്സോടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരാനുള്ള ഭാഗ്യവും നിഷേധിക്കപ്പെട്ടവർ. ഒരു ജോലിയെപ്പറ്റി ചിന്തിക്കാതിരുന്നപ്പോഴും തന്റെ പഴയ സുഹൃത്ത് സ്വന്തം ബിസിനസ്സിൽ പാർട്ണർ ആകാൻ ക്ഷണിച്ചപ്പോൾ ആ അമ്മയിലെ മോഹപ്പക്ഷികൾ ചിറകടിച്ചു. ജീവിത ത്തിലെ പുതിയ വഴിത്തിരിവ് സ്വപ്നം കണ്ടു ഭർത്താവിനോട് കാര്യം അവതരിപ്പിച്ചു. എന്നാൽ തന്റെ കുടുംബ ത്തിലുള്ളവർ സമ്മതിക്കില്ല എന്നും അവരോട്





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

ആലോചിച്ചിട്ടേ തീരുമാനം എടുക്കാൻ കഴിയൂ എന്നായിരുന്നു മറുപടി.

അവധിക്കാലത്ത് നാട്ടിൽ പോയപ്പോൾ കുടുംബവീട്ടിൽ വിഷയം അവതരിപ്പിച്ചു. അപ്പോൾ അവരുടെ ഉള്ളിലെ യാഥാസ്ഥിക മനോഭാവം പുറത്തുവന്നു. തന്റെ നീരസം ഭർത്താവിനോട് പ്രകടിപ്പിച്ചു സങ്കടം തീർത്തു. അസ്വസ്ഥതയുടെ മുള്ളുകൾ നെഞ്ച് നോവിച്ചു കൊണ്ടിരുന്നു. പക്ഷേ എല്ലാ കാര്യത്തിനും യോജിപ്പുണ്ടായിരുന്ന അവർക്ക് കൂടുതൽ സമയം പിണങ്ങി ഇരിക്കാൻ കഴിഞ്ഞില്ല. ആശ്വാസവും ആശ്രയവും ആ നെഞ്ച് മാത്രമാണ്. ഇനിയൊരിക്കലും തന്റെ ആഗ്രഹം പൂവണിയില്ലെന്നുള്ള നിരാശയാൽ തന്റെ മകൻ തുണ്ട് കടലാസിൽ എഴുതിയെടുത്ത സുഹൃത്തിന്റെ ഫോൺ നമ്പർ ചുരുട്ടി ദൂരെ എറിഞ്ഞു കളയുന്നു.

1990-കളിലെ ബാംഗ്ലൂരിലെ ജയനഗറിൽ -പരമ്പരാഗത ബ്രാഹ്മണ കുടുംബം. അവിടെ കൊച്ചുസഹോദരങ്ങളായ ആകാശ് (സിദ്ധാർത്ഥ് സ്വരൂപ്), ആദി (അനിരുദ്ധ് പി. കേസർക്കർ) എന്നി വരുടെ ദിനചര്യകളെ പിന്തുടരുന്ന ദൃശ്യങ്ങൾ അവരുടെ മാതാപിതാക്കളുടെ വാത്സല്യത്തിന്റെയും സ്വാധീനത്തിന്റെയും അതുപോലെ ബാഹ്യഇടപെടലുകളുടെയും ആഘാതങ്ങളുടെയും സ്കൂൾ ജീവിതത്തിന്റെയും സഹപാഠികളുടെയും ബഹളങ്ങളുടെയും അയൽപക്ക സുഹൃത്തുക്കളുടെയും സഹജീവികളുടെയും യഥാതഥ സന്ദർഭങ്ങൾ സ്വച്ഛമായി പിന്നിട്ട് സ്വന്തം കുടുംബാവസ്ഥകളിലേക്ക് കടന്നുചെല്ലുന്നു. അവർ ഒരു മുസ്ലിം പള്ളിയുടെ അടുത്താണ് താമസിക്കുന്നത്. അതിനാൽ ബാങ്കുവിളികൾ അവരുടെ സമയജീവിതത്തിന്റെ ഭാഗമായിത്തീരുന്നു.അമ്മയായി ഐശ്വര്യ ദിനേശും അപ്പയായി (അച്ഛൻ) കാർത്തിക് നാഗരാജനും വേഷമിടുന്നു. അമ്മയുടെ പേര് നമ്മൾ കേൾക്കുന്നത് പച്ചക്കറി കടയിൽ വച്ച് യാദൃച്ഛികമായി കണ്ടുമുട്ടിയ തന്റെ പഴയ സുഹൃത്ത് ദൂരെ കാണുമ്പോൾ വിളിക്കുന്നതും പിന്നെ ബന്ധുക്കളോട് അവരെക്കുറിച്ച് സംസാരിക്കുമ്പോഴും ആണ്.
ആകാശിന്റെ അമ്മ അവന് ചെറുതായി





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

അടികൊടുക്കുന്നത് അവൻ പഠിക്കാതിരിക്കുമ്പോഴാണ്. പക്ഷേ അവന്റെ മെമ്മറി പവർ എടുത്തുപറയേണ്ടതാണ്. ആകാശ് ഒരു മണ്ടനല്ല. മാത്രമല്ല ദൈനംദിന ജീവിതത്തിൽ നന്നായി ഓട്ടവും ചാട്ടവും അഭ്യസിക്കുന്ന ഒരു കുട്ടിയുമാണ്. പ്രോഗ്രസ് കാർഡിൽ ഒപ്പിടാൻ നേരം അമ്മയുടെ ശിക്ഷയിൽ നിന്ന് രക്ഷനേടാൻ അവൻ അപ്പയെക്കൊണ്ട് സമ്മതിപ്പിച്ചു ഒപ്പിടുവിക്കും. പക്ഷേ മകന് കൂട്ടുനിൽക്കുന്നു എന്ന് പറഞ്ഞു അമ്മ അപ്പയോട്, അതിൻെറ പേരിൽ വഴക്കിടാറുണ്ട്.

വളരെ വൃത്തിയും വെടിപ്പും സമയനിഷ്ഠയും അച്ചടക്കവുമുള്ള ഒരു അമ്മയായിരുന്നു ആകാശിന്റേത്. നേരത്തെ വിവാഹം കഴിഞ്ഞു പോയതും പെട്ടെന്ന് കുട്ടികൾ ഉണ്ടായതും തുടർന്ന് പഠിക്കുന്നതിനോ ഒരു ജോലി നേടുന്നതിനോ ആ അമ്മയ്ക്ക് കഴിഞ്ഞില്ല.

ആദിയാണ് ഇളയ കുട്ടി. ആദിയുടെ പഠനമുൾപ്പെടെയുള്ള ചുമതലകളിൽ ആകാശ് നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. അവനോട് വലിയ മാഷിനെപ്പോലെ പെരുമാറി അടി കൊടുക്കുകയും മറ്റു ചെറിയ തെറ്റുകൾ ചെയ്തിട്ട് അണ്ടിപ്പരിപ്പും കാൻഡിയും കൊടുത്ത് അവൻെറ കരച്ചിൽ അമ്മയെ അറിയിക്കാതെ ശ്രദ്ധിക്കുന്നു ആകാശ്. കശുവണ്ടിപ്രിയനായ ആദിക്ക് ഓരോ ദിവസവും പതിവ് അളവിൽ കൊടുത്തിട്ട് അമ്മ ഉയരെയുള്ള സ്ലാബിൽ വളരെ സുരക്ഷിതമായി ഒളിപ്പിച്ചു വയ്ക്കുന്ന പാത്രം തുറന്നു അമ്മ കാണാതെ എടുത്തു കൊടുത്ത് ആദിയെ പിണക്കാതെ നോക്കുന്നു. ' ആദീ... നീ അമ്മയോട്...'.( അരുതെന്ന അപേക്ഷയോടെ യുള്ള മുഖഭാവം ).
.
ഗണിത അധ്യാപകന്റെ ക്രൂരമായ അടി കിട്ടി തിണർത്തു കിടക്കുന്ന ഭാഗങ്ങൾ അപ്പയും അമ്മയും കാണാതെ ഒളിപ്പിക്കാൻ ശ്രമിക്കുന്നുണ്ട് ആകാശ്. അടി കിട്ടിയശേഷം വീട്ടിലെത്തുമ്പോൾ അപ്പ ജോലി സംബന്ധമായി ദൂരെയായിരുന്നു. അവന്റെ കുഞ്ഞു മനസ് അപ്പയെ കാണാൻ വെമ്പൽ കൊണ്ടു.

പതിവില്ലാത്ത വിധം അവന്റെ മൗനവും ഉത്സാഹമില്ലായ്മയും ഭക്ഷണത്തിന് വരാത്തതും വീട്ടുകാർ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. പക്ഷേ അവൻ അവരെ ഒന്നും അറിയിച്ചില്ല. ഒരിക്കലും മറ്റുള്ളവരുടെ സാന്നിധ്യത്തിൽ ഷർട്ട് അഴിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ഈ പാടുകൾ അമ്മയോ അപ്പയോ ഇപ്പോൾ കാണുമോ, ശ്രദ്ധിക്കുമോ...

അവൻ ഉറങ്ങാൻ കിടക്കുമ്പോൾ ആരെങ്കിലും ഒന്ന് കണ്ടിരുന്നെങ്കിൽ, മരുന്ന് പുരട്ടി കൊടുത്തെങ്കിൽ എന്ന് ഓരോ പ്രാവശ്യവും പ്രേക്ഷകൻ ആകാംക്ഷയോടെ ഉറ്റുനോക്കിക്കൊണ്ടിരുന്നു. ആരും കാണാതെ ആരും അറിയാതെ വേദനയാൽ ആകാശ് പുളയുമ്പോഴും ആ പാടുകളിൽ നമ്മുടെ വിരൽത്തുമ്പ് അവനെ അദൃശ്യമായി തഴുകിക്കൊണ്ടിരുന്നു. അറിഞ്ഞു നൽകിയ ആ സാന്ത്വനത്തിന്റെ

KPharma
HOME DELIVERY:
+91 99958 11166



പ്രതിഫലനമാണ്, പാടുകൾ കണ്ടെത്തി, സർവ്വനിയന്ത്രണവും വിട്ട് രോക്ഷാകുലയായ അമ്മ സ്കൂളിൽ ചെന്ന്, അടി കൊടുത്ത മാഷിനോട് തന്റെ കുഞ്ഞിനെ തല്ലിയതിന് സസ്പെൻഡ് ചെയ്യിക്കും എന്ന് താക്കീതും കൊടുത്തു വഴക്കുണ്ടാക്കിയപ്പോൾ പ്രേക്ഷകർ ആർത്ത് കയ്യടിക്കുകയായിരുന്നു. ചോദ്യം ചെയ്യാൻ അമ്മയോടൊപ്പം പ്രേക്ഷകന്റെ മനസ്സും സ്കൂളിലെത്തി, ഹിംസയെ ചോദ്യം ചെയ്യാൻ.

ഇവിടെ നമ്മൾ ആ വീട്ടിലുള്ള ഓരോ സംഭവങ്ങളിലും അറിയാതെ ഉരുകുകയാണ്. കാരണം അവരുടെ പ്രശ്നങ്ങൾ സ്വന്തം വീട്ടിൽ സംഭവിക്കുന്നത് തന്നെയാണ്. അതു കാണുന്ന മാത്രയിൽ അനുഭവവേദ്യമാകുകയാണ്. പ്രപഞ്ചത്തിലെ പോരാളിയാണ് അമ്മ. തന്റെ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനായി ഏത് പ്രായം വരെയും അവൾ ജാഗരൂകയായിരിക്കും.

ശക്തമായ ഭാഷയിൽ മറുപടി കൊടുത്ത് മാഷിനെക്കൊണ്ട് 'സോറി' പറയിപ്പിച്ച അമ്മയോട് അവൻ 'താങ്ക്സ് 'പറയുന്നു. അത് കേൾക്കുമ്പോൾ തന്റെ പ്രവർത്തിയിൽ ആ അമ്മയ്ക്കു അഭിമാനം തോന്നുന്നു.

രണ്ട് കുട്ടികളുടെയും മാതാപിതാക്കളുടെയും സന്ദർഭങ്ങൾ യഥാർത്ഥ ജീവിതം പോലെ തോന്നും. പെരുമാറ്റങ്ങളുടെ , ഭാവങ്ങളുടെ , ചലനങ്ങളുടെ സ്വച്ഛമായ ഒഴുക്ക്. നൊമ്പരങ്ങളും സന്തോഷങ്ങളും പ്രതീക്ഷകളും വേദനകളും ഇടകലർന്ന് ലളിതവും സുതാര്യവുമായ സിനിമ. കുട്ടികളുടെ നിമിഷങ്ങളിൽ സൂക്ഷ്മമായ തയ്യാറെടുപ്പുകൾ സംവിധായകൻ നടത്തിയിട്ടുണ്ടെന്ന് വ്യക്തം.
അനൂപ് ലോക്കൂർ സാക്ഷാത്കരിച്ച ഡോണ്ട് ടെൽ മദർ ഇന്ത്യൻ കുടുംബ പ്രേക്ഷകർക്ക് അവിസ്മരണീയമായിരിക്കും.





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# ദി സെറ്റിൽമെന്റ് ' (The Settlement / Al mosta'mera)



അഞ്ജു കാർത്തിക
(ഫിൽക്ക)



**The Settlement**
Egypt, France, Germany, Saudi Arabia,Qatar/ 94 mins/
**Dir. Mohamed Rashad.**

IFFK 2025ൽ പ്രദർശിപ്പിച്ച മുഹമ്മദ് റഷാദിൻറെ ഈജിപ്ഷ്യൻ ചിത്രം 'ദി സെറ്റിൽമെന്റ്' (The Settlement / Al mosta'mera), ഫാക്ടറി അപകടത്തിൽ മരിച്ച അച്ഛന്റെ മരണശേഷം അവിടേക്ക് ജോലിക്ക് പോകുന്ന സഹോദരങ്ങളുടെ കഥ പറയുന്നു .തൊഴിലാളിവർഗ്ഗത്തിന്റെ അതിജീവനവും പ്രതികാരവും പ്രമേയമാക്കിയ, യാഥാർഥ്യബോധമുള്ള ഒരു 'വർക്ക്-പ്ലേസ് ' സ്ലോ-പേസ് ത്രില്ലർ സിനിമയാണ് മുഹമ്മദ് റഷാദ് സംവിധാനം ചെയ്ത ഈ ചിത്രം.

പ്രൊഫഷണലല്ലാത്ത അഭിനേതാക്കളുടെ 'റോ' പ്രകടനങ്ങളെ പ്രശംസിക്കുന്ന അന്താരാഷ്ട്ര മത്സര വിഭാഗത്തിൽ പ്രദർശിപ്പിച്ച ഈജിപ്ഷ്യൻ-ഫ്രഞ്ച്-ജർമ്മൻ-സൗദി-ഖത്തർ കോ-പ്രൊഡക്ഷൻ ചിത്രമായ 'ദി സെറ്റിൽമെന്റ് ' 94 മിനിറ്റ് ദൈർഘ്യമുള്ളതാണ്.

ഫാക്ടറിയിലെ അപകടത്തിൽ അച്ഛൻ മരിച്ചതിനെ തുടർന്ന് സ്കൂൾ വിട്ട് ഫാക്ടറിയിൽ മെഷീൻ ഓപ്പറേറ്ററായി ജോലി ചെയ്യുന്ന തന്റെ മൂത്ത സഹോദരൻ ഹൊസാമിനൊപ്പം (ആദം ഷൗക്രി) ചേരാൻ ആഗ്രഹിക്കുന്നുവെന്ന് യുവ മാരോ (സിയാദ് ഇസ്ലാം) ശഠിക്കുന്നതോടെയാണ് ചിത്രം ആരംഭിക്കുന്നത് . യാതൊരു സുരക്ഷാ നടപടികളും ഇല്ലാത്ത ഒരു ഫാക്ടറി. രണ്ട് ആൺകുട്ടികൾക്കും ഈ ജോലി എങ്ങനെ ലഭിച്ചു എന്നത് കുറച്ച് മിനിറ്റ് നേരത്തേക്ക് ഒരു രഹസ്യമായി തുടരുന്നു.നിയമപരമായ പ്രത്യാഘാതങ്ങൾ ഒഴിവാക്കാൻ മാനേജ്മെന്റ് അദ്ദേഹത്തിന്റെ മക്കൾക്ക് നഷ്ടപരിഹാരമായി നൽകിയതാണ് അതേ ജോലി.



K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition



അവിടെ ജോലിക്ക് കയറുന്ന ഹൊസ്സാം, മാരോ എന്നീ സഹോദരങ്ങൾ മനസ്സിലാക്കുന്ന അച്ഛന്റെ മരണത്തിലെ ദുരൂഹത, സഹപ്രവർത്തകരുടെ ശത്രുത, തൊഴിലാളിവർഗത്തിന്റെ അതിജീവനം, പ്രതികാരം എന്നിവയ്ക്കിടയിൽ ഫാക്ടറിയിൽ സംഭവിക്കുന്ന മറ്റൊരു ദുരന്തത്തിന്റെ കൂടി അവതരണമാണ് പ്രമേയം.

അഴിമതിയെയും ജോലിസ്ഥലത്തെ ഉത്തര വാദിത്തമില്ലായ്മയെയും, അപലപിക്കുന്ന ഒരു കഥയോടൊപ്പം, മയക്കുമരുന്ന് ഇടപാടുകളിൽ നിന്നും കുറ്റകൃത്യങ്ങളിൽ നിന്നും മുക്തി നേടാനും, സമൂഹത്തിന് അനുയോജ്യ



മായ ജീവിതം നയിക്കാൻ പ്രചോദനം നൽകുന്ന രീതിയിലേക്ക് തന്റെ കഥാപാത്രങ്ങളെ എത്തിക്കാനുള്ള ശ്രമത്തിലാണ് റഷാദ് ഈ സിനിമയിലൂടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

ഫാക്ടറിയിൽ എത്തുന്ന ഹൊസ്സാമിനെയും മാരോയെയും അവിടത്തെ തൊഴിലാളികൾ അത്ര ശുഭകരമായ രീതിയിലല്ല സ്വാഗതം ചെയ്യുന്നത്. ജോലിസ്ഥലത്ത് മുതൽ ഭക്ഷണശാലയിൽ വരെ അവർ അപമാനം നേരിടുന്നു.

ഹൊസ്സാമിന്റെയും മാരോയുടെയും പിതാവിന്റെ മരണത്തിന് ഭാഗികമായി ഉത്തരവാദിയായ മോസ്തഫയും അക്കൂട്ടത്തിലുണ്ട്. ഹൊസ്സാമും മാരോയും പ്രതികാരം ചെയ്യാൻ വന്നതാകുമോ എന്ന ആശങ്കയാണ് ഫാക്ടറിയിലെ മറ്റ് തൊഴിലാളികൾക്ക്.

തങ്ങളുടെ പിതാവിന്റെ അപകട മരണം യാദൃച്ഛികമായി തന്നെ സംഭവിച്ചതാണോ, അതോ കൊലപാതകമാണോ എന്ന സംശയം ഹൊസ്സാമിലും മാരോയിലും ഉടലെടുക്കുന്നു. ഹൊസ്സാമിന്റെ ലഹരി ഇടപാടുകളും ഇടയ്ക്ക് പുറത്തു വരുന്നുണ്ട്. ഇതിനിടയിൽ ഹൊസ്സാം ആ ഫാക്ടറിയിലെ തന്നെ ഒരു യുവതിയുമായി സ്നേഹബന്ധത്തിലാവുകയും ചെയ്യുന്നു. എന്നാൽ ആ പ്രണയത്തിന്റെ ആഴത്തിലേക്ക് സംവിധായകൻ കാഴ്ചക്കാരെ കൂട്ടികൊണ്ട് പോകുന്നില്ല.
ആ ഫാക്ടറിയുടെ ചുമതലക്കാരും മറ്റ് തൊഴിലാളികളും ഹൊസ്സാമും മാരോയുമായുള്ള ബന്ധം മെച്ചപ്പെടുത്തി

K Pharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



വന്നപ്പോഴേക്കും അവിചാരിതമായി മറ്റൊരു ദുരന്തം കൂടി ആ ഫാക്ടറിക്കുള്ളിൽ സംഭവിക്കുകയാണ്. അതീവ ദാരുണമായ ഒരു മരണം കൂടി. യാഥാർഥ്യബോധമുള്ള ദൃശ്യങ്ങൾക്കപ്പുറം സംഭാഷണങ്ങളി ലും കേന്ദ്രീകൃതമായ സിനിമയാണ് ദി സെറ്റിൽമെൻറ് എന്ന സിനിമ. ഹൊസ്സാം, മാരോ, അവരുടെ മാതാവ് എന്നിവരുടെ ജീവിതത്തിലൂടെ ഈജിപ്ഷ്യൻ ജീവിതങ്ങളെ സംവിധായകൻ മുഹമ്മദ് റഷാദ് തുറന്നുകാട്ടുന്നു. വർക്കിംഗ് ക്ലാസ് വിഭാഗത്തിൽ പെട്ട ആളുകളുടെ ജീവിതവും, തൊഴിലിടങ്ങളിൽ അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും ആദ്യം മുതൽ അവസാനം വരെ സിനിമയിലുട നീളം പ്രതിപാദിക്കുന്നു. പശ്ചാത്തലത്തിൽ ഫോക്കസ് ഔട്ടായ നഗരം , സിനിമയുടെ കഥാപരിസരത്തെ വ്യക്തമായി സൂചിപ്പിക്കുന്നതാണ്. അനിവാര്യമായ ധാർമ്മിക ഇടപെടൽ, അപകടകരമായ തൊഴിൽ സാഹചര്യങ്ങളിലെ പോരാട്ടം, സാമൂഹ്യനീതി ലഭിക്കാനായുള്ള പ്രവർത്തനത്തിന്റെ പ്രതിബദ്ധതയും ദി സെറ്റിൽമെൻറിനെ ശ്രദ്ധേയമാക്കുന്നു. പന്ത്രണ്ട് വയസ് മാത്രമുള്ള മാരോ ജോലി ചെയ്യാൻ നിർബന്ധിതനാവുന്നതിലൂടെ ബാലവേലയും ദി സെറ്റിൽമെൻറ് പ്രശ്നവൽക്കരിച്ചിട്ടുണ്ട്. കഥാപരിസരത്തിലെ വ്യക്തതയും ലളിതമായ ആഖ്യാനവും അഭിനേതാക്കളുടെ അസാധ്യമായ പ്രകടനങ്ങളും കുറഞ്ഞ ദൈർഘ്യവും ദി സെറ്റിൽമെൻറിനെ കാച്ചിക്കുറുക്കിയ ചലച്ചിത്ര സൃഷ്ടിയാക്കി മാറ്റിയിരിക്കുന്നു.ഇമാദ് ഘോണീം, അദം ശുക്ർ, സെയ്ദ് ഇസ്ലാം ഇവരാണ് മുഖ്യ കഥാപാത്രങ്ങളായി അഭിനയിക്കുന്നത്.




KPharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# സാങ്കൽപ്പിക പിതൃത്വം : ഇറാനിയൻ സമൂഹത്തിന്റെ സ്വപ്ന സംഘർഷങ്ങൾ (The Daughter)



**പി. എസ്. ജ്യോതിഷ്കുമാർ**
(ഫിൽക്ക)




**The Daughter**
Iran / 97 mins/
**Dir: Pourya Mohamed.**

**2025ലെ മുപ്പതാമത് കേരള അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ ലോക സിനിമ വിഭാഗത്തിൽ പ്രദർശിപ്പിച്ച ഇറാനിയൻ ചിത്രമാണ് Pourya Kakavand രചനയും സംവിധാനവും നിർവഹിച്ച The Daughter.**

2025 June 16 ന് ഷാംഗ്ഹായ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ആണ് ഈ ചിത്രത്തിൻറെ പ്രീമിയർ ഷോ നടന്നത്.സമകാലിക ഇറാനിലെ സാമ്പത്തികവും സാമൂഹികവുമായ സമ്മർദ്ദങ്ങൾ നേരിടുന്ന ദമ്പതികളായ നിമയെയും മഹ്ഷിദിനെയും ചുറ്റിപ്പറ്റിയാണ് കഥ.

ഒരു കുട്ടിയെ വളർത്താൻ കഴിയാതെ, അവർ പകരം ഒരു സാങ്കൽപ്പിക മകളെ സൃഷ്ടിക്കാനും വൈകാരികമായി വളർത്താനും തീരുമാനിക്കുന്നു. അവളെ അവരുടെ വീട്ടിലെ ഒരു സജീവ സാന്നിധ്യമായി കണക്കാക്കുന്നു. അവരുടെ സ്നേഹം, ആഗ്രഹം, മാതാപിതാക്കളുടെ



K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



സംതൃപ്തി എന്നിവ ഉൾക്കൊള്ളുന്നു. കാലക്രമേണ, ഫാന്റസിയും യാഥാർത്ഥ്യവും തമ്മിലുള്ള അതിർത്തി മങ്ങാൻ തുടങ്ങുന്നു. ഇത് ഒരു പങ്കാളിയെ വൈകാരികമായ അഴിച്ചുപണിയിലേക്ക് നയിക്കുന്നു.

ഭാവി നഷ്ടപ്പെട്ട ഒരു തലമുറയ്ക്ക്, സാങ്കൽപ്പിക പിതൃത്വം എങ്ങനെയാണ് ഒരു പ്രതിരോധ സംവിധാനമായി മാറുന്നത് എന്ന് സംവിധായകൻ കാണിച്ചു തരുന്നു. ഈ സിനിമ ഒരു പരമ്പരാഗത ആഖ്യാനം എന്നതിലുപരി സാങ്കൽപ്പിക മാതാപിതാക്കളുടെ അവസ്ഥയെക്കുറിച്ചുള്ള ഒരു മനഃശാസ്ത്ര പഠനമാണ്. ആഗ്രഹം, നഷ്ടം, സ്വത്വം എന്നിവയുടെ വൈകാരിക ഭൂപ്രകൃതിയെ പരിശോധിക്കുന്നു.

മാതാപിതാക്കൾ ഒരു സാങ്കല്പിക കുട്ടിയെ വളർത്തുന്നു എന്നതിന്റെ പ്രമേയം, ആധുനിക ഇറാനിലെ സാമ്പത്തിക അനിശ്ചിതത്വവും സാമൂഹിക പ്രതീക്ഷകളും രൂപപ്പെടുത്തുന്ന ഉത്കണ്ഠകളെ അന്വേഷിക്കുന്ന ആത്മപരിശോധനാപരവും ആലങ്കാരികവുമായ പ്രതീക നാടകമായി ഇതിനെ തോന്നിപ്പിക്കുന്നു.ഒരു മാസത്തിനകം ഒരു കുഞ്ഞിനെ നൽകാമെന്ന വാഗ്ദാനം ഭർത്താവിനെ ഓർമ്മിപ്പിക്കുന്ന ഭാര്യയിലൂടെയാണ് ചിത്രം ആരംഭിക്കുന്നത്. ഒരു കുഞ്ഞിനെ വളർത്താനുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ ഓരോന്നായി വിശദീകരിച്ചുകൊണ്ട് അയാൾ ഭാര്യ





ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

യുടെ ആവശ്യം നിരാകരിക്കുന്നു. ഭർത്താവിന്റെ ഓരോ വാദത്തിനും വ്യക്തമായ മറുപടി നൽകുകയും വാദിക്കുകയും ഒടുവിൽ നിരാശപ്പെ ടുകയും ചെയ്യുന്ന ഭാര്യാകഥാപാത്രം നിസ്സഹായതയുടെ ഒരു ബിംബമായി മാറുന്നത് വേദനയോടെ കാണാൻ കഴിയും. അവൾ കടുത്ത പരിഭവത്തിൽ ആണെന്ന് മനസിലാക്കിയ ഭർത്താവ് അവളോട് സ്നേഹത്തോടെ പെരു മാറാൻ തുടങ്ങുന്നു. അവരുടെ പിന്നീടുള്ള ചർച്ചയാണ് കഥാഗതിയെ മാറ്റി മറിക്കുന്നത്.

ഭർത്താവ് പതിയെ കുഞ്ഞിനെ ക്കുറിച്ചുള്ള കാര്യങ്ങൾ സംസാരിച്ചു തുടങ്ങിയപ്പോൾ, അയാൾ തന്റെ വഴിയിൽ വരുന്നുണ്ടെന്നു ധരിച്ച ഭാര്യ, കുഞ്ഞിന് പേര് കണ്ടെത്തിയിട്ടുണ്ടോ എന്ന് ചോദിക്കുന്നു. അതേക്കുറിച്ച് ചിന്തിക്കാൻ പോലും ശ്രമിച്ചിട്ടില്ലാത്ത അയാൾ വെറുതെ കുറച്ച് പേരുകൾ ഭാര്യയോട് പറയുന്നു. അതൊന്നും ഇഷ്ടമായില്ല എന്ന് അവൾ പറഞ്ഞ പ്പോൾ അവൾ കണ്ടെത്തിയ പേരുകൾ പറയാൻ അയാൾ ആവശ്യപ്പെട്ടു. കുഞ്ഞിനെക്കുറിച്ച് ഒരുപാട് ചിന്തിച്ചു കഴിഞ്ഞ അവൾ താൻ മകൾക്കിടാൻ കണ്ടെത്തിയ പേര് (Sayeh) അയാളോട് പറയുകയും തുടർന്ന് വാചാലയാ കുകയും ചെയ്യുന്നു. മകളുടെ പേര് മാത്രമല്ല തുടർന്നുള്ള എല്ലാ കാര്യ ങ്ങളും അവൾ തീരുമാനിച്ചു കഴിഞ്ഞു എന്ന് അയാൾ മനസ്സിലാക്കുന്നു .

തുടർന്നുള്ള ദിവസങ്ങളിൽ സദാ സമയവും മകളോട് സംസാരിക്കുകയും അവൾക്കൊപ്പം ചെലവഴിക്കുകയും അതിനായി ജോലി രാജിവെക്കുകയും ചെയ്യുന്ന ഭാര്യയെ നമ്മൾ കാണുന്നു. തുടക്കത്തിൽ തമാശ രൂപത്തിൽ ആണെന്ന് പ്രേക്ഷകരും ഭർത്താവും ധരിക്കുമെങ്കിലും തുടർന്ന് കാര്യങ്ങൾ കൈവിട്ടു പോകുന്ന അവസ്ഥയിലേക്ക് ഭാര്യയുടെ പ്രവൃത്തികൾ എത്തിച്ചേരുന്നു.

മകളെ സ്കൂളിൽ ചേർക്കാൻ ചെല്ലുന്ന മഹ്ഷിദിനെ നമ്മൾ കാണുന്നു. ഒടുവിൽ സ്കൂൾ മേധാവിയുമായി വഴക്കിട്ട് അവൾ പുറത്തു വരുമ്പോൾ അവൾക്ക് അവളെ നഷ്ടപ്പെട്ടു തുടങ്ങി എന്ന് നമ്മൾ മനസിലാ ക്കുന്നു. മകളുടെ ഫോട്ടോ എടുത്ത് കാണിക്കുന്നതും മകളുടെ പിറന്നാൾ ആഘോഷിക്കുന്നതും ഒക്കെ കാണു മ്പോൾ കളി കാര്യമായി എന്ന് ഭർത്താവ് നിമ തിരിച്ചറിയുന്നു.

അവിടെ മകൾ ഇല്ല എന്ന സത്യം കേക്ക് കൊണ്ടുവന്ന യുവാവിനെ കൊണ്ട് ഭർത്താവ് പറയിക്കുന്നു. ആ പ്രവൃത്തി കാരണം പിണങ്ങിയ ഭാര്യയെ സമാധാനി പ്പിക്കാനും അവളുടെ മാനസികനില തിരികെ കൊണ്ടുവരാനും വേണ്ടി അയാൾ അവരെയും കൊണ്ട് കടൽ ത്തീരത്തുള്ള ഒരു റിസോർട്ടിലേക്ക് യാത്ര പോകുന്നു.

അവളെ സത്യം മനസിലാക്കിക്കാൻ വൈകിയെന്നു മനസിലായ അയാൾ അവിടെ വെച്ച് ഒരു പരീക്ഷണം

K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition



നടത്തുന്നു. ആ ഉദ്യമം വിജയിക്കുമോ, അവളെ തിരിച്ചു കൊണ്ടുവരാൻ അയാൾക്ക് കഴിയുമോ എന്ന് കഥയുടെ അന്ത്യത്തിൽ പ്രേക്ഷകർക്ക് കാണാൻ കഴിയും.ചിന്തിപ്പിക്കുന്ന സംഭാഷണങ്ങളിലൂടെയും ഭാവതീവ്രമായ ദൃശ്യങ്ങളിലൂടെയും ആ ഇറാനിയൻ ദമ്പതികൾ നേരിടുന്ന മാനസിക വെല്ലുവിളികൾ ഭംഗിയായി വരച്ചു കാണിക്കാൻ പൗര്യ കാകവന്ദ് എന്ന സംവിധായകന് കഴിഞ്ഞിട്ടുണ്ട്.

ഐ.എഫ്.എഫ്. കെ സ്ക്രീനിംഗിനിടയുള്ള അഭിമുഖങ്ങളിൽ, കല സൃഷ്ടിക്കുന്നതിലും വിദേശ പ്രേക്ഷകരുമായി ഇടപഴകുന്നതിലും ഇറാനിയൻ ചലച്ചിത്ര നിർമ്മാതാക്കൾ സ്വന്തം നാട്ടിൽ നേരിടുന്ന വെല്ലുവിളികളെ സംവിധായകൻ കാകവന്ദ് വ്യക്തമാക്കി . ദി ഡോട്ടർ വ്യക്തിപരവും സാമൂഹികവുമായ ആശങ്കകളെ ഉൾക്കൊള്ളുന്നുവെന്ന് അഭിപ്രായപ്പെട്ടു. അദൃശ്യയായ മകളെ പ്രേക്ഷകർക്ക് യഥാർത്ഥമായി തോന്നിപ്പിച്ചതിന് പ്രധാന കഥാപാത്രങ്ങളുടെ പ്രകടനത്തെ വിമർശകർ പ്രശംസിച്ചു.






ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition



# PHOTO GALLERY

## Rakesh A.S (Filca)


















K Pharma
HOME DELIVERY:
+91 99958 11166


ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition

# PHOTO GALLERY

**Rakesh A.S (Filca)**



















KsPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# PHOTO GALLERY

**Rakesh A.S (Filca)**











K Pharma
HOME DELIVERY:
+91 99958 11166


PERSONALISED NUTRITION TAILORED TO YOU

ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition

# PHOTO GALLERY

Rakesh A.S (Filca)





















KxPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025
Special Edition

# PHOTO GALLERY

## Rakesh A.S (Filca)





















KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
Rakesh A S (Filca)
IFFK-2025 Special Edition

# PHOTO GALLERY

## Rakesh A.S (Filca)




















KPharma
HOME DELIVERY:
+91 99958 11166



ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# PHOTO GALLERY

Rakesh A.S (Filca)












ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2025 Special Edition

# PHOTO GALLERY

**Rakesh A.S (Filca)**



KPharma
HOME DELIVERY:
+91 99958 11166



# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

IFFK-2025 Special Edition

**Film Vision Monthly December 2025.Rs 2/-RNI-KER/BIL/2002/8043**




**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090



വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150



13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ചാലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com Shop Online



CHIEF EDITOR* : Dr. B. RADHAKRISHNAN . ASSOCIATE EDITORS* : RAJAMBIKA.S.S.
Dr. LALITHA GOURI , SUB EDITORS* : JYOTHISHKUMAR.P.S. ,
DESIGN*: SHAJI CAD ., CIRCULATION*: VINODKUMAR. P.
EDITOR AND PUBLISHER*: Dr. SABU SANKAR ,
GENERAL SECRETARY, FILCA FILM SOCIETY, PB 2224, TRIVANDRUM -695010.
Phone: 80890 36090. Email: filcakerala@gmail.com